ഹയർസെക്കന്ററി

# മലയാളം

(ഐച്ഛികം)

സ്റ്റാൻഡേർഡ്

XII

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2015

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by* :

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695012, Kerala.

*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala.

പ്രിയ വിദ്യാർഥികളേ,

ഹയർസെക്കണ്ടറി വിഭാഗം മലയാളം ഐച്ഛികത്തിന്റെ രണ്ടാംവർഷ പുസ്തകമാണിത്. ഹയർസെക്കണ്ടറിയിൽ മലയാളം ഐച്ഛികം പഠിക്കുന്ന കുട്ടിക്ക് ഉന്നത പഠനങ്ങൾക്കുള്ള ഒരു അടിത്തറ എന്ന നിലയ്ക്കാണ് ഒന്നാം വർഷ പാഠപുസ്തകവും അതിന്റെ തുടർച്ചയായ രണ്ടാം വർഷ പുസ്തകവും ക്രമീകരിച്ചിരിക്കുന്നത്. ആത്മകഥ, യാത്രാവിവരണം, ശാസ്ത്രലേഖനം, വിമർശനം, കവിത, ചെറുകഥ, കഥകളി, നാടോടികലകൾ എന്നിവയ്ക്കായിരുന്നു ഒന്നാംവർഷം മുൻതൂക്കം നൽകിയിരുന്നത്. ഈ വർഷം ആധുനിക കാലഘട്ടംവരെയുള്ള പദ്യസാഹിത്യവും, മലയാളഗദ്യത്തിന്റെ ചരിത്രവും, നാടക, നോവൽ, മാധ്യമ-സൈബർ ഇടങ്ങളും അനായാസം ഗ്രഹിക്കാനുള്ള പഠനപ്രവർത്തനങ്ങളാണ് ഇവിടെ സമഗ്രമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. മലയാളം ശ്രേഷ്ഠഭാഷാ പദവി കൈവരിച്ച സാഹചര്യത്തിൽ മലയാളസാഹിത്യത്തെ കൂടുതൽ അടുത്തറിയാനും തുടർപഠനങ്ങൾക്ക് തുടക്കം കുറിക്കാനും ഈ പാഠപുസ്തകം വഴികാട്ടിയാകട്ടെ

സ്നേഹാശംസകളോടെ,

**ഡോ. എസ്. രവീന്ദ്രൻ നായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## പാഠപുസ്തക നിർമാണ ശില്പശാലയിൽ പങ്കെടുത്തവർ

കെ.വി. ആനന്ദൻ, ഗവ.എച്ച്.എസ്.എസ്. പുതുപ്പാടി, കോഴിക്കോട്
ജയശ്രീ.എ.സി, സി.ജെ.എച്ച്.എസ്.എസ്., ചെമ്മനാട്, കാസറഗോഡ്
പ്രകാശ് തുണ്ടത്തിൽ,പി.പി.ടി.എം.വൈ.എച്ച്.എസ്.എസ്., ചേറൂർ, വേങ്ങര, മലപ്പുറം

രമാദേവി.പി, നടുവണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ, വാകയാട്, കോഴിക്കോട്
ശ്യാംകുമാർ. എസ്, ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കാസറഗോഡ്
ഷാജു പുതൂർ, എച്ച്. എസ്. എസ്. ടി. ശാന്താ എച്ച്. എസ്. എസ്. അവണൂർ, തൃശൂർ
പി.കെ. സഭിത്ത്, കെ.എൻ. എച്ച്. എസ്.എസ്. കരിയാട്, തലശ്ശേരി, കണ്ണൂർ
സുരേഷ്കുമാർ.പി എസ്.വി.എച്ച്.എസ്.എസ്. പാലേമേട്, മലപ്പുറം
വിൻസെന്റ്.സി.പി, നിർമ്മല എച്ച്.എസ്.എസ്., എരുമമുണ്ട, മലപ്പുറം

## വിദഗ്ധപരിശോധന

ഡോ. ജോർജ് ഓണക്കൂർ, മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്
ഡോ. ബി.വി. ശശികുമാർ, പ്രൊഫസർ & ഹെഡ് മലയാളവിഭാഗം, കേരള സർവകലാശാല
പ്രൊഫ. ജി. രഘുനാഥൻപിള്ള, അസി. പ്രൊഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം
ഡോ. വിജയൻ ചാലോട്, ജില്ല പ്രോജക്ട് ഓഫീസർ, എസ്. എസ്. എ. കണ്ണൂർ
ഡോ. സി. നാരായണപിള്ള, റിട്ട.പ്രൊഫസർ, ഗവ. ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

ഡോ.സി. ഭാമിനി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

## ചിത്രകാരന്മാർ

മദനൻ, ആർട്ട് എഡിറ്റർ, മാതൃഭൂമി, കോഴിക്കോട്
ഷജിത്ത് ആർ. ബി. നീരാവിൽ

# ഉള്ളടക്കം


1. **കാവ്യപർവം**
   - വിഭീഷണഹിതോപദേശം
   - മുത്തുമണികൾ
   - ശാന്തം കരുണം
   - മലയാളഗദ്യപരിണാമം

2. **രംഗപർവം**
   - മധുരിക്കും ഓർമ്മകൾ
   - ഒരു കൂട്ടം ഉറുമ്പുകൾ
   - ഊരുഭംഗം
   - തനതുനാടകവേദി

3. **ആഖ്യാനപർവം**
   - കാലം മാറുന്നു
   - കാട് വിളിക്കുന്നു
   - പ്രഥമസായാഹ്നം
   - പഞ്ചവർണ്ണക്കിളി

4. **സിദ്ധാന്തപർവം**
   - ധ്വനി ധ്വനി
   - വിഭാത വിഭൂതി
   - വേഡ്സ്വർത്ത് - കോള്‌റിഡ്ജ് സംവാദം

5. **മാധ്യമപർവം**
   - പരസ്യവും ഉപഭോഗത്വരയും
   - വെബ്സൈറ്റ്

ഒന്ന്

# കാവ്യപർവം

## ആമുഖം

മലയാളത്തിലെ പദ്യഗദ്യസാഹിത്യങ്ങളുടെ വികാസപരിണാമങ്ങൾ പരിചയപ്പെടുത്തുന്ന യൂണിറ്റാണിത്. 'രാമചരിത'ത്തിൽ തുടങ്ങി നിരണം കവികളിലൂടെ എഴുത്തച്ഛനിലും പച്ചമലയാള പ്രസ്ഥാനത്തിലും ഖണ്ഡകാവ്യപ്രസ്ഥാനത്തിലും എത്തുന്ന കാവ്യഭാഷയോടൊപ്പം മലയാള ഗദ്യത്തിന്റെ പൈതൃകവും സഞ്ചാരവഴികളും നിരീക്ഷിക്കാനും ഈ യൂണിറ്റ് ശ്രമിക്കുന്നു.

മലയാള ഭാഷാപിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ 'അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ' യുദ്ധകാണ്ഡത്തിൽനിന്നുള്ള 'വിഭീഷണഹിതോപദേശം', രാമപുരത്തുവാര്യരുടെയും കോട്ടയത്തു തമ്പുരാന്റെയും മുക്തകങ്ങൾ, മഹാകവി കുമാരനാശാന്റെ 'കരുണ'യിലെ കുറച്ചു വരികൾ, പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ സാഹിത്യചരിത്രലേഖനമായ 'മലയാളഗദ്യപരിണാമം' എന്നിവയാണ് പാഠഭാഗങ്ങൾ. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പാരമ്പര്യം തിരിച്ചറിയാനും അടുത്തറിയാനും ഈ പാഠഭാഗങ്ങൾ സഹായകമായിരിക്കും.

### പഠനനേട്ടങ്ങൾ

- സർഗാത്മക രചനകളിൽ വന്ന ക്രമാനുഗതമായ വികാസം വിവേചിച്ചറിഞ്ഞ് അതിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്ത കാവ്യരൂപങ്ങൾ വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.
- ദൃശ്യശ്രാവ്യകലകളുൾപ്പെട്ട സാഹിത്യമാതൃകകൾ പരിചയപ്പെടുകയും അവ ആസ്വദിച്ച് ചൊൽക്കാഴ്ചകൾ വ്യക്തിഗതമായും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- പാഠഭാഗങ്ങളിലെ തത്ത്വചിന്താപരമായ അംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.
- വർത്തമാനപ്പുസ്തകത്തിന്റെ ഭാഷാസവിശേഷതകൾ തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കുന്നു.
- പ്രാചീന ഗദ്യരചനാമാതൃകകൾ, 18-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള മലയാള ഗദ്യത്തിന്റെ പരിണാമ ചരിത്രം എന്നിവ ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

*ജയ ജയ കോമള കേരളധരണീ*
*ജയ ജയ മാമക പൂജിത ജനനീ*
*ചേരപുരാതന പാവനചരിതേ*
*ആര്യകുലോൽക്കട ഭാർഗ്ഗവനിരതേ*
*ദ്രാവിഡ പരിവൃഢവനിതേ, മഹിതേ*
*ദ്രാവിഡ സംസ്കൃത വംശോജ്ജ്വലിതേ*
*മലയജസുരഭിലമാരുതനേൽക്കും*
*മലയാളം ഹാ! മാമകരാജ്യം. - ബോധേശ്വരൻ*

- ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയെ സംബന്ധിക്കുന്ന എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ പ്രകടമാകുന്നത്. ചർച്ച ചെയ്യുക.

# വിഭീഷണഹിതോപദേശം

**തുഞ്ചത്തെഴുത്തച്ഛൻ**

അധ്യാത്മരാമായണം കിളിപ്പാട്ട് യുദ്ധകാണ്ഡത്തിലെ രാവണവിഭീഷണസംവാദമാണ് പാഠഭാഗം. രാമനെതിരെ യുദ്ധസന്നദ്ധനായ രാവണൻ തന്ത്രങ്ങൾ ആസൂത്രണം ചെയ്യാനായി നടത്തുന്ന ചർച്ചയിൽ പങ്കെടുക്കുന്നതിനാണ് വിഭീഷണൻ രാവണരാജധാനിയിലെത്തിയത്. എന്നാൽ, യുദ്ധത്തിന്റെ നിരർഥകത വെളിപ്പെടുത്തുന്ന ഉപദേശങ്ങളാണ് വിഭീഷണൻ നല്കുന്നത്.

ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം
തന്നുടെ ദുർന്നയംകൊണ്ടു വരുന്നതി-
നിന്നുനാമാളല്ല പോകെന്നു വേർപെട്ടു
ചെന്നു സേവിക്കും പ്രബലനെ ബന്ധുക്ക-
ളന്നേരമോർത്താൽ ഫലമില്ല മന്നവ!
രാമശരമേറ്റു മൃത്യു വരുന്നേര-
മാമയമുള്ളിലെനിക്കുണ്ടതുകൊണ്ടു
നേരെ പറഞ്ഞുതരുന്നതു ഞാനിനി
താരാർമകളെക്കൊടുക്ക വൈകീടാതെ.
യുദ്ധമേറ്റുള്ള പടയും നശിച്ചുട-
നർത്ഥവുമെല്ലാമൊടുങ്ങിയാൽ മാനസേ
മാനിനിയെക്കൊടുക്കാമെന്നു - തോന്നിയാൽ
സ്ഥാനവുമില്ല കൊടുപ്പതിനോർക്ക നീ.
മുമ്പിലേയുള്ളിൽ വിചാരിച്ചുകൊള്ളണം
വമ്പനോടേറ്റാൽ വരും ഫലമേവനും.
ശ്രീരാമനോടു കലഹം തുടങ്ങിയാ-
ലാരും ശരണമില്ലെന്നതറിയണം.
പങ്കജനേത്രനെസ്സേവിച്ചു വാഴുന്നു
ശങ്കരനാദികളെന്നതുമോർക്ക നീ
രാക്ഷസരാജ! ജയിക്ക ജയിക്ക നീ
സാക്ഷാൽ മഹേശ്വരനോടു പിണങ്ങൊലാ.
കൊണ്ടൽനേർവർണ്ണനു ജാനകീദേവിയെ-
ക്കൊണ്ടെക്കൊടുത്തു സുഖിച്ചു വസിക്ക നീ.
സംശയമെന്നിയേ നല്കുക ദേവിയെ
വംശം മുടിച്ചു കളയായ്കവേണമേ!
ഇത്ഥം വിഭീഷണൻ പിന്നെയും പിന്നെയും
പത്ഥ്യമായുള്ളതു ചൊന്നതു കേട്ടൊരു
നക്തഞ്ചരാധിപനായ ദശാസ്യനും
ക്രുദ്ധനായ് സോദരനോടു ചൊല്ലീടിനാൻ:
"ശത്രുക്കളല്ല ശത്രുക്കളാകുന്നതു
മിത്രഭാവത്തോടരികേ മരുവിന
ശത്രുക്കൾ ശത്രുക്കളാകുന്നതേവനും
മൃത്യു വരുത്തുമവരെന്നു നിർണ്ണയം.
ഇത്തരമെന്നോടു ചൊല്ലുകിലാശു നീ
വദ്ധ്യനാമെന്നാലതിനില്ല സംശയം."
രാത്രിഞ്ചരാധിപനിത്തരം ചൊന്നള-
വോർത്താൻ വിഭീഷണൻ ഭാഗവതോത്തമൻ:
"മൃത്യുവശഗതനായ പുരുഷനു
സിദ്ധൗഷധങ്ങളുമേല്ക്കയില്ലേതുമേ"

**അദ്ധ്യാത്മരാമായണം കിളിപ്പാട്ട്**

## പഠനപ്രവർത്തനങ്ങൾ

- വിഭീഷണന്റെ വാക്കുകൾ കേട്ട രാവണന്റെ പ്രതികരണം എന്തായിരുന്നു?
- ശ്രീരാമനോടു കലഹിച്ചാൽ പിന്നെ ആരും ശരണമില്ല എന്നു പറഞ്ഞതെന്തുകൊണ്ട്?
- "മൃത്യുവശഗതനായ പുരുഷനു
  സിദ്ധൗഷധങ്ങളുമേല്ക്കയില്ലേതുമേ" - പ്രയോഗസവിശേഷത വിശദീകരിക്കുക.
- അവസ്ഥാദേശകാലങ്ങൾ അറിഞ്ഞേ സഞ്ചരിക്കാവൂ
  അവസ്ഥാനങ്ങളിൽ ചെന്നുചാടിയാൽ ദൂഷണമുണ്ടാം. - കുഞ്ചൻനമ്പ്യാർ
  മുമ്പിലേയുള്ളിൽ വിചാരിച്ചുകൊള്ളണം
  വമ്പനോടേറ്റാൽ വരും ഫലമേവനും - എഴുത്തച്ഛൻ
  ഈ വരികളിലെ ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.
  എഴുത്തച്ഛൻകവിതയിലെ തത്ത്വചിന്ത ഈ പാഠഭാഗത്ത് പ്രതിഫലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക.
- രാക്ഷസരാജ! ജയിക്ക ജയിക്ക നീ
  സാക്ഷാൽ മഹേശ്വരനോടു പിണങ്ങൊലാ.
  കൊണ്ടൽനേർവർണ്ണനു ജാനകീദേവിയെ-
  ക്കൊണ്ടെക്കൊടുത്തു സുഖിച്ചു വസിക്ക നീ.
  ശബ്ദാവർത്തനം പ്രകടമാക്കുന്ന ഇത്തരം വരികൾ കണ്ടെത്തി വിശകലനം ചെയ്ത് മലയാളകവിതയിലെ പ്രാസവ്യവസ്ഥയെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക.

- ഇരിപ്പതെനിക്കരുതിങ്ങു നിന്നോടു പിരിന്തെന്നാൽ
  തിരിക്കയ്യിലൊന്നു വിരിന്തു പിടിത്തു തെളിന്തെന്നെ
  കരുത്തൊടു കാലപുരത്തിനണത്തരുൾ കാകുത്തൻ
  ചരത്തിനു ചാലെളുതായ നിചാചരവീരായോ. - **രാമചരിതം,** പടലം 105 - പാട്ട് 1152.

  എന്റ്റിവൈയെല്ലാം കേട്ടു വിഭീഷണനിതമുരൈചെയ്താൻ ദശമുഖ വീരനൊ-
  ടിൻറിവർ മന്ത്രികളേ തവ വൈരികളിവരുരൈചെയ്തതുകേൾക്കിൽ നശിക്കും;

  - **കണ്ണശ്ശരാമായണം**
- രാമചരിതം, കണ്ണശ്ശരാമായണം എന്നീ കാവ്യങ്ങളിൽനിന്ന് എഴുത്തച്ഛന്റെ കൃതികളിലെത്തുമ്പോൾ മലയാളഭാഷയ്ക്ക് സംഭവിക്കുന്ന പരിണാമം കണ്ടെത്തി ഉപന്യസിക്കുക.

(കാകുത്തൻ- കാകുൽസ്ഥൻ = ശ്രീരാമൻ, ചരം = ശരം, നിചാചരവീരൻ - നിശാചരവീരൻ = രക്ഷസവീരൻ, അരുതിങ്ങ് = കഴിയില്ല, തിരിക്കയ്യ് = തൃക്കൈ, വിരിന്ത് പിടിത്ത് = മലർത്തി പിടിച്ച്, തെളിന്ത് = തെളിഞ്ഞ്) (ശ്രീരാമന്റെ ശരത്തിന് ഇരയായ രാക്ഷസവീരാ നിന്നെപ്പിരിഞ്ഞ് ഇവിടെ ഇരിക്കുന്നത് എനിക്കസാധ്യമാണ്. അതിനാൽ നിന്റെ തൃക്കൈകളിലൊന്ന് മലർത്തിപ്പിടിച്ച് കരുത്തോടെ മനസ്സ് തെളിഞ്ഞ് എന്നെക്കൂടി കാലപുരത്തിലേക്ക് കൊണ്ടുപോവുക.)

(അമാത്യൻ - മന്ത്രി, തവ - നിന്റെ, ഉരചെയ്യുക - പറയുക, ദശമുഖവീരൻ - രാവണൻ)

# മുത്തുമണികൾ

മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം
അർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്

(തന്റെ വീട്ടിലെ കഷ്ടാവസ്ഥ സൂചിപ്പിച്ചുകൊണ്ട് കവി മാർത്താണ്ഡവർമ്മ മഹാരാജാവിന് സമർപ്പിച്ച പദ്യം)

**- രാമപുരത്ത് വാര്യർ**

ഉദയഗിരി ചുവന്നൂ, ഭാനുബിംബം വിളങ്ങീ,
നളിനമുകുളജാലേ മന്ദഹാസം തുടങ്ങീ
പനിമതി മറവായീ, ശംഖനാദം മുഴങ്ങീ,
ഉണരുക കണികാണാനംബരേ ചെംബരേശ

(ആകാശത്തിലെ മനോഹരമായ കാഴ്ചകൾ കാണുന്നതിനു വേണ്ടി തുയിലുണരാൻ കവി തൃച്ചംബരം ക്ഷേത്രത്തിലെ ദേവനോട് അഭ്യർത്ഥിക്കുന്നു.)

**- കോട്ടയത്ത് തമ്പുരാൻ**

## പഠനപ്രവർത്തനങ്ങൾ

- കവി തന്റെ വീടിനെ ഭാഗവതത്തോട് ഉപമിച്ചതിലെ ഔചിത്യം പരിശോധിക്കുക.
- പ്രഭാതത്തിലെ ശ്രവ്യാനുഭവമായി കവി രേഖപ്പെടുത്തിയിരിക്കുന്നതെന്താണ്?
- കുട്ടിക്കു മോഹം മുതിർന്നവനാകുവാൻ
  കുട്ടിയായ്ത്തീരാൻ മുതിർന്നവന്നും
  താനായിത്തന്നെയിരിക്കുവാനാർക്കുമൊ-
  രാഗ്രഹം കാണുന്നില്ലിജ്ജഗത്തിൽ-

**- കുഞ്ഞുണ്ണി**

ഭാഷയിലെ മുത്തുമണികളാണ് മുക്തകങ്ങൾ. മുക്തകങ്ങളെക്കുറിച്ചുള്ള ഈ വിശേഷണം മുകളിൽ കൊടുത്ത വരികൾ, പാഠഭാഗം എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ച് കുറിപ്പു തയാറാക്കുക.

- ഒറ്റയൊറ്റക്കാഴ്ചകൾ കൂട്ടിച്ചേർത്തുവെച്ച് ഒറ്റശ്ലോകംകൊണ്ട് പ്രഭാതത്തെ പൂർണാനുഭവമാക്കാൻ മുക്തകകവിക്ക് സാധിക്കുന്നുണ്ടോ? ചർച്ചചെയ്യുക.

# ശാന്തം കരുണം

**കുമാരനാശാൻ**

ഉത്തരമഥുരാപുരിയിലെ വാരസുന്ദരിയായ വാസവദത്തയുടെ ജീവിതത്തിനുാകുന്ന അപ്രതീക്ഷിതമായ ഗതിമാറ്റങ്ങളാണ് കരുണയിലെ ഇതിവൃത്തം. അപഥസഞ്ചാരത്തിനുള്ള ശിക്ഷയായി കരചരണങ്ങൾ ഛേദിക്കപ്പെട്ട് ചുടുകാട്ടിൽ തള്ളപ്പെട്ട വാസവദത്തയെ ഉപഗുപ്തൻ സന്ദർശിക്കുന്നതാണ് പാഠഭാഗം.


യമുനയിലിളങ്കാറ്റു തിരതല്ലി ശാഖ ചലി-
ച്ചമരസല്ലാപം കേൾക്കായരയാലിന്മേൽ;
താണുടനേ രണ്ടു നീണ്ട ഭാനുകിരണങ്ങളങ്ങു
ചേണിയന്ന കനകനിഃശ്രേണിയുണ്ടാക്കി
അതുനോക്കിക്കുതുകമാർന്നമലവിസ്മയസ്മേര-
വദനയാമവൾക്കഹോ; ശാന്തശാന്തമായ്,
അർദ്ധനിമീലിതങ്ങളായുപരി പൊങ്ങീ മിഴിക-
ളൂർദ്ധ്വലോകദിദൃക്ഷയാലെന്നപോലെ താൻ

*     *     *

പാവക, നീ ജയിക്കുന്നു പാകവിജ്ഞാനത്താൽ നശ്യ-
ജ്ജീവലോകം തേടുമിന്നോ നാളെയോ നിന്നെ;
തൂലകണത്തെത്തൊടില്ല നനഞ്ഞാൽ; ചൂടാൽ വരണ്ട
ബാലരംഭയെക്കർപ്പൂരഖണ്ഡമാക്കും നീ!

*     *     *

പരിനിർവാണയായ തൻ പ്രിയസ്വാമിനിയെ നോക്കി -
പ്പരിചാരിക വാവിട്ടുവിളിച്ചുകേണു,
പരിചിലന്തസ്സമാധി ശിഥിലമാക്കിത്തിരിഞ്ഞ-
പ്പരമോദാരനവളെസ്സാന്ത്വനം ചെയ്തു.
ഉപചയിച്ചംഗമെല്ലാമുടനവർ കൊണ്ടുപോയ-
ങ്ങുപനദീതടമൊരുചിതമേൽ വെച്ചു.
ഉപരിയെന്തുരപ്പൂ! കേണുഴലുമത്തോഴിതന്നെ
ഉപഗുപ്തനൊരുവിധം പറഞ്ഞയച്ചു.
ഹാ! മിഴിച്ചുനിന്നവനങ്ങമ്മഥുരയിലെ മുഖ്യ -
കാമനീയകത്തിൻ ഭസ്മകദംബം കണ്ടു!
ആ മഹാന്റെ കണ്ണിൽനിന്നാച്ചാമ്പലിലൊരശ്രുകണ -
മാമലകീഫലംപോലെയടർന്നു വീണു.
ഉല്ക്കടശോകതിക്തമല്ലതോർക്കുകിലന്നയനാംബു,
'ദുഃഖസത്യ' ജ്ഞനദ്ധീരൻ കരകയില്ല.
തൽകൃതാർത്ഥതാസുഖത്തേൻതുള്ളിയല്ലതു - ജന്തുവി-
ന്നുൽക്രമണത്തിൽ മോദിക്കാ ഹൃദയാലുക്കൾ.



ക്ഷിപ്രസിദ്ധി കണ്ടു തൂർന്ന വിസ്മയരസവുമല്ല-
തത്ഭുതചാപലം ഹേതുദർശിയാർന്നിടാ.
കരുതാം മറ്റൊന്നല്ലതു 'കരുണ'തൻ കയത്തിലെ -
പ്പരിണതോജ്ജ്വല മുക്താഫലമല്ലാതെ.
ഉടനെയന്നു താൻ ചെയ്ത ശുഭകർമ്മത്തിൻ മഹത്ത്വം
കടുകോളം മതിയാതെ ഗളിതഗർവൻ
ചുടുകാടു വിട്ടു പിന്നശ്ശുചിവ്രതൻ വന്നവഴി
മടങ്ങിപ്പോകുന്നു ചിന്താമന്ദവേഗനായ്.
നമസ്കാരമുപഗുപ്ത, വരിക ഭവാൻ നിർവാണ-
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്;
പതിതകാരുണികരാം ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികം പേരെ.

*-കരുണ*

## പഠനപ്രവർത്തനങ്ങൾ

- ഉപഗുപ്തന്റെ വരവിനെ അഗ്നിയുമായി ബന്ധിപ്പിച്ചതിന്റെ സാംഗത്യം കണ്ടെത്തി വിശദീകരണക്കുറിപ്പ് തയാറാക്കുക.
- അന്തരീക്ഷ വർണനയിലൂടെ ഉപഗുപ്തന്റെ ഭാവം കവി ആവിഷ്കരിക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.
- ഉപഗുപ്തന്റെ കണ്ണിൽനിന്നു വീണ അശ്രുകണങ്ങൾ എന്താണെന്നാണ് കവി പറയുന്നത്?
- കേരളം തപിക്കവേ, ചെമ്പഴന്തിയി,ലേഴ-
  ക്കൂരയി,ലരുമക്കൺ തുറന്നൊരസ്മദ്ഗുരോ,
  താവകകഥ,യാത്മഹർഷത്തോ,ടിന്നാടൊരു
  നൂതനതഥാഗതകഥയായ് സ്മരിക്കുന്നു
  ജാതിഭേദവും മതദ്വേഷവുമെന്യേ ലോകർ
  സോദരർപോലെ വാഴും കാഴ്ച കാട്ടിയ കണ്ണേ,
  മുച്ചൂടും മുന്നേറിലും നിന്നൊപ്പമെത്തീലല്ലോ,
  അച്ചുണ്ടുവിരലോളം വളർന്നീലല്ലോ, ഞങ്ങൾ!
  ഒരല്പമൈശ്വര്യത്തിൽ ജൃംഭിച്ച ഞങ്ങൾക്കിതാ
  ശിരസ്സു കുനിയുന്നൂ ശ്രീനാരായണഗുരോ.
  ആ നറുംസൂക്തങ്ങളാലങ്ങു നല്കിയോരാത്മ-
  ജ്ഞാനമെന്തിലും മീതേ ഞങ്ങളിന്നുൾക്കൊണ്ടെങ്കിൽ.

  **ഗുരുസന്നിധിയിൽ – വൈലോപ്പിള്ളി ശ്രീധരമേനോൻ**

  പതിതകാരുണികരാം ഭവാദൃശസുതന്മാരെ
  ക്ഷിതിദേവിക്കിന്നു വേണമധികം പേരെ

  ധാരാളം ഉപഗുപ്തന്മാരെ ഈ ഭൂമിക്കു വേണമെന്ന കുമാരനാശാന്റെ നിരീക്ഷണം 'ഗുരുസന്നിധിയിൽ' എന്ന കവിതയിലെ ആശയവുമായി താരതമ്യം ചെയ്യുക. കണ്ടെത്തലുകൾ ചർച്ചചെയ്ത് അവതരിപ്പിക്കുക.
- അഹഹ ! സങ്കടമോർത്താൽ മനുഷ്യജീവിതത്തെക്കാൾ
  മഹിയിൽ ദയനീയമായ് മറ്റെന്തൊന്നുള്ളു!
  പുഷ്ടശക്തിവഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
  മുട്ടിയാൽ മതി, തവിടുപൊടിയാമല്ലോ!

  ഈ വരികളിലെ ആശയം പാഠഭാഗം നൽകുന്ന അനുഭവത്തെ വിശദീകരിക്കാൻ സമർഥമാണോ? എന്തുകൊണ്ട്?

# മലയാള ഗദ്യപരിണാമം

പ്രൊഫ. എൻ. കൃഷ്ണപിള്ള

പാട്ടും മണിപ്രവാളവും നാടകവും കഥകളിയും തുള്ളലുമൊന്നുമില്ലാതെ മനുഷ്യനു ജീവിക്കാം. ഗദ്യമില്ലാതെ കഴിഞ്ഞുകൂടാൻ പറ്റുമോ? അതുകൊണ്ട് മലയാളഭാഷ ആരംഭിച്ച നാൾതൊട്ടേ ഗദ്യവും ഉണ്ടായിരുന്നു എന്നു ധരിക്കാൻ വലിയ ബുദ്ധിയൊന്നും വേണ്ട. വ്യക്തികൾക്കും ക്ഷേത്രങ്ങൾക്കും ഇതരസ്ഥാപനങ്ങൾക്കും പണവും വസ്തുവും ദാനം ചെയ്യുന്നതും ഭരണകാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതും മറ്റും, അന്നൊക്കെ രാജാക്കന്മാരും പ്രഭുക്കന്മാരും ഉദ്യോഗസ്ഥന്മാരുമെല്ലാം രേഖപ്പെടുത്തിയിരുന്നത്, താളിയോലയിലും ചെമ്പുതകിടിലും കല്ലിലുമായിരുന്നു. അത്തരം താമ്രശാസനങ്ങളും ശിലാലിഖിതങ്ങളും ഒമ്പതാംശതകത്തിന്റെ ഉത്തരാർദ്ധം തൊട്ടിങ്ങോട്ട് ഉണ്ടായിരുന്നു എന്നു കാണിക്കാൻ തെളിവുകളുണ്ട്. അവയോളം പഴക്കമില്ല ഓലക്കരണങ്ങൾക്ക്. ക്ഷേത്രങ്ങളിലും കോവിലകങ്ങളിലും പ്രധാന തറവാടുകളിലും അവയെ സംബന്ധിച്ച വിവരങ്ങളും അവിടെ നടക്കുന്ന സംഭവങ്ങളും അപ്പോഴപ്പോൾ എഴുതിവയ്ക്കുന്ന പതിവുണ്ടായിരുന്നു. ഈ രേഖകൾക്ക് ഗ്രന്ഥവരികൾ എന്നായിരുന്നു പേര്. കൊച്ചി, കൊടുങ്ങല്ലൂർ, തലശ്ശേരി, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലെ ഗ്രന്ഥവരികൾ സുപ്രധാനങ്ങളാണ്. തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ പതിനാലാം ശതകം മുതലുള്ള ഗ്രന്ഥവരി സൂക്ഷിച്ചിട്ടുണ്ട്. ആദ്യമാദ്യം ചമച്ചിട്ടുള്ള ലിഖിതങ്ങളിൽ തമിഴ് പ്രയോഗങ്ങൾ വളരെ കൂടുതലായും പിന്നെപ്പിന്നെ ഉണ്ടായിട്ടുള്ള കരണങ്ങളിൽ തമിഴ് ക്രമേണ കുറഞ്ഞ് മലയാളപ്രയോഗങ്ങൾ അധികമായും സ്വീകരിച്ചിട്ടുണ്ട്. സാധാരണമായ ആശയങ്ങൾ വ്യക്തമായി പ്രകാശിപ്പിക്കാൻ ഈ രേഖകളിലെ ഗദ്യത്തിന് കഴിവുണ്ടായിരുന്നു. കാര്യങ്ങൾ ചുരുക്കിപ്പറയാനും കാര്യങ്ങൾ മാത്രം പറയാനും വൈഭവമുള്ള ഒരു ഗദ്യശൈലി പണ്ടു നിലവിലിരുന്നു എന്ന് ഈ പ്രമാണങ്ങൾ തെളിയിക്കുന്നു.

## ഭാഷാകൗടലീയവും ആട്ടപ്രകാരവും

പദ്യത്തോളം മികച്ചതെന്നു പറയാൻ നിവൃത്തിയില്ലെങ്കിലും പത്താംശതകം മുതൽ ഭേദപ്പെട്ട ഒരു ഗദ്യസാഹിത്യം ഉണ്ടായി വികസിച്ചുകൊണ്ടിരുന്നു. ഇന്നോളം കണ്ടുകിട്ടിയിട്ടുള്ള മലയാള ഗാനകാവ്യങ്ങളിൽവച്ച് പ്രാചീനതമമെന്നു കരുതപ്പെടുന്ന രാമചരിതത്തെപ്പോലെ നമുക്കു ലഭിച്ചിട്ടുള്ള ഗദ്യഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പഴക്കമുള്ള 'കൗടലീയ'വും അനർഘമായ ഒരു കൃതിയാണ്. പലതുകൊണ്ടും ശ്രദ്ധേയമായ ഈ പുസ്തകത്തിന്റെ കാലം പതിനൊന്നാം ശതകത്തിന്റെ

ഉത്തരാർദ്ധമോ പന്ത്രണ്ടാംശതകത്തിന്റെ പൂർവാർദ്ധമോ ആയിരിക്കാനാണ് ഇടയുള്ളത്.

'കൗടലീയ'ത്തിന്റെ കാലത്തും ഒരു പക്ഷേ, അതിനു മുമ്പും പിമ്പും കേരളഭാഷയിൽ ഉണ്ടായ മിക്ക ഗദ്യകൃതികളും ഒരിനത്തിൽപ്പെട്ടവയാണ്. കൂടിയാട്ടം എന്ന പേരിൽ കേരളത്തിൽ അഭിനയിച്ചിരുന്ന സംസ്കൃതനാടകങ്ങളിലെ ഓരോ ഭാഗവും അഭിനയിക്കുന്നതെങ്ങനെയാണെന്ന് വിശദവും സൂക്ഷ്മവുമായ നിർദേശങ്ങൾ നടന്മാർക്കു നൽകുന്ന ഗ്രന്ഥങ്ങളായിരുന്നു അവ. കഥാഗതിയിലെ ഓരോ ഘട്ടത്തിലും നടൻ രംഗത്തുനിന്ന് എന്തെല്ലാം ചെയ്യണം എന്നു വിവരിച്ചിട്ടുള്ള ഈ കൃതികളെ 'ആട്ടപ്രകാരം' എന്നാണ് പൊതുവിൽ വിളിച്ചുവരുന്നത്.

## ദൂതവാക്യവും മറ്റു ചില ഗ്രന്ഥങ്ങളും

കുറെക്കാലം കഴിഞ്ഞപ്പോൾ സംസ്കൃതനാടകങ്ങൾക്ക് ഗദ്യവിവർത്തനങ്ങൾതന്നെ ഉണ്ടായിത്തുടങ്ങി. അവയിൽവച്ച് ഏറ്റവും ഉജ്ജ്വലമായ കൃതിയാണ് 'ദൂതവാക്യം' ഗദ്യം. പതിനാലാം നൂറ്റാണ്ടിൽ രചിച്ച ഈ പരിഭാഷയിലെ ഭാഷ സംസ്കൃതപദബഹുലവും വാക്യങ്ങൾ പ്രായേണ സുദീർഘങ്ങളുമാണ്. മൂലകൃതിയിലെ വാക്യങ്ങളുടെയും ശ്ലോകങ്ങളുടെയും അർഥം അതേമാതിരിയിൽ തർജുമ ചെയ്തിട്ടില്ല. പിൽക്കാലത്തെ സാഹിത്യത്തിൽ പ്രചാരമില്ലാതായിപ്പോയ വാക്കുകൾ അധികം പ്രയോഗിച്ചിട്ടുണ്ട്. ഇതേ ഭാഷാരീതി അവലംബിച്ചും പൗരാണികകഥകളെ സംഗ്രഹിച്ചും പതിനാലാം നൂറ്റാണ്ടിൽത്തന്നെ ഉണ്ടായിട്ടുള്ള ഗദ്യകൃതികളിൽ മുഖ്യമാണ് 'ബ്രഹ്മാണ്ഡപുരാണം'.

കൂടിയാട്ടവും കൂത്തും പ്രയോഗിച്ചിരുന്ന ചാക്യാന്മാർക്കു പുറമേ കഥാപ്രസംഗം നടത്തിയിരുന്ന നമ്പ്യാന്മാർ, സംസ്കൃത വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളില്ലാതെ കേരളഭാഷാപദങ്ങളും മലയാളവിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളും കൂട്ടിച്ചേർത്തുണ്ടാക്കിയ ഒരു ഗദ്യശൈലിയിൽ, പുരാണകഥകൾ പറയാറുണ്ടായിരുന്നു. ആ ആവശ്യത്തെ മുൻനിറുത്തി അവർ കെട്ടിച്ചമച്ച പ്രബന്ധങ്ങളെ നമ്പ്യാരുടെ 'തമിഴ്' എന്നു വിളിച്ചുപോന്നു. ജ്യോതിഷം, വൈദികച്ചടങ്ങുകൾ ഇത്യാദി വിഷയങ്ങളെ ആധാരമാക്കിയും അനേകം ഗ്രന്ഥങ്ങൾ അക്കാലത്തു വിരചിതമായി.

## വിദേശീയവൈദികരും മലയാളഗദ്യത്തിന്റെ പരിണാമങ്ങളും

ക്രിസ്തുവർഷം 1498 മുതൽ 1741 വരെയുള്ള രണ്ടരനൂറ്റാണ്ടു കാലം കേരള ചരിത്രത്തിൽ സർവഥാ സ്മരണീയമാണ്. അന്ന് വിദേശീയരുമായി കേരളീയർ ഗാഢമായി ഇടപെട്ടതിന്റെ ഫലമായി, മലയാളഗദ്യത്തിന് പല മാറ്റങ്ങളും ഉണ്ടായി. പണ്ട്

ആര്യന്മാർ കേരളത്തിൽ പ്രവേശിച്ചപ്പോൾ അവർക്ക് നാട്ടുഭാഷ പഠിക്കേണ്ടിവന്നതുപോലെ, ഈ വിദേശീയർക്കും മലയാളപഠനം ഒരാവശ്യമായിത്തീർന്നു. അതുപോലെതന്നെ പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും ഭാഷകൾ കേരളീയരിൽ കുറച്ചുപേരെങ്കിലും അഭ്യസിച്ചുതുടങ്ങി- വിശേഷിച്ചും അന്നത്തെ രാജാക്കന്മാരും പ്രഭുക്കന്മാരും ഉദ്യോഗസ്ഥന്മാരും. അവരും അന്യദേശീയരും തമ്മിൽ കത്തിടപാടുകളും ഉടമ്പടികളും കൂടിക്കാഴ്ചകളും നടത്തിയിരുന്നതിനാൽ ഉഭയ ഭാഷാജ്ഞാനമുള്ള കേരളീയനാടുവാഴികളുടെ ഔദ്യോഗിക ഗദ്യശൈലികളിൽ പാശ്ചാത്യഭാഷാഗദ്യത്തിന്റെ ചുവ കലരാതെ നിവൃത്തിയില്ലെന്നായി. പക്ഷേ, വേറൊരു വഴിക്കാണ് കൂടുതൽ പ്രബലമായ വിദേശീയപ്രേരണ നമ്മുടെ ഗദ്യത്തിൽ കടന്നുകൂടിയത്.

ക്രിസ്തുവർഷം 1673-നും 1677-നുമിടയ്ക്ക് കൊച്ചിയിലെ ഡച്ച് കമാൻഡറായിരുന്ന വാൻറീഡ്, 'ഹോർത്തൂസ് മലബാറിക്കുസ്' എന്നൊരു ഗ്രന്ഥം മലബാറിലെ ഔഷധികളെക്കുറിച്ച് എഴുതി. 1686-ൽ അച്ചടിപ്പിച്ചു. ഔഷധികളുടെ മലയാളനാമങ്ങൾക്കു പുറമേ, ചില കുറിപ്പുകളും ഈ കൃതിയിൽ നൽകിയിട്ടുണ്ട്.

ക്ലെമന്റ് പാതിരി രചിച്ചതും ക്രിസ്തുമതതത്ത്വങ്ങൾ പൂർണമായി വിവരിച്ചിട്ടുള്ളതുമായ 'സംക്ഷേപവേദാർത്ഥം' എന്ന കൃതിക്ക് കേരളീയ ക്രിസ്ത്യാനികളുടെയിടയിൽ വമ്പിച്ച പ്രചാരം കിട്ടി. മലയാളത്തിൽ ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം എന്ന പ്രശസ്തിയും ഈ പുസ്തകത്തിനുണ്ട്. തോമ്മാക്കത്തനാരും യൗസേപ്പു മെത്രാനുംകൂടി 1778-ാമാണ്ട് റോമിലേക്കു നടത്തിയ യാത്രയുടെ വിവരണമാണ് വർത്തമാനപ്പുസ്തകം. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമാണ് അത്. സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന ഒരു ഗദ്യശൈലിക്കു പ്രചാരമുണ്ടാക്കിക്കൊടുത്തത് ആ പുസ്തകങ്ങളായിരുന്നു.

**കൈരളിയുടെ കഥ**

> അപ്പൊഴൊ ഇങ്ങനെ ഞങ്ങൾ പടവിൽ പാർത്തിരിക്കുമ്പോൾ മേൽ പറഞ്ഞവണ്ണം പാരം പാവപ്പെട്ട ദിക്കു ആകകൊണ്ടു എറച്ചിയും തിന്മാനുള്ള മറ്റു വസ്തുക്കളിൽ ഏതും കൊള്ളവാൻ കിട്ടാഞ്ഞതിനാൽ പല ദിവസവും പശുവിൻപാലും അപ്പവും പച്ചഫലവുംകൊണ്ട് അഹസ കഴിയെണ്ടിയും വന്നു. എന്നാൽ പാലുകൊള്ളുവാനുള്ളതിന്ന് അവിടെ നല്ല വിലയുണ്ടായിരുന്നു താനും.
>
> *വർത്തമാനപുസ്തകം*
>
> *(18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രചിക്കപ്പെട്ടത്)*

## പഠനപ്രവർത്തനങ്ങൾ

കുറിപ്പെഴുതുക

- നമ്പ്യാന്തമിഴ് • ദൂതവാക്യം • വർത്തമാനപ്പുസ്തകം • ഗ്രന്ഥവരികൾ
- ഗദ്യസാഹിത്യചരിത്രത്തിൽ സംക്ഷേപവേദാർഥത്തിന്റെ പ്രാധാന്യം.
- സാധാരണമായ ആശയങ്ങൾ വ്യക്തമായി പ്രകാശിപ്പിക്കാൻ ഈ രേഖകളിലെ ഗദ്യത്തിന് കഴിവുണ്ടായിരുന്നു.

  സാധാരണമായ ആശയങ്ങൾ വ്യക്തമായി പ്രകാശിപ്പിക്കാനേ ഈ രേഖകളിലെ ഗദ്യത്തിന് കഴിവുണ്ടായിരുന്നുള്ളൂ.

  സാധാരണമായ ആശയങ്ങൾ വ്യക്തമായി പ്രകാശിപ്പിക്കാൻ ഈ രേഖകളിലെ ഗദ്യത്തിനേ കഴിവുണ്ടായിരുന്നുള്ളൂ.

  മൂന്നു വാക്യത്തിന്റെയും ഘടന, അർഥം ഇവ ചർച്ച ചെയ്ത് കുറിപ്പെഴുതുക.
- സിമ്പോസിയം സംഘടിപ്പിക്കുക.

  എഴുത്തച്ഛനും ശ്രീനാരായണഗുരുവും മുന്നോട്ടുവയ്ക്കുന്ന തത്ത്വചിന്തകൾ സമാനമോ സമാന്തരമോ?

  *സൂചനകൾ* : മാനവികത, ധർമബോധം, ആധ്യാത്മികത, സാമൂഹ്യപരിഷ്കരണം
- മലയാളഭാഷയുടെ വളർച്ചയ്ക്ക് മിഷണറിമാർ നൽകിയ സംഭാവനകളെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

വാക്യങ്ങൾ പൊതുവെ രണ്ടു വിധം. 'ഉണ്ട്' എന്നുപറയുന്നത് 'വിധിമാർഗ്ഗം'. 'ഇല്ല' എന്നു പറയുന്നത് 'നിഷേധമാർഗ്ഗം'.

- ഉപഗുപ്തൻ വാസവദത്തയ്ക്ക് ഉപദേശം നൽകി

  ഉപഗുപ്തൻ വാസവദത്തയ്ക്ക് ഉപദേശം നൽകിയില്ല

  ഉപഗുപ്തൻ വാസവദത്തയ്ക്ക് ഉപദേശം നൽകാതെയിരുന്നില്ല. വാക്യങ്ങളുടെ പ്രത്യേകത ചർച്ചചെയ്യുക.
- മലയാള ഗാനകാവ്യങ്ങളിൽവച്ച് <u>പ്രാചീനതമ</u>മെന്നു കരുതപ്പെടുന്ന രാമചരിതം

ഒരു വസ്തുവിന്റെ അല്ലെങ്കിൽ വസ്തുതയുടെ ശ്രേഷ്ഠത (തരതമ ഭേദം) കാണിക്കുന്നതാണ് അതിശായന രൂപങ്ങൾ

പ്രിയതരമാമൊരു സ്വപ്നമുറങ്ങി

അടിവരയിട്ട പദങ്ങളുടെ സവിശേഷത ചർച്ച ചെയ്യുക. ഇതേരീതിയിലുള്ള മറ്റുപ്ര യോഗങ്ങൾ കണ്ടെത്തി എഴുതുക.

- ഇന്നത്തെ ഗദ്യരീതിയിലേയ്ക്ക് മാറ്റിയെഴുതുക.

പുത്തനൂർ എന്ന സ്ഥലത്തിൽ ദരിദ്രരായ രണ്ടുപുരുഷൻമാർ തങ്ങളുടെ കുഡുംബാദികളോടുകൂടെ പാർത്തു കൈകളുടെ അദ്ധ്വാനംകൊണ്ടു നാൾ കഴിച്ചുപോന്നു. അവരിൽ ഒരുവൻ ഓടുമുറിച്ചു ചുടുന്നതിനാൽ വളരെ പണം കൈക്കൽ കിട്ടി എങ്കിലും മിക്കതും ചാരായപ്പീടികയിൽ ചെല്ലുക കൊണ്ടു അവന്റെ പുരയിൽ കഷ്ടമേയുള്ളൂ. മറ്റെവൻ ആർ എങ്കിലും വിളിച്ചാൽ കൂലിപ്പണി എടുത്തിട്ടു അഹോവൃത്തി കഴിക്കും. തന്റെ വേലയിൽ നിന്നുകിട്ടുന്ന പൈശ വിശ്വാസിനിയായ ഭാര്യയുടെ കയ്യിൽ മാത്രം ചെല്ലുക കൊണ്ടു അവന്റെ ഭവനത്തിൽ ബഹുസുഖം ഉണ്ടു.

കേരളോപകാരി 1874 ആഗസ്റ്റ് വീണുപോയ പണസ്സഞ്ചി

## തുടർവായനയ്ക്ക്

| | | |
|---|---|---|
| പിംഗള | - | ഉള്ളൂർ. എസ്. പരമേശ്വരയ്യർ |
| മഗ്ദലനമറിയം | - | വള്ളത്തോൾ നാരായണമേനോൻ |
| കേരള സാഹിത്യചരിത്രം | - | ഉള്ളൂർ. എസ്. പരമേശ്വരയ്യർ |
| മലയാളകവിതാസാഹിത്യചരിത്രം | - | ഡോ.എം.ലീലാവതി |
| കാവ്യകല കുമാരനാശാനിലൂടെ | - | പി.കെ.ബാലകൃഷ്ണൻ |
| സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ | - | ജന: എഡിറ്റർ ഡോ.കെ.എം.ജോർജ് |
| ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ | - | ജന: എഡിറ്റർ ഡോ. കെ.എം. ജോർജ് |

| നൈപുണികൾ | പൂർണമായും | കുറച്ച് |
|---|---|---|
| പ്രാചീന കാലഘട്ടം മുതൽ ആധുനിക കവിത്രയം വരെയുള്ള വിവിധ കാലഘട്ടങ്ങളിലെ സർഗാത്മക രചനകളിൽ ഇതിവൃത്തം, ശൈലി, ഭാഷ എന്നിവയിൽ വന്ന പരിണാമത്തെ വിഭീഷണഹിതോപദേശം, മുത്തുമണികൾ, ശാന്തം കരുണം എന്നീ പാഠഭാഗങ്ങളിലൂടെ എനിക്ക് വിലയിരുത്താൻ കഴിഞ്ഞിട്ടുണ്ട് | | |
| പ്രാചീന കാലഘട്ടം മുതൽ ഇരുപതാം നൂറ്റാണ്ട് വരെ ഗദ്യഭാഷയിൽ വന്ന പരിണാമം എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. | | |
| പാഠഭാഗങ്ങളിലെ കവിതകളിൽ പ്രതിഫലിക്കുന്ന തത്ത്വചിന്തയും മൂല്യബോധവും ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. | | |
| കിളിപ്പാട്ട്, മുക്തകം, ഖണ്ഡകാവ്യം എന്നീ സാഹിത്യ മാതൃകകളുടെ സവിശേഷതകൾ വേർതിരിച്ചറിയാൻ എനിക്ക് സാധിച്ചിട്ടുണ്ട് | | |
| പ്രാചീന സാഹിത്യത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്ന കുറിപ്പുകൾ, പ്രബന്ധം, പ്രസംഗം എന്നിവ തയാറാക്കി അവതരിപ്പിക്കാൻ എനിക്ക് കഴിയും. | | |
| പ്രാചീന - സമകാലിക ഗദ്യഭാഷ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കാൻ എനിക്ക് സാധിക്കും | | |



## എഴുത്തുകാർ

**എഴുത്തച്ഛൻ :**

ഭാഷാപിതാവായ എഴുത്തച്ഛൻ 16-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത് തുഞ്ചൻപറമ്പിൽ ജനിച്ചു എന്ന് കരുതപ്പെടുന്നു. മലയാളികളുടെ ഭാഷാസാംസ്കാരത്തിന് പുത്തനുണർവ് നൽകിയ ഋഷിപ്രഭാവനും ദാർശനികനും ക്രാന്തദർശിയുമായ കവിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, ശ്രീമഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, ഹരിനാമകീർത്തനം, ശതമുഖരാമായണം, ചിന്താരത്നം തുടങ്ങി പത്തിലേറെ കൃതികൾ എഴുത്തച്ഛന്റേതായി അറിയപ്പെടുന്നു. അദ്ദേഹത്തോടുള്ള ആദരസൂചകമായി ഭാഷാസാഹിത്യരംഗത്ത് സമഗ്രസംഭാവന നൽകിയവർക്ക് സംസ്ഥാന സർക്കാർ എഴുത്തച്ഛൻ പുരസ്കാരം നൽകിവരുന്നുണ്ട്.

**രാമപുരത്തുവാര്യർ :**

വൈക്കം മീനച്ചൽ താലൂക്കിലെ രാമപുരത്തു ജനിച്ചു. കവിയുടെ പേരിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ഇന്നും ലഭ്യമല്ല. രാമപുരത്തുവാര്യർ എന്നു മാത്രമാണ് അറിയപ്പെടുന്ന്. തിരുവിതാംകൂറിൽ മാർത്താണ്ഡവർമ മഹാരാജാവിന്റെ ആശ്രിതനായി ജീവിച്ചു. കുചേലവൃത്തം വഞ്ചിപ്പാട്ടാണ് മുഖ്യകൃതി. ഭാഷാഷ്ടപദി, നൈഷധം തിരുവാതിരപ്പാട്ട്, ഐരാവണവധം തുള്ളൽ, പ്രഭാതകീർത്തനം, ലഘുഭാഷ (അമരകോശത്തിന്റെ സംസ്കൃത വ്യാഖ്യാനം) എന്നീ കൃതികൾ വാര്യർ രചിച്ചതായി പറയപ്പെടുന്നു.

**കോട്ടയത്തുതമ്പുരാൻ :**

കഥകളി പ്രസ്ഥാനത്തിനു ഭദ്രമായ അടിത്തറ പാകിയ കോട്ടയം കഥകളുടെ കർത്താവ്. ബകവധം, കല്യാണസൗഗന്ധികം, കിർമീരവധം, നിവാതകവചകാലകേയവധം എന്നീ ആട്ടക്കഥകൾ കോട്ടയത്തു തമ്പുരാന്റേതായി കരുതപ്പെടുന്നു. 1650 നും 1725 നും ഇടയ്ക്കാണ് അദ്ദേഹത്തിന്റെ ജീവിതകാലം എന്നാണ് പണ്ഡിതലോകം അഭിപ്രായപ്പെടുന്നത്.

**കുമാരനാശാൻ:**




തത്ത്വചിന്തകനും സ്നേഹഗായകനുമായ കവി. 1871 ഏപ്രിൽ 12-ാം തീയതി കായിക്കര തൊമ്മൻ വിളാകത്ത് വീട്ടിൽ നാരായണൻ, കൊച്ചുപെണ്ണ് എന്നിവരുടെ പുത്രനായി ജനിച്ചു. സംസ്കൃതഭാഷയും ദർശനങ്ങളും അഭ്യസിച്ചു. സംസ്കൃതം പഠിപ്പിച്ചതിനാൽ ആശാൻ എന്ന പേരുവന്നു. അങ്ങനെ കുമാരനാശാനായി മാറി. ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായി, ചിന്നസ്വാമി എന്ന പേരിൽ കുറേക്കാലം മൈസൂരിലും കൽക്കത്തയിലും താമസിച്ചിട്ടുണ്ട്. 1902 മുതൽ 16 വർഷം എസ്.എൻ.ഡി.പി യോഗം സെക്രട്ടറിയായിരുന്നിട്ടുണ്ട്. 1904ൽ 'വിവേകോദയം' പത്രം തുടങ്ങി. വെയിൽസ് രാജകുമാരനിൽനിന്ന് പട്ടും വളയും നേടി. മലയാള കവിതയിലെ പരിവർത്തനത്തിന്റെ കവി. ഖണ്ഡകാവ്യങ്ങൾ: വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ. ബാലസാഹിത്യം: പുഷ്പവാടി, വനമാല, ബാലരാമായണം, ശ്രീബുദ്ധചരിതം (പരിഭാഷ) തുടങ്ങി ഒട്ടാകെ 25-ഓളം കൃതികൾ രചിച്ചു. 16.01.1924 ൽ പല്ലനയാറ്റിൽ റെഡിമെർ ബോട്ടപകടത്തിൽ മരണം സംഭവിച്ചു.

**എൻ. കൃഷ്ണപിള്ള:**



പ്രശ്ന നാടകങ്ങളുടെ പ്രയോക്താവും നിരൂപകനും. ജനനം 22.09.1916. പിതാവ് കക്കാട്ടുമഠത്തിൽ കേശവര്. മാതാവ് ചക്കാലവിളാകത്തു പാർവതിയമ്മ. ഭാര്യ അഴകത്തു സരസ്വതി കുഞ്ഞമ്മ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മലയാളം പ്രൊഫസർ. 1971-74 കാലഘട്ടത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിഡണ്ടായിരുന്നു. കൈരളിയുടെ കഥ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പ്രതിപാത്രം ഭാഷണഭേദം (സി.വി.കൃതികളുടെ പഠനം), അകപ്പൊരുൾ തേടി (ലേഖനങ്ങൾ), ഭഗ്നഭവനം, അനുരഞ്ജനം, അഴിമുഖത്തേക്ക്, കന്യക, ബലാബലം, ദർശനം, മുടക്കുമുതൽ, കുടത്തിലെ വിളക്ക്, മരുപ്പച്ച, ചെങ്കോലും മരവുരിയും (നാടകങ്ങൾ) ഇരുളും വെളിച്ചവും, ഭാവദർപ്പണം, സീതാപരിത്യാഗം (ബാലസാഹിത്യം) തുടങ്ങിയവ പ്രധാന കൃതികൾ. വയലാർ അവാർഡ്, കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ, കേരള സംഗീത നാടക അക്കാദമി അവാർഡ്, ഫെലോഷിപ്പുകൾ എന്നിവ ലഭിച്ചിട്ടുണ്ട്. 18.08.1988 ന് അന്തരിച്ചു.

**ബോധേശ്വരൻ:**



പഴയ തലമുറയിൽ സ്വന്തമായി ഒരു സ്വരം കേൾപ്പിച്ച പ്രതിഭാശാലിയായ കവി. 1904 ൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയായിരുന്ന ഇദ്ദേഹം ആര്യസമാജത്തിലും മറ്റു സാമുദായികരംഗങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. ആദർശാരാമം, സ്വതന്ത്രകേരളം, ധനഗീത, ഹൃദയാങ്കുരം, രക്തരേഖകൾ, മതപ്രഭാഷണങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ. സ്വതന്ത്രകേരളം എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ള വരികളാണ് പ്രവേശകത്തിൽ നൽകിയിട്ടുള്ളത്.

രണ്ട്

# രംഗപർവം

## ആമുഖം

കൂടിയാട്ടവും മുടിയേറ്റും പടയണിയും കാക്കാരശ്ശിനാടകവുമെല്ലാം മലയാള നാടകവേദിയുടെ ഭിന്ന മുഖങ്ങളാണ്. സംസ്കൃതപരിഭാഷാനാടകങ്ങൾ മുതൽ തനതുനാടകവേദിയെവരെ അടുത്തറിയാനുള്ള ശ്രമമാണ് ഈ യൂണിറ്റിലൂടെ നടത്തുന്നത്. ആദ്യകാല നാടകഗാനങ്ങളിൽ ശ്രദ്ധേയമായ 'മധുരിക്കും ഓർമ്മ കളേ' എന്ന ഗാനം, ജി. ശങ്കരപ്പിള്ള രചിച്ച ആധുനിക നാടകസ്വഭാവങ്ങൾ പ്രതിഫലിക്കുന്ന ഒരു കൂട്ടം ഉറുമ്പുകൾ, നാടക ലക്ഷണങ്ങൾ ഒത്തിണങ്ങിയ ഭാസനാടകമായ ഊരുഭംഗത്തിലെ ഒരു ഭാഗം, തനതു നാടകവേദിയെ സൂക്ഷ്മ മായിയറിയാൻ സഹായകമായി സി. എൻ. ശ്രീകണ്ഠൻ നായരുടെ 'തനതുനാ ടകവേദി', എ. കെ. നമ്പ്യാരുടെ 'നാടോടിപാരമ്പര്യവും മലയാളനാടകവേദിയും' എന്നീ ലേഖനങ്ങൾ തുടങ്ങിയവയാണ് ഈ യൂണിറ്റിലെ ഉള്ളടക്കം. വായിച്ചു മാത്രം ആസ്വദിക്കാനുള്ളതല്ല നാടകമെന്നും, അത് അരങ്ങിന്റെ ഭാഷയും ദൃശ്യാനുഭവവും കൂടിയാണെന്നുമുള്ള ധാരണ വികസിപ്പിക്കാൻ ഈ യൂണിറ്റി ലൂടെ സാധിക്കണം.

## പഠനനേട്ടങ്ങൾ

- നാടകരചനാശില്പശാലകൾ സംഘടിപ്പിക്കുന്നു. ലഘുനാടകങ്ങൾ രചി ക്കുന്നു. അവതരിപ്പിക്കുന്നു.
- നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവ തരിപ്പിക്കുന്നു.
- മുൻകൂട്ടി തയാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ പ്രശസ്ത നാടകകൃത്തുക്കളുമായി അഭിമുഖ സംഭാഷണം നടത്തി റിപ്പോർട്ട് തയാറാക്കുന്നു.
- 'കുട്ടികളുടെ നാടകവേദിയുടെ പ്രസക്തി' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു.
- പാശ്ചാത്യ - പൗരസ്ത്യ നാടകസങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാ നമാക്കി കുറിപ്പുകൾ തയാറാക്കുന്നു.
- തനതുനാടകവേദിയുടെ ഉത്ഭവം നമ്മുടെ രംഗകലാപാരമ്പര്യത്തിൽ നിന്നാ ണെന്ന് തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു.

> *"പിന്നിൽ ഒരു മറ - നിൽക്കാൻ ഒരു തറ*
> *എന്റെ മുന്നിൽ നിങ്ങളും*
> *എന്റെ ഉള്ളിൽ ഒരു നാടകവും"*
>
> നാടക ദർപ്പണം- എൻ. എൻ. പിള്ള

- അരങ്ങിന്റെ കലയാണ് നാടകം - ചർച്ച ചെയ്യുക

# മധുരിക്കും ഓർമ്മകൾ

**ഒ.എൻ.വി. കുറുപ്പ്**

മധുരിക്കും ഓർമ്മകളേ!
മലർമഞ്ചൽ കൊണ്ടുവരൂ! –
കൊണ്ടുപോകൂ ഞങ്ങളെയാ
മാഞ്ചുവട്ടിൽ! മാഞ്ചുവട്ടിൽ!
ഇടനെഞ്ചിൻ താളമോടെ,
നെടുവീർപ്പിൻ മൂളലോടെ,
മലർമഞ്ചൽ തോളിലേറ്റി
പോവുകില്ലേ? പോവുകില്ലേ?

ഒരു കുമ്പിൾ മണ്ണുകൊണ്ടൊരു വീടുവയ്ക്കാം;
ഒരു തുമ്പപ്പൂവുകൊണ്ട് വിരുന്നൊരുക്കാം
ഒരു നല്ല മാങ്കനിക്കായ് കൊതിച്ചു നില്ക്കാം;
ഒരു കാറ്റിൻ കനിവിന്നായ്
ഒരു കാറ്റിൻ കനിവിന്നായ് പാട്ടുപാടാം! (മധുരിക്കും ഓർമ്മകളേ.....)

ഒരു പുള്ളിക്കുയിലിനൊത്തു കൂവിനില്ക്കാം;
ഒരു നുള്ളു പൂവിറുത്തു മാല കോർക്കാം;
ഒരു വാഴക്കൂമ്പിൽ നിന്നും തേൻ കുടിക്കാം;
ഒരു രാജാ, വൊരു റാണിയായി വാഴാം! (മധുരിക്കും ഓർമ്മകളേ.....)

(സംഗീതം : **ജി. ദേവരാജൻ,** ഗായകൻ :**സി.ഒ. ആന്റോ,** നാടകം : **ജനനീ ജന്മഭൂമി (1962),** അവതരണം : **കാളിദാസ കലാകേന്ദ്രം, കൊല്ലം)**

## പഠനപ്രവർത്തനങ്ങൾ

- ഈ ഗാനത്തിലൂടെ അയവിറക്കുന്ന ബാല്യകാലസ്മരണകൾ എന്തെല്ലാമാണ്?

- താമരത്തോണിയുമായ് അമ്മാവൻ
  താഴോട്ടു പോരാമോ
  പാവങ്ങളാണേലും ഞങ്ങള്
  പായസച്ചോറു തരാം
  പായസച്ചോറുണ്ടാൽ
  ഞങ്ങള് പാടിയുറക്കുമല്ലോ
  പാലമരത്തണലിൽ പൂന്തണൽ-
  പ്പായ വിരിക്കുമല്ലോ

  ഒരു കാലഘട്ടത്തിന്റെ സാമൂഹ്യജീവിതമാണ് ഇവിടെ പ്രതിഫലിക്കുന്നത്.

  മരണം വാതിൽക്കലൊരുനാൾ
  മഞ്ചലുമായ് വന്നു നിൽക്കുമ്പോൾ
  ചിറകടിച്ചെൻകൂടു തകരും നേരം
  ജീവജലം തരുമോ ......
  ജീവജലം തരുമോ .......?

  ഈ വരികളാകട്ടെ ഒരു ജീവിതദർശനമാണ് മുന്നോട്ട് വയ്ക്കുന്നത്

  ഇങ്ങനെ നാടകഗാനങ്ങൾ ശേഖരിച്ച് ഇനം തിരിച്ച് പട്ടികപ്പെടുത്തുക. അതിൽ നിങ്ങളെ ഏറ്റവും ആകർഷിച്ച ഒരു നാടകഗാനത്തിന് ആസ്വാദനം തയാറാക്കുക.

# ഒരു കൂട്ടം ഉറുമ്പുകൾ

**ജി. ശങ്കരപ്പിള്ള**

**പൂർവരംഗം**

(ഒരു ചെറിയ കുന്നിൻചരിവും അതിന്റെ താഴ്വാരവും. നാടകം ആരംഭിക്കുമ്പോൾ മുത്തശ്ശിയെ ആസകലം പൊതിഞ്ഞു നില്ക്കുന്ന കുട്ടികൾ. അവരുടെ ശരീരത്തിൽ പല രീതിയിൽ പറ്റിപ്പിടിച്ച് അവർ കലശൽ കൂട്ടിക്കൊണ്ടിരിക്കുകയാണ്. മുത്തശ്ശി അവരുടെ ബഹളത്തിനിടയിലൂടെ സംസാരിക്കാൻ ശ്രമിക്കുന്നു. കുട്ടികൾ കൂട്ടമായി പലരീതിയിൽ ഒച്ചവെക്കുന്നു. ഒടുവിൽ ഒരുവിധത്തിൽ കുട്ടികളെ കുടഞ്ഞുമാറ്റി മുത്തശ്ശി രക്ഷപ്പെടുന്നു.)

| | | |
|---|---|---|
| മുത്തശ്ശി | : | ശ്ശൊ!.... ഉറുമ്പുകൾ! ഇങ്ങനെണ്ടോ ഒരാക്രമണം. ചോണനുറുമ്പുകൾ. |
| കുട്ടികൾ | : | (മുത്തശ്ശിയുടെ അരിശം അവരുടെ രസം വർദ്ധിപ്പിക്കുന്നു)<br>ഉറുമ്പുകൾ ചോണ- നുറുമ്പുകൾ<br>ഉറുമ്പുകൾ ചോണ- നുറുമ്പുകൾ. |

(എന്നാവർത്തിച്ചു പറഞ്ഞുകൊണ്ട് അവർ മുത്തശ്ശിയെ വീണ്ടും കടന്നാക്രമിക്കാൻ ശ്രമിക്കുന്നു.)

മുത്തശ്ശി: ങാ! ഇനിയും തുടങ്ങിയാൽ കഥ കുന്തം! മുത്തശ്ശിക്കിത്തിരി സൈ്വര്യം തരണ്ടേ?

കുട്ടികൾ: (നീട്ടി വിളിക്കുന്നു.)

മുത്തശ്ശീ......... മുത്തശ്ശീ

മുത്തശ്ശീ...........മുത്തശ്ശീ

(മുത്തശ്ശി കപടകലഹം ഭാവിച്ചു തിരിഞ്ഞിരിക്കുന്നു. കുട്ടികൾ കൂട്ടമായി നിന്ന് ഒരു നിമിഷം ആലോചിക്കുന്നു. പിന്നീട് ഒരു തീരുമാനമെടുത്ത മട്ടിൽ എല്ലാപേരും മെല്ലെ നടന്നു പാദപതനം കേൾക്കാതെ മുത്തശ്ശിയുടെ അടുത്തെത്തി വീണ്ടും ശരീരത്തിൽ കയറി മറിയുവാൻ തുടങ്ങുന്നു. മുത്തശ്ശി ഇതു കാലേകൂട്ടി കണ്ടതാണ്. അവർ കയറിമറിയാൻ തുടങ്ങുമ്പോഴേക്കും മുത്തശ്ശി തിരിയുന്നു. കുട്ടികൾ ഇളിഭ്യരായി. മുത്തശ്ശി പൊട്ടിച്ചിരിച്ചു. ഒപ്പം അവരും.)

| | | |
|---|---|---|
| മുത്തശ്ശി | : | ഒന്നുമില്ലേലും എത്ര ഓണം കൂടുതലുണ്ടതാ ഞാന്! |
| കുട്ടികൾ | : | മുത്തശ്ശീ! കഥ. |
| മുത്തശ്ശി | : | ഉറുമ്പുകൾക്ക് കഥയല്ല. കൊറിക്കാനെന്തെങ്കിലുമാ വേണ്ടത്. |
| കുട്ടികൾ | : | ജൂക്ങ്.... കഥ (ഒപ്പം) കഥ! |
| മുത്തശ്ശി | : | ഉറുമ്പുകളെപ്പറ്റിയുള്ള കഥയായാലോ? (കുട്ടികൾ അത്ര ബോധിച്ച മട്ടു കാട്ടുന്നില്ല.) |
| മുത്തശ്ശി | : | പിന്നെ! ആനയെപ്പറ്റിയുള്ള കഥ വേണമായിരിക്കും. (കുട്ടികളുടെ മുഖത്ത് അനുകൂലഭാവം) |
| മുത്തശ്ശി | : | അതാ അബദ്ധം. ആനക്കഥ വലുതെന്നും ഉറുമ്പിൻ കഥ ചെറുതെന്നും എന്തിനു കരുതുന്നു? ഒരു ഉറുമ്പിൻ കഥ തന്നെയാകട്ടെ. നിങ്ങളെപ്പോലെ മുഷ്ക്കുള്ള ഒരുകൂട്ടം ഉറുമ്പുകളുടെ കഥ! എന്താ? |
| കുട്ടികൾ | : | ശരി. |
| മുത്തശ്ശി | : | വന്നോളിൻ, നമുക്കു നടക്കാം. (മുത്തശ്ശി മുന്നേയും കുട്ടികൾ പിന്നാലെയും നടക്കുന്നു. അവർ ആ കുന്നിൻ ചരിവുകേറി മറയുന്നതിനിടയിൽ)<br>പണ്ടൊരു കാട്ടിൽ പച്ചിലക്കാട്ടിൽ പേയും പിശാചും നിറഞ്ഞ നാട്ടിൽ |
| കുട്ടികൾ | : | നാട്ടിൽ? |
| മുത്തശ്ശി | : | പാർക്കാനെത്തിയുറുമ്പിൻ കൂട്ടം<br>പടയോട്ടം പോലൊരു നാളിൽ |

(ആവർത്തിക്കുന്നു.)

പണ്ടൊരു കാട്ടിൽ പച്ചിലക്കാട്ടിൽ
പേയും പിശാചും നിറഞ്ഞ നാട്ടിൽ
പാർക്കാനെത്തിയുറുമ്പിൻ കൂട്ടം
പടയോട്ടം പോലൊരു നാളിൽ.

## സീൻ ഒന്ന്

(മുത്തശ്ശിയും കുട്ടികളും മറഞ്ഞിരിക്കുന്നു. ഉറുമ്പുകൾ കൂട്ടമായി ആരവ ത്തോടെ താഴ്വാരമാകെ നിറഞ്ഞിരിക്കുന്നു. ചുവന്ന ഉറുമ്പുകളും കട്ടുറു

മ്പുകളുമുണ്ട്. രണ്ടുകൂട്ടരം പരസ്പരം ബന്ധപ്പെടാതെ രണ്ടിടങ്ങളിലായി



ട്ടാണ് കൂട്ടംകൂടിയിരിക്കുന്നത്. തളർന്നവർ കിടക്കുന്നു. കുട്ടികളെ മുതിർന്ന ഉറുമ്പുകൾ പിടിച്ചു നടത്തുന്നു. കെട്ടും ഭാണ്ഡവും എല്ലാം കൂട്ടിയിട്ട് അതിനു ചുറ്റുമായി പല പണികളിലും വ്യാപൃതരാണ് ഉറുമ്പുകൾ. രണ്ടുഭാഗത്തും വ്യത്യസ്തമായ രീതികളിൽ ഈ വ്യാപാരം നടക്കുന്നുണ്ട്.

കുന്നിൻചരിവിലെ ഉയർന്ന ഭാഗത്ത് വലിയൊരു ചിലന്തിവല. അതിന്റെ നടുക്ക് ചുവന്ന നാക്കുനീട്ടി ഇരതേടുന്ന ചിലന്തി. ചിലന്തി താഴെ കൂട്ടംകൂടിയിരിക്കുന്ന ഉറുമ്പുകളെ അശനകൗതുകത്തോടെ നോക്കുന്നു. മൂന്നുനാലുറുമ്പുകൾ ചേർന്ന് വലിയ ഒരു നെന്മണി ചുമന്നുകൊണ്ടുവരുന്നു. തികച്ചും ഭാരമുള്ള തടികൾ പേറി വരുന്നതുപോലെതന്നെ. വരുന്നത് മലമുകളിൽ നിന്ന് താഴ്വാരത്തേക്കാണ്. ചിലന്തി ആദ്യം ആ നെന്മണിയെയും, പിന്നീട് അത് ചുമന്നു വന്ന ഉറുമ്പുകളെയും നിർദയം പിടിച്ച് തന്നിലേക്ക് അടുപ്പിക്കുന്നു. ഉറുമ്പുകൾ ഒരു ആക്രോശശബ്ദം പുറപ്പെടുവിക്കുന്നു. താഴെയുള്ള ഉറുമ്പുകൾ എല്ലാ പണിയും നിർത്തി ശ്രദ്ധിക്കുന്നു. ഭയചകിതരാകുന്നു. അമ്മമാർ കുഞ്ഞുങ്ങളെ തങ്ങളിലേക്കടുപ്പിക്കുന്നു. പക്ഷേ, കറുത്ത ഉറുമ്പുകളെയാണ് പിടിച്ചതെന്ന് ഗ്രഹിക്കുമ്പോൾ ചോണനുറുമ്പുകൾ ഭയത്തിൽ നിന്ന് മോചിതരാകുന്നു.)

| | | |
|---|---|---|
| ചോണനുറുമ്പുകളുടെ നേതാവ് | : | ഓ.... അത് അവരാ...സൂക്ഷിച്ചു നടക്കണ്ടേ? |
| മറ്റുറുമ്പുകൾ കൂട്ടമായി | : | നേരാ..... |
| നേതാവ് | : | അല്ലെങ്കി അനുഭവം ഇതാ. |
| ഉറുമ്പുകൾ | : | നേരാ. |
| നേതാവ് | : | ഗുണപാഠം? |
| ഉറുമ്പുകൾ | : | നടക്കുമ്പോൾ സൂക്ഷിക്കണം. |
| നേതാവ് | : | അല്ലാ. |
| ഉറുമ്പുകൾ | : | എന്താണാവോ? |

നേതാവ് : കറുത്ത ഉറുമ്പുകളെ കണ്ടു പഠിക്കരുത്.
ഉറുമ്പുകൾ : നേരാ.
നേതാവ് : പറയുവിൻ!
ഉറുമ്പുകൾ : (ആവർത്തിക്കുന്നു.)
കറുത്ത ഉറുമ്പുകളെ കണ്ടു പഠിക്കരുത്.
(സംതൃപ്തനായ നേതാവ് കൈ ഞൊടിക്കുന്നു. ഉറുമ്പുകൾ പണികളിൽ വ്യാപൃതരാകുന്നു)
(കറുത്ത ഉറുമ്പുകളുടെ കൂട്ടത്തിൽ)
നേതാവ് : കേട്ടില്ലേ?
ഉറുമ്പുകൾ : ഉവ്വല്ലോ.
നേതാവ് : ഇന്നു നമുക്കെങ്കിൽ .....
ഉറുമ്പുകൾ : നാളെ അവർക്ക്.
നേതാവ് : കൊന്നതാരെന്നറിയണ്ടേ?
ഉറുമ്പുകൾ : ഉവ്വല്ലോ.
നേതാവ് : ഞാൻതന്നെ പോണമെന്നാണോ?
ഉറുമ്പുകൾ : ഉവ്വല്ലോ...
നേതാവ് : ഹെന്ത്?
ഉറുമ്പുകൾ : തെറ്റി. തെറ്റി. അല്ലല്ലോ.
നേതാവ് : ആര് പോകും?
(പല ഉറുമ്പുകളും മുന്നോട്ട്) ഞാൻ... ഞാൻ...ഞാൻ.
നേതാവ് : ശരി. രണ്ടുപേർ പോകട്ടെ....
പല ഉറുമ്പുകളും : അതുതന്നെ രണ്ടുപേർ..... രണ്ടുപേർ....
നേതാവ് : ആരു പോകുന്നു?
(ഉറുമ്പുകൾ പരസ്പരം ആര്... ആര്.. എന്നു നോക്കുന്നു. പരസ്പരം പറയുന്നു. രണ്ടുപേർ പോകട്ടെ)
(പെട്ടെന്നു ചിലന്തിയുടെ അട്ടഹാസം)
ചിലന്തി : ഛായ്! ഹാര്! നമ്മുടെ ആഹാരാനന്തര നിദ്രയ്ക്ക് ആരു ഭംഗം വരുത്തുന്നു?
(ഉറുമ്പുകൾ രണ്ടു സെറ്റിന്റെയും സംഭാഷണവും പ്രവർത്തനവും'ടപ്പെ'ന്നു നിന്നു)

ചിലന്തി : മണലിൽ അരിച്ചും കൂട്ടംകൂടിയും ഇഴ

| | | |
|---|---|---|
| | | യുന്ന എറുമ്പിൻ കീടങ്ങളേ! |
| ചോ. ഉ. നാ: ക. ഉ. നാ | : | ഇതു നമ്മളെയാണോ? (രണ്ടും മന്ദസ്വരത്തിൽ) നമ്മെയോ? |
| ചിലന്തി | : | കേൾക്കുന്നില്ലെ നായ്ക്കളെ! |
| | | (രണ്ടു സംഘം ഉറുമ്പുകളും) ഉണ്ടേ! ഉണ്ട്. |
| ചിലന്തി | : | നാം ഇവിടെ തപസ്സാണ്! |
| ചോ. ഉ (കൂട്ടം വിപരീതാർത്ഥ ദ്യോതകമായി) | | കൊടും തപസ്സ്! |
| ചിലന്തി | : | ഛായ്! |
| ഉറുമ്പുകൾ | : | ഓയ്! |
| ചിലന്തി | : | ശ്രദ്ധിച്ചുകേൾക്കുവിൻ. തപസ്സാളുന്ന നമുക്കു വിശക്കും.... |
| ഉറുമ്പുകൾ | : | (ഒപ്പം) ഉവ്വല്ലോ. |
| ചിലന്തി | : | അപ്പോൾ ഭക്ഷണം വേണം. |
| ഉറുമ്പുകൾ | : | (ഒപ്പം) പരമാർത്ഥം. |
| ചിലന്തി | : | നിങ്ങൾ നാലുപേർ ദിവസവും വരണം. |
| ഉറുമ്പുകൾ | : | എന്തിനാണാവോ? |
| ചിലന്തി | : | ഹാ!ഹാ! എന്തിനെന്നോ? നമുക്കു ഭക്ഷണമാവാൻ. |

(നിശബ്ദത. ഉറുമ്പുകൾ സ്വന്തം കൂട്ടത്തിലെക്കും മറുകൂട്ടത്തിലെക്കും നോക്കുന്നു.)

| | | |
|---|---|---|
| ചോ. ഉ. കൂട്ടം | : | (ഒപ്പം) നാമോ? ഭക്ഷണമാവാനോ?... ഹേയ്. അത് ഇവരെപ്പറ്റിയാവും. (ആശ്വസിക്കുന്നു.) |
| ക.ഉ.കൂട്ടം | : | നാമോ? ഭക്ഷണമാവാനോ?... ഹേയ്. അത് ഇവരെപ്പറ്റിയാവും. (ആശ്വസിക്കുന്നു.) |
| ചിലന്തി | : | എന്താ ഒന്നും മിണ്ടാത്തത്? |
| ചോ.ഉ.നാ | : | ചിലന്തിപ്പെരുമാളെ! ഒരു ചിന്ന സംശയം. |
| ചിലന്തി | : | ക്ഷണം ചോദിച്ചു തുലയ്ക്ക്. |
| ചോ.ഉ.നാ | : | ഇപ്പോൾ പറഞ്ഞത് ചുവപ്പന്മാർക്കോ കറു |

പ്പന്മാർക്കോ ബാധകം?

ക.ഉ.നാ : ചുവപ്പന്മാർക്ക്. എന്താ സംശയം? കറുത്ത വർ വംശമഹത്വമുള്ളവർ. കറുപ്പിന് ഏഴാഅഴക്.

(കറുപ്പന്മാർ - ആഹ്ലാദം)

ചോ.ഉ.നാ : ചുവപ്പിനു ചൊവ്വാ അഴക്. അതു കള.

(ചുവപ്പന്മാർ — ആഹ്ലാദം)

ചിലന്തി : ഛരായ്! ടപ്പ്!

(രണ്ടുകൂട്ടരും നിശബ്ദം)

ചിലന്തി : നിറമൊന്നും നമുക്കു ഭേദമില്ല. നാലെന്നാൽ മുദ്രയ്ക്കു നാല്. അതുമാത്രം വേണം.

ചോ.ഉ.കൂട്ടം : അയ്യോ! ചതിച്ചോ?

ക.ഉ. കൂട്ടം : വലഞ്ഞുവോ നമ്മൾ?

ചിലന്തി : മൂവന്തിയാകുമ്പോൾ ഇവിടെ വരണം. വന്നില്ലെങ്കിൽ... ഉം...പിന്നെക്കാണാം... (സമാധിസ്ഥനാകുന്നു.)

(കറുത്ത ഉറുമ്പിൻ കൂട്ടം നായകനു ചുറ്റും കൂടുന്നു. ചുവന്ന ഉറുമ്പിൻകൂട്ടം നായകനു ചുറ്റും കൂടുന്നു.)

രണ്ടുപേരും ഒപ്പം : എന്തോന്നിപ്പം ചെയ്യാൻ പറ്റും. അന്തോം കുന്തോം തോന്നിണില്ലേ!

ചോ.ഒരുറുമ്പ് : നമുക്കു മറ്റവരോടുകൂടി ചോദിച്ചാലോ?

ക.ഒരുറുമ്പ് : നമുക്കു ചോപ്പന്മാരോടുകൂടി ഒന്നാലോചിച്ചാലോ?

ചു.വേറൊരുറുമ്പ : ഛെ! നാണക്കേട്.

ക.വേറൊരുറുമ്പ് : നാണോം മാനോം വിട്ടിട്ടോ?

(ചോണനുറുമ്പുകളിൽ ഇതുവരെ സംസാരിക്കാതിരുന്ന ഒരുറുമ്പ്, രണ്ടു സംഘത്തിന്റേയും നടുക്ക് നിന്ന്)

: ഉവ്വ് വിട്ടിട്ട്. നമ്മുടെ നേർക്കു ചീറിവരുന്നത് നമ്മിലും പെരിയ എതിരാളി. നമുക്കു കെല്പെന്ത്? പിടിച്ചു നിൽക്കാനും, അവനെ പരാജിതനാക്കി പുറകോട്ടാട്ടാനും?

(രണ്ട് ഉറുമ്പിൻ കൂട്ടങ്ങളും അയാളിൽ ഏതോ ഒരു വെളിപാടു കണ്ടിട്ടെന്ന പോലെ നോക്കിനിൽക്കുന്നു. ചോണനുറുമ്പിന്റെ അണിയിൽ നിന്നും രണ്ടു

പേർ മുന്നോട്ടുചെന്ന്)

ചോ.ഉ.ക.ഉ : അതിനുപായം?

ആദ്യത്തെ ഉറുമ്പ് : ആയുധമില്ലാതെ അടരാടാൻ പറ്റുമോ?

ഉറുമ്പുകൾ : (സംഘമായി) ഇല്ലല്ലോ.....

ആദ്യത്തെ ഉറുമ്പ് : ആയുധം തേടാൻ വഴിയെന്ത്?

ഉറുമ്പുകൾ : (സംഘമായി) അറിയില്ലല്ലോ.

ആദ്യത്തെ ഉറുമ്പ് : ആദ്യം വേണ്ടത് സൊരിമിപ്പ്

നമ്മളെ ഇല്ലാതാക്കീടാൻ
നോമ്പുപിടിച്ചോരു വിരുതന്ന്
നമ്മൾ ഒറ്റക്കെട്ടായി
നല്ലൊരു ശിക്ഷകൊടുത്തീടാം.

(ഉറുമ്പുകളുടെ സംഘം ആദ്യം അത്ര ആവേശത്തോടെയാകാതെയും പിന്നീട് കഠിനമായി ആവേശത്തോടെയും മുദ്രാവാക്യം മുഴക്കുന്നു. അവർ പരസ്പരമുള്ള ഭിന്നിപ്പുകൾ കഴിയുന്നിടത്തോളം മറക്കുവാൻ ശ്രമിക്കുന്നു. ആവേശം. സർവത്ര ആവേശം)

ഒരുറുമ്പ് : (ആവേശമൊന്നടങ്ങുമ്പോൾ) മൂവന്തി അടുത്തടുത്തു വരുന്നു.

ഒരുകൂട്ടം : ഉള്ളതുതന്നെ. നാട്ടുവെളിച്ചത്തിന്റെ ചിക്കുപായ് വിരിച്ചുകഴിഞ്ഞു.

മറ്റൊരുറുമ്പ് : ഇനി നേരമില്ല.

ഇനിയൊരുറുമ്പ് : നമ്മളെല്ലാം വരിയായങ്ങനെ അണിയണിയായിച്ചെന്നാലോ?

ഇനിയൊരുറുമ്പ് : എല്ലാം പൊല്ലാപ്പായവന്റെ വായിൽ!.. ഫ!

ഉറുമ്പിൻ നാ : നമുക്കായുധം വേണ്ടേ?

ഉറുമ്പുകൾ : (ഒപ്പം) വേണം.

ഇനിയൊരുറുമ്പ് : എവിടുന്നു കിട്ടും?


(നിശ്ശബ്ദത — എല്ലാപേരും ‘കഠിന’മായി ആലോചിക്കുന്നു.)

ഒരുറുമ്പ് : (പെട്ടെന്ന്) ങ!

മറ്റെല്ലാവരും : എന്താ? എന്താ?

അതേ ഉറുമ്പ് : കാട്ടിനുള്ളിൽ — ഇത്തിരിവഴി ചെല്ലുമ്പോൾ–— കണ്ടിട്ടില്ലേ!

എല്ലാവരും : പറയൂ തോഴാ.



അതേ ഉറുമ്പ് : മണ്ണാൽ തീർത്ത മലദൈവത്തിനുത്സവം.

മറ്റൊരുറുമ്പ് : ശ്ശേയ്! അതു മലദൈവമല്ല. പിശാചാ.

ആദ്യത്തെ ഉറുമ്പ് : ഹാരു പറഞ്ഞു?

ക.ഉ : ചുവപ്പരുടെ ദൈവം, കറുത്തവരുടെ പിശാച്.

നേതാക്കൾ : തല്ക്കാലം നിറമെല്ലാം മറക്കുക.

മറ്റൊരുറുമ്പ് : ദൈവമെന്നതും പിശാചെന്നതും വിസ്മരിക്കുക.

ഇനിയൊരുറുമ്പ് : പിന്നെ?

വേറൊന്ന് : ചിലന്തിയെ സംഹരിക്കാനുള്ള ആയുധം — അതുമാത്രം ഓർക്കുക.

ആദ്യത്തെ ഉറുമ്പ് : അതല്ലെ പറയുന്നത്. ആ ദൈവത്തിന്റെ...

മറ്റൊന്ന് : പിശാചിന്റെ....

ആദ്യത്തെ ഉറുമ്പ് : (സഹികെട്ട്) എന്തു പണ്ടാരമെന്നുവച്ചാൽ അതിന്റെ....

ഒരുറുമ്പ് : അതിന്റെ?

ആ.ഉ : കൈയിലുണ്ടായുധം — സമരായുധം.

ക.ഉ.നാ : എന്നാൽ നമുക്കു പോവുക....
ചോ.ഉ.നാ : വേഗമാവട്ടെ.
ഉറുമ്പുകൾ : ആയുധം നേടുക–– അടരാടുക.....

(ഉറുമ്പുകൾ ചുവപ്പും കറുപ്പും ഇടകലർന്ന് താഴെ പറയുന്ന മുദ്രാവാക്യവുമായി വരിവച്ചുപോകുന്നു.)

ആയുധം നേടുക.....
അടരാടുക.
പോവുക.... നേടുക.... അടരാടുക.
പോ...വു....കാ....
നേ...ടു...കാ....
അ....ട...രാടുക....

## സീൻ രണ്ട്

(കുന്നിൻചെരുവിന്റെ മറ്റൊരു ഭാഗം. ഒന്നരയാളിന്റെ ഉയരം തോന്നിക്കുന്ന ഒരു ഭീമാകാരരൂപം. കൈയിൽ വലിയൊരു ചൂലുമുയർത്തി നിൽക്കുന്നു. അതിനു ചുറ്റുമാണ് ഉറുമ്പുകൾ വട്ടം കൂടി നിൽക്കുന്നത്)

ഉറുമ്പുകൾ : സഹായിക്കണേ! സഹായിക്കണേ!
(രൂപം ഒന്നും മിണ്ടുന്നില്ല)
ഉറുമ്പുകൾ : (കൂടുതൽ ഉറക്കെ) നാട്ടിലുടയവനായ തമ്പുരാനെ!
(രൂപം മെല്ലെ തലയാട്ടുന്നു)
ഒരുറുമ്പ് : രക്ഷയില്ല!
മറ്റൊരുറുമ്പ് : മുഖസ്തുതികൊണ്ടു വീഴാത്ത ദൈവമോ? ഒത്തുവാ നോക്കാം.
കൂട്ടം : ഭക്തകാരുണികനായ പൊന്നുതമ്പുരാനെ!
മറ്റൊരുകൂട്ടം : ദീനദയാലുവാം ചിൽപൊരുളേ! പോറ്റീ!
(തലയാട്ടൽ)
ആദ്യത്തെ ഉറുമ്പ് : ങ്ഹു!
മറ്റൊരുറുമ്പ് : ഇനി ദൈവമല്ലെന്നു വരുമോ?
ഉറുമ്പ് : എന്നാൽ മറിച്ചൊന്നു പ്രയോഗിച്ചാലോ? മനുഷ്യരെപ്പോലെ ഇവര് അകന്നാ ചവിട്ടിക്കൊല്ലും, അടുത്താ നക്കിക്കൊല്ലും.
മറ്റൊരുറമ്പ് : നോക്കാം.

കൂട്ടം : ഛീ! പിശാചേ! എത്ര നേരമായി കൈയും പൊക്കി നിൽക്കുന്നു.

മറ്റൊരുകൂട്ടം : ഞങ്ങൾക്കു പ്രാണവേദന..... നിനക്ക്.....

കൂട്ടം : പിശാച്..... പിശാച്... മ്ളേച്ഛൻ..... മ്ളേച്ഛൻ... (വിചാരിച്ച ഫലമുണ്ടായി.. രൂപം ഉഗ്രമായി ഒന്നു പൊട്ടിച്ചിരിക്കുന്നു. ഉറുമ്പുകൾ പേടിച്ച് അണി തെറ്റി പലയിടത്തും ചിതറുന്നു.)

കൂട്ടം : (ആ നിലയിലും സന്തോഷത്തോടെ) ഹാവൂ! മിണ്ടാട്ടമായി.

ഉറുമ്പ് : കിട്ടേണ്ടത് കിട്ടിയാലേ കിട്ടച്ചാർക്കുറക്കമുള്ളൂ!

(മറ്റുറുമ്പുകളോട്) ഇനിയും സമാധിയാകും മുമ്പു നമുക്കുറക്കെപ്പറയാം.

കൂട്ടമെല്ലാം ചേർന്ന് : ഹേ! പിശാചരൂപീ! രൂപീ!.. പീ...പീ....!

രാക്ഷസൻ : നിങ്ങൾക്കെന്തു വേണം?

കൂട്ടം : രക്ഷ!

മറ്റൊരുകൂട്ടം : ആയുധം!

രാക്ഷസൻ : ഹെന്തിന്?

ഒരുറുമ്പ് : (ദേഷ്യം വന്ന്) വെട്ടിമുറിച്ചു തിന്നാൻ! ഹല്ല പിന്നെ! ആയുധമെന്തിനാ?

കൂട്ടം : (ഒറ്റശബ്ദത്തിൽ) ആയുധം കൈയിലില്ലെങ്കിൽ അടരാടുന്നതെങ്ങനെ?

(രാക്ഷസൻ ഉറക്കെയുറക്കെ പൊട്ടിച്ചിരിക്കുന്നു. ഉറുമ്പുകൾ പേടിക്കുന്നു. രാക്ഷസൻ കൈയിലിരുന്ന ചൂല് നീട്ടിക്കാട്ടുന്നു)

ഒരുറുമ്പ് : അതെന്തോന്നാ?

മറ്റൊരുറുമ്പ് : നമ്മെ ആക്രമിക്കാൻ വരുന്നവരുടെ കൈയിൽ ഇതുപോലെ ചെറിയ സാധനങ്ങൾ കണ്ടിട്ടൊണ്ട്.

രാക്ഷസൻ : ഉം.... പിടിക്കിൻ!

കൂട്ടം : ഇത്... ഇത്.....

രാക്ഷസൻ : ആയുധം.

കൂട്ടം : (ആഹ്ലാദത്തോടെ) ആ....യു...ധം!

(രാക്ഷസൻ ചൂല് ഏതാണ്ടൊരു അനുഷ്ഠാനം ചെയ്യുന്നതുപോലെ താഴേക്കിടുന്നു. കൂട്ടം ഒന്നിച്ച് കൈക്കലാക്കാൻ തിടുക്കപ്പെടുന്നു. അതിനിടെ ചൂലിന്റെ കെട്ടു പൊട്ടുന്നു. ഒരോ നാരായി ഓരോരുത്തരുടെ കൈയിൽ കിട്ടുന്നു. ഉറുമ്പുകൾ അതും പൊക്കി നൃത്തം ചെയ്യുന്നു.)

ഉറുമ്പുകൾ : കിട്ടി, കിട്ടി, ആയുധം കിട്ടി.
തട്ടിപ്പോട്ടെ ശത്രുക്കൾ.
കിട്ടീ കിട്ടീ ആയുധം കിട്ടീ
ഒട്ടും വേണ്ടിനി തിണ്ടാട്ടം.

(കൈയിലുള്ള ഓരോ നാരുമായി ഓടാൻ ശ്രമിക്കുന്നു. രാക്ഷസന്റെ പൊട്ടിച്ചിരി അവരെ വിലക്കുന്നു. അവർ നില്ക്കുന്നു.)

രാക്ഷസൻ : പലതുള്ളിപ്പെരുവെള്ളം
പതിരില്ലാപ്പരമാർത്ഥം!
(അർത്ഥമറിയാൻ വയ്യാതെ പകയ്ക്കുന്നു)

രാക്ഷസൻ : (വീണ്ടും) പലതുള്ളിപ്പെരുവെള്ളം
പതിരില്ലാപ്പരമാർത്ഥം!

അപൂർവ്വമായി മാത്രം
സംസാരിച്ച ഉറുമ്പ് : മനസ്സിലായില്ലേ?
(നിന്ന് എല്ലാ നാരുകളും ശേഖരിക്കുവാൻ തുനിഞ്ഞ്)
തരൂ...തരൂ...തരൂ.

മറ്റുവർഗ്ഗത്തിൽപ്പെട്ട
ഉറുമ്പ് : ഇതിൽ ചതിയുണ്ടോ?
(മടിക്കുന്നു)

രാക്ഷസൻ : പലതുള്ളിപ്പെരുവെള്ളം
പലതുള്ളിപ്പെരുവെള്ളം

(ആജ്ഞാസ്വരം) : ഉം!...

(എല്ലാപേരും കൊടുക്കുന്നു. പല ഉറുമ്പുകളുടെ സഹായത്തോടെ ചൂല് ശരിയാക്കുന്നു. വലിയ മരവും മറ്റും വലിച്ചെടുക്കുന്നതുപോലെ ഉറുമ്പുകൾ ചൂലു വലിച്ചെടുത്തു പോകുന്നു)

ഉറുമ്പുകൾ : ആയേ.. മാലി.. ഏലേസാ
ഒത്തുപിടി....ഏലേസാ
ചോണനുറുമ്പേ....ചേർന്നുവലി
കട്ടനുറുമ്പേ... ചേർന്നുവലി
ആയോമാലി... ഏലേസാ.
ഒത്തു...പിടി...ഏലേസാ....

രാക്ഷസൻ : (ഉറക്കെ അനുരണനമുണ്ടാക്കി ചിരിക്കുന്നു)

## സീൻ മൂന്ന്

(രംഗം തെളിയുമ്പോൾ വിശന്ന ചിലന്തിയുടെ പരാക്രമ താണ്ഡവം. ചിലന്തി അലറുകയും ഞരങ്ങുകയും ചെയ്യുന്നു. ദൂരെയായി ഉറുമ്പുകളുടെ 'ആയേ മാലി' കേൾക്കുമ്പോൾ അതു നില്ക്കുന്നു. മുഖത്തു സന്തോഷം. വരുന്ന ഉറുമ്പുകളെ പറ്റിക്കാൻ കണ്ണുമടച്ചു നിശ്ചേതനനായി നിൽക്കുന്നു)

(ഉറുമ്പുകളുടെ ചൂലും വലിച്ചുകൊണ്ടുള്ള ഘോഷയാത്ര അടുത്തെത്തുമ്പോൾ ചിലന്തി കണ്ണുതുറക്കുന്നു.)

ചിലന്തി : വന്നോ? എന്റെ തീറ്റപ്പണ്ടങ്ങൾ വന്നുവോ?

(ഉറുമ്പുകൾ ചൂലിനെ സർവ്വശക്തിയുംകൊണ്ടു താങ്ങി ചിലന്തിയെ താങ്ങി നിർത്തിയിരിക്കുന്ന വലയടിച്ചുപൊട്ടിച്ചു താഴെയിടുന്നു. ഓരോ ഭാഗത്തുമുള്ള വല മുറിഞ്ഞു. ചിലന്തി സങ്കടത്താൽ ആക്രോശിക്കുന്നു. ചിലന്തി താഴെ വീഴുന്നു. ഉറുമ്പുകൾ ചിലന്തിയെ പൊതിഞ്ഞു വിജയഭേരി മുഴക്കുന്നു.)

ഒരുറുമ്പ് : ചത്തു. ശത്രു ചത്തു.

നേതാവ് : എന്നാൽ, വിലകിനിൽക്കുവിൻ. ശവത്തിൽ കുത്തുന്നത് മനുഷ്യരുടെ സ്വഭാവമാണ്.

(ഉറുമ്പുകൾ ചുറ്റും, എന്നാൽ, മാറി നിൽക്കുന്നു.)

മറ്റൊരുറുമ്പ് : നമുക്കിതൊന്നാഘോഷിക്കാം.

(സമരായുധവും പൊക്കിപ്പിടിച്ചുകൊണ്ട് എല്ലാപേരും കൂട്ടുചേരുന്നു. ഉറുമ്പുകളുടെ നൃത്തം. പാട്ട്.)

ഒന്നോ ഒന്നോ പൊന്നോളേ
പലതുള്ളിപ്പെരുവെള്ളം
ഒന്നോ ഒന്നോ പൊന്നോളേ
ഒരുമയ്ക്കൊത്താ വഴിയില്ല.
ഒന്നോ ഒന്നോ പൊന്നോളേ
ഒന്നായ് നിന്നു ജയിച്ചല്ലൊ
ഒന്നോ ഒന്നോ പൊന്നോളേ
ഇന്നു ഭയപ്പാടു തീർന്നല്ലോ.

മറ്റൊരുറുമ്പ് : ഇനി ഇപ്പം ഈ ആയുധം....

നേതാവ് : കേൾക്കിൻ! (ശബ്ദത്തെ അതിജീവിച്ച്) ഇതാ കേൾക്കിൻ!
(ഉറുമ്പുകൾ നിശ്ശബ്ദം)

| | | |
|---|---|---|
| നേതാവ് | : | നമുക്കീ ആയുധം തിരിച്ചുകൊടുക്കാം. |
| ഒരുറുമ്പ് | : | അതുവേണോ? |
| ഇനിയൊരുറുമ്പ് | : | സൂക്ഷിച്ചുവെച്ചാൽ ഇനിയും ഇതുപോലെ..... |
| നേതാവ് | : | രണ്ടു കൂട്ടത്തിലുമുള്ളവർ അഭിപ്രായം പറയണം. |
| അപൂർവമായി സംസാരിക്കുന്ന ഉറുമ്പ് | : | 'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിൽ' |
| നേതാവ് | : | എന്തോന്ന്? |
| ആ ഉറുമ്പ് | : | ഉണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല... |
| നേതാവ് | : | കറുപ്പർ എന്തുപറയുന്നു. |
| ക.ഉ.നേ | : | കൊടുക്കണ്ടാന്ന് നമ്മുടെ പക്ഷം. |
| ചു.ഉ.നേ | : | എന്നാൽ, കൊടുക്കണമെന്ന് എങ്ങളും. |

(ഉറുമ്പുകൾ വീണ്ടും കലഹിക്കുന്നു) വേണം....വേണ്ട...വേണം..വേണ്ട.

(പെട്ടെന്ന് അവർക്കരുകിൽതന്നെ ഒരാക്രോശം. നോക്കുമ്പോൾ രാക്ഷസൻ മെല്ലെ ഉയർന്നുയർന്നു വരുന്നു. ഉഗ്രമായി അട്ടഹസിക്കുന്നു.)

| | | |
|---|---|---|
| രാക്ഷസൻ | : | കീടങ്ങളെ! കൃമികീടങ്ങളെ! (അവർ മിണ്ടുന്നില്ല) |
| രാക്ഷസൻ | : | വിളിച്ചതു കേട്ടില്ലേ? |
| ഒരുറുമ്പ് | : | ഞങ്ങൾ കൃമികളോ കീടങ്ങളോ അല്ല. |
| രാക്ഷസൻ | : | പിന്നെ? ഹും! |
| മറ്റൊരുറുമ്പ് | : | ഞങ്ങൾ ഉറുമ്പുകളാണ്. ഒരു കൂട്ടം ഉറുമ്പുകൾ. |
| രാക്ഷസൻ | : | എവിടെ എന്റെ ആയുധം... (കൈനീട്ടുന്നു.) |
| ഒരുറുമ്പ് | : | (അപവാര്യ) കൊടുക്കുകയാണുചിതം. |

(ഉറുമ്പുകൾ എല്ലാം വരിവെച്ചു ചുമന്ന് സാദരം ആ ചൂല് രാക്ഷസന്റെ കൈയിൽ തിരിച്ചേൽപ്പിക്കുന്നു.)

| | | |
|---|---|---|
| രാക്ഷസൻ | : | (അതു മേടിച്ചുകൊണ്ട് ഉറക്കെ ചിരിക്കുന്നു. ഉറുമ്പുകൾ അർത്ഥം മനസ്സിലാക്കുന്നില്ല. ചൂലുപിടിച്ചയാളുടെ കൈ അവർക്കുനേരെ ഉയർന്നുതാഴുന്നു...ഒരു മേഘപടലം പോലെ അവ താഴ്ന്നുവരുന്നു.) |

ഉറുമ്പുകൾ : (ഭയത്തോടെ പലായനം ചെയ്തുകൊണ്ട്)
മാനമിടിഞ്ഞു വരുന്നേ.... ഓട്.
മാനമല്ലതു ചൂല്.
മാനം...ചൂല്.
മാനം...ചൂല്.

(ഓടുന്നതിനിടയിൽ ഒന്നുരണ്ടുപേർ ചൂലിന്റെ അടിയിൽ അകപ്പെട്ടിരിക്കുന്നു. ഉറുമ്പുകൾ സർവത്ര ഭയാക്രാന്തർ. രാക്ഷസന്റെ കൈ ചൂലോടുകൂടി വീണ്ടും പൊങ്ങി. ഉറുമ്പുകൾ അകലെ കൂടി നിൽക്കുന്നു. ചൂല് താഴുമെന്നവർക്ക് തീർച്ചയായി. അവർ പിന്നെ സംശയിച്ചില്ല. കറുത്തതും ചുവന്നതും എന്ന വ്യത്യാസം മറന്ന്, ചൂല് താഴുന്നതിനും മുമ്പ് അവർ രാക്ഷസന്റെ ശരീരത്തിൽ പലയിടത്തായി പിടിച്ചു കയറുന്നു......കടിക്കുന്നു. രാക്ഷസൻ വിറളിപിടിക്കുന്നു. ചൂല് ദൂരെ തെറിക്കുന്നു. രാക്ഷസന്റെ ശരീരം ആടുന്നു. കഠിനമായ വിളിയോടെ രാക്ഷസൻ താഴെ പതിക്കുന്നു. ഉറുമ്പുകൾ ആഹ്ലാദത്തോടെ പുറത്തുവരുന്നു.)

അപൂർവ്വമായി
സംസാരിക്കുന്ന ഉറുമ്പ് : ഇടയ്ക്ക് സംശയിച്ചതിന്റെ ശിക്ഷയാ.
നമ്മളൊരുമിച്ചേ രക്ഷയുള്ളൂ.

ചു.ഉ.നാ : ശരിയാണ്.

കാ.ഉ.നാ : തീർച്ചയായും.

രണ്ടുപേരും : നമുക്ക് മനുഷ്യരോട് അതു പ്രഖ്യാപിച്ചുകളയാം. എന്താ?

(ഉറുമ്പുകൾ അണിയായി നിൽക്കുന്നു. കുന്നിൻ ചരുവിൽ മുത്തശ്ശി ഈ കാഴ്ച കണ്ടുകൊണ്ടും. ഉറുമ്പുകൾ ഒന്നായി പാടുന്നു.)

ഒരുകൂട്ടം ഉറുമ്പുകളുലകാകെ മുഴക്കുന്നി-
തൊരുമതൻ മന്ത്രമെന്നോ നമുക്കു മോക്ഷം.
പലതുള്ളിപ്പെരുവെള്ളം പറഞ്ഞേറെക്കേട്ടിരിപ്പൂ
കൊലയാളിക്കെതിരെ നാം ഒന്നുചേരണം.
നിറമില്ല, ജാതിയില്ലാ, സ്ഥിതിമതഭേദമില്ലാ-
തൊരുമിക്കാൻ വിളിപ്പിതോരുറുമ്പിൻകൂട്ടം.
ഒരു കൂട്ടമുറുമ്പുകൾ ഉലകാകെ മുഴക്കുന്നി-
തൊരുമതൻ മന്ത്രമെന്നോ നമുക്കു മോക്ഷം

**പ്ലാവിലത്തൊപ്പികൾ**

## പഠന പ്രവർത്തനങ്ങൾ

- നാടകത്തിലെ ചിലന്തി, രാക്ഷസൻ, തുടങ്ങിയ കഥാപാത്രങ്ങൾ പ്രതിനിധാനം ചെയ്യുന്നത് എന്തിനെയെല്ലാമാണ്?
- അപൂർവമായി സംസാരിക്കുന്ന ഉറുമ്പ്: ഇടയ്ക്കു സംശയിച്ചതിന്റെ ശിക്ഷയാ. നമ്മളൊരുമിച്ചേ രക്ഷയുള്ളൂ.

  ചു.ഉ.നാ – ശരിയാണ്

  ക.ഉ.നാ – തീർച്ചയാണ്

  രണ്ടുപേരും – നമുക്ക് മനുഷ്യനോടത് പ്രഖ്യാപിച്ചുകളയാം. എന്താ?

  – ഇതിലൂടെ നാടകകൃത്ത് പ്രേക്ഷകരുമായി സംവദിക്കുന്നതെന്ത്?
- ഒരു മുത്തശ്ശിക്കഥപോലെ ലളിതമാണ് ഒരു കൂട്ടം ഉറുമ്പുകൾ. എങ്കിലും നിത്യജീവിതത്തിൽ പ്രസക്തമായ ഒരു പാഠം ഈ നാടകം ഉൾക്കൊള്ളുന്നുണ്ട്. ചർച്ചചെയ്യുക.
- നാടകശില്പശാല സംഘടിപ്പിച്ച് ഒരു കൂട്ടം ഉറുമ്പുകളുടെ രംഗാവതരണം നടത്തുക.

# ഊരുഭംഗം

## ഭാസൻ

കുരുക്ഷേത്രയുദ്ധത്തിൽ കൗരവസൈന്യത്തെ നയിച്ച സൂയോധനൻ ഭീമസേനന്റെ ഗദാപ്രഹരമേറ്റ് നിലംപതിച്ചു. ആസന്നമരണനായ ദുര്യോധനനെ കാണാൻ ധൃതരാഷ്ട്രരും ഗാന്ധാരിയും ദുര്യോധനപത്നിമാരും പുത്രനും രണഭൂമിയിലെത്തുന്നു. അവർ ദുര്യോധനനെ കാണുന്ന രംഗമാണ് വിശ്രുതമായ 'ഊരുഭംഗം' നാടകത്തിൽ നിന്നെടുത്ത ഈ പാഠഭാഗം.



മാറി നിൽപിൻ, ആര്യന്മാരേ, മാറിനിൽപിൻ!

ബലദേവൻ - (നോക്കിയിട്ട്) ഏയ്, ഇതാ തത്ര ഭവാൻ ധൃതരാഷ്ട്രർ ഗാന്ധാരിയോടും, അന്തഃപുര സ്ത്രീകളോടും കൂടി, ദുർജ്ജയൻ കാണിക്കുന്ന വഴിയിലൂടെ, ദുഃഖപര്യാകുലനായി ഇങ്ങോട്ടു വരുന്നു. ഇദ്ദേഹം,

> കൺമക്കൾ നൂറിൽ വിഭജിച്ചവനാ,ത്തദർപ്പൻ;
> പൊൻതൂണൊളി പ്രസൃതബാഹു, സമഗ്ര
> വീര്യൻ;
> സ്വർഗേശനായി വരുമെന്ന ഭയത്തിനാലോ
> സൃഷ്ടിച്ചുപാഴ്കുരുടനായ്, സ്സുരരിപ്പുമാനെ! 1

(അനന്തരം ധൃതരാഷ്ട്രനും ഗാന്ധാരിയും രണ്ടു രാജ്ഞിമാരും ദുർജ്ജയനും പ്രവേശിക്കുന്നു.)

ധൃതരാഷ്ട്രൻ: മകനേ നീ എവിടെയാണ്?

ഗാന്ധാരി - മകനേ നീ എവിടെയാണ്?

രാജ്ഞിമാർ - മഹാരാജാവേ ഇവിടുന്ന് എവിടെയാണ്?

ധൃതരാഷ്ട്രൻ - ഹാ കഷ്ടം.

> ഉണ്ണിയെപ്പോരിൽ വഞ്ചിച്ചു
> കൊന്നതായിഹ കേൾക്കയാൽ
> അന്തർബാഷ്പാക്ഷമായ് വീണ്ടു-
> മന്ധമായന്ധമെന്മുഖം! 2

---

ദുർജ്ജയൻ = ദുര്യോധന പുത്രൻ

ശ്ലോകം 1 : ആത്തദർപ്പൻ = വർദ്ധിച്ച അഹങ്കാരത്തോടു കൂടിയവൻ. പൊൻതൂണൊളി = സ്വർണ്ണ സ്തംഭം പോലെയുള്ള. പ്രസൃതം = നീണ്ട. സമഗ്രവീരൻ = പൂർണവീര്യത്തോടു കൂടിയവൻ. സ്വർഗേശൻ = സ്വർഗാധിപതി. പാഴ്കുരുടൻ = അന്ധൻ (ധൃതരാഷ്ട്രർ). ഇപ്പുമാനെ = ഈ മനുഷ്യനെ. ധൃതരാഷ്ട്രർ = ദുര്യാധനാദികളുടെ പിതാവ്. ഗാന്ധാരി = മാതാവ്

ശ്ലോകം 2 : അന്തർബാഷ്പാക്ഷം = ഉള്ളിൽ കണ്ണീർ നിറഞ്ഞ കണ്ണുകളോടു കൂടിയത്. 'അന്തർഗതാസ്രാക്ഷം' എന്ന് മൂലം.

സ്വതേ അന്ധനായ ധൃതരാഷ്ട്രർ താൻ വീണ്ടും അന്ധനായി എന്ന് ദുഃഖാകുലതയോടെ പറയുന്നു.

ഗാന്ധാരീ, നീ ജീവിച്ചിരിക്കുന്നുണ്ടോ?
ഗാന്ധാരി - ഭാഗ്യം കെട്ട ഞാൻ ജീവിച്ചിരിക്കുന്നു.
രാജ്ഞിമാർ - മഹാരാജാവേ, മഹാരാജാവേ!
ദുര്യോധനൻ - ഹാ കഷ്ടം, എന്റെ സ്ത്രീകൾക്കും കരയേണ്ടിവന്നുവല്ലോ!

മുല്പാടറിഞ്ഞീല; ഗദപ്രഹാര-
നോവിപ്പൊഴാണേല്പതു നിർഭരം ഞാൻ
അണഞ്ഞുവല്ലോ മുടി മൂടിടാതെ-
ന്നന്തഃപുര സ്ത്രീകളടർക്കളത്തിൽ! 3

ധൃതരാഷ്ട്രൻ - ഗാന്ധാരി, ദുര്യോധനൻ എന്ന കുലാഭിമാനിയെ കാണ്മാനുണ്ടോ?
ഗാന്ധാരി - മഹാരാജാവേ കാണ്മാനില്ല.
ധൃതരാഷ്ട്രൻ - കാണ്മാനില്ലെന്നോ? ഇതാണ് എന്റെ അവസ്ഥ. അന്വേഷിക്കേണ്ട കാലത്ത് മകനെ കാണുന്നില്ലല്ലോ! ഹാ, ദുർവിധേ,

പോരിൽപ്പരോന്മഥനർ മാനഗുണോജ്ജ്വലൻമാർ
ധീരാഗ്ര്യർ വീരസുതരാർക്കുളവായി നൂറാൾ;
ആ മാനിയായ ധൃതരാഷ്ട്രനു, മുണ്ണി മന്നിൽ-
ത്തൂകും തിലോദകമൊരിക്കൽ നുകർന്നുകൂടേ? 4

ഗാന്ധാരി - ഉണ്ണീ, സുയോധന, എന്നോടു മറുപടി പറയൂ, പുത്രന്മാർ നൂറു പേരും കഴിഞ്ഞു പോയതിനാൽ സങ്കടപ്പെടുന്ന ഭാഗ്യംകെട്ട മഹാരാജാവിനെയും ആശ്വസിപ്പിക്കൂ.

ബലദേവൻ - ഏയ്, ഇതാ, തത്രഭവതി ഗാന്ധാരി,
തൻ പുത്രപൗത്രവദനങ്ങളിലാസ്ഥവിട്ടു,
ദുര്യോധനാസ്തമയ ശോകവിധേയയായി,
കണ്ണീരുകൊണ്ടിഹ പതിവ്രതചിഹ്നമായ
'കൺമൂടുചേല'യധുനാ, സതതം നനപ്പൂ. 5

ധൃതരാഷ്ട്രൻ - മകനേ, ദുര്യോധനാ! പതിനെട്ട് അക്ഷൗഹിണിയുടെ മഹാരാജാവേ, നീ എവിടെയാണ്?

---

ശ്ലോകം 3 : ഗദപ്രഹാരനോവ് = ഭീമസേനന്റെ ഗദാപ്രഹരംകൊണ്ടുള്ള വേദന. മുൽപ്പാട് = നേരത്തേ അന്തഃപുരസ്ത്രീകൾ യുദ്ധക്കളത്തിൽ തലമുടി മറയ്ക്കാതെ വിലപിച്ചു വന്നതു കണ്ടപ്പോഴാണ് താൻ വേദന യഥാർത്ഥമായും അനുഭവിക്കുന്നതെന്ന് ദുര്യോധനൻ വീരോചിതമായി പറയുന്നു.
കുലാഭിമാനി = സ്വവംശത്തിന്റെ അഭിമാനം നിലനിർത്തിയവൻ

ശ്ലോകം 4 : പരോന്മഥനർ = ശത്രുക്കളെ മർദ്ദിക്കുന്നവർ. തിലോദകം = എള്ളോടുകൂടിയ വെള്ളം - മരണവേളയിൽ നൽകപ്പെടുന്നത്. ദുര്യോധന മരണത്തിൽ ദുഃഖിതനായി നൂറുമക്കളുണ്ടായ തനിക്കും അതു നുകർന്നുകൂടേ എന്ന് ധൃതരാഷ്ട്രർ ചോദിച്ചുപോകുന്നു.

ദുര്യോധനൻ - ഇന്നാണ് ഞാൻ മഹാരാജാവായത്!

ധൃതരാഷ്ട്രൻ - പുത്രശതജ്യേഷ്ഠം, എന്നോടു മറുപടി പറയൂ.

ദുര്യോധനൻ - മറ്റു വൃത്താന്തത്തെക്കുറിച്ചു പറയാം. ഈ സംസാരത്തിൽ എനിക്ക് ലജ്ജയുണ്ട്.

ധൃതരാഷ്ട്രൻ - വരൂ മകനേ, എന്നെ അഭിവാദ്യം ചെയ്യുക.

ദുര്യോധനൻ - ഇതാ, ഇതാ, ഞാൻ വരുന്നു (എഴുന്നേല്ക്കാൻ ഭാവിച്ച് വീഴുന്നു) ഹാ, ഇതെനിക്കു രണ്ടാമത്തെ അടിയായി കഷ്ടമേ,

ഗദാനിപാതയുദ്ധത്തിൽ-
ക്കവർന്നിതു വൃകോദരൻ
ഇന്നെൻതുടകളോടൊന്നി-
ച്ച,ച്ഛൻതൻ കാൽവണങ്ങലും! 6

ഗാന്ധാരി - കുഞ്ഞുങ്ങളേ, ഇതിലേ.

രാജ്ഞിമാർ - അമ്മേ, ഇതാ ഞങ്ങൾ

ഗാന്ധാരി - ഭർത്താവിനെ തിരഞ്ഞുനോക്കുവിൻ.

രാജ്ഞിമാർ - ഭാഗ്യംകെട്ട ഞങ്ങൾ പോകാം.

ധൃതരാഷ്ട്രൻ - ആരാണിത്, എന്റെ വസ്ത്രത്തുമ്പു പിടിച്ച് വഴികാണിക്കുന്നത്?

ദുർജ്ജയൻ - മുത്തച്ഛാ, ഞാൻ ദുർജ്ജയൻ

ധൃതരാഷ്ട്രൻ - പൗത്രാ, ദുർജ്ജയ! അച്ഛനെ അന്വേഷിക്കൂ.

ദുർജ്ജയൻ - ഞാൻ ക്ഷീണിച്ചിരിക്കുന്നു.

ധൃതരാഷ്ട്രൻ - ചെല്ലൂ, അച്ഛന്റെ മടിയിൽ വിശ്രമിക്കാം.

ദുർജ്ജയൻ - മുത്തച്ഛാ, ഞാൻ പോകാം. (അടുത്തു ചെന്നിട്ട്) അച്ഛാ, ഇവിടുന്ന് എവിടെയാണ്?

ദുര്യോധനൻ - അല്ലാ, ഇവനും വന്നിട്ടുണ്ടോ? എല്ലാറ്റിലുമധികം, മനസ്സിലുള്ള പുത്രസ്നേഹമാണ് എന്നെ ചുട്ടെരിക്കുന്നത്. എന്തുകൊണ്ടെന്നാൽ,

ദുഃഖം കാണാതെ പതിവാ-
യെന്നങ്കത്തിൽശ്ശയിച്ചവൻ,
ദുർജ്ജയൻജിതനാമെന്നെ-
ക്കണ്ടിട്ടെന്തൊന്നു ചൊല്ലിടും? 7

---

ശ്ലോകം 5: പതിവ്രതയായ ഗാന്ധാരി ഭർത്താവിനെപ്പോലെ കണ്ണിനു കാഴ്ചയില്ലാതാവാൻ വസ്ത്രംകൊണ്ട് കണ്ണുകെട്ടിയിരുന്നുവത്രെ. ആ നയനബന്ധനവസ്ത്രം ശോകബാഷ്പത്താൽ നനയ്ക്കപ്പെടുന്നു

ശ്ലോകം 6 : ഗദാനിപാതയുദ്ധം = ഗദായുദ്ധം

ശ്ലോകം 7 : ജിതൻ = ജയിക്കപ്പെട്ടവൻ

ദുർജ്ജയൻ - ഇതാ മഹാരാജാവ് നിലത്തു കിടക്കുന്നു.

ദുര്യോധനൻ - മകനേ, എന്തേ പോന്നത്?

ദുർജ്ജയൻ - അച്ഛൻ വരാൻ വൈകിയതുകൊണ്ട്.

ദുര്യോധനൻ - ആവൂ! ഈ നിലയിൽ, പുത്രസ്നേഹം മനസ്സിനെ ചുട്ടെരിക്കുന്നു.

ദുർജ്ജയൻ - ഞാൻ അച്ഛന്റെ മടിയിൽ കയറിയിരിക്കട്ടെ! (മടിയിൽ കേറുന്നു.)

ദുര്യോധനൻ - (തടുത്തിട്ട്) ദുർജ്ജയ, ദുർജ്ജയ - ഹാ കഷ്ടം

കരളിൽ കുളിരേകുമാരെനി-
യ്ക്കൊരു നേത്രോത്സവമായിരുന്നുവോ
പരമാപ്പുതുതിങ്കൾ താനിതാ,
എരിതിയ്യായതു കാലവൈഭവാൽ! 8

ദുർജ്ജയൻ - എന്താണ് മടിയിലിരിക്കാൻ സമ്മതിക്കാത്തത്?

ദുര്യോധനൻ - ശീലിച്ചതു വെടിഞ്ഞുണ്ണി;
വല്ലേടത്തുമിരിക്ക നീ;
ഇന്നുതൊട്ടു നിനക്കില്ലീ
മുന്നം വാണൊരിരിപ്പിടം! 9

ദുർജ്ജയൻ - മഹാരാജാവ് എവിടേക്കാണ് എഴുന്നള്ളുന്നത്?

ദുര്യോധനൻ - ഞാൻ അനുജന്മാർ നൂറുപേരും പോയേടത്തേക്ക് പോകയാണ്.

ദുർജ്ജയൻ - എന്നേയും അങ്ങോട്ടു കൊണ്ടുപോകണം.

ദുര്യോധനൻ - മകനേ, ചെന്നു ഭീമസേനനോടു പറയൂ.

ദുർജ്ജയൻ - മഹാരാജാവേ, വരൂ ഇവിടത്തെ അന്വേഷിക്കുന്നുണ്ട്.

ദുര്യോധനൻ - മകനേ, ആര്?

ദുർജ്ജയൻ - മുത്തശ്ശിയും മുത്തച്ഛനും, എല്ലാ അന്തഃപുര സ്ത്രീകളും

---

ശ്ലോകം 8 : പുതുതിങ്കൾ = നവചന്ദ്രൻ. പുത്രനെ കാണുന്നതും മടിയിലിരുത്തുന്നതും ദുര്യോധനന് കണ്ണിന് ഉത്സവമായിരുന്നു. ഇപ്പോഴോ? തുട വേദനിക്കുന്നു. മരണം അടുത്തിരിക്കുന്നു. പുത്രവാത്സല്യം അത്യധികം, പുതുതിങ്കൾ എരിതീയെന്നപോലെ, ദുഃഖിപ്പിക്കുന്നു! കാലവൈഭവം = കാലക്കേട് - പുത്രനെ മടിയിലിരുത്തി ലാളിക്കാനാകാത്തതിന്റെ ദുരന്തം. നേത്രോത്സവത്തിനു കാരണമായിരുന്ന, ദുർജയനെ ഇപ്പോൾ ലാളിക്കാൻ കഴിയാത്തതുകൊണ്ട് പുത്രദർശനം രാജാവിന് എരിതീയിൽപ്പെട്ട അനുഭവമാണ് നൽകുന്നത്.

ശ്ലോകം 9 : ഇന്നുതൊട്ട് = തനിക്ക് മരണമടുത്തിരിക്കുന്നു. ഇനി ആ ലാളന നൽകാനാവില്ല.

ദുര്യോധനൻ - ഉണ്ണി, പൊയ്ക്കൊൾക; എനിയ്ക്കു നടപ്പാൻ വയ്യ.

ദുർജ്ജയൻ - അച്ഛനെ ഞാൻ കൊണ്ടുപോകാം.

ദുര്യോധനൻ - മകനേ, നീ കുട്ടിയാണല്ലോ.

ദുർജ്ജയൻ - (ചുറ്റി നടന്ന്) മുത്തച്ഛാ, ഇതാ, മഹാരാജാവ്.

രാജ്ഞിമാർ - ഹാ, ഹാ, മഹാരാജാവ്!

ധൃതരാഷ്ട്രൻ - മഹാരാജാവെവിടെ?

ഗാന്ധാരി - എന്റെ മകൻ എവിടെ?

ദുർജ്ജയൻ - ഇതാ മഹാരാജാവ് നിലത്തുകിടക്കുന്നു.

ധൃതരാഷ്ട്രൻ - ഹാ കഷ്ടം! ഇതാണോ മഹാരാജാവ്?

പൊൻതൂണിനോളം വലുതായിരുന്ന
ലോകൈക രാജേശ്വരനാമവൻ മേ
വൻ കോട്ടവാതിൽത്തഴുതിന്റെ പാതി
വലുപ്പമാർന്നൂഴിയിൽ വീണു പാവം! 10

ഗാന്ധാരി - കുഞ്ഞേ, സുയോധന, നീ ക്ഷീണിച്ചിരിക്കുന്നോ?

ദുര്യോധനൻ - ഇവിടുത്തെ മകനാണല്ലോ ഞാൻ.

ധൃതരാഷ്ട്രൻ - ഇതാരാണ്!

ഗാന്ധാരി - മഹാരാജാവേ, ധീരപുത്രന്മാരെ തന്നു ഞാൻ.

ദുര്യോധനൻ - ഞാനിപ്പോൾ ജനിച്ചതായി തോന്നുന്നു.

അച്ഛാ, ഇനി വ്യസനിച്ചിട്ടു ഫലമെന്താണ്?

ധൃതരാഷ്ട്രൻ - മകനേ, എങ്ങനെ വ്യസനിക്കാതിരിക്കും?

ബലവീര്യകൃതാവലേപർ, യുദ്ധ-
ക്രതുവിൽദ്ദീക്ഷിതർ, മുൻ നശിച്ചുപോയോർ
തവ സോദരർ, നീയൊരാൾ മൃതിപ്പെ-
ട്ടതിലത്രേ മൃതിയേറ്റു നൂറുപേരും! 11

(വീഴുന്നു)

---

ശ്ലോകം 10 : പൊൻതൂൺ = സ്വർണസ്തംഭം. ലോകൈകം = ലോകത്തെ ഒരേ ഒരു (ലോക+ഏകം)

ശ്ലോകം 11 : ബലവീര്യകൃതാവലേപർ = ബലവും വീര്യവും അലങ്കാരമായിട്ടുള്ളവർ. അവലേപം = അലങ്കാരം. യുദ്ധക്രതു = യുദ്ധമാകുന്ന യാഗം. ദീക്ഷിതർ = യാഗദീക്ഷയെടുത്തവർ - യുദ്ധം ചെയ്യാൻ പ്രതിജ്ഞയെടുത്തവർ.

ശ്ലോകം 12 : ദീപ്താഗ്നി = ജ്വലിച്ച അഗ്നി - അതിനേക്കാൾ അങ്ങയുടെ പാദത്തെ വണങ്ങിയവനാണ് ഞാൻ. ഏതൊരുമാനത്തോടെ ജനിച്ചുവോ അതേ അഭിമാനത്തോടെ ഞാൻ സ്വർഗം പൂകും.

ദുര്യോധനൻ - അയ്യോ, അവിടുന്നു വീണുപോയല്ലോ.
അച്ഛാ, അമ്മയെ ആശ്വസിപ്പിക്കണേ!
ധൃതരാഷ്ട്രൻ - മകനേ, എന്തു പറഞ്ഞ് ആശ്വസിപ്പിക്കേണ്ടൂ?
ദുര്യോധനൻ - യുദ്ധത്തിൽ പിന്മാറാതെ കൊല്ലപ്പെട്ടു എന്ന്. അച്ഛാ, ദുഃഖമടക്കി എന്നെ അനുഗ്രഹിച്ചാലും.

ദീപ്താഗ്നിയെക്കൂടി നിനച്ചിടാതെ, നിൻ
തൃക്കാൽക്കൽ മാത്രം തലതാഴ്ത്തി വന്ന ഞാൻ,
സഞ്ജാതനായേതൊരു മാനമോടുമൊ-
ത്താ,മാനമോടേ സുരനാടു പൂകുവൻ. 12

ധൃതരാഷ്ട്രൻ -

ജീവിച്ചിരിപ്പാൻ കൊതിയറ്റ വൃദ്ധ-
നായി, പ്രകൃത്യന്ധനുമാകുമെങ്കൽ
കരൾക്കനം നീക്കി മുതിർന്നു കേറി-
ക്കയർത്തിടുന്നൂ കടുപുത്രദുഃഖം. 13

ബലദേവൻ - അയ്യോ, കഷ്ടം.

ആളാകുന്നീല ഞാൻ, തീരെ-
ദ്ദുര്യോധനനിരാശനായ്
ജാത്യന്ധനാമിദ്ദേഹത്തോ,-
ടെന്നെച്ചെന്നറിയിക്കുവാൻ! 14

ദുര്യോധനൻ- ഞാൻ അമ്മയോടുണർത്തിക്കുന്നു.
ഗാന്ധാരി - മകനേ, പറയൂ
ദുര്യോധനൻ -

കുമ്പിട്ടുചൊല്ലാം പുണ്യം ഞാൻ
ചെയ്തിട്ടുണ്ടെന്നിരിക്കിലോ,
മറുജന്മത്തിലുമെനി-
യ്ക്കമ്മയാകിവിടുന്നു താൻ 15

ഗാന്ധാരി - എന്റെ ആഗ്രഹമാണ് നീ പറഞ്ഞത്
ദുര്യോധനൻ - മാളവി, നീയും കേൾക്കുക:

---

ശ്ലോകം 13 : പ്രകൃത്യന്ധൻ = ജന്മനാ കുരുടൻ. കരൾക്കനം = ധൈര്യം. കടു = കഠിനമായ. കേറിക്കയർത്തിടുന്നു = ആക്രമിക്കുന്നു.

ശ്ലോകം 14 : ആളാകുന്നീല = എനിക്കു കഴിയുന്നില്ല. ദുര്യോധനനിരാശനായ് = ദുര്യോധനനെ ച്ചൊല്ലി നിരാശനായിട്ട്. ജാത്യന്ധൻ = ജന്മനാതന്നെ കണ്ണു കാണാത്തവൻ.

ശ്ലോകം 15 : മറുജന്മം = ഇനിയത്തെ ജന്മം. മാളവി = ദുര്യോധന പത്നി

ഈയെൻ കോട്ടാഞരമ്പാഹവസമയഗദ-
　　　　　　　ത്തല്ലിനാൽ വിണ്ടിരിപ്പൂ;
മാറിൽത്തൂമുത്തുമാലയ്ക്കിടമപഗതമായ്
　　　　　　　പോർന്നിണപ്പൊങ്ങൽമൂലം;
കാൺകീ മിന്നും ക്ഷതപ്പൊൻ ചുമൽവളകളണി-
　　　　　　　ക്കൈകൾ; പിന്നോട്ടൊഴിക്കാ-
തല്ലോ പോരിൽക്കൊലപ്പെട്ടതു പതി; കരയാ-
　　　　　　　നെന്തിതിൽ ക്ഷത്രിയേ, നീ 16

മാളവി - ബാലയും സഹധർമചാരിണിയുമായ എനിക്കു കരച്ചിൽ വന്നുപോകുന്നു.

ദുര്യോധനൻ - പൗരവി, നീയും കേട്ടുകൊൾക.

നാനാഭീഷ്ടമഖങ്ങൾ ചെയ്തു ശരിയായ്
　　　　　　　ബന്ധുക്കളെത്താങ്ങിനേൻ;
വാണേൻ വൈരിനിരയ്ക്കുമീതെ; വളരെ
　　　　　　　ക്ഷേമം ശ്രിതർക്കേകിനേൻ!
ഞാനേറ്റീ യുധി പത്തുമെട്ടുമവനീ-
　　　　　　　ശാക്ഷൗഹിണിയ്ക്കല്ലലെ;- ൻ -
മാനം മാനിനി, കണ്ടു നീ - കരയുകി-
　　　　　　　ല്ലേതാദൃശ സ്ത്രീജനം. 17

പൗരവി - ' ഉടന്തടി ചാടുവാൻ' ഉറച്ചിരിക്കുന്ന ഞാൻ കരയുകയില്ല..

ദുര്യോധനൻ - ദുർജ്ജയ, നീയും കേട്ടുകൊൾക:

ധൃതരാഷ്ട്രൻ - എന്താണാവോ പറയാൻ തുടങ്ങുന്നത്?

ഗാന്ധാരി - ഞാനും അതുതന്നെയാണ് ആലോചിക്കുന്നത്.

ദുര്യോധനൻ - പാണ്ഡവന്മാരെ എന്നെ എന്നപോലെ ശുശ്രൂഷിക്കണം. അമ്മ കുന്തീ ദേവി പറയുന്നതുപോലെ നടക്കണം. അഭിമന്യുവിന്റെ അമ്മ, ദ്രൗപതി എന്നിവരെ അമ്മയെപ്പോലെ ആദരിക്കണം. നോക്കൂ മകനേ,

---

ശ്ലോകം 16 : കോട്ടാ ഞരമ്പ് = പ്രധാന ഞരമ്പ്, ഭ്രൂകൂടി - പുരികം. ആഹവം = യുദ്ധം. അപ ഗതം = ഇല്ലാതായി. ക്ഷതപ്പൊൻ ചുമൽവള = നിറമാണ്ട വ്രണങ്ങളാകുന്ന തോൾ വളകൾ. പിന്നോട്ടൊഴിക്കാതെ = തോറ്റ് പിന്നാക്കം ഓടാതെ

ശ്ലോകം 17 : നാനാഭീഷ്ടമഖങ്ങൾ = പല ഇഷ്ടപ്പെട്ട യാഗങ്ങൾ, ശ്രിതർ = ആശ്രിതർ. യൂധി = യുദ്ധത്തിൽ. പത്തുമെട്ടും = പതിനെട്ട് - അക്ഷൗഹിണി

= 21870 ആന + 21870 തേര് + 65610 കുതിര + 109350 കാലാൾ. അല്ലൽ = ദുഃഖം. മാനം = അഭി മാനം. മാനിനി = അഭിമാനമുള്ളവൾ. ഏതാദൃശ = ഈ മാതിരി പുരുഷന്മാരുടെ സ്ത്രീകൾ. ഉട ന്തടി ചാടുക = ഭർത്താവിന്റെ ചിതയിൽ ആത്മാഹൂതി ചെയ്യുക. മരണവക്ത്രത്തിൽ പെട്ടിരി ക്കുന്ന ദുര്യോധനൻ സ്വപുത്രനായ ദുർജയന് നൽകുന്ന ഉപദേശം അത്യന്തം ഹൃദയസ്പർശി യായിരിക്കുന്നു. പാണ്ഡവന്മാരോടുണ്ടായിരുന്ന സകല ശത്രുതയും അവസാനിപ്പിച്ച് പുതിയ തലമുറയ്ക്ക് വ്യത്യസ്തമായ മാർഗം ഉപദേശിച്ചുകൊടുക്കുന്ന ദുര്യോധനന്റെ വാക്കുകളിൽ വീരോചിതമായ ധർമ്മബോധവും വ്യക്തി വിരോധം ലേശമില്ലാത്ത സഹോദരസ്നേഹാർദ്ര തയും പ്രകടമാകുന്നു.

ഭൂരിശ്രീയഭിമാനദീപ്തമതിയാ-
　　　　മെൻതാത ദുര്യോധനൻ
നേരിട്ടേ യുധി, തുല്യനാൽ നിഹതനാ-
　　　　യെന്ന,ല്ലൽ നീ കൈവിടൂ;
ചാരേ ധർമ്മസുതന്റെ നൂൽവളയണി-
　　　　ക്കൈതൊട്ടുനിന്നിട്ടുതാൻ
നീരേകേണമെനിക്കു പാണ്ഡവരുമായ്-
　　　　പ്പേർ ചൊല്ലി നിർത്തുമ്പോൾ നീ. 18

ബലഭദ്രൻ - ഹാ വൈരം, പശ്ചാത്താപമായി പരിണമിച്ചു.

**വിവർത്തനം : മഹാകവി വള്ളത്തോൾ നാരായണമേനോൻ**

ശ്ലോകം 18 : ഭൂരിശ്രീ = വർധിച്ച ഐശ്വര്യം (തേജസ്സ്) അഭിമാനദീപ്തമതി = അഭിമാനം ഉജ്ജ്വലിച്ച ബുദ്ധിയോടു കൂടിയ. താതൻ = പിതാവ്. യുധി = യുദ്ധത്തിൽ. നേരിട്ടേ = നേരിട്ടുതന്നെ. തുല്യനാൽ = സമാനനാൽ. നിഹതനായി = കൊല്ലപ്പെട്ടു. അല്ലൽ = ദുഃഖം. ചാരെ = സമീപത്ത്. നൂൽവള = മരണാനന്തര ശേഷക്രിയ ചെയ്യുമ്പോൾ കൈയിൽ കെട്ടുന്ന നൂൽ വളയം.

## പഠനപ്രവർത്തനങ്ങൾ

- ഒരേ സമയം പിതാവിന്റെയും പുത്രന്റെയും ഭർത്താവിന്റെയും രാജാവിന്റെയും ആത്മസംഘർഷങ്ങളുടെ വേലിയേറ്റമാണ് ഭാസന്റെ 'ദുര്യോധനൻ' എന്ന കഥാപാത്രം അനുഭവിക്കുന്നത്. - നാടകഭാഗത്തുനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി സമർഥിക്കുക.

- സേവിച്ചീടുക പൂജ്യരെ:പ്രിയസഖി-
　　　　ക്കൊപ്പം സപത്നീ ജനം
　ഭാവിച്ചീടുക;കാന്തനോടിടയൊലാ
　　　　ധിക്കാരമേറ്റീടിലും
　കാണിച്ചീടുക ഭൃത്യരിൽ ദയ: ഞെളി-
　　　　ഞ്ഞീടായ്ക ഭാഗ്യങ്ങളാൽ
　വാണിട്ടിങ്ങനെ കന്യയാൾ ഗൃഹിണിയാ
　　　　മല്ലങ്കിലോ ബാധതാൻ

**(മലയാളശാകുന്തളം - ഏ. ആർ. രാജരാജവർമ്മ)**

ദുര്യോധനൻ : പാണ്ഡവരെ എന്നെ എന്നപോലെ ശുശ്രൂഷിക്കണം. അമ്മ കുന്തീദേവി പറയുന്നതുപോലെ നടക്കണം. അഭിമന്യുവിന്റെ അമ്മ, ദ്രൗപദി എന്നിവരെ അമ്മയെപ്പോലെ ആദരിക്കണം (ഊരുഭംഗം - ഭാസൻ)

താതകണ്വൻ ശകുന്തളയ്ക്ക് നൽകുന്ന ഉപദേശത്തിലും ദുര്യോധനൻ ദുർജ്ജയന് നൽകുന്ന ഉപദേശത്തിലും ഭാരതീയ മൂല്യങ്ങളാണ് കാളിദാസനും ഭാസനും ഉദ്ഘോഷിക്കുന്നത്. സ്വാഭിപ്രായം കുറിക്കുക.

- ഹാ! വൈരം പശ്ചാത്താപമായി പരിണമിച്ചു! ബലഭദ്രന്റെ ഈ വാക്കുകൾ തന്നെയാണ് ഊരുഭംഗം എന്ന നാടകത്തിന്റെ സന്ദേശം. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

# തനതുനാടകവേദി

(മലയാള നാടക ചരിത്രത്തിൽ 'തനതു' പ്രസ്ഥാനം വഹിച്ച പങ്ക് അവിസ്മരണീയമാണ്. തനതുനാടകത്തിന്റെ ലഘുചരിത്രം വ്യക്തമാക്കുന്ന പാഠഭാഗത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട് സി. ജെ. സ്മാരക സമിതിക്കുവേണ്ടി 1968 ൽ ശ്രീ. സി. എൻ. ശ്രീകണ്ഠൻ നായർ നടത്തിയ പ്രഭാഷണത്തിലെ പ്രസക്തഭാഗമാണ് ആദ്യം. മലയാളത്തിലെ തനതു നാടകവേദിയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് ഡോ.. എ. കെ. നമ്പ്യാർ എഴുതിയ ലേഖനമാണ് തുടർന്ന് ചേർത്തിരിക്കുന്നത്)

### സി. എൻ. ശ്രീകണ്ഠൻ നായർ

ഒരു നൂറ്റാണ്ടുകാലം പാശ്ചാത്യരെ അനുകരിക്കാൻ ശ്രമിച്ചിട്ടും ഒരു നല്ല നാടക പാരമ്പര്യം ഇവിടെ സൃഷ്ടിക്കപ്പെട്ടില്ല എന്നുള്ളതു ശ്രദ്ധേയമല്ലേ? കേരളത്തിന്റെ മാത്രം കഥയുമല്ലിത്. പാശ്ചാത്യ നടീനടന്മാർതന്നെ തുടങ്ങിവച്ച കൽക്കത്ത, ബോംബെ, ഡൽഹി നാടകവേദികളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

എന്താണ് ഈ ദുഃസ്ഥിതിക്കു കാരണം? കഥകളിയെപ്പോലെ കമനീയമായ ഒരു രംഗകലാപദ്ധതിക്കു ജന്മം നൽകിയ കേരളം നിത്യവന്ധ്യമാണെന്നു വിചാരിക്കാൻ പ്രയാസമാണ്. രംഗകലാചരിത്രത്തിലെ ഒരദ്ഭുതമായി ഇന്നും കൊണ്ടാടപ്പെടുന്ന നാട്യശാസ്ത്രം ഭാരതീയരുടെ രംഗകലാവൈഭവം നേടിയ സാക്ഷിപത്രമത്രെ. എന്നല്ല, മാനവചരിത്രത്തിന്റെ അതിരുകൾ മുട്ടിനില്ക്കുന്ന ഭാരതീയ സംസ്കൃതിജീവിതത്തിന്റെ സുപ്രധാനമായ ഒരു മുഖം ഇല്ലാത്തതാണെന്നു വന്നുകൂടുന്നതല്ലല്ലോ. അപ്പോൾ എവിടെയോ എന്തോ തകരാറു പറ്റിയിരിക്കുന്നു. അതു കണ്ടെത്താനുള്ള കാലവും വൈകിയിരിക്കുന്നു.

നാടകം ഉൾപ്പെടെയുള്ള രംഗകലകൾ എല്ലാം വഴിപാടുതുള്ളലിൽ-റിചലിൽ- നിന്നാണു ജന്മംകൊണ്ടിട്ടുള്ളത്. ഏതു രംഗകലയ്ക്കും അതാതിന്റെ ജന്മദേശത്തെ അധിവസിക്കുന്ന മനുഷ്യരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിതത്തോട് ഉറ്റബന്ധം ഉണ്ടാവാൻ കാരണം ഇതാണ്. പാശ്ചാത്യദേശത്തെ നാടകവും ജപ്പാനിലെ നോയും കണ്ടക്കിയും കേരളത്തിലെ കഥകളിയും ഈ സിദ്ധാന്തത്തെ സമർത്ഥിക്കാൻ പോരുന്ന തെളിവുകളത്രെ. ബ്രിട്ടീഷ് നാടകവേദിയുടെ ചരിത്രം പഠിക്കുന്ന ഒരാൾക്ക് അതിന്റെ വേരുകൾ ഗ്രീക്ക് - റോമൻ നാടകപാരമ്പര്യത്തിൽ എന്നതിനേക്കാൾ ബ്രിട്ടനിലെ മിറക്കിൾ നാടകങ്ങളിലും മിസ്റ്ററി

നാടകങ്ങളിലും ആഴ്ന്നിറങ്ങിയിട്ടുള്ളതായി കാണാൻ കഴിയും. വൈദേശിക സ്വാധീനം ഏല്ക്കാതെയാണ് അതാതു ദേശത്തെ രംഗകലകൾ വളരുന്നത് എന്നല്ല ഇവിടെ വിവക്ഷ. എത്ര വൈദേശിക സ്വാധീനം ഉണ്ടായാലും സജീവ മായ ഒരു രംഗവേദിയുടെ തായ്ത്തടി അതാതു ദേശത്തിന്റെ മൗലികമായ മാന സികസത്തതന്നെ ആയിരിക്കും. ബ്രിട്ടനിലെയും ഫ്രാൻസിലെയും ജർമ്മനിയി ലെയും നാടകവേദിയുടെ കാതലായ സ്വഭാവങ്ങളെപ്പറ്റി പഠിച്ചാൽ ഇതുകൂടു തൽ വ്യക്തമാകും. ഗ്രീക്കുനാഗരികതയുടെയും റോമാസാമ്രാജ്യത്തിന്റെയും ക്രിസ്തുമതത്തിന്റെയും വ്യവസായവിപ്ലവത്തിന്റെയും ചൈതന്യം ഈ രാജ്യ ങ്ങൾ പങ്കിട്ടെടുത്തുവെങ്കിലും, ആധുനികയുഗത്തിന്റെ ആഘാതം കൂടി ഏറ്റ പ്പോൾ ഒരുതരം സാംസ്കാരികൈക്യം അവയ്ക്കു കൈവന്നുവെങ്കിലും അവിട ങ്ങളിലെ നാടകവേദികൾ താത്ത്വികാർത്ഥത്തിൽ ഈഷൽ വ്യത്യാസം പുലർത്തു കതന്നെചെയ്യുന്നു. ജർമ്മൻകാരനെയും ഫ്രഞ്ചുകാരനെയും ബ്രിട്ടീഷുകാരനെയും കണ്ടാൽ തിരിച്ചറിയാവുന്നതുപോലെ അവരുടെ നാടകവേദിയെയും തിരിച്ചറി യാം. വ്യത്യസ്തമായ ഈ സ്വത്വത്തിൽ അവയുടെ ഉല്പത്തിയുടെ അടയാള ങ്ങൾ കണ്ടെത്താൻ കഴിയും. പാരമ്പര്യജന്യമായ ഈ സ്വത്വഗുണമാണ് അവ യുടെ വികസ്വരമായ വ്യക്തിത്വത്തിനും നിലയ്ക്കാത്ത വളർച്ചയ്ക്കും ആധാരം.

ഈ തത്ത്വത്തിന്റെ വെളിച്ചത്തിൽ മലയാള നാടകവേദിയെ നമുക്കൊന്നു പരിശോധിക്കാം. തനതായ പാരമ്പര്യമോ ഉല്പത്തിസ്ഥാനമോ സാംസ്കാരിക ബന്ധമോ കേരളീയമോ ഭാരതീയമോ ആയ ജീവിതത്തിന്റെ ഏതെങ്കിലും അംശത്തെ സൂക്ഷ്മാർത്ഥത്തിൽ ഉൾക്കൊണ്ട വഴക്കമോ അതിനില്ല. ഇന്ത്യ പിടിച്ചടക്കിയ ഈസ്റ്റിന്ത്യാക്കമ്പനിക്കാരൻ കളിച്ചിരുന്ന ഒരു കളി ഇന്ത്യാക്കാരൻ അടിമ അനുകരിക്കുക മാത്രമാണു ചെയ്തത്. മലയാളനാടകവേദിയുടെ ചരിത്രം എഴുതുന്ന ഒരാൾ കൊടുങ്ങല്ലൂരും ഏഴിമലയിലും ഇന്നും എഴുന്നേറ്റുനില്ക്കുന്ന കേരളത്തിലെ കൂത്തമ്പലങ്ങളിലും അന്വേഷിക്കേണ്ടതുണ്ടോ? ഏഥൻസ്, റോം, ഇംഗ്ലണ്ട്, കൽക്കത്ത, ബോംബെ, മദ്രാസ്, തിരുവനന്തപുരം എന്നീനഗരങ്ങൾ കൂട്ടിച്ചേർത്ത് ഒരു വരവരച്ചാൽ മലയാളനാടക ചരിത്രത്തിന്റെ പാതയും പൈതൃ കവും അതായിരിക്കും. നമ്മുടെ നാടകവേദി യൂറോപ്പിൽനിന്നും പറിച്ചുനട്ടതാണ്. കേരളത്തിലെയോ ഭാരതത്തിലെയോ മണ്ണിൽ അതിനു വേരുകളില്ല. ലോക ത്തിലെ മറ്റു നാടകവേദികൾക്കും നമ്മുടെ ഇന്നത്തെ നാടകവേദിക്കും തമ്മി ലുള്ള അന്തരം ഇതത്രേ. ചുരുക്കിപ്പറഞ്ഞാൽ ജീവന് ആധാരമായി കരുതപ്പെ ടുന്ന പാരമ്പരികസ്വഭാവം നമ്മുടെ നാടകവേദിക്ക് ഒട്ടുംതന്നെയില്ല. ജീവൻ നില നിർത്താൻ കഴിയാത്തതു നശിക്കുകയില്ലേ എന്ന ചോദ്യം പ്രസക്തമാണ്.

രംഗകലകളിൽ നമുക്കു തനതായുള്ള പാരമ്പര്യത്തെപ്പറ്റി ഇത്തരുണത്തിൽ ഓർമ്മിക്കുന്നതുനന്നായിരിക്കും. കേരളത്തിന്റെ രംഗകലാചരിത്രം - രണ്ടായിരം കൊല്ലക്കാലത്തെയെങ്കിലും ചരിത്രം- കാഴ്ചബംഗ്ലാവിനു പുറത്തുതന്നെ ഇന്നും കാണാം എന്നുള്ളത് അദ്ഭുതകരമാണ്. മുഖ്യമായും തിറ, പടയണി, തുള്ളൽ, കൂടിയാട്ടം, കൃഷ്ണാട്ടം, കഥകളിഎന്നീ രംഗകലകളിലും കേരളീയമായ വാസ്തു ശില്പകൗശലത്തിന്റെ സ്മാരകങ്ങളായ കൂത്തമ്പലങ്ങളിലും ആട്ടപ്രകാരങ്ങളിലും ആശാന്മാർ അഭ്യസിപ്പിക്കുന്ന കഥകളിച്ചിട്ടകളിലും ചാക്യാന്മാരുടെ ശിക്ഷണക്രമങ്ങളിലും നമ്മുടെ രംഗകലാപാരമ്പര്യം ഇന്നും ജീവിക്കുന്നുണ്ട്. ഇവയ്ക്ക് അനുക്രമമായ ഒരു വികാസപരിണാമമുണ്ടെന്നും സൂക്ഷ്മദൃക്കുകൾക്കു കണ്ടെത്താൻ കഴിയും. കേരളത്തിന്റെ പ്രാചീനവും തനതുമായനാടകവേദിയാണ് തിറയാട്ടം. കഥകളി ആ വേദിയുടെ വികാസചരിത്രത്തിലെ ഒടുവിലത്തെ കണ്ണിയത്രെ. ഇടയ്ക്കു വൈദേശികസ്വാധീനം സംസ്കൃതത്തിന്റെയും നാട്യശാസ്ത്ര ഗ്രന്ഥത്തിന്റെയും സ്വാധീനം - ചാക്യാന്മാർ അഥവാ ശാക്യന്മാർ രൂപപ്പെടുത്തിയ കൂടിയാട്ടംവഴി നമ്മുടെ രംഗകലാചരിത്രത്തിൽ കടന്നുകൂടിയിട്ടും കഥകളി കേരളീയമായിത്തന്നെ രൂപംകൊള്ളുകയും നിലനില്ക്കുകയും ചെയ്തു.

കൂടിയാട്ടം കേരളീയരംഗകലയുടെ അംശങ്ങൾ സ്വീകരിച്ചുകൊണ്ട് കേരളത്തിൽ പ്രതിഷ്ഠനേടിയ സംസ്കൃത നാടകവേദിയാണ്. കേരളത്തിന്റെ ഈ തനതു പാരമ്പര്യത്തിൽനിന്ന് ഊർജ്ജം നുകർന്ന് ഒരു നവീനനാടകവേദിയെപ്പറ്റി ചിന്തിച്ചുതുടങ്ങാൻ കാലമായി എന്നാണ് എന്റെ അഭിപ്രായം. പാശ്ചാത്യ നാടകവേദിയെ പേർത്തും പേർത്തും അനുകരിച്ചുസമയം പാഴാക്കാതെ നമ്മുടെ പാരമ്പര്യത്തിൽനിന്ന് - തിറയുടെയും കഥകളിയുടെയും കേരളത്തിൽപ്രതിഷ്ഠ നേടിയ നാട്യശാസ്ത്രസങ്കേതങ്ങളുടെയും ഉറവകളിൽനിന്ന് ഔഷധവീര്യവും ഓജസ്സും ഉൾക്കൊണ്ടാൽ മലയാളനാടകവേദി ദീനപ്പായയിൽനിന്ന് എഴുന്നേറ്റുഎന്നുവരും. പാശ്ചാത്യസങ്കേതങ്ങളും പാശ്ചാത്യരംഗശീലക്രമങ്ങളും അപ്പാടെ തിരസ്ക്കരിക്കണമെന്ന് ഞാൻ ശാഠ്യംപിടിക്കുന്നില്ല. കഥകളിയിൽ സംസ്കൃത നാടകവേദിയുടെ സ്വാധീനം ഉൾക്കൊണ്ട രീതിയിൽ, കഴിയുമെങ്കിൽ കൂടുതൽ അമൂർത്തമായി നാം പാശ്ചാത്യനാടകവേദിയെ സ്വാംശീകരിച്ചാൽ മതിയാകും. മനുഷ്യാത്മാവിന്റെ അന്ത:സംഘർഷത്തിനും കഥാപാത്രവികാസത്തിനും പാശ്ചാത്യർ പ്രാമുഖ്യം നൽകിയപ്പോൾ ശില്പത്തിലാണ് പൗരസ്ത്യർ ശ്രദ്ധിച്ചത്. സൂക്ഷ്മഭാവങ്ങൾ ധ്വനിപ്പിച്ച്, വികാരപ്രപഞ്ചത്തെക്കാൾ ഉയരത്തിൽ മാത്രം ലഭ്യമാകുന്ന രസാനുഭൂതി കൈവരിക്കാൻ ശ്രമിക്കുന്ന കേവലരൂപങ്ങളാണ് പൗരസ്ത്യരെ ആകർഷിച്ചത്. സ്ഥൂലമായ ജീവിതാനുഭവങ്ങൾക്കും അവയുടെ യഥാതഥമായ ആവിഷ്കരണത്തിൽ നിന്ന് ഉളവാകുന്ന ഉന്മഥനങ്ങൾക്കും പാശ്ചാ

ത്യർ വിലകല്പിച്ചു. നമ്മുടെ പാരമ്പര്യമാകട്ടെ, കാവ്യാത്മകമായ, കേവലീകൃതമായ ഭാവനാസൃഷ്ടമായ ശില്പകൗശലത്തിന്റെ പാരമ്പര്യമാണ്. ഈ പാരമ്പര്യത്തിൽ എത്രത്തോളം പാശ്ചാത്യസത്ത ഉൾക്കൊള്ളാൻ കഴിയുമോ അത്രത്തോളം മാത്രമേ നമ്മുടെ രംഗകല പാശ്ചാത്യ സ്വാധീനത്തിനു വിധേയമാകേണ്ടതുള്ളു.

എനിക്കു തോന്നുന്നത് നമ്മുടെ നാടകവേദി കഥകളിയുടെയും തിറയാട്ടത്തിന്റെയും സങ്കേതങ്ങൾ ആവുന്നിടത്തോളം ഉൾക്കൊള്ളണമെന്നാണ്. കഥകളിയിലുള്ള അകേരളീയമായ അംശങ്ങൾ പരിത്യജിക്കണമെന്ന് നിർബന്ധമുള്ളവർ തിറയിൽനിന്നും പടയണിയിൽനിന്നും ആവശ്യാനുസാരം ദൃശ്യശ്രാവ്യാംശങ്ങൾ സ്വീകരിച്ച് പുതിയ നാടകവേദി സൃഷ്ടിക്കട്ടെ. അങ്ങനെ വരുമ്പോൾ യഥാതഥമല്ലാത്ത, കാവ്യാത്മകമായ, കേവലീകൃതവും രീതിബന്ധിതവും ആയ രംഗശില്പങ്ങളേ ഉണ്ടാവുകയുള്ളു എന്ന് വന്നേക്കാം. അത് ഒരു കോട്ടമല്ല, നേട്ടമായിരിക്കും എന്നു കലാമർമ്മജ്ഞരെങ്കിലും സമ്മതിക്കാതിരിക്കുകയില്ല. കല അതിന്റെ ഉൽകൃഷ്ടമായ മാതൃകകളിൽ യഥാതഥമല്ലെന്നു മാത്രമല്ല കാവ്യാത്മകവും ഭാവനാരമണീയവും കേവലീകൃതവും രീതിബന്ധിതവും ആയിരിക്കുകയും ചെയ്യും. ഈ തത്ത്വം പൗരസ്ത്യർക്കു പണ്ടേതന്നെ പരിചിതമാണെന്നുള്ളത് ഒരു കുറച്ചിലല്ലെന്ന് പാശ്ചാത്യ കലാസിദ്ധാന്തങ്ങൾക്ക് ആധുനികയുഗത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പരിവർത്തനം കണ്ടിട്ടെങ്കിലും നമുക്കു ബോധ്യപ്പെടേണ്ടതാണ്. സർറിയലിസവും സിംബലിസവും എക്സ്പ്രഷനിസവും പൗരസ്ത്യ കലാസിദ്ധാന്തങ്ങളോടു പാശ്ചാത്യർ അടുക്കുന്നതിന്റെ സൂചനകളായി കരുതുന്നതിൽ തെറ്റില്ല.

കവിതയിലും നാടകത്തിലും മറ്റും പാശ്ചാത്യർ ഈയിടെയായി ശില്പത്തിനു നൽകിക്കാണുന്ന പ്രാധാന്യം ശ്രദ്ധാർഹമാണ്. പാശ്ചാത്യനാടകവേദിയിൽ ഇപ്പോൾ നടക്കുന്ന പരീക്ഷണങ്ങൾ നമ്മുടെ പാശ്ചാത്യാനുകരണഭ്രമത്തിനു ശമനം നല്കാനും ഇടയുണ്ട്. ഷേക്സ്പിയറും ഇബ്സനും ഷായും ബ്രഷ്റ്റുമൊക്കെ നമുക്കാവശ്യംതന്നെ. പക്ഷേ, നമ്മുടെ നാടകരൂപം ഇവരിലല്ല സ്ഥിതിചെയ്യുന്നത്. കൂടിയാട്ടവും കഥകളിയും നമ്മുടെ പുന: പരിശോധനയ്ക്കു വിധേയമാക്കി അതിലെ ആംഗികചലനങ്ങൾ പ്രത്യേകമായും ദൃശ്യാംശങ്ങൾ പൊതുവേയും ഉൾക്കൊണ്ട് പുതിയ നാടകവേദി സൃഷ്ടിച്ചില്ലെങ്കിൽ മലയാളത്തിൽ ഒരിക്കലും നാടകം ഉണ്ടാകാൻ പോകുന്നില്ല.

പാരമ്പര്യസിദ്ധാന്തപ്രകാരവും ലോകനാടകവേദിയുടെ ചരിത്രം നല്കുന്ന അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയും പൗരസ്ത്യകലാദർശനത്തെ ആധാരമാ

ക്കിയും ആണ് തിറയാട്ടം, പടയണി, കഥകളി തുടങ്ങിയ തനതുകലകളിൽനിന്ന് നമ്മുടെ നാടകവേദി ചൈതന്യം നുകരണം എന്നു ഞാൻ ഇതുവരെ വാദിച്ചത്. അടിസ്ഥാനപരമായ വേറൊരു സമീപനവും ഈ വിഷയത്തിൽ പ്രസക്തമാണ്. നാടകം ഒരു രംഗകലയെന്നനിലയിൽ സദസ്സിന്റെ രൂപവർണ്ണനാദങ്ങളുടെ ചട്ടത്തിലാണല്ലോ അതിന്റെ ശില്പം നിർമ്മിക്കുന്നത്. മലയാളിയുടെ രൂപബോധവും വർണ്ണബോധവും നാദബോധവും മറ്റുള്ളവരുടേതിൽനിന്നും വ്യത്യസ്തമാണ്. പല കാരണങ്ങളാൽ അങ്ങനെ ആയിരിക്കുകയും ചെയ്യും. നമ്മുടെ പഴയ വാസ്തുശില്പികൾക്കും ആധുനിക ചിത്രകാരന്മാർക്കും ചില കഥകളിപ്പാട്ടുകാർക്കും ഈ വസ്തുത കുറച്ചൊക്കെ അറിയാം. നേർവരകളേക്കാൾ വളഞ്ഞൊഴുകുന്ന വരകളും ചുവപ്പ്, നീലം എന്നീ നിറങ്ങളേക്കാൾ കാവി, പച്ച എന്നീ നിറങ്ങളും ബാന്റിന്റെ നാദത്തേക്കാൾ തിമിലയുടെ നാദവും നാം ഇഷ്ടപ്പെടുന്നു. നമ്മുടെ പ്രാചീന നാടകരൂപങ്ങൾ ഈ മൗലികരുചികൾ കണക്കിലെടുത്തുകൊണ്ടാണു നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യന്റെ ആംഗികചലനങ്ങളും സഞ്ചാരരീതിയും വാചികപ്രകടനങ്ങളും നാടകവേദിയുടെ മുഖ്യാംശങ്ങളാണല്ലോ. കേരളീയന്റെ ആംഗികചലനങ്ങളും വാചികപ്രകടനങ്ങളും മറ്റുള്ളവരുടേതിൽനിന്നും ഭിന്നമാണെന്ന് ആരും സമ്മതിക്കും. ശബ്ദവിന്യാസത്തിലും അതിന്റെ താളത്തിനൊപ്പിച്ച് ആംഗ്യം കാട്ടുന്നതിലും മലയാളി തമിഴനിൽനിന്നുപോലും വ്യത്യസ്തനാണ്. മലയാളത്തിൽ ഒരു നാടകവേദി രൂപപ്പെടുത്താൻ ബോധപൂർവ്വം ശ്രമിക്കുന്നവർക്ക് മലയാളിയുടെ രൂപവർണ്ണനാദങ്ങളും ആംഗികവും വാചികവും ആയ വിന്യാസവിശേഷങ്ങളും അസംസ്കൃത വസ്തുക്കളോ ഉപകരണങ്ങളോ ആണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

ഏതു രംഗകലയ്ക്കും അതാതിന്റെ രംഗശീലക്രമം അഥവാ ആട്ടപ്രകാരം - തിയേറ്റർ പ്രാക്ടീസ് ഉണ്ടായിരിക്കും. അവയവ ചലനങ്ങളുടെയും ശബ്ദത്തിന്റെ സ്വരവും ശ്രുതിയും സ്ഥായിയും കാലവും നിയന്ത്രിക്കുന്ന രീതികളുടെയും മറ്റും നിയമങ്ങളാണ് ഏതു നാട്യപ്രകാരത്തിലും അടങ്ങിയിരിക്കുന്നത്. പാശ്ചാത്യരുടെ തിയേറ്റർ പ്രാക്ടീസ് നമുക്ക് ഇണങ്ങുന്നതല്ല. ഒരു തിയേറ്റർ പ്രാക്ടീസിന്റെ സഹായം കൂടാതെ നാടകം അരങ്ങേറാൻ സാദ്ധ്യവുമല്ല. നാടകവേദിയെ ഗൗരവബുദ്ധിയോടെ സമീപിച്ചിട്ടുള്ളവർക്ക് ഈ വൈഷമ്യം അനുഭവപ്പെട്ടിട്ടുള്ളതാണ്. അങ്ങനെ പാശ്ചാത്യർ ക്രോഡീകരിച്ചിട്ടുള്ള നാട്യപ്രകാരങ്ങളിൽനിന്നും വ്യത്യസ്തമായ ആംഗികവാചികാഹാര്യസാത്വികാഭിനയരീതികൾ നാം ചിട്ടപ്പെടുത്തേണ്ടതായിവരുന്നു. ഈ രീതികൾക്ക് എവിടെയാണ് നാം തിരയുക? ഒന്നുകിൽ കേരളത്തിലെ മനുഷ്യനിൽത്തന്നെ - അവന്റെ ശരീരത്തിലും ആത്മാവിലും - അവന്റെ നടയിലും നോട്ടത്തിലും മിണ്ടാട്ടത്തിലും -

തിരയേണ്ടിവരും. അല്ലെങ്കിൽ നമ്മുടെ തനതുകലാരൂപങ്ങളിൽ തിരയേണ്ടിവരും. രണ്ടായാലും കണ്ടെത്തുന്നത് ഏറെക്കുറെ ഒന്നുതന്നെയാവും എന്നുള്ളതിൽ എനിക്ക് സംശയമില്ല. അങ്ങനെയാണെങ്കിൽ നാം പാശ്ചാത്യ നാടകത്തെ അനുകരിച്ചാണ് നാടകം എഴുതുന്നതെന്നുവന്നാലും അത് അരങ്ങേറാനുള്ള നിപുണമായ രീതിയും പ്രകാരവും കണ്ടെത്തുവാൻ ശ്രമിക്കുമ്പോൾ നാം അറിയാതെ പാശ്ചാത്യനിൽനിന്ന് അകലുകയും തനതുസങ്കേതങ്ങളെ ആശ്രയിക്കുകയും ചെയ്യേണ്ടിവരും. നാടകക്കളരിയിലും കളരിയുമായി ബന്ധപ്പെട്ട നാടകസംഘങ്ങളുടെ നാടകാവതരണപരിശ്രമങ്ങളിലും തനതു സത്തയിലേക്ക് അടുക്കാനുള്ള ഈ പ്രവണത കണ്ടും കേട്ടും അനുഭവിച്ചും അറിയുവാൻ എനിക്ക് ഇടയായിട്ടുണ്ട്. നാടകാവതരണത്തിന് അവലംബമാക്കാവുന്ന ഒരു നാട്യപ്രകാരം നമുക്കിന്നില്ലല്ലോ. അതുണ്ടാവുമ്പോൾ, അഥവാ ഉണ്ടാക്കുമ്പോൾ അതു പാശ്ചാത്യരുടേതിൽനിന്നും വ്യത്യസ്തമായിരിക്കുകയും തനതായ കലാരൂപങ്ങളുടെ അവതരണസങ്കേതങ്ങളോടു ബന്ധപ്പെട്ടിരിക്കുകയും ചെയ്യും.

നാടകമെന്ന- കൃത്യമായി പറഞ്ഞാൽ ഡ്രാമ എന്ന പാശ്ചാത്യകലാരൂപത്തിന്റെയും നമ്മുടെ തനതായ കലാരൂപങ്ങളുടെയും സ്വീകരണക്ഷമങ്ങളും അതിജീവനസമർത്ഥങ്ങളുമായ അംശങ്ങൾ ഇഴുകിച്ചേർന്ന് കേരളത്തിന്റെ സത്വഗുണത്തിന് അനുയോജ്യവും ആധുനികത്വത്തിന്റെ രുചിഭേദങ്ങൾക്ക് അനുരോധവും ആയ ഒരു പുതിയ രൂപകം പിറവികൊള്ളും എന്നു ഞാൻ വിചാരിക്കുന്നു. നാടകക്കളരിയിൽനിന്നുതന്നെ, കളിയരങ്ങിൽനിന്നുതന്നെ പൊട്ടിമുളച്ച് അതുണ്ടാകണം. നേരത്തെ പറഞ്ഞതുപോലെ ഒരു പ്രതിഭാശാലിയുടെ രക്തത്തിൽ കുതിർന്നാവും അതു മുളയ്ക്കുന്നതും. ആ രൂപം എന്താണെന്ന് ഇപ്പോൾ പ്രവചിക്കുക സാദ്ധ്യമല്ല. ഒന്നുമാത്രം എനിക്കു തോന്നുന്നു. നാടകമെന്ന പേരിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന രംഗരൂപത്തിനോടുള്ളതിനേക്കാൾ സാദൃശ്യം അതിന് നാട്ടിലെ തനതായ കലകളോടായിരിക്കും. ആ രംഗരൂപം നമ്മുടെ തനതു നാടകവേദിയുടെ ആധുനികമുഖവും ആയിരിക്കും.

**നാടകക്കളരി - പ്രബന്ധങ്ങൾ**

**- സമ്പാ : സി.ജെ.സ്മാരക പ്രസംഗസമിതി**

# നാടോടിപാരമ്പര്യവും മലയാളനാടകവേദിയും

**ഡോ. എ. കെ. നമ്പ്യാർ**

ലോകത്തിലെ മിക്ക രാജ്യങ്ങളിലെയും നാടകവേദി വളർന്നുവന്നത് അതത് നാട്ടിലെ രംഗകലാപാരമ്പര്യത്തിൽ നിന്നാണെന്നും എന്നാൽ, ഇതിൽനിന്നും വ്യത്യസ്തമായി തികച്ചും വൈദേശികമായ സ്വാധീനമാണ് ഇവിടത്തെ നാടക വേദിയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതെന്നും സി. എൻ. വ്യക്തമാക്കി. നമ്മുടെ രംഗകലാപാരമ്പര്യത്തിൽനിന്നും ഉരുത്തിരിഞ്ഞുവരുന്ന ഒരു 'തനതുനാടകവേ ദി'യെ അദ്ദേഹം സ്വപ്നം കാണുകയും ചെയ്തു. സി. എൻ - ന്റെ 'കലി', ജി. ശങ്കരപ്പിള്ളയുടെ 'കിരാതം' എന്നിവ തനതുനാടകപ്രസ്ഥാനത്തിന്റെ ഉദ്ഘാ ടനം കുറിച്ചു. 'ദൈവത്താർ', 'അവനവൻ കടമ്പ' എന്നീ കാവാലത്തിന്റെ നാടക ങ്ങൾ കേരളത്തിലുടനീളം അവതരിപ്പിക്കാൻ തുടങ്ങിയതോടുകൂടിയാണ് ഒരു പ്രസ്ഥാനമെന്ന നിലയിൽ 'തനതുനാടകവേദി' അറിയപ്പെടാൻ തുടങ്ങിയത്, തുടർന്ന് നിരവധി നാടകങ്ങൾ നമുക്ക് ലഭിക്കുകയുണ്ടായെങ്കിലും തനതുനാട കവേദിയുടെ ഉത്തമമാതൃകകളാണെന്ന് വിശേഷിപ്പിക്കാവുന്ന കൃതികൾ അധി കമൊന്നും ഇതേവരെ ഉണ്ടായിട്ടില്ലെന്നതാണ് സത്യം. 'അവനവൻകടമ്പ' 'കരി ങ്കുട്ടി' (കാവാലം), 'കനലാട്ടം' (പി. എം. താജ്), 'കറുത്തദൈവത്തെത്തേടി', 'മൂധേവിത്തെയ്യം' (ജി. ശങ്കരപ്പിള്ള), 'സൗപർണിക' (നരേന്ദ്ര പ്രസാദ്), 'പെരു ന്തച്ചൻ' (ടി. എം. എബ്രഹാം) 'പുലിജന്മം' (എൻ. പ്രഭാകരൻ) എന്നിവ ഇക്കൂ ട്ടത്തിൽ എടുത്തുപറയത്തക്ക കൃതികളാണ്.

മലയാളനാടകവേദിയുടെ ചരിത്രത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുള്ള നാടക പണ്ഡി തന്മാരൊക്കെയും അംഗീകരിക്കുന്ന ഒരു വസ്തുതയുണ്ട്; പരമ്പരാഗത കലാരൂ പങ്ങളിൽനിന്നുള്ള അനുസ്യൂതമായ ഒരു വികാസത്തിന്റെ ഫലമായിട്ടല്ല നമ്മുടെ നാടകവേദി ഉരുത്തിരിഞ്ഞു വന്നത് എന്നുള്ളതാണ് അത്. സംസ്കൃത നാടക ങ്ങളും തമിഴ് നാടകങ്ങളും പാശ്ചാത്യ നാടകങ്ങളുമാണ് കേരളീയ പാരമ്പര്യ ത്തേക്കാൾ ഏറെ നമ്മെ സ്വാധീനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. "ചുരു ക്കിപ്പറഞ്ഞാൽ കേരളത്തിലെ പ്രാചീന കലാരൂപങ്ങളിലൊന്നിലും മലയാളനാ ടകത്തിന്റെ വേരുകൾ കണ്ടെത്താൻ കഴിയുകയില്ല. കേരളത്തെ സംബന്ധിച്ചിട ത്തോളം നാടകം അന്യനാടുകളിൽനിന്ന് പറിച്ചുനടപ്പെട്ട ഒരു കലയാണ്" എന്നി ങ്ങനെ സി. ജെ. തോമസ് ഇക്കാര്യം അസന്നിഗ്ധമായിപ്പറഞ്ഞിട്ടുണ്ട്. ഈ സാഹ ചര്യത്തിലാണ് മലയാളനാടകവേദി ഇവിടത്തെ രംഗകലാപാരമ്പര്യത്തിൽനിന്നും ഊർജം സംഭരിച്ചുകൊണ്ട് വളരണമെന്ന വാദഗതി ഉയർന്നുവന്നത്.

നമ്മുടെ കലാപാരമ്പര്യത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട്, ആ സംസ്കാരത്തിൽ നിന്ന് സ്വാഭാവികമായി ഉടലെടുക്കുന്ന നാടകങ്ങളാണ് 'തനതു നാടകങ്ങൾ'

എന്ന സംജ്ഞയ്ക്ക് അർഹമായിട്ടുള്ളത്. പാരമ്പര്യ നാടകവേദിയിൽനിന്നും നാം കണ്ടുപഠിക്കേണ്ട നിരവധി അംശങ്ങളുണ്ട്. 'സ്പേസി'നെ നാടകത്തിൽ എങ്ങനെ ഉപയോഗിക്കാം എന്നുള്ളത് മുടിയേറ്റും തെയ്യവും നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. നാടകത്തിൽ 'തല' ത്തിന്റെ (level) പ്രാധാന്യമെന്തെന്നും അതിന്റെ ധർമമെന്തെന്നും തെയ്യത്തിൽനിന്നും തിറയിൽനിന്നും നാം നിരീക്ഷിച്ച് മനസ്സി ലാക്കേണ്ടിയിരുന്നു. തെയ്യാട്ടത്തിൽ 'കൈലാസക്കല്ലും' തിറയിൽ 'പീഠ'വും 'തല 'ത്തിന്റെ ഉത്തമമാതൃകകളായിത്തീരുന്നു. ഇത്തരം കലാരൂപങ്ങളിലെ 'വാചി കാഭിനയ'ത്തിന്റെ ശക്തിയും പ്രത്യേകം ശ്രദ്ധേയമാണ്. നാടകത്തിന്റെ 'മൂഡ്' ഒരുക്കുന്നതിൽ വാദ്യം, ഗാനം, ആട്ടം, ആദിയായവ എന്ത് പങ്കുവഹിക്കുന്നുവെ ന്നത് അനുഷ്ഠാന നാടകങ്ങളിൽ നിന്നും എളുപ്പം ഗ്രഹിക്കാവുന്നതാണ്. ഇതി വൃത്തഘടനയ്ക്കും കഥാപാത്രങ്ങൾക്കും ഉചിതമായ മുഖത്തുതേപ്പും വേഷഭൂ ഷാദികളും ഭാഷയും അംഗചലനങ്ങളും തെയ്യാട്ടത്തിൽ എങ്ങനെ ഉപയോഗി ച്ചുവരുന്നു എന്നുള്ളത് ഓരോ നാടകപ്രവർത്തകന്റെയും സൂക്ഷ്മനിരീക്ഷണ ത്തിനും പഠനത്തിനും വിധേയമാക്കേണ്ടതാണ്. ദൃശ്യപ്പൊലിമ നാടകാവതര ണവുമായി എങ്ങനെ ഇഴുകിച്ചേർന്നിരിക്കുന്നുവെന്നതും ഈ അനുഷ്ഠാനകല യിൽ വ്യക്തമായി ദർശിക്കാം.

ഇതോടൊപ്പം എടുത്തുപറയേണ്ട മറ്റൊരു വസ്തുതകൂടിയുണ്ട്. പാരമ്പര്യത്തിന്റെ മറ പറ്റിക്കൊണ്ട്, സമകാലിക പ്രസക്തി തെല്ലുമില്ലാത്ത നാടകങ്ങളും ഇന്ന് പെരുകിക്കൊണ്ടിരിക്കുന്നു. നാടകമെന്ന മാധ്യമത്തിന്റെ കാലികപ്രസക്തിയെ തീർത്തും നിഷേധിക്കുകയും അതിനുള്ള ഒരു മറയായി പാരമ്പര്യകലകളെ നാടകവേദിയിൽ ഉപയോഗിക്കുകയും ചെയ്യുന്നവരുണ്ട്. നാടകത്തെ വർത്തമാ നകാല ജീവിതത്തിൽനിന്നും ഒറ്റപ്പെടുത്തിക്കൊണ്ട്, പാരമ്പര്യത്തിന്റെ അകത്ത ളങ്ങളിൽ തളച്ചിടുവാനുള്ള ബോധപൂർവമായ ശ്രമവും നടത്തിക്കൊണ്ടിരിക്കു ന്നുണ്ട്. സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കുന്ന അതിരുകവിഞ്ഞ ശൈലീ കരണവും ദുർഗ്രഹതയുമൊക്കെ ഇവയ്ക്ക് അകമ്പടി സേവിക്കുകയും ചെയ്യുന്നു. മറ്റേതുകലയെയുംപോലെ നാടകകലയുടെയും മുഖ്യധർമം 'കമ്മ്യൂണി ക്കേഷ'നാണെന്നും നാടകത്തിന് എന്നും സമകാലിക ജീവിതത്തോട് ബന്ധമു ണ്ടായിരുന്നുവെന്നുമുള്ള വസ്തുത ഇത്തരം നാടകപ്രവർത്തകർ സൗകര്യപൂർവം വിസ്മരിക്കുന്നു. നാടകവേദിയെ അതീതകാലത്തിന്റെ വിസ്മൃതിയിലേക്ക് തിരി ച്ചുകൊണ്ടുപോവുകയല്ല വേണ്ടത്; അതീതകാലത്തിന്റെ കലാചൈതന്യമടക്കം ആവാഹിച്ചെടുത്തുകൊണ്ട് വർത്തമാനകാല ജീവിതവുമായി കൂട്ടിയിണക്കി ശക്ത മായി ആവിഷ്കരിക്കുകയാണ്.

**നാടകം അന്വേഷണവും അപഗ്രഥനവും**

## പഠനപ്രവർത്തനങ്ങൾ

- കേരളത്തിൽ തനതു നാടകവേദി രൂപംകൊണ്ട പശ്ചാത്തലം വിവരിക്കുക.
- നാടകം അന്യനാടുകളിൽനിന്നും പറിച്ചു നടപ്പെട്ട കലയാണെന്ന് സി. ജെ. തോമസ് അസന്നിഗ്ധമായി പറയാൻ കാരണം എന്താണ്?
- സമകാലീന നാടകവേദി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണ്?
- നമ്മുടെ രംഗകലാപാരമ്പര്യത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടാണ് തനതു നാടകവേദി രൂപപ്പെട്ടത്. മലയാളത്തിലെ തനതു നാടകവേദിയെക്കുറിച്ചുള്ള സി. എൻ. ന്റെ സങ്കല്പങ്ങൾ വിശകലനംചെയ്ത് മലയാളത്തിൽ അത് എത്രത്തോളം സാക്ഷാത്കരിച്ചിട്ടുണ്ടെന്ന് പരിശോധിക്കുന്ന പ്രസംഗം എഴുതി തയാറാക്കുക.
- 'തനതുനാടകവേദിയുടെ വളർച്ചയും സ്വാധീനവും മലയാളനാടകത്തിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.
- ഊരുഭംഗം, ഒരുകൂട്ടം ഉറുമ്പുകൾ എന്നീ നാടകങ്ങൾ തനതു നാടക സങ്കേതങ്ങളുപയോഗിച്ച് രംഗാവതരണം നടത്തുന്നതിന്റെ സാധ്യത പരിശോധിക്കുക.

## പഠനാനുബന്ധപ്രവർത്തനങ്ങൾ

- നാടകഗാനങ്ങൾ ശേഖരിച്ച് നാടകത്തിന്റെ പേര്, വർഷം, രചയിതാവിന്റെ പേര് എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയാറാക്കുക.
- ഗോപാലൻ : ന്റെ പുള്ളിപ്പയ്യ് കരയും...! നാട്ടിലെ പൈക്കളൊക്കെ നേരം കെട്ട നേരത്തു കരയും. വരാൻ പോണ ആപത്ത് നേരത്തേ കാണാൻ കഴിയുന്നോരാ നാൽക്കാലികള് (ന്റെ പുള്ളിപ്പയ്യ് കരയും – എൻ. ശാന്തകുമാർ)

  മന്സനേ മന്സനെ തിരിച്ചറിയാൻ പറ്റൂ.... ജ്ജ് നല്ലൊരു മന്സനാകാൻ നോക്ക് (ജ്ജ് നല്ലൊരു മന്സനാകാൻ നോക്ക് – ഇ.കെ. അയ്മു)

  (മന്സൻ – മനുഷ്യൻ)

  മുകളിൽകൊടുത്ത സംഭാഷണങ്ങളിൽ പ്രേക്ഷകനെ ആകർഷിക്കുന്ന ഘടകങ്ങൾ എന്തെല്ലാം. നിരീക്ഷണക്കുറിപ്പ് എഴുതുക.
- നാടകം ഒരു ജനകീയ കലയായി മാറിയതിന്റെ ചരിത്രം – ഉപന്യസിക്കുക.

  സൂചനകൾ
  - ഇതിവൃത്തം
  - കഥാപാത്രങ്ങൾ
  - അഭിനയം
  - രംഗവേദി
- ഒരു കൂട്ടം ഉറുമ്പുകൾ എന്ന നാടകത്തിന്റെ പശ്ചാത്തലത്തിൽ കുട്ടികളുടെ നാടകവേദിയെക്കുറിച്ച് ഒരു സെമിനാർ പ്രബന്ധം തയാറാക്കുക.

- നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും ഒരു ദൃശ്യകല നിരീക്ഷിച്ച് ഉപന്യാസം തയാറാക്കുക.
- 'രംഗകലകളും അതിന്റെ സാഹിത്യരൂപവും' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുക

  ഉദാ : കഥകളി - ആട്ടക്കഥ
- ഇതിഹാസത്തിലെ ദുര്യോധനനെയും ഊരുഭംഗത്തിലെ ദുര്യോധനനെയും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സംഭാഷണരൂപം മാറ്റിയെഴുതുക**

| | | |
|---|---|---|
| ദുർജ്ജയൻ | : | മഹാരാജാവ് എവിടേയ്ക്കാണ് എഴുന്നള്ളുന്നത്? |
| ദുര്യോധനൻ | : | ഞാൻ അനുജന്മാർ നൂറുപേരും പോയേടത്തേയ്ക്ക് പോകയാണ് |
| ദുർജ്ജയൻ | : | എന്നേയും അങ്ങോട്ടു കൊണ്ടുപോകണം |
| ദുര്യോധനൻ | : | മകനേ, ചെന്നു ഭീമസേനനോടു പറയൂ |

ഉദാ: ശൂർപ്പണഖ : (രാമനോട്) ഞാൻ രാക്ഷസേശ്വരനായ രാവണന്റെ അനുജത്തിയാണ്. എന്നെ അങ്ങു ഭാര്യയായി സ്വീകരിക്കണം.

രാമൻ : ഞാൻ ഭാര്യാസമേതനാണ്; നീ എന്റെ അനുജനായ ലക്ഷ്മണനോട് പോയി അപേക്ഷിക്കൂ

ഇതുതന്നെ അന്വാഖ്യാനത്തിലാക്കിയാൽ

"താൻ രാക്ഷസേശ്വരനായ രാവണന്റെ അനുജത്തിയാണെന്നും തന്നെ ഭാര്യയായി സ്വീകരിക്കണമെന്നും ശൂർപ്പണഖ ശ്രീരാമനോട് അപേക്ഷിച്ചപ്പോൾ താൻ ഭാര്യാസമേതനായതിനാൽ സ്വീകരിക്കാൻ സാധിക്കുകയില്ലെന്നും അനുജനായ ലക്ഷ്മണനോട് അപേക്ഷിക്കണമെന്ന് പറയുകയും ചെയ്തു"

- പാഠഭാഗത്തിലെ ആഖ്യാനരൂപത്തിലുള്ള സംഭാഷണങ്ങൾ ശേഖരിച്ച് അന്വാഖ്യാനരൂപത്തിലാക്കുക.

**അന്വാഖ്യാനം**

ഭാഷയിൽ സംഭാഷണം രണ്ടുവിധത്തിലാണ് 'ഞാൻ' 'നീ' എന്നിങ്ങനെയുള്ള ഉത്തമ, മധ്യമപുരുഷസർവനാമങ്ങൾ ഉപയോഗിച്ച് നേരേ സംസാരിക്കുന്നത് സാക്ഷാൽ സംഭാഷണം. മറ്റൊരാൾ റിപ്പോർട്ട് ചെയ്യുന്ന മട്ടിൽ വക്താവിന്റെ വാക്യത്തെ ഉദ്ധരിക്കാതെ വിവരിക്കുന്നതാണ് അന്വാഖ്യാനം

സാഹിത്യസാഹ്യം - ഏ. ആർ. രാജരാജവർമ്മ

## തുടർവായനയ്ക്ക്

| | | |
|---|---|---|
| നാടകദർപ്പണം | - | എൻ. എൻ. പിള്ള |
| മലയാളനാടകസാഹിത്യ ചരിത്രം | - | ജി. ശങ്കരപ്പിള്ള |
| അവനവൻകടമ്പ | - | കാവാലം നാരായണപണിക്കർ |
| നാടകസാഹിത്യം | - | വയലാവാസുദേവൻ പിള്ള |
| നാടകക്കളരി പ്രബന്ധങ്ങൾ | - | സി.ജെ സ്മാരക പ്രസംഗ സമിതി, കൂത്താട്ടുകുളം |
| അന്വേഷണവും അപഗ്രഥനവും | - | എഡിറ്റർ ഡോ. രാജാവാര്യർ |

| നൈപുണികൾ | പൂർണമായും | കുറച്ച് |
|---|---|---|
| നാടകത്തിലെ സങ്കേതങ്ങളായ അപവാര്യാശ്ലോകം എന്നിവ നിർവചിക്കാൻ എനിക്ക് കഴിയും | | |
| ഏകാങ്കം, ദുരന്തനാടകം, തനതുനാടകവേദി എന്നിവയുടെ സവിശേഷതകൾ വിശദീകരിക്കാൻ എനിക്ക് കഴിയും | | |
| കുട്ടികളുടെ നാടകവേദിയുടെ സവിശേഷതകൾ വിശദീകരിക്കാനും അവ വിലയിരുത്താനും എനിക്ക് കഴിയും | | |
| നാടകത്തിൽ അഭിനയിക്കാൻ എനിക്ക് കഴിയും | | |
| നാടകഗാനങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്ന സാമൂഹ്യജീവിതം തിരിച്ചറിയാൻ എനിക്ക് കഴിയും | | |
| ചോദ്യാവലി തയാറാക്കി അഭിമുഖം നടത്താൻ എനിക്ക് കഴിയും. | | |
| നാടകത്തിൽ അവതരിപ്പിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പ്രസംഗം / പ്രബന്ധങ്ങൾഅവതരിപ്പിക്കാൻ എനിക്ക് കഴിയും. | | |
| നാടകത്തിലെ കഥാപാത്രനിരൂപണം തയാറാക്കാൻ എനിക്ക് കഴിയും. | | |
| നാടകഗാനങ്ങൾ രചിക്കാൻ എനിക്ക് കഴിയും. | | |
| നാടകം സംവിധാനം ചെയ്ത് രംഗത്ത് അവതരിപ്പിക്കാൻ എനിക്ക് കഴിയും. | | |
| കഥകളെയും കവിതകളെയും നാടകമാക്കി മാറ്റാൻ എനിക്ക് കഴിയും. | | |

തെയ്യാട്ടം

അത്യുത്തരകേരളത്തിലെ ഒരു അനുഷ്ഠാനനർത്തനകല. ദേവീദേവൻമാർ, യക്ഷഗന്ധർവന്മാർ, ഭൂതങ്ങൾ, നാഗങ്ങൾ, മൃതിയടഞ്ഞ കാരണവന്മാർ, മൺമറഞ്ഞ വീരപരാക്രമികൾ ഇവരെ കോലസ്വരൂപമായി കെട്ടിയാടി ആരാധിക്കുകയാണ് ഈ ഗ്രാമീണകലയുടെ സവിശേഷത. തെയ്യാട്ടത്തിലും തിറയാട്ടത്തിലും ചലിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ദൈവങ്ങളെയാണ് കാണുന്നത്. സാധാരണക്കാരന്റെ ഈ ആരാധനാസമ്പ്രദായത്തിൽ മനുഷ്യരിൽ ദേവതാസങ്കല്പം ആരോപിക്കപ്പെടുന്നു. ദൈവം എന്നതിന്റെ തത്ഭവരൂപമാണ് തെയ്യം.



എഴുത്തുകാർ

**ഒ.എൻ.വി. കുറുപ്പ്**




കവിയും ഗാനരചയിതാവുമായ ഒ.എൻ.വി. കുറുപ്പ് കൊല്ലം ജില്ലയിലെ ചവറയിൽ 1931 മെയ് 27ന് ജനിച്ചു. 2007-ലെ ജ്ഞാനപീഠപുരസ്ക്കാരജേതാവ്. പത്മഭൂഷൺ ബഹുമതിയും എഴുത്തച്ഛൻ പുരസ്ക്കാരവും കേന്ദ്രകേരള സാഹിത്യ അക്കാഡമി പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ഭൂമിക്കൊരു ചരമഗീതം, അക്ഷരം, ഉപ്പ്, ഉജ്ജയിനി തുടങ്ങിയവയാണ് പ്രധാനകൃതികൾ.

### ഭാസൻ

ഭാസ, കാളിദാസാദികളുടെ നാടകങ്ങളിലൂടെയാണ് സംസ്കൃതനാടകം വ്യവസ്ഥാപിത രൂപം കൈക്കൊണ്ടത്. ഭാസന്റെ ജീവിതകാലത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. കാളിദാസനു മുമ്പാണ് ഭാസൻ ജീവിച്ചിരുന്നതെന്ന് കരുതപ്പെടുന്നു. എ.ഡി. 2-ാം നൂറ്റാണ്ടിനും 6-ാം നൂറ്റാണ്ടിനും ഇടയ്ക്കാവാം ഭാസന്റെ ജീവിതകാലം എന്നനുമാനിക്കാനേ കഴിയൂ. ഭാസന്റെ പതിമൂന്ന് നാടകങ്ങളെ ചേർത്ത് 'ഭാസനാടകചക്രം' എന്നാണ് പറയുന്നത്. സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം, പഞ്ചരാത്രം, ചാരുദത്തം, ദൂതഘടോത്കചം, അവിമാരകം, ബാലചരിതം, മധ്യമവ്യായോഗം, കർണ്ണഭാരം, ഊരുഭംഗം, അഭിഷേകം, പ്രതിമാനാടകം, അപൂർണ്ണമായ മറ്റൊരു നാടകം എന്നിവയാണ് ഭാസനാടകചക്രത്തിലെ നാടകങ്ങൾ. സ്വപ്നവാസവദത്തം നാടകം കണ്ടെടുത്തത് ആയില്യം തിരുനാൾ മഹാരാജാവാണ്. തുടർന്ന് ഭാസനാടകങ്ങൾ കണ്ടെത്തി കൈരളിക്ക് സമർപ്പിച്ചത് ഡോ. ടി. ഗണപതി ശാസ്ത്രി (1909) കളാണ്. ഭാസൻ കേരളീയനായിരുന്നുവെന്ന് പണ്ഡിതന്മാർക്കിടയിൽ ശക്തമായ അഭിപ്രായമുണ്ട്.

### ജി. ശങ്കരപ്പിള്ള

നാടകം തന്നെ ജീവിതമാക്കിമാറ്റിയ പ്രശസ്ത നാടകകൃത്ത്. 1930 ജൂൺ 22-ാം തീയതി ചിറയിൻകീഴിൽ ജനിച്ചു. ചിറയിൻകീഴ്, ആറ്റിങ്ങൽ, തിരുവനന്തപുരം എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. സ്കൂൾ, കോളേജ് അധ്യാപകനായും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ഡ്രാമ ഡയറക്ടറായും പ്രവർത്തിച്ചു. പ്രധാന കൃതികൾ: സ്നേഹദൂതൻ, മൃഗതൃഷ്ണ, പേപിടിച്ച ലോകം, രക്ഷാപുരുഷൻ, ഓലപ്പാമ്പ്, ഭരതവാക്യം, കറുത്ത ദൈവത്തെത്തേടി; കൂട്ടത്തിൽ അനേകം ഏകാങ്കങ്ങളും. പ്രസാധനാ ലിറ്റിൽ തിയേറ്റർ, നാടകക്കളരി, രംഗപ്രഭാത് എന്നിങ്ങനെ പല പ്രസ്ഥാനങ്ങളുടെയും സംഘാടകസമിതിയംഗം. കേരള സംഗീത നാടക അക്കാദമി ചെയർമാനായിരുന്നു. കേരളത്തിലും പുറത്തും സാംസ്കാരിക സമിതികളിൽ അംഗം. കേന്ദ്ര സംഗീത നാടക അക്കാദമി, ക്രിട്ടിക് സർക്കിൾ, കേരള സാഹിത്യ അക്കാദമി, സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവയിൽ നിന്നുള്ള അവാർഡുകൾ. 1989 ജനുവരി 1 ന് അന്തരിച്ചു.



## സി.എൻ.ശ്രീകണ്ഠൻ നായർ



നാടകകൃത്ത്, ചെറുകഥാകൃത്ത്, പത്രപ്രവർത്തകൻ, രാഷ്ട്രീയപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധനായ സി.എൻ. 1928 മാർച്ച് 31ന് തിരുവനന്തപുരത്ത് ജനിച്ചു. ഏട്ടിലെ പശു, കാഞ്ചനസീത, സാകേതം, ലങ്കാലക്ഷ്മി, കലി, നഷ്ടക്കച്ചവടം എന്നീ നാടകങ്ങളും തിളയ്ക്കുന്ന മണ്ണ്, സിന്ദൂരപ്പൊട്ട്, പിച്ചിപ്പൂ തുടങ്ങിയ ചെറുകഥാസമാഹാരങ്ങളും രിലയും തിരിയും എന്ന ലേഖന സമാഹാരവുമാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. നഷ്ടക്കച്ചവടത്തിന് എം.പി.പോൾ അവാർഡും കാഞ്ചനസീതയ്ക്ക് കേരള സാഹിത്യ അക്കാഡമി അവാർഡും ലഭിച്ചു. 1976 ഡിസംബർ 17ന് അന്തരിച്ചു.

## ഡോ.എ.കെ.നമ്പ്യാർ

നാടോടിവിജ്ഞാനീയമേഖലയിലെ പ്രശസ്തനായ ഡോ.എ.കെ.നമ്പ്യാർ കണ്ണൂർ ജില്ലയിലെ ചെറുതാഴത്ത് 1941 ൽ ജനിച്ചു. കോഴിക്കോട് സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഡ്രാമ ആന്റ് തിയ്യേറ്റർ ആർട്സിന്റെ ഡയറക്ടർ, കണ്ണൂർ സർവ്വകലാശാല മലയാളവിഭാഗം സ്ഥാപക മേധാവി, ഫോക്‌ലോർ അക്കാഡമി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടു്. അനുഷ്ഠാനകലകളെക്കുറിച്ച് നിരവധി ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ നാടൻകലകൾ എന്ന കൃതിയ്ക്ക് 1992-ലെ കേരള സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ചു. വടക്കൻ പെരുമ, പി.കുഞ്ഞിരാമൻ നായരുടെ കൃതികൾ സമ്പൂർണ്ണം(എഡിറ്റർ) എന്നിവ പ്രധാനകൃതികൾ.



## എൻ. എൻ. പിള്ള

നാടകവേദിയ്ക്ക് നവീനഭാവുകത്വം നല്കിയ നാടകകൃത്തും അഭിനേതാവും. 1918 ൽ വൈക്കത്ത് ജനിച്ചു. രാം ലോക മഹായുദ്ധകാലത്ത് ഐ. എൻ. എ യിൽ ചേർന്ന് സ്വാതന്ത്ര്യത്തിനായി പോരാടി. 1952 ൽ 'വിശ്വകേരള കലാസമിതി' എന്ന നാടകസംഘം രൂപീകരിച്ചു. കാപാലിക, ക്രോസ് ബെൽറ്റ്, ഈശ്വരൻ അറസ്റ്റിൽ തുടങ്ങി ഇരുപത്തിയെട്ട് നാടകങ്ങളും നാല്പത് ഏകാങ്കനാടകങ്ങളും രചിച്ചിട്ടു്. ഞാൻ (ആത്മകഥ) നാടകദർപ്പണം, കർട്ടൻ (നാടകപഠന ഗ്രന്ഥങ്ങൾ) എന്നിവ പ്രസിദ്ധകൃതികളാണ്. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര, കേരള സംഗീതനാടക അക്കാദമി അവാർഡുകൾ നേടിയിട്ടു്. 1995 ൽ അന്തരിച്ചു.



മൂന്ന്

# ആഖ്യാനപർവം

## ആമുഖം

മലയാളത്തിലെ നോവൽ സാഹിത്യത്തെ പരിചയപ്പെടുത്തുന്ന യൂണിറ്റാണിത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമാണ് മലയാളത്തിൽ നോവൽ രചന ആരംഭിക്കുന്നത്. 'ഇന്ദുലേഖ'യിൽ തുടങ്ങി 'കൂമൻകൊല്ലി'യിലൂടെ 'വൃദ്ധസദന' ത്തിലേക്കുള്ള മലയാള നോവലിന്റെ വളർച്ചയാണ് ഈ യൂണിറ്റിൽ പരിചയ പ്പെടുത്തുന്നത്. അതോടൊപ്പം തന്റെ കഥാപാത്ര സൃഷ്ടിയുടെ രസതന്ത്രം വരച്ചുകാട്ടുന്ന ഒ. വി.വിജയന്റെ പഞ്ചവർണക്കിളി എന്ന ലേഖനവും ചേർത്തി ട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- ഇന്ദുലേഖ, കൂമൻകൊല്ലി, വൃദ്ധസദനം എന്നീ നോവൽ ഭാഗങ്ങളിൽ പ്രതി ഫലിക്കുന്ന കാലഘട്ടത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് സംവാദത്തിൽ പങ്കെടുക്കുന്നു.
- അനുപ്രയോഗത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങ ളിൽ പ്രയോഗിക്കുന്നു.
- വാക്യങ്ങളിലെ ധ്വന്യാത്മകത തിരിച്ചറിഞ്ഞ് അപഗ്രഥനക്കുറിപ്പ് തയാറാ ക്കുന്നു.
- എഴുത്തുകാരൻ തന്റെ കഥാപാത്രത്തെ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- നോവലുകൾ താരതമ്യം ചെയ്ത് ലേഖനങ്ങൾ തയാറാക്കുന്നു.

എന്താണു നോവൽ?

*വലിയ ഒരു കഥയോ? ചെറിയ കഥ ചെറുകഥയാണെങ്കിൽ, വലിയ കഥ നോവലോ?*

*നോവലിനെക്കുറിച്ചുള്ള ചർച്ചകളിൽ ഏറ്റവും പ്രദീപ്തമായി തോന്നിയിട്ടുള്ളത് ഇ.എം.ഫോസ്റ്ററുടെ Aspects of The Novel (1927) ആണ്. 'നിശ്ചിതമായ ഒരളവുവരെ നീളമുള്ള ഒരു ഗദ്യ കഥ' എന്നാണ് അദ്ദേഹം നോവലിനെ നിർവചിക്കുന്നത്. അതായത്, അൻപതിനായിരം വാക്കുകളിൽ കൂടുതലുള്ളത്.*

*ഈ നിർവചനം തീർച്ചയായും സൂക്ഷ്മമോ സർവസ്പർശിയോ അല്ല. സൂക്ഷ്മവും സർവസ്പർശിയുമായ ഒരു നിർവചനം നോവലിനെക്കുറിച്ചു സാധ്യവുമല്ല. മനുഷ്യപ്രകൃതിയെ നിർവചിക്കാനൊക്കുമോ? പ്രതിജനഭിന്നവും ദുരൂഹസങ്കീർണ്ണവുമാണ് അത്. തന്മൂലം മനുഷ്യപ്രകൃതിയുടെ സമഗ്രപഠനമായ നോവലും അങ്ങനെതന്നെ. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള ഓരോ നോവലിസ്റ്റിന്റെയും അനുഭവവും വീക്ഷണവും സമീപനരീതിയും ഓരോ തരത്തിലായിരിക്കും. അതുകൊണ്ട്, ഓരോരുത്തരുടെ കൈയിലും ഓരോന്നായിരിക്കും നോവൽ.*

*പൊതുവായി ഒന്നുമാത്രം ഉറപ്പിച്ചു പറയാം: കവിതയിൽനിന്നും നാടകത്തിൽനിന്നും വ്യത്യസ്തമാണ്, ആയിരിക്കണം നോവൽ. കവിതകൊണ്ടും നാടകംകൊണ്ടും സാധിക്കാൻ കഴിയാത്തതു സാധിക്കാൻ ശ്രമിച്ചപ്പോഴാണല്ലോ നോവൽ രൂപംകൊണ്ടതും.*

*'നോവൽ സ്വരൂപം' - കെ. സുരേന്ദ്രൻ*

- കവിതയിൽനിന്നും നാടകത്തിൽനിന്നും വ്യത്യസ്തമാണ് നോവൽ. നിങ്ങൾ പരിചയപ്പെട്ടിട്ടുള്ള നോവലുകൾ അടിസ്ഥാനമാക്കി ചർച്ചചെയ്യുക.

# കാലം മാറുന്നു

**ഒ.ചന്തുമേനോൻ**

*ഇന്ദുലേഖ മലയാളത്തിലെ ലക്ഷണത്തികവൊത്ത ആദ്യ നോവലാണ്. ഒരു മരുമക്കത്തായ തറവാടിനകത്തുണ്ടാവുന്ന പൊരുത്തക്കേടുകളുടെ കഥ പറയുന്നതിലൂടെ കേരളീയ സാമൂഹ്യചരിത്രത്തിലെ ചില വഴിത്തിരിവുകളാണ് ഒ. ചന്തുമേനോൻ ഇന്ദുലേഖയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ പ്രചരിച്ചതോടെ പുതുതലമുറ നാട്ടിൽ നിലനിന്നുപോകുന്ന പഴഞ്ചൻ വിശ്വാസങ്ങളെയും ആചാരങ്ങളെയും ചോദ്യം ചെയ്തുതുടങ്ങി. ആദ്യമാദ്യം വിലങ്ങടിച്ചുനിന്ന കേരളീയസമൂഹം പിന്നീട് പുതിയ വെളിച്ചത്തെ സ്വാഗതം ചെയ്യാനൊരുങ്ങി.*

*പൂവള്ളി തറവാട്ടിലെ മാധവനും മുറപ്പെണ്ണായ ഇന്ദുലേഖയുമാണ് പുതിയ ലോകബോധത്തിന്റെ പ്രതിനിധികളായി നോവലിൽ കടന്നുവരുന്നത്. അവരുടെ പ്രണയബന്ധവും അതിനു നേരിടേണ്ടിവരുന്ന പ്രതിസന്ധികളുമാണ് നോവലിലെ ഇതിവൃത്തം.*

ചാത്തരമേനോൻ: എന്താണു മാധവാ ഇങ്ങിനെ സാഹസമായി വാക്കു പറഞ്ഞത്? ഛീ ഒട്ടും നന്നായില്ല. അദ്ദേഹത്തിന്റെ മനസ്സുപോലെ ചെയ്യട്ടെ. കാരണവന്മാർക്കു നോം കീഴടങ്ങണ്ടേ? നിന്റെ വാക്കു കുറേ കവിഞ്ഞുപോയി.

മാധവൻ : അശേഷം കവിഞ്ഞിട്ടില്ലാ. സിദ്ധാന്തം ആരും കാണിക്കരുത്. അദ്ദേഹത്തിന് മനസ്സില്ലെങ്കിൽ ചെയ്യേണ്ട. ശിന്നനെ ഞാൻ ഒന്നിച്ചു കൊണ്ടുപോവുന്നു. അവനെ ഞാൻ പഠിപ്പിക്കും.


കുമ്മിണിഅമ്മ: വേണ്ട കുട്ടാ, അവൻ എന്നെ പിരിഞ്ഞു പാർക്കാൻ ആയില്ലാ. നീ ചാത്തരെയോ ഗോപാലനെയോ കൊണ്ടുപോയി പഠിപ്പിച്ചോ. ഏതായാലും നിന്നോടു കാരണവർക്കു മുഷിഞ്ഞു. ഞങ്ങളോടു മുമ്പുതന്നെ മുഷിഞ്ഞിട്ടാണെങ്കിലും നിന്നെ ഇതുവരെ അദ്ദേഹത്തിനു വളരെ താൽപര്യമായിരുന്നു.

മാധവൻ : ശരി. ചാത്തരജേഷ്ഠനെയും ഗോപാലനെയും എനി ഇംഗ്ലീഷ് പഠിപ്പിക്കാൻ കൊണ്ടുപോയാൽ വിചിത്രം തന്നെ.

ഇങ്ങിനെ ഇവർ സംസാരിച്ചുകൊണ്ടു നില്ക്കുന്ന മദ്ധ്യേ ഒരു ഭൃത്യൻ വന്നു മാധവനെ അമ്മാമൻ ശങ്കരമേനോൻ വിളിക്കുന്നു എന്നു പറഞ്ഞു. ഉടനെ മാധവൻ അമ്മാമന്റെ മുറിയിലേക്കു പോയി.

ഈ കഥ ഇനിയും പരക്കുന്നതിന്നു മുമ്പ് മാധവന്റെ അവസ്ഥയെക്കുറിച്ചു സ്വൽപമായി ഇവിടെ പ്രസ്താവിക്കേണ്ടി വന്നിരിക്കുന്നു.

മാധവൻ അതിബുദ്ധിമാനും അതികോമളനും ആയ ഒരു യുവാവാകുന്നു. ഇയാളുടെ ബുദ്ധിസാമർത്ഥ്യത്തിന്റെ വിശേഷതയെ ഇംക്ലീഷു പഠിപ്പു തുടങ്ങിയമുതൽ ബി.എൽ.പാസാവുന്നതുവരെ സ്കൂളിൽ അയാൾക്കു ശ്ലാഘനീയമായി ക്രമോൽകർഷമായി വന്നു ചേർന്ന കീർത്തിതന്നെ സ്പഷ്ടമായും പൂർത്തിയായും വെളിവാക്കിയിരുന്നു. ഒരു പരീക്ഷയിലെങ്കിലും മാധവൻ ഒന്നാമതുപോയ പ്രാവശ്യം ജയിക്കാതിരുന്നിട്ടില്ലാ. എഫ്.എ.,ബി.എ. ഇതുകൾ രണ്ടും ഒന്നാം ക്ലാസായിട്ടു ജയിച്ചു. ബി.എ. പരീക്ഷയ്ക്ക് അന്യഭാഷ സംസ്കൃതമായിരുന്നു. സംസ്കൃതത്തിൽ മാധവന് ഒന്നാം തരം വില്പത്തി ഉണ്ടായി. ബി.എൽ.ഒന്നാം ക്ലാസിൽ ഒന്നാമനായി ജയിച്ചു. ഇതു കൂടാതെ സ്കൂൾവകയായ പലവക പരീക്ഷകളും പലപ്പോഴും ജയിച്ചതിനാൽ മാധവനു പലേ സമ്മാനങ്ങളും വിദ്യാഭിവൃദ്ധിക്കു നിയമപ്പെടുത്തീട്ടുള്ള പലേവക മാസ്പടികളും കിട്ടീട്ടുണ്ടായിരുന്നു. സ്കൂളിൽ മാധവനെ പഠിപ്പിച്ച എല്ലാ ഗുരുനാഥന്മാർക്കും മാധവനെക്കാൾ സാമർത്ഥ്യവും യോഗ്യതയും ഉണ്ടായിട്ട് അവരുടെ ശിഷ്യന്മാരിൽ ഒരുവനും ഒരിക്കലും ഉണ്ടായിട്ടില്ലെന്നുള്ള ബോദ്ധ്യമാണ് ഉണ്ടായിരുന്നത്.



ഈ വിശേഷവിധിയായ ബുദ്ധിക്കു പാർപ്പിടമായിരിപ്പാൻ തദനുരൂപമായി സൃഷ്ടിച്ചതോ മാധവന്റെ ദേഹം എന്ന് അയാളെ കണ്ടു പരിചയമായ ഏവനും തോന്നും. ഒരു പുരുഷന്റെ ഗുണദോഷങ്ങളെ വിവരിക്കുന്നതിൽ അവന്റെ ശരീരസൗന്ദര്യ വർണ്ണന വിശേഷവിധിയായി ചെയ്യുന്നതു സാധാരണ അനാവശ്യമാകുന്നു. ബുദ്ധി, സാമർത്ഥ്യം, പഠിപ്പ്, പൗരുഷം, വിനയാദിഗുണങ്ങൾ ഇതുകളെപ്പറ്റി പറഞ്ഞാൽ മതിയാവുന്നതാണ്. എന്നാലും മാധവന്റെ ദേഹകാന്തിയെപ്പറ്റി രണ്ടക്ഷരം ഇവിടെ പറയാതിരിക്കുന്നത് ഈ കഥയുടെ അവസ്ഥയ്ക്ക് മതിയായി

ല്ലെന്ന് ഒരു സമയം എന്റെ വായനക്കാർ അഭിപ്രായപ്പെടുമോ എന്നു ഞാൻ ശങ്കിക്കുന്നതിനാൽ ചുരുക്കി പറയുന്നു.

ദേഹം തങ്കവർണ്ണം, ദിനംപ്രതി ശരീരത്തിന്റെ ഗുണത്തിന്നുവേണ്ടി ആചരിച്ചു വന്ന വ്യായാമങ്ങളാൽ ഈ യൗവനകാലത്ത് മാധവന്റെ ദേഹം അതിമോഹന മായിരുന്നു. വേണ്ടതിലധികം അശേഷം തടിക്കാതെയും അശേഷം മെലിവു തോന്നാതെയും കാണപ്പെടുന്ന മാധവന്റെ കൈകൾ, മാറിടം, കാലുകൾ ഇതു കൾ കാഴ്ചയിൽ സ്വർണംകൊണ്ടു വാർത്തു വെച്ചതോ എന്നു തോന്നാം. ആൾ ദീർഘം ധാരാളം ഉണ്ട്. മാധവന്റെ ദേഹം അളന്നുനോക്കേണമെങ്കിൽ പ്രയാസ മില്ലാതെ കാലുകളുടെ മുട്ടിന്നുസമം നീളമുള്ളതും അതിഭംഗിയുള്ളതും ആയ മാധവന്റെ കുടുമകൊണ്ടു മുട്ടോളം കൃത്യമായി അളക്കാം. മാധവന്റെ മുഖത്തിന്റെ കാന്തിയും പൗരുഷശ്രീയും ഓരോ അവയവങ്ങൾക്കു പ്രത്യേകം പ്രത്യേകം ഉള്ള ഒരു സൗന്ദര്യവും അന്യോന്യമുള്ള യോജ്യതയും ആകപ്പാടെ മാധവന്റെ മുഖവും ദേഹസ്വഭാവവും കൂടി കാണുമ്പോൾ ഉള്ള ഒരു ശോഭയും അത്ഭുത പ്പെടത്തക്കതെന്നേ പറവാനുള്ളൂ. മാധവനെ പരിചയമുള്ള സകല യൂറോപ്യ ന്മാരും വെറും കാഴ്ചയിൽതന്നെ മാധവനെ അതികൗതുകം തോന്നി മാധവന്റെ ഇഷ്ടന്മാരായിത്തീർന്നു.

ഇങ്ങിനെ ഈ യൗവനാരംഭത്തിൽ തന്റെ ശരീരവും കീർത്തിയും അതിമനോ ഹരമാണെന്നു സർവ്വജനങ്ങൾക്കും അഭിപ്രായം ഉള്ളതു തനിക്കു വലിയ ഒരു ഭൂഷണമാണ് – അത് ഒരിക്കലും ഇല്ലായ്മ ചെയ്യരുതെന്നുള്ള വിചാരംകൊണ്ടോ, അതല്ല സ്വാഭാവികമായ ബുദ്ധിഗുണംകൊണ്ടോ എന്നറിഞ്ഞില്ല. മാധവൻ സാധാ രണ യുവാക്കളിൽ ഒരു പതിനെട്ടുവയസ്സുമുതൽ ക്രമമായി കല്യാണം ചെയ്തു ഗൃഹസ്ഥാശ്രമികളാവുന്നതിനിടയിൽ നിർഭാഗ്യവശാൽ ചിലപ്പോൾ കാണപ്പെ ടുന്ന ദുർവ്യാപാരങ്ങളിൽ ഒന്നും അശേഷം പ്രവേശിച്ചിട്ടില്ലെന്ന് എനിക്ക് ഉറ പ്പായി പറയാം. അതുകൊണ്ട് സ്വഭാവേനയുള്ള ദേഹകാന്തിയും മിടുക്കും പൗരു ഷവും മാധവനു പൂർണ്ണയൗവനമായപ്പോൾ കാണേണ്ടതുതന്നെയായിരുന്നു.

മാധവന് ഇംക്ലീഷിൽ അതിനൈപുണ്യമുണ്ടായിരുന്നുവെന്ന് ഞാൻ എനി പറ യേണ്ടതില്ലല്ലോ. ലൊൻ ടെനിസ്സ്, ക്രിക്കെറ്റ് മുതലായ ഇംക്ലീഷുമാതിരി വ്യായാ മവിനോദങ്ങളിലും മാധവൻ അതിനിപുണനായിരുന്നു. നായാട്ടിൽ ചെറുപ്പം മുതല്ക്കേ പരിശ്രമിച്ചിരുന്നു. പക്ഷേ, ഇതു തന്റെ അച്ഛൻ ഗോവിന്ദപ്പണിക്ക രിൽ നിന്നു കിട്ടിയ ഒരു വാസനയായിരിക്കാം – അദ്ദേഹം വലിയ നായാട്ടുഭ്രാന്ത നായിരുന്നു. നായാട്ടിൽ ഉള്ള സക്തി മാധവനു വളരെ കലശലായിരുന്നു. രണ്ടു മൂന്നു വിധം വിശേഷമായ തോക്കുകൾ, രണ്ടുമൂന്നു പിസ്റ്റോൾ, റിവോൾവർ ഇതുകൾ താൻ പോവുന്നേടത്ത് എല്ലാം കൊണ്ടു നടക്കാറാണ്. തന്റെ വിനോദ സുഖങ്ങൾ ഒടുവിൽ വേറെ ഒരു വഴിയിൽ തിരിഞ്ഞതുവരെ ശിക്കാറിൽ തന്നെയാണ് അധികവും മാധവൻ വിനോദിച്ചിരുന്നത്.

ഭൃത്യൻ വന്നു വിളിച്ചതിനാൽ മാധവൻ തന്റെ അമ്മാമന്റെ അടുക്കെ ചെന്നു നിന്നു.

ശങ്കരമേനോൻ: മാധവാ, ഇത് എന്തു കഥയാണ്! വയസ്സുകാലത്തു കാരണവരോട് എന്തെല്ലാം അധിക്ഷേപമായ വാക്കുകളാണു നീ പറഞ്ഞത്? അദ്ദേഹം നിന്നെ ഇംക്ലീഷു പഠിപ്പിച്ചതിന്റെ ഫലമോ ഇത്? എത്ര ദ്രവ്യം നിണക്കുവേണ്ടി അദ്ദേഹം ചിലവുചെയ്തു.

മാധവൻ: അമ്മാമനും ഇങ്ങിനെ അഭിപ്രായപ്പെടുന്നതു ഞങ്ങളുടെ നിർഭാഗ്യം! കാര്യം പറയുമ്പോൾ ഞാൻ അന്യായമായി ആരെയും ഭയപ്പെട്ടു പറയാതിരിക്കില്ലാ. എനിക്ക് ഈ വക ദുഷ്ടതകൾ കണ്ടുകൂടാ. വലിയമ്മാമൻ ദേഹാദ്ധ്വാനം ചെയ്തു സമ്പാദിച്ചതായ ഒരു കാശുപോലും ചിലവിടാൻ ഞാൻ ആവശ്യപ്പെട്ടിട്ടില്ല. പൂർവ്വന്മാർ സമ്പാദിച്ചതും നമ്മളുടെ അഭ്യുദയത്തിന്നും ഗുണത്തിന്നും വേണ്ടി അദ്ദേഹം കൈവശം വെച്ചിരിക്കുന്നതുമായ പണം നമ്മളുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി ചിലവിടാനെ ഞാൻ പറഞ്ഞുള്ളൂ. കുമ്മിണിയമ്മയും അവരുടെ സന്താനങ്ങളും ഇവിടുത്തെ ഭൃത്യന്മാരല്ലാ. അവരെ എന്താണു വലിയമ്മാമൻ ഇത്ര നിർദ്ദയമായി തള്ളിക്കളഞ്ഞിരിക്കുന്നത്? അവരുടെ രണ്ടു മക്കളെ ഇംക്ലീഷു പഠിപ്പിച്ചില്ലാ - കല്യാണിക്കുട്ടിയേയും വേണ്ടുംപോലെ ഒന്നും പഠിപ്പിച്ചില്ലാ. എന്തു കഷ്ടമാണ് ഇദ്ദേഹം ചെയ്യുന്നത്! ഇങ്ങിനെ ദുഷ്ടത കാട്ടാമോ? എനി ആ ചെറിയ ശിന്നനെയും മൂരിക്കുട്ടനെപ്പോലെ വളർത്താനാണത്രേ ഭാവം. ഇതിനു ഞാൻ സമ്മതിക്കയില്ലാ-ഞാൻ അവനെ കൊണ്ടുപോയി പഠിപ്പിക്കും.

ശങ്കരമേനോൻ: ശിക്ഷ - ശിക്ഷ! വിശേഷംതന്നെ! നീ എന്തുകൊണ്ടാണു പഠിപ്പിക്കുന്നത്? മാസത്തിൽ അമ്പത് ഉറുപ്പികയല്ലേ നിണക്കു തരുന്നുള്ളു? നീ എന്തുകൊണ്ടു പഠിപ്പിക്കും? അമ്മാമന്റെ മുഷിച്ചൽ ഉണ്ടായാൽ പലേദുർഘടങ്ങളും ഉണ്ടായിവരാം. ക്ഷണം പോയി കാൽക്ക വീഴ്.

"അമ്മാമന്റെ മുഷിച്ചൽ ഉണ്ടായാൽ പലേദുർഘടങ്ങളും ഉണ്ടാവും" എന്നു പറഞ്ഞതിനെ കേട്ടതിൽ ഇന്ദുലേഖയെക്കുറിച്ചാണ് ഒന്നാമതു മാധവൻ വിചാരിച്ചത്. ആ വിചാരം ഉണ്ടായ ക്ഷണം മാധവന്റെ മുഖത്തു പ്രത്യക്ഷമായ ഒരു വികാരഭേദം ഉണ്ടായി. എങ്കിലും അതു ക്ഷണേന അടക്കി. അറയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടു ലേശം മന്ദഹാസത്തോടെ മാധവൻ മറുപടി പറഞ്ഞു.

മാധവൻ : അദ്ദേഹത്തിനെ ഞാൻ എന്താണു മുഷിപ്പിക്കുന്നത്? ന്യായമായ വാക്കു പറഞ്ഞാൽ അദ്ദേഹം എന്തിന് മുഷിയണം? അദ്ദേഹത്തിന്റെ ന്യായമില്ലാത്ത മുഷിച്ചിലിന്മേൽ എനിക്കു ഭയമില്ലാ.

ശങ്കരമേനോൻ : ഛീ! ഗുരുത്വക്കേട് പറയല്ലാ.

മാധവൻ : എന്തു ഗുരുത്വക്കേട്? എനിക്ക് ഈ വാക്കിന്റെ അർത്ഥംതന്നെ അറിഞ്ഞുകൂടാ.

ശങ്കരമേനോൻ : അത് അറിയാത്തതാണു വിഷമം. അപ്പു! നീ കുറെ ഇംക്ലീഷു പഠിച്ചു സമർത്ഥനായി എന്നു വിചാരിച്ചു നമ്മളുടെ സമ്പ്രദായവും നടപ്പും കളയല്ലാ. കുട്ടൻ ഊണു കഴിഞ്ഞുവോ?

മാധവൻ : ഇല്ല. എനിക്കു മനസ്സിന്നു വളരെ സുഖക്കേടു തോന്നി. അമ്മ പാൽക്കഞ്ഞിയും എടുത്തു വഴിയെ വന്നിരുന്നു.

അപ്പോൾ പാർവ്വതിഅമ്മ പാൽക്കഞ്ഞി വെള്ളിക്കിണ്ണത്തിൽ കൈയിൽ എടുത്തതോടുകൂടി അകത്തേക്കു കടന്നു.

ശങ്കരമേനോൻ : പാർവ്വതീ! കേട്ടില്ലേ കുട്ടൻ പറഞ്ഞതെല്ലാം?

പാർവ്വതിഅമ്മ : കേട്ടു. അശേഷം നന്നായില്ലാ.

മാധവൻ : പാൽക്കഞ്ഞി ഇങ്ങട്ടു തരൂ.

രണ്ടിറക്കു പാൽക്കഞ്ഞി നിന്നെടുത്തുനിന്നുതന്നെ കുടിച്ച് അമ്മയുടെ മുഖത്തു നോക്കി ചിറിച്ചുംകൊണ്ട്.

മാധവൻ : അല്ലാ, അമ്മയ്ക്കും എന്നോടു വിരോധമായോ?

പാർവ്വതിഅമ്മ: പിന്നെയൊ; അതിനെന്താണു സംശയം? ജേഷ്ഠനും അമ്മാമനും ഹിതമല്ലാത്തത് എനിക്കും ഹിതമല്ലാ. ആട്ടേ; ഈ കഞ്ഞി കുടിക്കൂ. എന്നിട്ടു സംസാരിക്കാം. നേരം ഉച്ചയായി. കുടുമ എന്തിനാണ് എപ്പോഴും ഇങ്ങനെ തൂക്കി ഇടുന്നത്; ഇങ്ങട്ടു വരൂ; ഞാൻ കെട്ടിത്തരാം. കുടുമ പകുതി ആയിരിക്കുന്നു.

മാധവൻ : അമ്മേ ശിന്നനെ ഇംക്ലീഷു പഠിപ്പിക്കേണ്ടത് ആവശ്യമോ അല്ലയോ? നിങ്ങൾ പറയിൻ.

പാർവ്വതിഅമ്മ: അതു നിന്റെ വലിയമ്മാമൻ നിശ്ചയിക്കേണ്ടതല്ലേ കുട്ടാ. എനിക്ക് എന്തറിയാം. വലിയമ്മാമനല്ലേ നിന്നെ പഠിപ്പിച്ചത്; അദ്ദേഹം തന്നെ അവനേയും പഠിപ്പിക്കുമായിരിക്കും.

മാധവൻ : വലിയമ്മാമൻ പഠിപ്പിക്കാതിരുന്നാലോ?

പാർവ്വതിഅമ്മ: പഠിക്കേണ്ട

മാധവൻ : അതിനു ഞാൻ സമ്മതിക്കുകയില്ലാ.

പാർവതിഅമ്മ: കിണ്ണം ഇങ്ങോട്ടു തന്നേക്കൂ; ഞാൻ പോകുന്നു. ഉണ്ണാൻ വേഗം വരണേ.

***ഇന്ദുലേഖ***

## പഠനപ്രവർത്തനങ്ങൾ

‘‘ഈശ്വരകാരുണ്യം കൊണ്ടേ നിഷധേശ്വര
നിന്നെഞാൻ കണ്ടേൻ’’

ചാരോട്ടു കൊട്ടാരത്തിൽനിന്നും രണ്ടു നാഴിക വടക്കായി മാങ്കോയിക്കൽ എന്നൊരു ഗൃഹം കഴിഞ്ഞ ശതവർഷാരംഭത്തിൽ ഉണ്ടായിരുന്നു. ഈ ഭവനത്തിലെ നായകൻ ആ കരയ്ക്കു പ്രധാനിയും, പുരാതന കാലങ്ങളിലെ സൈനി

കനിയമപ്രകാരം ഒരു അടവിലേക്കു കുറുപ്പും ആയുള്ള ഇരവിപെരുമാൻ കണ്ടൻകുമാരൻ എന്നൊരാൾ ആണെന്ന് അക്കാലങ്ങളിൽ തെക്കൻ ദിക്കിലൊക്കെ പ്രസിദ്ധമായിരുന്നു ഇദ്ദേഹം. കറുത്തു ഗജവിഗ്രഹനായ ഒരു യോദ്ധാവും അതിസമർഥനായ കൃഷിക്കാരനും ആയിരുന്നു. കാലക്ഷേപത്തിന് ധാരാളം മുതൽ ഉണ്ടായിരുന്നു എന്നു മാത്രമല്ല, നാണയമായി സംഖ്യയില്ലാത്ത ദ്രവ്യം കൈയ്ക്കലുണ്ടെന്നു സമീപവാസികൾ ഗൂഢമായി പറയാറും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ അധീനതയിൽ ഒരു കളരിയും പോരാളികളായി കച്ച കെട്ടി അഭ്യസിപ്പിക്കപ്പെട്ട അനേകം നായന്മാരും ഉണ്ടായിരുന്നു. സമീപവാസികൾ ഒക്കെ ഇദ്ദേഹത്തെ ഒരു ഇടപ്രഭുവെപ്പോലെ വിചാരിച്ചു വന്നിരുന്നു. അഞ്ചെട്ടു നാഴിക സ്ഥലത്തിനകം ഉണ്ടാകുന്ന സകല വ്യവഹാരങ്ങൾക്കും അറുതിയായി മാങ്കോയിക്കൽ കുറുപ്പ് എഴുതുന്ന കണ്ടപത്രങ്ങൾക്ക് അഴിവ് തിരുമുമ്പിൽ ചെന്നാലുമില്ലായിരുന്നു.

മാർത്താണ്ഡവർമ്മ - സി.വി.രാമൻപിള്ള

കഥാപാത്രസൃഷ്ടിയിലും ആഖ്യാനരീതിയിലും സി.വി.രാമൻപിള്ളയും ചന്തുമേനോനും പുലർത്തുന്ന സവിശേഷതകൾ താരതമ്യം ചെയ്ത് ലഘു ഉപന്യാസം തയാറാക്കുക.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പരിവർത്തനവിധേയമായിക്കൊണ്ടിരുന്ന കേരളത്തിലെ സാമൂഹികാവസ്ഥയാണ് 'ഇന്ദുലേഖ'യുടെ പശ്ചാത്തലം - തന്നിരിക്കുന്ന പാഠഭാഗത്തെ ആധാരമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിച്ച് ലേഖനം തയാറാക്കുക.

## ചർച്ചാസൂചകങ്ങൾ

- മരുമക്കത്തായം
- കൂട്ടുകുടുംബവ്യവസ്ഥ
- ആധുനിക വിദ്യാഭ്യാസം
- സ്വാതന്ത്ര്യബോധം

- "ജേഷ്ഠനും അമ്മാവനും ഹിതമല്ലാത്തത് എനിക്കും ഹിതമല്ല" 19-ാം നൂറ്റാണ്ടിലെ സാധാരണസ്ത്രീയുടെ ശബ്ദമാണ് പാർവതിഅമ്മയുടേത് - ചർച്ചചെയ്യുക.
- സാമ്പ്രദായികമായ ജീവിത രീതിയിൽനിന്നും മാറിചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നായകകഥാപാത്രമാണ് ഇന്ദുലേഖയിലെ മാധവൻ. വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- ഇന്ന് ഭാഷയിൽ നിലവിലില്ലാത്ത സവിശേഷ പ്രയോഗങ്ങൾ ഇന്ദുലേഖയിൽനിന്ന് കണ്ടെത്തി വിശദീകരിക്കുക.
  സിദ്ധാന്തം കാണിക്കുക
  കാരണവർക്കു മുഷിഞ്ഞു

# കാട് വിളിക്കുന്നു

**പി.വത്സല**

*പുറം ലോകത്ത് നിന്ന് വന്നവർ കാടിനെയും അവളുടെ മക്കളെയും ചൂഷണം ചെയ്യുന്നു. അവരുടെ സ്വാർത്ഥതയ്ക്കിരയായി സ്വന്തം നില നില്പിനുവേണ്ടി അഹോരാത്രം പ്രകൃതിയുമായി മല്ലിടേണ്ടിവരുന്ന ഒരു പറ്റം നിസ്സഹായരായ മനുഷ്യരുടെ കഥയാണ് കൂമൻകൊല്ലി. ഈ നോവ ലിലെ ഒരു ഭാഗമാണ് കാട് വിളിക്കുന്നു.*

**പൂ**ങ്കുന്നത്തെ പുതിയ തൊഴുത്തിനു മുമ്പിൽ നിന്ന് കുങ്കൻ അതിനകത്തേക്കു നോക്കി. മഷിയെഴുതിയ കണ്ണുകൾ, കടഞ്ഞെടുത്ത കൊമ്പുകൾ, കൊഴുത്തു രുണ്ട പൂഞ്ഞ, രോമം മുറ്റിയ വാൽ, എണ്ണമൈലികൾ, നിരന്നങ്ങനെ നിൽക്കുന്നു. മുക്കുറ കേട്ടാൽ മൂക്കിൽ വലിച്ചുകയറ്റിക്കളയുന്ന മട്ടുണ്ട്.

കുങ്കൻ കാലിക്കോൽ നിലത്തൂന്നി നിലയുറപ്പിച്ചു. അവന്റെ നെറ്റിയിൽ വരകൾ തെളിഞ്ഞു. കുളിച്ചു കുറിയിട്ടു മുറ്റത്തിറങ്ങിയ ഗംഗാധരമാരാർ പറഞ്ഞു.

--- നിനക്കു സുഖമായി കുങ്കാ. ഇനി കാടുകേറേണ്ട.
കുങ്കൻ ഒരു വിളർത്ത ചിരിചിരിച്ചു.

--- ഏതായാലും വെളുത്തമുണ്ടു മാറ്റി വന്നതു നന്നായി. നിനക്കു പണിപിടി പ്പതുണ്ട്. കാലികളെ കുളിപ്പിക്കണം. അവയ്ക്കു പച്ചപ്പുല്ലരിഞ്ഞു കൊടു ക്കണം. കഞ്ഞിയും കാടിയും കൊടുക്കണം. പെറ്റാൽ കറക്കണം.
കുങ്കൻ മിണ്ടിയില്ല. ആരോ ആരോടോ പറയുന്നതു കേൾക്കുന്ന ഒരു വെറും കേൾവിക്കാരനായി കുങ്കൻ.

--- ആദ്യം ഒരു ചാക്കു പുല്ലരിഞ്ഞുകൊണ്ടുവരൂ. ഇന്ന് അവറ്റകൾക്കു രണ്ടു കന്നു വൈക്കോൽ മാത്രമാണു കൊടുത്തത്. എന്നിട്ടാവാം പുറത്തേക്ക് അഴിച്ചുകെട്ടൽ.
ഗംഗാധരൻ ഒരരിവാളും ചാക്കും മുറ്റത്തേക്കെറിഞ്ഞുകൊടുത്തു. ചത്തുകി ടക്കുന്ന ഒരു തവളയെ എന്ന മട്ടിൽ പുതിയ പണിയായുധങ്ങളെ ഒന്നു നോക്കീട്ട് കുങ്കൻ അവന്റെ പാട്ടിനുപോയി.
ചിന്നമ്മുബ്രാഹ്മണിയമ്മ അടുക്കളമുറ്റത്തിറങ്ങി വന്നു നീട്ടി വിളിച്ചു.

--- കുങ്കാ, വന്നു കാപ്പി കഴിച്ചിട്ടുപോ. ദോശ തിന്നിട്ടു പോ, കുങ്കൻ ആരുടെ വിളിയും കേട്ടില്ല.
ദൂരെ നിന്നു കാടു വിളിക്കുന്നു :
കുങ്കാ, വരൂ. ഇവിടെ എന്റെ മടിത്തട്ടിലേക്കു വരൂ.

കുങ്കന് ഉള്ളിൽ കരച്ചിൽ വന്നു. അവന്റെ ചുണ്ടുകൾ വിതുമ്മി. കാറ്റാടുന്ന കണ്ടങ്ങളിലൂടെ അവൻ അതിവേഗം നടന്നു. ഇടംവലം നോക്കിയില്ല. നനഞ്ഞ ഞാഞ്ഞൂൾപ്പുറ്റുകൾ കാൽക്കീഴിൽ ഞെരിഞ്ഞമർന്നു. കൂരിയാറ്റകൾ നടുവയലിൽ നിന്നു കൂട്ടത്തോടെ പറന്നകന്നു. പുഞ്ചയ്ക്കു വെള്ളം തേവുന്ന മാന്തിട്ട മാത്രം ടിക്-ടക്-ടിക്-ടക് എന്നു ശബ്ദിച്ചു.

ദൂരെ പൂങ്കുന്നം തൊഴുത്തിൽ വിശപ്പു കയറിയ കാലികൾ അമറി. കുങ്കൻ ഒരു നിമിഷം തിരിഞ്ഞുനോക്കി. പിന്നെ നടത്തത്തിനു വേഗത കൂട്ടി.

ഭാര്യ മാണിക്യത്തിന്റെ കാരണവർ പറഞ്ഞിരുന്നു. നന്നാഴി നെല്ലു കൊണ്ടുവരാൻ പറ്റില്ലെങ്കിൽ കുങ്കൻ സംബന്ധത്തിനു വരേണ്ട. നന്നാഴി നെല്ലിന്റെ മാത്രം വിലയുള്ള സംബന്ധം തനിക്കു വേണ്ട. കുങ്കൻ ഉറച്ചു. കാലിക്കു പുല്ലരിയാനും, കാലിയെ കുളിപ്പിക്കാനും കുങ്കനെ നോക്കേണ്ട!

പള്ളിയറ വയലിനുമീതെ എത്തിയപ്പോൾ കുങ്കൻ നിന്നു. പിറകിൽ കാട്. മുമ്പിൽ പള്ളിയറവയൽ. പള്ളിയറവയൽ കുങ്കന്റെ കാരണവന്മാരുടേതായിരുന്നു. മാനത്തേക്കു മിഴിയൂന്നി കുങ്കൻ ചോദിച്ചു; അമ്മേ, പള്ളിയറവയൽ ഞങ്ങൾക്കു തിരിച്ചുകിട്ടുമോ?

മാനത്തു വിളർത്ത മേഘങ്ങൾ സ്തംഭിച്ചു നിന്നു.

പള്ളിയറപ്പാടത്തിനു ചുറ്റും ഭരതന്റെ കൂലിക്കാർ വേലികെട്ടുകയാണ്. മുള്ളിലം നാട്ടി, മുൾപ്പരുത്തിക്കമ്പുകൾ ചേർത്തുവച്ച് നല്ല ഉയർന്ന വേലി. പൂച്ചയ്ക്കു കടക്കാനൊക്കില്ല. വേലിക്കകത്തു കറുത്ത മണ്ണ് വിളഞ്ഞുകിടക്കുന്നതു കുങ്കന്റെ കണ്ണിൽപ്പെട്ടു, മദിച്ചുവളരുന്ന കള. മുരിങ്ങയുടെ ചുവട്ടിൽ നിൽക്കുന്ന ഭരതൻ. ഭരതൻ പിന്തിരിഞ്ഞു നോക്കി കുങ്കൻ നോട്ടം പിൻവലിച്ചു. അവൻ കാലിവഴി താണ്ടി. കാട്ടിറമ്പിലൂടെ നടന്നു. കാടിന്റെ അകത്തെ ഞരമ്പുകളിലൂടെ അവൻ ഒഴുകി. അവന്റെ പിന്നിൽ താഴ്‌വരയിലെ വയലുകൾ ഭൂതകാലംപോലെ മാഞ്ഞുപോയി. മാന്തിട്ടയുടെ തേക്കുപാട്ടു കേൾക്കുന്നില്ല. ഈർച്ചവാളിന്റെ മൂർച്ചയുള്ള കാട്ടരുവിയിൽ കാലൂന്നിയപ്പോൾ അവൻ പുളകമണിഞ്ഞു. തണുത്ത കാറ്റ് കുങ്കനെ വാരിപ്പുണർന്നു. മട്ടിപ്പൂവിന്റെ മണംപരക്കുന്ന കാറ്റ് അവനെ താലോലിച്ചു. ഇലഞ്ഞിമരങ്ങൾ പൂക്കൾ വർഷിച്ചു.

ആഹ്ലാദത്തോടെ കുങ്കൻ മിഴികളുയർത്തി. വിളർത്ത ആകാശമില്ല. തോരണം തൂക്കിയ ഒരു വലിയ കല്യാണപ്പന്തൽ. നറുമണം വീശുന്ന ഇളം തെന്നൽ. പാടുന്ന കുയിലുകൾ. കുരവയിടുന്ന മലയണ്ണാൻ. കുലവിളക്കു തെളിയിച്ച കൊന്നകൾ. കുങ്കന്റെ ഉള്ളിൽ മയങ്ങിക്കിടക്കുകയായിരുന്ന കാമുകൻ ഉണർന്നു. അവന്റെ ഉദ്വേഗംപൂണ്ട മിഴികൾ ചുറ്റും പരതിനടന്നു. എവിടെ അവൾ? എന്റെ കറുത്ത കാട്ടുകന്യക എവിടെ?

ദിവസങ്ങളോളം കുങ്കൻ അലഞ്ഞുതിരിഞ്ഞു. കാടിന്റെ കൊട്ടാരത്തിനകത്ത്

രാവും പകലും ഭേദമില്ലായിരുന്നു. ഉദയാസ്തമയങ്ങൾ അവനെ പീഡിപ്പിച്ചില്ല. അനിർവചനീയമായൊരസ്വാസ്ഥ്യത അവന്റെ ഞരമ്പുകളിൽ പടർന്നുകയറി. അരുവികൾ മുറിച്ചു കടന്ന് കൂവക്കാടുകൾ വകഞ്ഞ്. പാറപ്പുറങ്ങൾ കയറി മറിഞ്ഞ്, മുൾക്കാടുകൾ മറികടന്ന്, മുളങ്കാടിന്റെ സംഗീതം കേട്ടുകൊണ്ട് അവൻ അലഞ്ഞുതിരിഞ്ഞു. ദൂരെ കാടിറങ്ങുന്ന കാലിക്കൂട്ടങ്ങളുടെ കഴുത്തിലണിഞ്ഞ മരമണികളുടെ ഒച്ചകേട്ടപ്പോൾ അവൻ ഒരുനിമിഷം ചെവിയോർത്തു നിന്നു. മലങ്കാരിദൈവത്തിന്റെ തിരുമുറ്റത്തെത്തിയപ്പോൾ കുങ്കനു വെളിപാടുണ്ടായി.

തെക്കേക്കുന്നു കയറിയിറങ്ങണം. പള്ളിയറപ്പാടത്തിന്റെ മാറിലൂടൊഴുകുന്ന അരുവി ഉത്ഭവിക്കുന്നത് തെക്കുഭാഗത്തുനിന്നാണ്. അവിടെയൊരു കൂറ്റൻ ചമ്പക വൃക്ഷമുണ്ട്. ചമ്പകം പൂത്ത മണം പള്ളിയറപ്പാടത്തെ തേടിവരാറുണ്ട്. മൂക്കുവിടർത്തി, ചെവിയോർത്ത് കുങ്കൻ ദേവിയുടെ തിരുമുറ്റത്ത് അനങ്ങാതെ നിന്നു. അവന്റെ നിശ്ചലമായ മിഴികൾക്കു മുമ്പിൽ, തുരുമ്പിച്ചു മണ്ണുപിടിച്ച, തേഞ്ഞൊടിഞ്ഞ കൂരമ്പുകളും ത്രിശൂലങ്ങളും കുന്നുകൂടിക്കിടന്നു. പഴയ ആയുധക്കൂമ്പാരത്തിൽനിന്ന് കുങ്കൻ ഒരു വാക്കത്തി കൈക്കലാക്കി.

ആനയറയിലേയും പള്ളിയറയിലേയും കുറിച്യന്മാർ ദേവിക്കു നിവേദിച്ച ആയുധക്കൂമ്പാരത്തിൽ അവന്റെ മിഴികൾ വീണ്ടും പരതി,

വക്കൊടിഞ്ഞ ഒരു തൂമ്പാ കിട്ടി.

വാക്കത്തിയും തൂമ്പയുമായി കുങ്കൻ തെക്കുഭാഗത്തേക്കു നടന്നു.

കാടിനു കനംകുറഞ്ഞു. പരന്നുകിടക്കുന്ന മുൾക്കാടുകൾക്കിടയിലൂടെ മുള്ളൻപന്നികൾ പാഞ്ഞുപോയി. മുയലുകൾ മിന്നൽപോലെ മറഞ്ഞു. ഇടംകൈയിൽ വാക്കത്തിയും വലംകൈയിൽ തൂമ്പയുമായി കുങ്കൻ ചൂരൽക്കാട്ടിൽ പന്നികളുടെ ഈറ്റില്ലങ്ങൾ കടന്നു പള്ളിയറത്തോടിന്റെ ഉത്ഭവസ്ഥാനത്തെത്തി.

തോട്ടരികിലെ പാറപ്പുറത്തേറിയിരുന്നു. വാക്കത്തിയും തൂമ്പയും താഴെവെച്ചു. കണങ്കാലുകളിൽ കടിച്ചു തൂങ്ങുന്ന ചീർത്ത അട്ടകളെപ്പറിച്ച് അരുവിയിലേക്കെറിഞ്ഞു.

കാട്ടുമുല്ലയുടെ പരിമളമേന്തിയ കാറ്റ് കുങ്കനെ ആശ്വസിപ്പിച്ചു. വെള്ളത്തിൽ വീണുകിടക്കുന്നു, പൂത്ത ചമ്പകച്ചില്ല. അവൻ ഉയരങ്ങളിലേക്കു മിഴിയോടിച്ചു. നിറന്ന പൂങ്കുലകളേന്തിയ വൃക്ഷത്തെ വന്ദിച്ചുകൊണ്ട് കുങ്കൻ പറഞ്ഞു.

— ഇതാ ഞാൻ വന്നിരിക്കുന്നു!

കൈക്കുടന്നയിൽ അരുവിവെള്ളം കോരിയെടുത്തു വയർ നിറയെ കുടിച്ചു. പാറപ്പുറത്തുനിന്നു വാക്കത്തിയെടുത്തു. ഒരു കാട്ടുകാഞ്ഞിരം കണ്ടെത്തി. തൂമ്പയ്ക്ക് തായ മുറിച്ചു. ചെത്തിയുഴിഞ്ഞു. തായയുറപ്പിച്ച തൂമ്പയേന്തി കുങ്കൻ കൂവക്കാട്ടിലിറങ്ങി. നിരന്ന മലഞ്ചെരിവു കയറി. ഉയരത്തിൽ നിന്നു നോക്കി.

ഇതുതന്നെ. പള്ളിയറകുറിച്യരുടെ തറവാട് ഇവിടം തന്നെ. ദൂരെ, വൃക്ഷങ്ങളുടെ ശിഖരങ്ങൾക്കു മീതെ, അവന്റെ മിഴികൾ പറന്നുപോയി. പള്ളിയറപ്പാടം ഒരു കൊച്ചുമരതകക്കുളം പോലെ കണ്ണിൽ തെളിഞ്ഞു. ഈയലുകളെപ്പോലെ അനങ്ങുന്ന മനുഷ്യർ.

— വയൽ നിങ്ങൾ തട്ടിയെടുത്താലും ഈ കാട് എന്റേതാണല്ലോ!

പാറപ്പുറത്തിരുന്നു കുങ്കൻ മയക്കത്തിൽ മുങ്ങി. നിദ്രയുടെ ആഴങ്ങളിലേക്ക് ആണ്ടുപോയി. ആഴങ്ങളിൽ കിടന്നു കൺമിഴിച്ചപ്പോൾ അങ്ങു ദൂരെ ഭൂതത്താൻ മലയിലിരിക്കുന്ന ഭഗവതി നാലു കൈയും നീട്ടുന്നതു കണ്ടു. ഒന്നാമത്തേത് പള്ളിയറ അരുവി. രണ്ടാമത്തേത് ഇതാ ഈ പാറയിലുയരുന്ന നീരുറവ. മൂന്നാമത്തെ കൈ പാപനാശിനി. നാലാമത്തേതു കാണുന്നില്ല. ഇടതൂർന്ന കൊടുംകാടിന്റെ ചതുപ്പുകളിൽ തന്റെ നഷ്ടമായ മക്കളെത്തേടുകയാവാം.

പൊടുന്നനെ ഉയരത്തിൽ നിന്ന് അശരീരി കേൾക്കുന്നു.

— ഒരു കൈ എന്നേ അറ്റുപോയി. നിന്റെ ഒരു താവഴിയിലെ മക്കൾ തുലഞ്ഞുപോയി. പള്ളിയറവയൽ അന്യാധീനപ്പെട്ടില്ലേ, അന്ന്?

കുങ്കൻ ഞെട്ടിയുണർന്നു. കൈകൾ നിവർത്തുകുടഞ്ഞു. കൈപ്പത്തികൾ ചേർത്തുവച്ച് ഉറ്റുനോക്കി. പൂങ്കുന്നത്തെ തൊഴുത്തിനു പിറകിലെ ചാണകക്കുഴിയുടെ വക്കത്തെന്നോ ഉപേക്ഷിക്കപ്പെട്ട ഒരു തേഞ്ഞ തൂമ്പയല്ല താനെന്ന് സ്വയം ബോദ്ധ്യപ്പെടുത്തി.

മുമ്പിൽ കാണപ്പെട്ട തുറസ്സായ സ്ഥലം കുങ്കനെ ആഹ്ലാദിപ്പിച്ചു. ചുറ്റും വേലികെട്ടിനിൽക്കുന്ന മുളങ്കാട്. നടുക്കൊരു കോളിമരം, ഉയരം കുറഞ്ഞ ശോഷിച്ച പൊന്തകൾ വെട്ടിമാറ്റി. തോട്ടുവക്കത്തു വളർന്നു നിന്ന കാപ്പിച്ചെടികൾ പിഴുതെടുത്തുകൊണ്ടുവന്നു.

തേഞ്ഞ തൂമ്പകൊണ്ടു മണ്ണിൽ ആഞ്ഞുവെട്ടി.

ങ്ഹേ!

കുങ്കൻ പുരികം ചുളിച്ചു.

വീണ്ടും വീണ്ടും ആഞ്ഞുവെട്ടി

മണ്ണിന്റെ ഉൾക്കളത്തിൽ നിന്നു പരിഹാസച്ചിരി ഉയരുന്നു. പാറയിൽ തട്ടിയ തൂമ്പ ഒടിഞ്ഞുപോയി. തുറസ്സായ മണ്ണിന്റെ മാറിലൂടെ കുങ്കന്റെ നിരാശപൂണ്ട കണ്ണുകൾ പതറിനടന്നു. അവസാനം, നീയൊരു മച്ചിയായിരുന്നോ? ശേഖരിച്ചുവെച്ചിരുന്ന കാപ്പിത്തൈകൾ മരിച്ചുപോയി. കൂനിപ്പിടിച്ച് കോളിമരച്ചോട്ടിലിരുന്നു. ഉറക്കത്തിനും ഉണർച്ചയ്ക്കുമിടയിൽ മയങ്ങി. കാട്ടരുവി ഒരു നേർത്ത തേങ്ങലോടെ പ്രയാണം തുടർന്നു.

അവനു ദാഹിക്കുന്നുണ്ടായിരുന്നു; വിശക്കുന്നുണ്ടായിരുന്നു. പക്ഷേ, അനങ്ങാൻ കഴിഞ്ഞില്ല.



ഏകാന്തതയുടെ നീലക്കയത്തിലേക്ക് ആണ്ടാണ്ടു പോകവേ, ആരോ ചുമലിൽ ആഞ്ഞുപിടിക്കുന്നു.

കുങ്കന്റെ പതറിയ നോട്ടത്തിനു മുമ്പിൽ കൃഷ്ണൻനമ്പീശൻ പ്രത്യക്ഷപ്പെട്ടു. നമ്പീശൻ അവനെ സൂക്ഷിച്ചുനോക്കി:

— നീയിവിടെയായിരുന്നോ കുങ്കാ?

കുങ്കൻ തലയാട്ടി.

— നീ ചത്തെന്നു കരുതി കരഞ്ഞിരിക്കുകയാ നിന്റെ മാണിക്യം.

കുങ്കൻ അപ്പോഴും തലയാട്ടി.

— നീയിവിടെ കാട്ടിന്നകത്ത് എന്തു ചെയ്യുന്നു?

— എനിക്കു കൃഷിചെയ്യണം.

**കൂമൻകൊല്ലി**

## പഠനപ്രവർത്തനങ്ങൾ

- കെമ്പിയെ കൂട്ടിവരുംവഴി ജെവരൻ ചോദിച്ചു. 'കെമ്പീ നീ എങ്ങോട്ടാണെന്നും പായ്ന്നത്? ആരാണു നിന്നെ കാട് കേറ്റുന്നത്?'

'ഒറക്കം കിട്ടാതെ കിടക്കുമ്പൊ കാർണോമ്മാര് വന്ന് വിളിയ്ക്കാ..... അവര് പറയും, കെമ്പീ ഇതിലും നല്ല ലോകം കാടിനാത്തൊണ്ടന്ന്. ഒറക്കം കിട്ടാതെ കിടക്കുമ്പൊ കാർണോമ്മാര് വന്ന് വിളിക്കാം... അങ്ങങ്ങ് കാട്ടില് നക്ഷത്രങ്ങൾ കായ്ക്കുന്ന മരമുണ്ട്. മരത്തിനരികെ കാട്ടുപൂക്കൾടെ മണംനിറഞ്ഞ പുഴയുണ്ട്. ആ പൊഴയിൽ മുങ്ങ്യാലും മുങ്ങ്യാലും മതിവരൂലാ. മത്യായി കേറ്യാലോ സൂര്യഭഗവാൻ ഇറങ്ങി വന്ന് തൊട്ടു തലോടി ഒറക്കും. പിന്നെ ചന്ദ്രഭഗവാൻ വന്ന് വിളിച്ചാലേ ഒറക്കം തെളിയൂ. ഒറക്കം തെളിഞ്ഞാലോ ചന്ദ്രഭഗവാൻ വെള്ളിതൊട്ടിലിൽ കിടത്തി താരാട്ട് പാടിപ്പാടി വീണ്ടും ഒറക്കും'.

**മാവേലി മൻറം - കെ.ജെ.ബേബി**

കാട്ടിലേക്ക് മടങ്ങാനുള്ള തീവ്രമായ മോഹമാണ്' 'കാടു വിളിക്കുന്നു' എന്ന പാഠഭാഗത്തിലെ കുങ്കനും 'മാവേലിമൻറ'ത്തിലെ കെമ്പിയും പ്രകടിപ്പിക്കുന്നത് - ഈ ത്വരയെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- 'കാട് വിളിക്കുന്നു' എന്ന പാഠഭാഗത്തിലെ ഭാഷാപ്രയോഗത്തിന്റെ സൗന്ദര്യാംശങ്ങൾ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുക.
- "പൂങ്കുന്നത്തെ തൊഴുത്തിന് പിറകിലെ ചാണകക്കുഴിയുടെ വക്കത്തെന്നോ ഉപേക്ഷിക്കപ്പെട്ട ഒരു തേഞ്ഞ തൂമ്പായല്ല താനെന്ന് സ്വയം ബോധ്യപ്പെടുത്തി" ഈ വാക്കുകളിലൂടെ വെളിപ്പെടുന്ന കുങ്കൻ എന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- പ്രകൃതിപശ്ചാത്തലത്തിൽനിന്നും സ്വാഭാവികമായി ഉണർന്നുവരുന്ന ജൈവികത മുറ്റിയ കഥാപാത്രമാണ് കുങ്കൻ. ഈ അഭിപ്രായം പരിശോധിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.

# പ്രഥമസായാഹ്നം

**ടി.വി.കൊച്ചുബാവ**

*വൃദ്ധന്മാരല്ല, വാർദ്ധക്യം ഒരു രോഗമോ ശാപമോ ആകുന്ന വ്യവസ്ഥയുടെ കാവൽക്കാരാണ് വൃദ്ധസദനം പണിയുന്നത്. പുറംലോകത്തിലെ താല്പര്യങ്ങളും ഇടപെടലുകളുമാണ് അവിടത്തെ അന്തേവാസികളുടെ ക്രിയകൾക്കും നിഷ്ക്രിയതകൾക്കും കളമൊരുക്കുന്നത്. വൃദ്ധസദനത്തിൽ ഉപേക്ഷിക്കപ്പെട്ട സിറിയക് ആന്റണിയുടെ പ്രഥമ സായാഹ്നമാണ് പാഠഭാഗം*

എനിക്കാരോടും വിട പറയാനാവില്ല.

ആരോടും എന്ന വാക്കുമൂലം സാറ തെറ്റിദ്ധരിച്ചിട്ടുണ്ടാവില്ലെന്നു കരുതുന്നു. ആൾക്കൂട്ടത്തിലൊരാളല്ലല്ലോ എനിക്ക് സാറ. പൊരുത്തക്കേടുകളുണ്ടെന്ന് അവൾ ചൂണ്ടിക്കാണിച്ചാലും എനിക്കത് സുഗന്ധം പരത്തുന്ന നിറ സൗഹൃദമാണ്. ഒറ്റപ്പെട്ട, ഏകാന്തമാക്കപ്പെട്ട എന്റെ രുചികളിലേക്ക് കടന്നു വന്നവൾ സാറ –

എത്ര അനുഭൂതിദായകമായ വാചകമാണ് ഉപയോഗിച്ചതെന്നു നോക്കിയാട്ടെ. വിട പറയുന്ന, ഹൃദയം കദനത്താൽ തൂങ്ങുന്ന നിമിഷത്തിൽ ഇത്തരം വാചകങ്ങളുടെ പ്രസക്തി ഒന്നു വേറെ തന്നെ. ആത്മബന്ധങ്ങൾക്കിടയിലും ഔപചാരികതയ്ക്ക് വിശിഷ്ട സ്ഥാനങ്ങളുണ്ട്; ഇല്ലെന്നൊക്കെ നിഷേധിച്ചാലും.

വിട പറയാൻ പ്രത്യേകിച്ചൊന്നുമുണ്ടായിരുന്നില്ല. എന്നെ ഒന്നുഴിഞ്ഞുനോക്കിയതിനുശേഷം, ഒരു തലയാട്ടലോടെ സാറ കാറിൽ കയറി ഓടിച്ച് വെയിലിൽ പോയി മറഞ്ഞു. അത്രമാത്രം. നാളെ വരാം – അവൾ പറഞ്ഞില്ല. ഒരാഴ്ച കഴിഞ്ഞ് വരാം പൊന്നേ – അവൾ പറഞ്ഞില്ല. വരാം, ഉടനെ വരാം പ്രിയപ്പെട്ടവനേ– അവൾ മൃദുവായി അങ്ങനെ എന്തെങ്കിലുമൊന്നു പറഞ്ഞിരുന്നെങ്കിൽ .... എന്റെ വിറയ്ക്കുന്ന വിരലിൽ കൊരുത്തുപിടിച്ച്, പതുക്കെപ്പതുക്കെ അകന്നകന്നുപോയിട്ട്, വിരലിലെ ആ സ്പർശം ബാക്കി നിറുത്തിയിട്ട് കാറിൽ കയറിയിരുന്നെങ്കിൽ....

വളരെ വികാരാധീനനായിപ്പോയിരിക്കുന്നു ഞാൻ. ഇവിടംവരെ എന്നെ എത്തിച്ചതടക്കം കുഴപ്പം പിടിച്ച ഈ രീതിയാണെന്നേ. സാറ ചെയ്തത് ഔചിത്യമുള്ള നടപടിയാണെന്നു വിചാരിക്കാനുള്ള വിവേകംപോലും എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. സമചിത്തതയോടെ കാര്യങ്ങൾ വിലയിരുത്തിയാട്ടെ; അവൾക്കു പിരിഞ്ഞുപോയേ തീരൂ. അവൾ മറ്റൊരാളായിരിക്കെ പ്രത്യേകിച്ചും. സദനത്തിന്റെ നിയമമനുസരിച്ചും പോയേ തീരു. ജനനസർട്ടിഫിക്കറ്റിൽ എനിക്ക് 55.

അവൾക്ക് 30. വൃദ്ധസദനം എന്ന തലക്കെട്ടിനാണ് പ്രാധാന്യം മനസ്സിലായോ? തലക്കെട്ടിന്.

മനസ്സിലാവുന്നുണ്ട്. വൃത്തിയായി അലങ്കരിച്ച ഈ കൊച്ചുമുറിയിലെ വൈകുന്നേരത്തിലേക്ക് നോക്കിയിരുന്ന് വ്യക്തമായ കാഴ്ചപ്പാടോടെ എനിക്ക് ചിന്തിക്കാനാവുന്നുണ്ട്. സാറ പൊടുന്നനെ കാറിൽ കയറിപ്പോയതിൽ മര്യാദകേടൊന്നും ഇപ്പോൾ ഞാൻ കാണുന്നില്ല. വിടപറയാൻ അവൾക്കുമുണ്ടാകുമല്ലോ സങ്കടം. കൂടുതൽ നാടകീയമാക്കാൻ അവസരം കൊടുക്കാതെ അവൾ നിഷ്ക്രമിച്ചു. അതിനു മുമ്പേ എനിക്കു പതിച്ചുതന്നിട്ടുള്ള മുറികാണാൻ അവൾ വന്നില്ലേ. എത്ര ശുഷ്കാന്തിയോടെയാണ് മുറിയുടെ പ്രത്യേകതകൾ നോക്കി മനസ്സിലാക്കി അവൾ എന്നെക്കൂടി ബോധ്യപ്പെടുത്തിയത്. എന്നോടുള്ള ആഴമേറിയ താത്പര്യം അതിലൂടെ ഉൾക്കൊള്ളാതെപോയത് എന്റെ കഴിവുകേട്.

അവൾ ഒരു ഗൈഡിനെപ്പോലെ, അതല്ലെങ്കിൽ സദനം ഡയറക്ടറെപ്പോലെ എനിക്ക് വിവരിച്ചുതന്നു:

"പരസ്യത്തിൽ പറഞ്ഞമാതിരിത്തന്നെ. എത്ര വായുസഞ്ചാരമുള്ള മുറി. ചുമരുകൾ വെളുത്ത പെയിന്റടിച്ചത്. ജനാല തുറക്കുമ്പോൾ കുന്നുകൾ. കുന്നുകൾക്കപ്പുറം കടലാണെന്ന് തോന്നുന്നു. ഈ മുറിയിലെ തറയോടുകൾ നോക്കിയാട്ടെ. രസകരമായ ഡിസൈൻ.  നേരം പോയിക്കിട്ടാൻ അതിലേക്കു നോക്കി കിടന്നാലും മതി. ഓ, നിങ്ങളൊരു ഭാഗ്യവാനാണേ–"

അപ്പോഴേക്കും സദനം ഡയറക്ടറും വന്നു. ഞങ്ങൾ വന്നു കയറിയ നേരത്ത് അയാളുണ്ടായിരുന്നില്ല. ഓഫീസ് വക രേഖകൾ ശരിയാക്കിയത് ക്ലാർക്ക് ഹരിദാസനായിരുന്നു. എല്ലാം കാലേക്കൂട്ടി തയാറാക്കി വെച്ചിരുന്നു. അതിൽ സാറയുടെ ചില ഒപ്പുകൾ. അത്രമാത്രം.

ഒരു കുള്ളനായിരുന്നു ഡയറക്ടർ. പ്രായം തിട്ടപ്പെടുത്താനൊക്കാത്ത മുഖപ്രകൃതിയും, ശരീരഘടനയും. കണ്ണുകളുടെ ഇടുങ്ങിയ താഴ്ച ഒരു കൊള്ളക്കാരനെ ഓർമിപ്പിച്ചു. പക്ഷേ  ഈ സദനത്തിന്റെ രൂപമാതൃകയിൽ അയാൾ കാണിച്ചിരിക്കുന്ന ചാതുര്യം പ്രശംസിച്ചേ തീരൂ. സൗമ്യ മധുരമായി കാശൂറ്റിയെടുക്കുക എന്നതാവാം പുതിയ കച്ചവടതന്ത്രം. ഇയാളും ഇവിടെയുള്ള അന്തേവാസികളും അക്ഷരവിരോധികളാണെന്ന് ഞാൻ തറപ്പിച്ചു പറയും. കിട്ടിയ പഴുതിൽ ഞാൻ വായനശാലയിൽ കയറി നോക്കിയിരുന്നു. ഒരിടുക്കുമുറി. അലമാരകളിൽ മാറാലയും ചിലന്തികളും. ചിലന്തികളെ നോക്കിയിരുന്ന് ചരിത്രം പഠിക്കാമെന്നാവാം.

"ഞാൻ ഇർവാദീസ്'.' ഡയറക്ടർ എനിക്കും സാറയ്ക്കും കൈതന്നു. ഒരു

മാന്യന്റെ ലക്ഷണമൊത്ത ഗാംഭീര്യം ഇക്കാര്യത്തിലയാൾ പ്രദർശിപ്പിച്ചു. എന്നിട്ട് ബാൾപെന്നിന്റെ ടോപ്പിൽ കടിച്ചുപിടിച്ച് ഞങ്ങളുടെ പേപ്പറുകൾ സശ്രദ്ധം പഠിക്കാൻ തുടങ്ങി. സാറ ഏല്പിച്ചിരുന്ന കവർ പൊട്ടിച്ച്, ഓഫർ ചെയ്ത സംഖ്യയുടെ ചെക്കാണെന്നു ബോധ്യപ്പെട്ട് കൂടുതൽ ഉന്മേഷവാനും അതിഥിസൽക്കാരതത്പരനുമായി. ഉടനടി അയാൾ ഒരു ഗംഭീര നിർദേശം കൊടുത്തു – സ്റ്റാഫിനോടെല്ലാം അവിടെ എത്തിച്ചേരാൻ.

“ഇതൊന്നും ഇവിടെ പതിവില്ലാത്തതാണ്. കുറച്ചു ദിവസം ഇടപഴകുമ്പോൾ എല്ലാരും താനേ പരിചയക്കാരാവുംന്നേ. പക്ഷേ, നിങ്ങളങ്ങനെയല്ലല്ലോ.... ഇത് നിർമല, ഇത് കത്രീന, ഇത് സൂസൻ, ഇത് കാവേരി – നേഴ്സസ്. ഇത് ഓഫീസ് സ്റ്റാഫ് ഹരിദാസൻ. ഇനിയുള്ളവർ നിങ്ങൾ പരിചയപ്പെടേണ്ടവരല്ല. തൂപ്പുകാർ, തോട്ടം സൂക്ഷിപ്പുകാർ, കുശിനിക്കാർ അങ്ങനെ. അവരെല്ലാം പുറത്ത്, പുറത്ത് മാത്രം.”

എങ്ങോട്ടോ തിരക്കിട്ടു പോകുന്നത്ര വേഗതയിൽ അയാൾ പറഞ്ഞു തീർത്തു.

“എല്ലാവർക്കും പോകാം”

അയാൾ വാതിലിനടുത്ത് വന്നുനിന്നിരുന്ന നിർമല, കത്രീന, സൂസൻ, കാവേരിമാരോട് കല്പിച്ചു. ബഹുമാനം കലർന്ന തലയാട്ടലോടെ ആ വെളുത്ത സുന്ദരികൾ നിഷ്ക്രമിച്ചതും അയാൾ ഹരിദാസനുനേരെ ക്ഷോഭത്തോടെ ഫയൽ തുറന്നു പിടിച്ചു.

“നീ ഇവരുടെ ഫോൺ നമ്പരെഴുതാൻ വിട്ടുപോയിരിക്കുന്നു”.

ഹരിദാസൻ വിളറി, വിരണ്ടു.

“നമ്മുടെ ബഹുമാന്യനായ ഈ അതിഥിക്ക് എന്തെങ്കിലും സംഭവിച്ചുവെന്നിരിക്കട്ടെ. ഫോൺ നമ്പറില്ലെങ്കിൽ എങ്ങനെ അറിയിക്കും. ഒരാളെ വിട്ട് അറിയിച്ചു വരുമ്പോഴേക്കും അല്ലെങ്കിൽ ടെലിഗ്രാം കിട്ടി വരുമ്പോഴേക്കും ചിലപ്പോൾ..”

അവിടെവെച്ച് അയാൾ നിറുത്തിയതു നന്നായി. ഇല്ലായിരുന്നെങ്കിൽ ഞാനയാളെ വല്ലതും ചെയ്തുപോയേനെ. ദേഷ്യംകൊണ്ടായിരുന്നില്ല ഞാൻ വിറച്ചത്. ഭയന്നായിരുന്നില്ല വിളറിയതും. എന്റെ മരണത്തെക്കുറിച്ചാണ്, അതെ അതു തന്നെയാണ്, ഞാൻ കേൾക്കെ വളരെ നിസ്സാരമായി അയാൾ പറഞ്ഞിരിക്കുന്നത്. അയാളുടെ വാക്കിൻപുറത്ത് ഞാൻ ചത്തു ചീഞ്ഞു കിടക്കുകയാണ്. ഫോൺനമ്പർ വാങ്ങാൻ ഓഫീസ് ജീവനക്കാരൻ മറന്നതുകൊണ്ട് എന്റെ ജഡം സ്വീകരിക്കാനിതുവരെ സാറ എത്തിച്ചേർന്നിട്ടില്ല. നിമിഷം തോറും ജഡം വീർത്തു വരികയാണ്. സാറയുടെ പേർക്കയച്ച ടെലിഗ്രാം കേബിൾ തകരാറു നിമിത്തം കൈപ്പറ്റിയിട്ടില്ല.

അറപ്പോടെ, ഉൾവിറയലോടെ കണ്ണടച്ചങ്ങനെ നിന്നു. അനാഥമായ ആ മൃതദേഹത്തെയെടുത്ത് സ്വയം കുഴിവെട്ടി ഞാൻ മറവു ചെയ്തുകളഞ്ഞു. അതോടെ ഞാൻ യാഥാർഥ്യത്തിലേക്കും വന്നു.

അപ്പോൾ വളരെ ആഗ്രഹത്തോടെ സാറയെ നോക്കിനിന്ന് ഡയറക്ടർ ഇർവാദീസ് സദനത്തിന്റെ പൊടുന്നനെയുണ്ടായ വളർച്ചയെപ്പറ്റിയും താമസിയാതെ പണിയാൻ പോകുന്ന എക്സ്റ്ററൻഷനെപ്പറ്റിയും പറയുകയായിരുന്നു. ഹരിദാസൻ പോയിക്കഴിഞ്ഞിരിക്കുന്നു. അവൻ ഫോൺനമ്പർ കുറിച്ചെടുത്തിരിക്കണം.

“നിങ്ങളെപ്പോലുള്ള ഉദാരമതികളാണ് ഞങ്ങളുടെ വിജയം.” ഡയറക്ടർ വിശാലമായി ചിരിച്ചുകാണിച്ചു. നിങ്ങളെപ്പോലുള്ള എന്നതിന് ഊന്നൽ കൊടുത്തുകൊണ്ട് അയാൾ പ്രേമപൂർവം സാറയെ നോക്കി; സാറയും.

വളരെ സൂക്ഷിച്ച് വാക്കുകളുപയോഗിക്കുന്ന പ്രകൃതക്കാരനായിത്തോന്നി ഡയറക്ടർ. അയാൾ, അയാൾക്കുപകാരമുള്ള കാര്യങ്ങൾ മാത്രം സംസാരിച്ചു. അല്ലെങ്കിൽ അയാൾക്ക് ഒരു കൗശലനീക്കത്തിലൂടെ സാറയെ പരിഹസിച്ച് ചമ്മന്തിയാക്കിക്കളയാമായിരുന്നു.

— ആട്ടെ, ഈ വൃദ്ധൻ നിങ്ങളുടെ ആരാണ് എന്നൊന്നും ചോദിച്ചില്ലല്ലോ.

അയാളുടെ ഈയൊരു അന്വേഷണം മതി സാറ പൊട്ടക്കിണറ്റിലേക്കു വീണുപോകാൻ. ആലോചിക്കാൻ രസമുണ്ട്. സാറയുടെ മറുപടി എന്തായിരിക്കും. ഓ, ഇതോ... ഇതെന്റെ  ഒരു... ഒരു ബന്ധു.

ഹേയ്. ഒരിക്കലുമില്ല. അവൾ അത്രയൊന്നും തരംതാഴില്ല. ഭൂമിയിലെ മുഴുവൻ നന്മയും വറ്റിയെന്നൊന്നും ഞാൻ വിശ്വസിക്കുന്നില്ല. അവൾ അഭിമാനപൂർവം പറയും: ഇതെന്റെ ഭർത്താവാണ്. മറിച്ച്, ബന്ധുവാണെന്നാണ് അവൾ പറയുന്നതെങ്കിൽ തീർച്ചയായും അതിൽ ബുദ്ധിപൂർവകമായ ഒരു വസ്തുത കാണും. ഉറപ്പ് -

“അപ്പോ, ശരി ഞാൻ ഫോൺ വിളിക്കാം ഇടയ്ക്കിടെ.” സാറ ഇർവാദീസിന്റെ കൈ പിടിച്ചു കുലുക്കി. ഞാനക്കാര്യം പ്രത്യേകം ശ്രദ്ധിച്ചു. എത്ര ഊഷ്മളമായ വിടപറച്ചിൽ! ശേഷം എന്നെ ഒന്നുഴിഞ്ഞു നോക്കി ഒരു തലയാട്ടലോടെ അവൾ സ്റ്റെപ്പുകളിറങ്ങി മുറ്റത്ത് പാർക്കു ചെയ്തിട്ടിരുന്ന കാറിലേക്ക്.

പൊടുന്നനെ ഓർമ വന്നിട്ടായിരിക്കണം ഇർവാദീസ് സാറയോട് വിളിച്ചു പറഞ്ഞു:

“ഒരു സന്തോഷവാർത്ത വിട്ടുപോയതിൽ ക്ഷമിക്കണം. നേരത്തേ മുറി ബുക്കു ചെയ്തിട്ടിരുന്ന മറ്റേ കക്ഷി മനോരോഗാശുപത്രിയിൽവെച്ചു മരിച്ചുപോയി. ഇനി

നിങ്ങളുടെ ഈ മാന്യവൃദ്ധന് ജീവിതകാലം മുഴുവൻ സസുഖം ആ മുറിയിൽ കൂടാം. നിങ്ങൾക്ക് സമാധാനത്തോടെ പോകാം.”

നിങ്ങളുടെ ഈ മാന്യവൃദ്ധൻ. നിങ്ങളുടെ ഭർത്താവ് എന്നല്ല. അവളുടെ ഭർത്താവായി എന്നെ ഇയാൾ അംഗീകരിക്കുന്നേയില്ല. ശരിയാവില്ല. ഇയാളും ഞാനും തമ്മിൽ ഒത്തുപോകുമെന്നേ തോന്നുന്നില്ല....

അയാൾ പറഞ്ഞവസാനിപ്പിച്ചതും സാറ കുരിശു വരയ്ക്കുന്നതു കണ്ടു. കൊന്നു കളഞ്ഞ ആ വൃദ്ധനു വേണ്ടിയോ? ജീവിതകാലം മുഴുവൻ കഴിയാൻ എനിക്കൊരു മുറി പതിച്ചു തന്ന ദൈവത്തിനു വേണ്ടിയോ?

*വൃദ്ധസദനം*

## പഠനപ്രവർത്തനങ്ങൾ

- ‘നിഷ്ക്കരുണമായ ഉപേക്ഷിക്കലിനെപ്പോലും സുന്ദരലോകത്തേക്കുള്ള വഴിയായി ചിത്രീകരിക്കുന്ന കാപട്യം പുതിയ കാലത്തിന്റെ മുഖമുദ്രയാണ്’– ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി പാഠഭാഗത്തെ വിശകലനം ചെയ്ത് സ്വാഭിപ്രായം സ്ഥാപിക്കുക.
- ‘നിങ്ങളെപ്പോലുള്ള ഉദാരമതികളാണ് ഞങ്ങളുടെ വിജയം’ ‘അയാളുടെ വാക്കിൻ പുറത്ത് ഞാൻ ചത്തുചീഞ്ഞു കിടക്കുകയാണ്’. തന്നിരിക്കുന്ന വാക്യങ്ങളിലെ ധ്വന്യാത്മകത അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.
- ‘ഇതൊന്നും ഇവിടെ പതിവില്ലാത്തതാണ്’ – പതിവില്ലാത്ത ഈ സ്വീകരണത്തിന്റെ കാരണം പരിശോധിക്കുക.
- കഥാപാത്രനിരൂപണം തയാറാക്കുക.

  സിറിയക് ആന്റണി<br>
  സദനം ഡയറക്ടർ (ഇർവാദിസ്)
- വൃദ്ധസദനത്തിന്റെ ആഖ്യാനപരമായ സവിശേഷതകൾ എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാറിൽ അവതരിപ്പിക്കുന്നതിനുള്ള പ്രബന്ധം തയാറാക്കുക.

*സൂചനകൾ :*

- ആത്മഗതത്തിലൂടെയുള്ള കഥപറയൽ
- മറ്റ് കഥാപാത്രങ്ങളെക്കുറിച്ച് പറയുമ്പോഴും കേന്ദ്രകഥാപാത്രത്തിന്റെ മാനസികഭാവങ്ങൾക്ക് നൽകുന്ന ഊന്നൽ.
- ആക്ഷേപഹാസ്യം

# പഞ്ചവർണ്ണക്കിളി

**ഒ. വി. വിജയൻ**

*'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ കഥാപാത്രമായ അപ്പുക്കിളി രൂപം കൊണ്ട അനുഭവപരിസരം വിവരിക്കുകയാണ് ഒ. വി. വിജയൻ പഞ്ചവർണ്ണക്കിളി എന്ന ലേഖനത്തിൽ.*



**മു**ത്തച്ഛൻ വിക്ടോറിയ കോളേജിൽ പഠിച്ചിരുന്ന കാലത്ത് കോളേജിലെ തോട്ടപ്പണി നോക്കിയിരുന്ന ഒരു കുടുംബമുണ്ടായിരുന്നു. അതിലെ ഒരംഗമായിരുന്നു അപ്പുക്കിളി. പേർ അപ്പുക്കിളിയെന്നുതന്നെ. അഞ്ചമ്മമാരുടെ മകൻ, പൊട്ടൻ, കൊഞ്ഞൻ. വിദ്യാർത്ഥിയായിരുന്ന മുത്തച്ഛൻ അയാളെ കാണുമ്പോൾ അപ്പുക്കിളിക്ക് നാല്പതോ നാല്പത്തഞ്ചോ വയസ്സുണ്ട്. ഖസാക്കിലെ അപ്പുക്കിളിയെപ്പോലെയല്ല രൂപവും പ്രകൃതവും. കാഴ്ചയ്ക്ക് അംഗവൈകല്യമില്ലാത്ത മനുഷ്യൻ. മാനസികമായ വയസ്സ് ഒരു കുട്ടിയുടേതാകയാൽ ഈ വലിയ മനുഷ്യനായ അപ്പുക്കിളി കുട്ടികളുടെ കൂടെ തുമ്പി പിടിച്ചു കളിച്ചുവെന്നു മാത്രം. കോളേജിന്റെ പരിസരങ്ങളിൽ അപ്പുക്കിളി അന്ന് ഒരു പരിചിതസാന്നിദ്ധ്യമായിരുന്നുവത്രേ. ഞാൻ കോളേജിൽ പഠിയ്ക്കുമ്പോഴും തോട്ടപ്പണി നോക്കിയിരുന്നത് അപ്പുക്കിളിയുടെ കുടുംബക്കാർ തന്നെയായിരുന്നു. ഗാർഡനർ മുത്തുവേട്ടൻ എന്റെ ഇതിഹാസ ശൃംഖലയിൽ എത്രകണ്ട് വിലപ്പെട്ട ഒരു കണ്ണിയായിരുന്നുവെന്ന് ഞാൻ അന്ന് മനസ്സിലാക്കിയിരുന്നില്ല.

ഖസാക്കിന്റെ ഇതിഹാസം മനസ്സിൽ രൂപംകൊള്ളുന്നതിന് എത്രയോ മുമ്പു തന്നെ അപ്പുക്കിളിയെക്കുറിച്ച് ഒരു കഥയെഴുതാൻ ഞാൻ തുനിഞ്ഞിരുന്നു. പരുക്കനായ ഒരു ഫലിതകഥ. ഭാഗ്യമെന്നു പറയട്ടെ, ആ കഥ മുഴുമിയ്ക്കപ്പെട്ടില്ല, അതിന്റെ കുറിപ്പുകൾപോലും നഷ്ടപ്പെട്ടുപോയി. 1956 ൽ എഴുതിത്തുടങ്ങിയ ഇതിഹാസത്തിന്റെ ആദ്യരൂപത്തിലും അപ്പുക്കിളി ഫലിത കഥാപാത്രമായിരുന്നു.

പക്ഷേ, അപ്പുക്കിളിയെ സംബന്ധിക്കുന്ന രണ്ടു പ്രധാന സത്യങ്ങൾ ഇവിടെ കണക്കിലെടുക്കണമെന്നു തോന്നുന്നു. ഒന്ന് അപ്പുക്കിളിയെന്ന പേര് ഒരു കഥാകൃത്തിനും സൃഷ്ടിച്ചെടുക്കാൻ സാദ്ധ്യമല്ല. രൂഢിയായ ഒരു ശബ്ദരൂപമാണ് അത്. അപ്പുക്കിളി മുന്നേ സൃഷ്ടിക്കപ്പെട്ടിരുന്നു. കഥാകൃത്ത് അവനെ തേടിപ്പിടിയ്ക്കാൻ, അവനെ പ്രാപിക്കാൻ, അർഹനാകുക എന്നതായിരുന്നു പ്രശ്നം. രണ്ട്, ഭൗതികമായ വാർപ്പിൽനിന്ന് ഭൗതികേതരമായ മറ്റൊരു വാർപ്പിലേക്കുള്ള ഇതിഹാസ സംക്രമണത്തിന്റെ സചിത്രത അപ്പുക്കിളിയിലാണ് ഏറ്റവുമധികം തെളിയുന്നത്. പക്ഷേ, അപ്പുക്കിളിയുടെ മിസ്റ്റിക്കൽ ഫ്രെയിം പൊടുന്നനെ ഉരുത്തിരിഞ്ഞിരിയ്ക്കാൻ സാദ്ധ്യതയില്ല. അപ്പുക്കിളിയെ ഫലിതപാത്രമായി സങ്കല്പിയ്ക്കുമ്പോഴും പിന്നീട് മായികരൂപമായി പുതുക്കുമ്പോഴും, ആ ദശാന്തരങ്ങളിലത്രയും തന്നെ, എന്റെ കുട്ടിക്കാലത്തെ പഞ്ചവർണ്ണക്കിളി ഉപബോധമനസ്സിൽ ചേക്കയിരുന്നിരിയ്ക്കണം. വളർച്ചയെത്തിയ മനുഷ്യന്റെ അത്ഭുതങ്ങളേക്കാൾ ഗൂഢവും സമ്പന്നവുമാണ് കുട്ടിയുടെ അത്ഭുതങ്ങൾ.

അങ്ങനെ, എന്റെ കുട്ടിക്കാലത്തുനിന്നേ ഞാൻ അപ്പുക്കിളിയുടെ ആവിർഭാവത്തിന് തയ്യാറാറെടുക്കുകയായിരുന്നു. പിൽക്കാലങ്ങളിൽ അപ്പുക്കിളിയ്ക്ക് ഒരു തിയൊളജി കൈവരുകയുണ്ടായി. പുസ്തകവൈമുഖ്യത്തിന്റെ ദൈവശാസ്ത്രം. ഞാൻ എന്നും ഒരു പുസ്തകപ്രേമിയായിരുന്നില്ല. എന്നാൽ, അങ്ങിങ്ങ് കണ്ണിൽപ്പെട്ട, മനസ്സിൽ ഊന്നിയ, വാക്കുകളും വരികളും എന്നെ ഗാഢമായി സ്വാധീനിച്ചിരുന്നു. ഇന്നും സ്വാധീനിയ്ക്കുന്നു. ഒരു മഹാഗ്രന്ഥം ധ്യാനിച്ചു തുറക്കുമ്പോൾ, നിമിത്തങ്ങളറിയാൻ രാമായണം തുറക്കുന്നതുപോലെ തുറക്കുമ്പോൾ, ഈ വാക്കോ വരിയോ കണ്ണിൽപ്പെടുന്നു. ഗുരുസന്ദേശമാണ് അത്. അതു കിട്ടിക്കഴിഞ്ഞാൽ ഗ്രന്ഥത്തിന്റെ ആവശ്യം കഴിഞ്ഞു. ഞാൻ കമ്പോടുകമ്പു വായിച്ച ഗ്രന്ഥങ്ങളുടെ എണ്ണം നന്നേ കുറയും.

ഒരപ്പുക്കിളിയായാണ് ഞാനെന്റെ കലാലയജീവിതത്തിലൂടെ കടന്നുപോയത്. എന്റെ അദ്ധ്യാപകരുടെ പ്രഗല്ഭ വചനങ്ങൾ ഒരു കാതിലൂടെ കടത്തി മറ്റേ കാതിലൂടെ പുറത്തേയ്ക്കു വിട്ട ഒരു പൊട്ടൻ. അപ്പുക്കിളി പഠിച്ച ഒരേയൊരു അക്ഷരം 'ഠ' കാരമായിരുന്നുവല്ലോ. ഖസാക്കിലെ സിദ്ധൻ ആ അക്ഷരം ബോർഡിലും നിലത്തും ചുമരിലും വാതിലിലുമൊക്കെ കളർച്ചോക്കുകൊണ്ട് എഴുതിവെച്ചു. ഖസാക്കിൽ നിന്ന്:

> "ഖകമേ," മാധവൻനായർ പറഞ്ഞു, "നീയ് നൊമ്പടെ ദേശത്തിന്റെ മാനം രക്ഷിച്ചു.... കിളിയ്ക്ക് പുത്തിയ്ണ്ടോ ഇല്ല്യോ? നിങ്ങളെന്നെ പറയീ, മാഷ്ഷേ, പത്തുകൊല്ലം നുമ്പേ ഞാൻ പട്പ്പിച്ച് കൊടുത്ത താണീ അക്ഷരം. ഇപ്പള്ം മറക്കാണ്ട് എഴ്തീലേ പുത്തിശാലീ!"

"നേരോ!" രവി പറഞ്ഞു.

മാധവൻ നായർ ചാരുകസേരയിലേയ്ക്ക് കേറിക്കിടന്നു. ചുമരിൽ കുത്തിനിർത്തിയ തലയിണയിൽ ചാരി ബെഞ്ചിൽ കാലു നീട്ടി രവിയുമിരുന്നു. പച്ചയും നീലയും ചുകപ്പുമായി 'ഠ'കാരങ്ങൾ അവിടമാസകലം വിതറിക്കിടന്നു.

"ഒരക്ഷരം പടിച്ചാ മതി," മാധവൻനായർ പറഞ്ഞു.

"നേരാ," രവി പറഞ്ഞു. രവി നേരമ്പോക്കു പറയുകയായിരുന്നില്ല.

അപ്പുക്കിളിയുടെ ആദ്യചരിത്രം പറഞ്ഞുവല്ലോ. എന്നാൽ ഖസാക്കിലെ അപ്പുക്കിളിയ്ക്ക് രൂപം നൽകിയത് എന്റെ സമകാലീനനായ ഒരു വ്യക്തിയാണ്. ഞങ്ങളുടെ വീട്ടിൽ ഒരു വേലക്കാരിയുണ്ടായിരുന്നു. സൗന്ദര്യമില്ലെങ്കിലും കൗതുകം തോന്നിയ്ക്കുന്നൊരു ശരീരത്തിന്റെ ഉടമസ്ഥയായ കല്യാണിയച്ചി. ഞാൻ കോളേജിൽ പഠിപ്പിയ്ക്കുമ്പോൾ അവരുടെ മകനായ വേലാണ്ടിയ്ക്ക് ഇരുപതു വയസ്സായിരുന്നിരിക്കണം. എന്നാൽ, നാലു വയസ്സിന്റെ മാനസികവളർച്ചമാത്രം. വളർച്ചയെത്തിയ ഉടലിൽ നന്നെ കുറുകിയ കൈകാലുകൾ. അശ്വമുഖത്ത് സദാ പച്ചച്ചിരി. വേലാണ്ടി പാലക്കാട് കൊപ്പം അംശത്തിലുള്ള അവന്റെ വീട്ടിലില്ലെങ്കിൽ വിക്ടോറിയ കോളേജിന്റെ പടിയ്ക്കലോ സമീപത്തുള്ള കടകളുടെ മുമ്പിലോ കാണും. അവൻ സദാ ഉച്ചരിച്ച ഒരു വചനമുണ്ടായിരുന്നു. "അമ്മാ, അമ്മാ, ദാ അപ്പൻ!" പെൺകുട്ടികളോടാണ് അത് പറയുക, അവർക്കെതിരെ ആൺകുട്ടികൾ നടന്നുവരുമ്പോൾ ആരെയും പരിഹസിയ്ക്കാനല്ല വേലാണ്ടി അതു പറഞ്ഞത്, പൊട്ടന്റെ നൈർമ്മല്യത്തിൽ പരിഹാസത്തിന് ഇടമില്ലല്ലോ.

പിന്നെ ആ പറഞ്ഞതിന്റെ പൊരുളെന്തായിരുന്നു? പൊട്ടന്റെ മനസ്സിൽ തെളിഞ്ഞ ദർശനമെന്തായിരുന്നു? പ്രകൃതീപുരുഷന്മാരുടെ സങ്കലനമോ ശക്തീശിവന്മാരുടെ പ്രചണ്ഡനൃത്തമോ? തിട്ടമതാർക്കറിയാം?

ആ രഹസ്യവും കൊണ്ട് വേലാണ്ടി കടന്നുകളഞ്ഞു. ഒരു റോഡപകടത്തിൽ മരിച്ചെന്ന് ആരോ എന്നോടു പറഞ്ഞു. വേലാണ്ടി തിരിച്ചുവരും, ബുദ്ധിയുടേയും വളർച്ചയുടേയും കടം വീട്ടാൻ. മറ്റുള്ളവരും തിരിച്ചുവരും. ആ കലാലയത്തിൽ പഠിച്ചു പുറത്തു കടന്ന വിദ്യാർത്ഥികളും, ഇതെഴുതുന്ന കഥാകൃത്തും. നമ്മുടെ യാരുടേയും ജാതകങ്ങൾ മോക്ഷജാതകങ്ങളല്ല. എന്നാൽ ഈ അപൂർണ്ണതയറിയാതെ നാമെല്ലാവരും നമ്മടെ ബഹുലപ്രസന്നതകളിൽ മുഴുകിക്കറങ്ങുന്നു.

അപൂർണ്ണതയിലേയ്ക്കു നോക്കി അതിനെ അറിഞ്ഞുകൊണ്ട് പൊട്ടൻ ജനിമൃതികളുടെ സന്ധ്യയിൽ തനിച്ചു നിന്നു.

കരിമ്പനകളുടെ ചക്രവാളത്തിൽ സന്ധ്യ കറുത്തു തുടങ്ങിയിരുന്നു. പച്ചക്കിളികൾ കൂട്ടം ചേർന്നു പറന്നു പോവുന്നതും നോക്കി അപ്പുക്കിളി പടിയ്ക്കൽ നിന്നു.

"ഈ ക്ളിയ്ക്ക് എന്നും അന്തിയാണ്, മാഷ്ഷേ," മാധവൻനായർ പറഞ്ഞു, "എന്നാലോ കൂടൊട്ട് പറ്റൂമില്ല"

"ആർം കൂട് പറ്റാറില്ല, മാധവന്നായരേ"

"നേരാ മാഷ്ഷേ"

അപ്പോഴും, അസ്തമയത്തിലൂടെ പനന്തത്തകളുടെ ധനുസ്സുകൾ പറന്നകന്നുകൊണ്ടിരുന്നു.

***ഇതിഹാസത്തിന്റെ ഇതിഹാസം***

## പഠനപ്രവർത്തനങ്ങൾ

- അപ്പുക്കിളി എന്ന കഥാപാത്രത്തിന്റെ പിറവി എഴുത്തുകാരൻ വിശദീകരിക്കുന്നതെങ്ങനെയെന്ന് ചുരുക്കി വിവരിക്കുക.
- വളർച്ചയെത്തിയ മനുഷ്യന്റെ അത്ഭുതങ്ങളേക്കാൾ ഗൂഢവും സമ്പന്നവുമാണ് കുട്ടിയുടെ അത്ഭുതങ്ങൾ - വിശകലനം ചെയ്യുക.
- എം. ടി. യുടെ 'ഒരു കഥ ജനിക്കുന്നു' എന്ന രചനാനുഭവക്കുറിപ്പിലെ ചില ഭാഗങ്ങളാണ് താഴെ നൽകിയിരിക്കുന്നത്.

അലസതയുടെ ആതിഥ്യം സ്വീകരിച്ചുകൊണ്ട് കസേരയിൽ വളഞ്ഞൊടിഞ്ഞു കിടക്കുന്ന നേരത്താണ് അപ്രതീക്ഷിതമായി ഒരു കഥയുടെ ആശയം മനസ്സിലേക്ക് കടന്നു വരുന്നത്. വെറുതെ കിടക്കുമ്പോൾ പലതും ആലോചിക്കുന്നു. കണ്ടതും കേട്ടതുമായ പല സംഭവങ്ങളും ഓർത്തുപോകുന്നു. നിശ്ശബ്ദമായി കരയുകയും വേദനയോടെ മന്ദഹസിക്കുകയും ചെയ്ത നിമിഷങ്ങൾ ഹൃദയത്തിൽ വീണ്ടും ഉയിർത്തെഴുന്നേറ്റുവരും. അല്ലെങ്കിൽ ചില വ്യക്തികൾ മനസ്സിലേക്കു കടന്നുവരുന്നു. വ്യക്തികൾ മാറി അവരുടെ സ്ഥാനത്ത് കഥാപാത്രങ്ങളെ ഉടൻ കാണാൻ കഴിഞ്ഞേക്കും. അങ്ങനെ മനസ്സ് ഒരു പ്രക്ഷുബ്ധമായ അവസ്ഥയിൽ എത്തുന്നു. ആ കെട്ടുപാടുകളിലേക്കു പൂർണ്ണമായും കടന്നു ചെന്നുകഴിഞ്ഞാൽ മുമ്പ് തീരെ ആലോചിക്കാതിരുന്ന ഒരു കഥ എന്റെ മനസ്സിൽ രൂപം കൊള്ളുന്നു. എന്റെ കഥകളിൽ അധികവും അങ്ങനെ ഉണ്ടായതാണെന്നു തോന്നുന്നു.

എന്റെ ഗ്രാമത്തെപ്പറ്റി ആലോചിച്ചിരിക്കുമ്പോൾ തറവാട്ടിൽനിന്ന് പണ്ട് ഭാഗിച്ചുപോയ ഒരു താവഴിയിലെ ആത്മഹത്യ ചെയ്ത ഒരു മീനാക്ഷിയേടത്തിയെ ഓർത്തു. അവർക്കു ചുറ്റുമായി അല്പസമയം മനസ്സ് സഞ്ചരിച്ചു. മാനസികമായ അദ്ധ്വാനമൊന്നും കൂടാതെ എളുപ്പത്തിൽ ഒരു കഥ എഴുതി. 'കുട്ട്യേടത്തി'.

***കാഥികന്റെ പണിപ്പുര - എം.ടി***

ഈ രണ്ടെഴുത്തുകാരുടെയും രചനാനുഭവങ്ങളിലെ സമാനതകളും വ്യത്യസ്തതകളും താരതമ്യംചെയ്ത് കുറിപ്പ് തയാറാക്കുക. സമാനമായ അനുഭവക്കുറിപ്പുകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

## പഠനാനുബന്ധ പ്രവർത്തനങ്ങൾ

- ഇന്ദുലേഖ, കൂമൻകൊല്ലി, വൃദ്ധസദനം എന്നീ നോവലുകളെ അടിസ്ഥാനമാക്കി നടത്തുന്ന സെമിനാറിൽ അവതരിപ്പിക്കാൻ അവയുടെ ഇതിവൃത്തം, ഭാഷ, ആഖ്യാനരീതി എന്നിവ നോവലുകളെ എങ്ങനെ ശ്രദ്ധേയമാക്കുന്നു എന്ന് വ്യക്തമാക്കുന്ന പ്രബന്ധം തയാറാക്കുക.
- നിങ്ങൾ വായിച്ചിരിക്കാനിടയുള്ള ചില പത്രവാർത്താ ശീർഷകങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. സമകാലിക സമൂഹത്തിന് വൃദ്ധരോടുള്ള സമീപനമാണോ ഇത്തരം വാർത്തകൾ പ്രതിഫലിപ്പിക്കുന്നത്? ഈ വിഷയത്തെ അടിസ്ഥാനമാക്കി ഒരു ചർച്ച സംഘടിപ്പിച്ച് റിപ്പോർട്ട് തയാറാക്കുക.

| |
|---|
| ഗുരുവായൂർക്ഷേത്ര പരിസരത്തിൽ വൃദ്ധദമ്പതികളെ ഉപേക്ഷിച്ച് ബന്ധുക്കൾ അപ്രത്യക്ഷരായി. |
| വൃദ്ധമാതാവിനെ നായക്കൂട്ടിൽ അടച്ചു. |
| 95 വയസ്സായ മാതാവിനെ ചവറ്റുകൂനയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. |

- ഒരു കഥാപാത്രത്തിൽതന്നെ ഒന്നിലധികം മനുഷ്യജീവിതങ്ങളുടെ രസാംശങ്ങളുണ്ട്, എഴുത്തുകാരന്റെ ആത്മാംശവും. അപ്പുക്കിളിയെ വിശകലനംചെയ്ത് വിശദീകരിക്കുക.
- അപ്പുക്കിളി എന്ന കഥാപാത്രത്തിന് നോവലിസ്റ്റ് നല്കിയ നിഗൂഢഭാവത്തിന്റെ പൊരുൾ എന്താവാം? ഉചിതങ്ങളായ അഭിപ്രായങ്ങൾ ശേഖരിച്ച് കുറിപ്പാക്കുക
- അപ്പുക്കിളി എന്ന കഥാപാത്രം രൂപംകൊണ്ടത് സംഘചർച്ചകളിലൂടെ വാങ്മയചിത്ര / ചിത്രകഥാരൂപത്തിൽ ആവിഷ്കരിക്കുക.
- ഇന്ദുലേഖയിലെ മാധവൻ, കൂമൻകൊല്ലിയിലെ കുങ്കൻ എന്നീ കഥാപാത്രങ്ങളെ താരതമ്യംചെയ്ത് മാറിവരുന്ന നോവൽ സങ്കല്പത്തെക്കുറിച്ച് ഒരു പ്രബന്ധം തയാറാക്കുക.

**പ്രയോഗങ്ങൾ അർത്ഥപരിഷ്കാരങ്ങൾ**

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

- നിന്റെ വാക്ക് കുറേ <u>കവിഞ്ഞു.</u>
- കാരണവർ <u>പറഞ്ഞു.</u>
- ഇതാ ഞാൻ <u>വന്നു.</u>

- നിന്റെ വാക്ക് കുറേ <u>കവിഞ്ഞുപോയി.</u>
- കാരണവർ <u>പറഞ്ഞിരുന്നു.</u>
- ഇതാ ഞാൻ <u>വന്നിരിക്കുന്നു.</u>

അടിവരയിട്ട പദങ്ങളുടെ സവിശേഷത എന്ത്? അവ വാക്യാർഥത്തെ സ്വാധീനിക്കുന്നുണ്ടോ? ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക. സമാനമായ പ്രയോഗങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി പ്രത്യേകത വിശദീകരിക്കുക.

പ്രത്യയങ്ങളൊന്നും ചേരാതെ നിൽക്കുന്ന പദത്തിന്റെ സ്വാഭാവികരൂപമാണ് ധാതു. ധാതുവിന്റെ അർഥത്തെ പരിഷ്ക്കരിക്കാൻ ധാതുവിന്റെ പിന്നാലെ പ്രയോഗിക്കുന്ന മറ്റൊരു ധാതുവിനെയാണ് 'അനുപ്രയോഗം' എന്നുപറയുന്നത്.

അനുപ്രയോഗത്തിനു മുമ്പുള്ള ക്രിയക്ക് 'പ്രാക്പ്രയോഗം' എന്നു പറയുന്നു. മറന്നുപോയി എന്നതിൽ 'മറന്നു' പ്രാക്പ്രയോഗം 'പോയി' അനുപ്രയോഗം. ധാതുവിനോട് അനുപ്രയോഗം ചേർക്കുമ്പോൾ ആ ധാതുവിന് സവിശേഷാർത്ഥം കൈവരുന്നു.

| നൈപുണികൾ | പൂർണമായും | കുറച്ച് |
|---|---|---|
| പ്രമേയം, ആഖ്യാനരീതി എന്നിവയെ അടിസ്ഥാനപ്പെടുത്തി കഥയും നോവലും തമ്മിലുള്ള വ്യത്യാസം തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ എനിക്ക് കഴിയും. | | |
| മലയാള നോവൽസാഹിത്യത്തിന് വിവിധ കാലഘട്ടങ്ങളിലുണ്ടായ പരിണാമം ഞാൻ സാമാന്യമായി മനസ്സിലാക്കിയിട്ടുണ്ട്. | | |
| സാമൂഹ്യപ്രശ്നങ്ങൾ നോവലിലൂടെ എങ്ങനെ അവതരിപ്പിക്കുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. | | |
| നോവലിലെ കഥാപാത്ര സൃഷ്ടിയുടെ രസതന്ത്രം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. | | |
| നോവൽ വായിച്ച് ആസ്വാദനം തയാറാക്കാൻ എനിക്ക് കഴിയും. | | |

## തുടർവായനയ്ക്ക്

| | |
|---|---|
| നോവൽസാഹിത്യം | - എം.പി.പോൾ |
| നോവൽ സിദ്ധിയും സാധനയും | - പി.കെ.ബാലകൃഷ്ണൻ |
| ചന്തുമേനോൻ ഒരു പഠനം | - പി.കെ.ബാലകൃഷ്ണൻ |
| നോവൽസാഹിത്യചരിത്രം | - ഡോ.കെ.എം.തരകൻ |
| നായകസങ്കല്പം മലയാള നോവലിൽ | - ഡോ. ജോർജ് ഓണക്കൂർ |
| ചരിത്രനോവൽ മലയാളത്തിൽ | - ഡോ. കല്പ്പറ്റ ബാലകൃഷ്ണൻ |
| മാറുന്ന മലയാളനോവൽ | - കെ.പി. അപ്പൻ |
| വേരുകൾ | - മലയാറ്റൂർ രാമകൃഷ്ണൻ |
| അരനാഴികനേരം | - പാറപ്പുറത്ത് |
| ഓരോ പ്രോനോബിസ് | - പോഞ്ഞിക്കര റാഫി |
| ഗോവർദ്ധന്റെ യാത്രകൾ | - ആനന്ദ് |
| അന്ധകാരനഴി | - ഇ. സന്തോഷ്കുമാർ |
| കൊച്ചരേത്തി | - നാരായൻ |

## എഴുത്തുകാർ

### ഒയ്യാരത്ത് ചന്തുമേനോൻ



മലയാള നോവൽ രംഗത്തെ കുലപതികളിൽ ഒരാളായ ചന്തുമേനോൻ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ 1847 ൽ ജനിച്ചു. മുൻസിഫ്, ജഡ്ജി എന്നീ നിലകളിൽ ഔദ്യോഗികരംഗത്ത് സേവനമനുഷ്ഠിച്ചു. 1889 ൽ പ്രസിദ്ധീകരിച്ച ഇന്ദുലേഖയാണ് അദ്ദേഹത്തിന്റെ ആദ്യകൃതി. രണ്ടാമത്തെ കൃതിയായ 'ശാരദ' എഴുതി പൂർത്തീകരിക്കുന്നതിനു മുമ്പ് 1899 ൽ അദ്ദേഹം അന്തരിച്ചു.

## പി.വത്സല



സാമൂഹ്യ പ്രശ്നങ്ങളെ ഹൃദയസ്പർശിയായി ആവിഷ്ക്കരിക്കുന്ന എഴുത്തുകാരി. 1938 ൽ കോഴിക്കോട്ട് ജനിച്ചു. അധ്യാപികയായിരുന്നു. കേരളസാഹിത്യ അക്കാദമി പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു. നിഴലുറങ്ങുന്ന വഴികൾ, ആഗ്നേയം, നെല്ല്, കൂമൻകൊല്ലി തുടങ്ങിയവയാണ് പ്രധാന കൃതികൾ. 1976 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് 'നിഴലുറങ്ങുന്ന വഴികൾ'ക്ക് ലഭിച്ചു.

## ടി.വി. കൊച്ചുബാവ



തൃശ്ശൂർ ജില്ലയിലെ കാട്ടൂരിൽ 1955 ൽ ജനിച്ചു. നോവൽ, ചെറുകഥ, വിവർത്തനം എന്നീ വിഭാഗങ്ങളിലായി 23 കൃതികൾ പ്രസിദ്ധപ്പെടുത്തി. ഒന്നങ്ങനെ ഒന്നിങ്ങനെ, വീടിപ്പോൾ നിശ്ശബ്ദമാണ്, ഭൂമിശാസ്ത്രം, പ്രച്ഛന്നം, അവതാരിക ഭൂപടങ്ങൾക്ക്, വില്ലന്മാർ സംസാരിക്കുമ്പോൾ, പ്രാർഥനകളോടെ നില്ക്കുന്നു, കഥയും ജീവിതവും ഒന്നായിത്തീരുന്നതിനെപ്പറ്റി, വൃദ്ധസദനം, പെരുങ്കളിയാട്ടം, വിരുന്നുമേശയിലേക്ക് നിലവിളികളോടെ തുടങ്ങിയവ പ്രധാന കൃതികൾ. വൃദ്ധസദനത്തിന് ചെറുകാട് അവാർഡും (1995) കേരളസാഹിത്യ അക്കാദമി അവാർഡും (1996) ലഭിച്ചു. 1999 നവംബർ 25ന് അന്തരിച്ചു.

## ഒ.വി.വിജയൻ

മലയാള നോവൽ, ചെറുകഥാസാഹിത്യത്തിൽ നവീന ഭാവുകത്വം സൃഷ്ടിച്ച എഴുത്തുകാരൻ. പാലക്കാട് ജില്ലയിലെ മങ്കരയിൽ 1931 ൽ ജനിച്ചു. ഔദ്യോഗികജീവിതത്തിന്റെ തുടക്കം കോളേജ് അധ്യാപകനായാണ്. തുടർന്ന് ശങ്കേഴ്സ് വീക്കിലിയിൽ കാർട്ടൂണിസ്റ്റ്. പാട്രിയട്ട്, മെയിൻസ്ട്രീം, ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യ, മാതൃഭൂമി തുടങ്ങിയ പ്രശസ്ത പത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. ഖസാക്കിന്റെ ഇതിഹാസം, മധുരംഗായതി, പ്രവാചകന്റെ വഴി, ഗുരുസാഗരം, തലമുറകൾ, ധർമ്മപുരാണം തുടങ്ങിയ നോവലുകളും വിജയന്റെ കഥകൾ, കടൽത്തീരത്ത് തുടങ്ങിയ ചെറുകഥാ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്. 2005 മാർച്ച് 30 ന് അന്തരിച്ചു.



**കെ.സുരേന്ദ്രൻ**



നോവലിസ്റ്റ്, നിരൂപകൻ, ജീവചരിത്രകാരൻ എന്നീ നിലകളിൽ പ്രശസ്തനായ കെ.സുരേന്ദ്രൻ 1922 ഫെബ്രുവരി 22-ന് കൊല്ലത്ത് ഓച്ചിറയിൽ ജനിച്ചു. നോവൽ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്ന നോവൽസ്വരൂപം, കുമാരനാശാൻ, ടോൾസ്റ്റോയിയുടെ കഥ, ദസ്തയോവ്സ്കിയുടെ കഥ എന്നീ ജീവചരിത്രങ്ങൾ താളം, കാട്ടുകുരങ്ങ്, മായ, മരണം ദുർബ്ബലം, ഗുരു എന്നീ നോവലുകൾ ബലി, അരക്കില്ലം, അനശ്വര മനുഷ്യൻ തുടങ്ങിയ നാടകങ്ങൾ, ജീവിതവും ഞാനും എന്ന ആത്മകഥ എന്നിവയാണ് പ്രധാന കൃതികൾ. ഗുരു എന്ന കൃതിയ്ക്ക് വയലാർ അവാർഡ് ലഭിച്ചു.

നാല്

# സിദ്ധാന്തപർവം

## ആമുഖം

അതിവിദൂരഭൂതകാലം മുതൽ ഭാരതത്തിലും പാശ്ചാത്യരാജ്യങ്ങളിലും സാഹിത്യസൃഷ്ടികളെപ്പറ്റി ആഴമേറിയ സൗന്ദര്യാത്മകപഠനങ്ങൾ നടന്നുവന്നിരുന്നു. പൗരസ്ത്യസാഹിത്യ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ധ്വനിപഠനവും പാശ്ചാത്യസാഹിത്യലോകത്തെ കാൽപ്പനികപ്രവണത വിശകലനം ചെയ്യുന്ന സംവാദവും ധ്വനി പഠനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്താവുന്ന ഒരു കവിതയുമാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികൃഷ്ണമാരാരുടെ 'ധ്വനി ധ്വനി' എന്ന പാഠഭാഗം പൗരസ്ത്യസാഹിത്യദർശനം അടുത്തറിയാനും, എം.അച്യുതന്റെ 'വേർഡ്സ്‌വർത്ത് - കോള്റിഡ്ജ് സംവാദം' പാശ്ചാത്യസാഹിത്യത്തിലെ കാൽപനിക പ്രവണതകൾ അറിയാനും, സിസ്റ്റർ മേരീബനീഞ്ഞയുടെ 'വിഭാതവിഭൂതി' എന്ന രചന കവിതയിലെ ധ്വന്യാത്മകത തിരിച്ചറിയുന്നതിനും സഹായകമാണ്

### പഠനനേട്ടങ്ങൾ

- പാശ്ചാത്യപൗരസ്ത്യസിദ്ധാന്തങ്ങൾ പരിചയപ്പെട്ട് കുറിപ്പുകൾ തയാറാക്കുന്നു.
- വേഡ്സ്‌വർത്ത്, കോളറിഡ്ജ് തുടങ്ങിയവരുടെ കാവ്യദർശനങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുന്നു.
- ധ്വനി സിദ്ധാന്തം ഉൾക്കൊണ്ട് പഠനക്കുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു.
- വിഭാതവിഭൂതി എന്ന കവിതയിൽ പ്രഭാതത്തെ ധ്വന്യാത്മകമായി അവതരിപ്പിക്കുന്നതു കണ്ടെത്തി പ്രബന്ധം തയാറാക്കുന്നു.

*"അപാരേ കാവ്യസംസാരേ*
*കവിരേവ പ്രജാപതിഃ*
*യഥാസ്മൈ രോചതേ വിശ്വം*
*തഥേദം പരിവർത്തതേ"*

ധ്വന്യാലോകം - ആനന്ദവർദ്ധനൻ

(അപാരമായ കാവ്യസംസാരത്തിൽ (പ്രപഞ്ചത്തിൽ) കവി തന്നെയാണ് പ്രജാപതി (സ്രഷ്ടാവ്). അയാൾ ചുറ്റും കാണുന്ന പ്രപഞ്ചത്തെ തന്റെ ഹിതമനുസരിച്ച് പരിവർത്തന വിധേയമാക്കുന്നു.)

കാവ്യലോകത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കുന്ന ശൃംഖലയിലെ കണ്ണികളാണ് കവി - കവിത - സഹൃദയൻ. ചർച്ച ചെയ്യുക.

# ധ്വനി - ധ്വനി

**കുട്ടികൃഷ്ണമാരാര്**

നാട്ടിൻപുറത്തൊരു കൊച്ചുവീട്, പകൽ മങ്ങിത്തുടങ്ങി. പറവകൾ കൂകിക്കൊണ്ട് കൂടുകളിലേക്കു തിരിക്കുകയായി. ആ വീട്ടിനകത്ത്, പടിഞ്ഞാറേ ജനലിലൂടെ വരുന്ന ഇളംതുടുപ്പാർന്ന ചെറുവെളിച്ചത്തിരുന്ന് ഒരു പെൺകിടാവ് ഒരു കൈലേസിലെ തയ്യൽവേല മുഴുമിക്കാൻ കിണയുകയാണ്. ഒരു യുവകവി കണ്ടാൽ പറയും, "ഇന്നു വൈകുന്നേരം അമ്പലത്തിൽ തൊഴുതുമടങ്ങുമ്പോൾ കാണാൻ നിശ്ചയിച്ച തന്റെ കാമുകന്നുള്ള പ്രേമോപഹാരമാവാം അത്". അങ്ങനെയാവാം!

ഈ സമയത്ത് അങ്ങടുക്കളയിൽ അത്താഴപ്പണികളിൽ മിനക്കെട്ടിരിക്കുന്ന അമ്മ വിളിച്ചു പറയുന്നു: "മോളേ, അന്ത്യാവാറായീട്ടോ!" ഇതു കേട്ട ഉടനെ ആ പെൺകിടാവു പെട്ടെന്നെഴുന്നേറ്റു തയ്യൽസ്സാമാനങ്ങൾ ഒതുക്കിവെച്ച്, പോയി കാലും മുഖവും കഴുകി, നിലവിളക്കെടുത്ത് എണ്ണയൊഴിച്ചുതിരിയിട്ടു കൊളുത്തി 'ദീപം, ദീപം' എന്നു പറഞ്ഞുകൊണ്ടു പുറത്തേക്കു വരുന്നു.

അവളീച്ചെയ്തതു മുഴുവൻ 'മോളേ, അന്ത്യാവാറായീട്ടോ' എന്ന അമ്മയുടെ വാക്കിൽനിന്ന് ഒരർഥം മനസ്സിലാക്കിയിട്ടാണെന്നു വ്യക്തം. പക്ഷേ, ആ വാക്കുകൾക്കു പദവാക്യപ്രമാണപ്രകാരം 'കാൽ കഴുകി വിളക്കു കൊളുത്തിക്കാണിക്കു' എന്നർഥമുണ്ടോ? വേറൊരു വീട്ടിൽ, മറ്റൊരമ്മ പറഞ്ഞ ഇതേ വാക്കു കേട്ട അവിടത്തെ പെൺകിടാവു ചെയ്യുന്നത്, പയ്യിനെ തൊഴുത്തിലാക്കി കിടാവിനെ പിരിച്ചുകെട്ടുകയാവും. ഇനിയൊരു വീട്ടിൽ, മിറ്റത്തുണങ്ങാനിട്ട വസ്ത്രങ്ങളോ വറ്റലുകളോ എടുത്തൊതുക്കി അകത്തുവെയ്ക്കുകയാവും. പിന്നെയൊന്നിൽ പാത്രവുമെടുത്ത് അയൽവീട്ടിൽനിന്നു പാൽ വാങ്ങുവാൻ പുറപ്പെടുകയാവും. ഈ അർഥങ്ങൾക്കൊക്കെ ആ കുറച്ചു വാക്കുകളിൽ ഒതുങ്ങിയിരിക്കാൻ വയ്യെന്നു തീർച്ചതന്നെ. എല്ലാം അതൊക്കെ ചെയ്യുന്ന അതാതാളുടെ മനസ്സിൽത്തന്നെ ഉള്ളവയാണ്. അവയെ കാലനിർദേശം ചെയ്തു പ്രവർത്തനോന്മുഖമാക്കുകയേ ആ വാക്കുകൾ ചെയ്യുന്നുള്ളൂ.

ഇത്തരം വ്യവഹാരങ്ങൾ-ഒന്നു പറഞ്ഞ് കേൾക്കുന്നവന്റെ മനസ്സിലുള്ള മറ്റു പലതും തോന്നിക്കുന്ന ഭാഷാ പ്രയോഗങ്ങൾ-ജീവിതത്തിൽ ഒട്ടും കുറവല്ല; ഭാഷയുടെ സുവിദഗ്ധപ്രയോഗമായ സാഹിത്യത്തിൽ ഇവ വളരെയേറെ

യുണ്ട്, കവികളുടെ ഈ പ്രയോഗവൈദഗ്ധ്യത്തെയാണ് സംസ്കൃതസാഹിത്യശാസ്ത്രകാരന്മാർ 'ധ്വനി, ധ്വനി' എന്നു വാഴ്ത്തുന്നതും, കാവ്യത്തിന്റെ ജീവനായഭിഷേചിച്ചിരിക്കുന്നതും.

ഇതിനെപ്പറ്റി ഇത്രയും ഇവിടെ വിസ്തരിച്ചത്, പലരും പാടിപ്പുകഴ്ത്തുന്നതുപോലെ ധ്വനിയെന്നതു കാവ്യകാരന്റെ ശബ്ദങ്ങൾക്കു മാത്രമുള്ള ഒര ലൗകികവ്യാപാര വിശേഷമൊന്നുമല്ല എന്നു വ്യക്തമാക്കുവാനാണ്. സംസ്കൃതത്തിലെ ആദ്യത്തെ ധ്വനിശാസ്ത്രകാരനായ ആനന്ദവർദ്ധനൻ ധ്വനിക്ക് ആദ്യമെടുത്ത ഉദാഹരണം തന്നെ ഇതു തെളിയിക്കുന്നുമുണ്ട്;

> "പേടിക്കാതെ നടക്കാം
> ധാർമിക, കൊലചെയ്തിതിപ്പൊഴാ നായെ
> പുഴവക്കത്തെപ്പൊന്തയിൽ
> മരുവുന്ന കുറുമ്പനായ സിംഹത്താൻ"

ആ പുഴവക്കത്തു കാമസങ്കേതം നിശ്ചയിച്ച ഒരു പെൺകിടാവ്, അങ്ങോട്ടു പൂ പറിക്കാൻ പോകുന്ന ഭീരുവായ ഒരു ധാർമികനോടു പറയുന്നതാണീ വാക്കെന്നുള്ള സന്ദർഭം വിവരിച്ചാലേ ഈ ശ്ലോകത്തിന്റെ അർഥം മനസ്സിലാവൂ; അതു മനസ്സിലായാലോ, അവളുടെ വിവക്ഷിതം 'പോവാ'മെന്നതിനു പകരം 'പോയിക്കൂടാ' എന്നാണെന്നു തിരിയുകയും ചെയ്യും. ഇവിടെ ആ പെൺകിടാവും മഹാകവിയും ആ ധാർമികൻ കാവ്യാനുശീലനാഭ്യാസഭാവിതാന്തഃകരണനായ സഹൃദയനുമായിട്ടല്ല; ഈ ധ്വന്യർഥം വ്യഞ്ജിപ്പിച്ചതും മനസ്സിലാക്കിയതുമെന്നു പറയേണ്ടതുമില്ല. ഇങ്ങനെ മനസ്സിന്റെ ഒരരുകിൽ ഒന്നു തൊട്ടാൽ അതിന്റെ മറുവശങ്ങളിലേയ്ക്കുകൂടി ഓളം വീശുന്ന ഈ ധ്വനനവ്യാപാരം ലോകകാവ്യസാധാരണമാണ്.

പക്ഷേ, ഈ ഉദാഹരണം നന്നായില്ല. ധ്വനികാരന്നു സ്വപ്രതിപാദ്യത്തിന്റെ അപൂർവത സമർത്ഥിക്കയാണ് ആദ്യം വേണ്ടിയിരുന്നത്; തന്റെ ധ്വനി പൂർവാലങ്കാരികന്മാർ വിവരിച്ച വാച്യാർഥത്തിൽനിന്നു കേവലം വ്യത്യസ്തമാണ്, ചിലപ്പോൾ അതിനു വിപരീതംപോലുമാണ് എന്ന് വെളിപ്പെടുത്തുവാനായിരുന്നു അദ്ദേഹത്തിന്റെ വെമ്പൽ. അതിനിതു കൊള്ളാം. അതിനു മാത്രമേ കൊള്ളൂതാനും. കാവ്യത്തിൽ ധ്വനിയുടെ മേന്മ കാണിപ്പാൻ ഒട്ടും പോരാ. അതിന്, നമ്മുടെ ഏതോ വടക്കൻ പാട്ടിലുള്ള ഒരീരടി, ധ്വനിയുടെ മുറ്റും മുഴുപ്പുമുള്ളതായി, ഞാൻ കണ്ടെത്തിയിട്ടുണ്ട്, അതിതാ:

> "കുന്ന്മ്മന്നുണ്ടൊരു ചൂട്ടാണുന്നൂ,
> കുഞ്ഞമ്പൂന്റച്ചനോ പിന്ന്യാരാനോ?"

പ്രകരണംപോലും വേറെ പറയേണ്ടതില്ല, എല്ലാം ഈ ഇരുപതക്ഷര ത്തിൽനിന്നു ധ്വനിക്കുന്നു: ദേശം, കുഞ്ഞമ്പു എന്ന പേരിനു പ്രചാരമേറിയ പഴയ വടക്കേ മലബാർ; സമയം, ചൂട്ടും വീശിനടക്കേണ്ടുന്ന രാത്രിനേരം; സ്ഥലം, ഒരു കുന്നു കേറിയിറങ്ങി വരേണ്ടുന്ന നാട്ടിൻപുറം! വക്താവ്, ഒന്നു പ്രസവിച്ച ഒരു പ്രൗഢയുവതി; അവൾ ചെയ്യുന്നത്, കുഞ്ഞമ്പൂന്റച്ഛന്റെ വരവും പ്രതീക്ഷിച്ചിരിക്കുക. ചൂട്ടു കണ്ടപാടേ അതയാൾതന്നെ എന്നു തോന്നി. പക്ഷേ, മുമ്പു ചിലപ്പോൾ അതു മറ്റാരാനുമായിട്ടുണ്ട്, ചൂട്ടു വേറെ വഴിക്കു തിരിഞ്ഞുപോയിട്ടുണ്ട്, ഇതും അങ്ങനെയായേക്കുമോ എന്നു പേടിച്ച് അവൾ ചൂട്ടിന്റെ ഗതി ഭേദങ്ങളെ ഉറ്റുനോക്കിയിരിക്കയാണ്.

എല്ലാം കൂടി, വലിയൊരു കാൻവാസ്സിലെഴുതിയ ഒരു മധുരചിത്രമിതാ ഇവിടെ. ഈ ചിത്രമാകെക്കൂടി ഒരു ധ്വനിയാണ്-വസ്തുധ്വനി എന്നു പേർ. ഈ വസ്തുധ്വനിയെ ചർവണ ചെയ്യുന്നതോടുകൂടി ആ 'കുഞ്ഞമ്പൂന്റമ്മയോടു' തന്മയീഭവിക്കുന്ന സഹൃദയഹൃദയത്തിൽ അവളുടെ ഉൽക്കണ്ഠാശങ്കകൾ പരിസ്ഫുരിക്കുന്നു-അതിനു പേർ ഭാവധ്വനി. (വേറെ ചിലേടത്തു ചില അലങ്കാരങ്ങൾ ധ്വനിക്കാറുണ്ട്; അവയെ ധ്വനികാരൻ അലങ്കാരധ്വനി എന്ന് ഇനം തിരിച്ചിട്ടുമുണ്ട്. പക്ഷേ, അതിനു വസ്തുധ്വനിയുടെ സ്ഥാനമേ കൊടുക്കേണ്ടൂ.)

ഈ രണ്ടു കൊച്ചുവാക്യത്തിൽ, ആദ്യത്തതിലെ ചൂട്ടു കുഞ്ഞമ്പൂന്റച്ഛനോ പിന്ന്യാരാനോ ആകാൻ വയ്യല്ലോ; അതുകൊണ്ട്, 'ആ ചൂട്ടും വീശി വരുന്ന ആൾ' എന്നൊരു ഘടകാംശം തനിയേ വന്നുചേരുന്നു; അതു വാച്യാർഥബോധത്തിന് അത്യാവശ്യമായതുകൊണ്ട് വാച്യാർഥത്തി ലുൾപ്പെടുന്നതാണ്. ശാസ്ത്രകാരന്മാർ അതിനു ലക്ഷ്യാർഥം എന്നു വേറെ പേരിട്ടിട്ടുണ്ടെന്നുമാത്രം. അതിനെപ്പറ്റി ഇവിടെ വിശേഷിച്ചൊന്നും പറയേ ണ്ടതില്ല.

ഈ വാച്യാർഥം പ്രതീതമായതിനുശേഷമാണ് മേൽപറഞ്ഞ വസ്തുധ്വനി വരുന്നത്. അതും അതിലെ വാക്കുകളോട്, വിശേഷിച്ചും 'കുഞ്ഞമ്പൂന്റച്ഛ നോട്', അനുബന്ധിച്ചു വരുന്നതുതന്നെ. പക്ഷേ, വാച്യാർഥബോധത്തിന് അത്രത്തോളം പോകേണ്ടതില്ല. വാച്യാർഥം മനസ്സിലാക്കുന്ന എല്ലാവരു ടേയും ഹൃദയത്തിൽ ആ മധുര ചിത്രം അത്ര നന്നായി തെളിഞ്ഞുകണ്ടെന്നും വരില്ല. അതാരുടെ മനസ്സിൽ തെളിയുന്നുവോ, അവരെ സഹൃദയരെന്നു പറയുന്നു. ഈ വസ്തുധ്വനി പ്രതീതമായതിനു ശേഷം ഭാവധ്വനി വരുന്നു.

ഈ വാച്യ-ധ്വനി-ഭാവപ്രതീതികൾക്കു തമ്മിൽ നന്നെക്കുറച്ചേ അന്തരമുള്ളൂ – മൂന്നു താമരയില അട്ടിയായമർത്തിവെച്ച് അതിന്മേൽ മൂർത്തൊരു സൂചി കൊണ്ടു വേഗമുള്ളൊരു കൈ ആഞ്ഞു കുത്തിയാൽ, സൂചി ഒരില തുളച്ചു മറ്റതിൽ തട്ടുന്നതിനിടയ്ക്ക് ഒരിത്തിരി സമയം വേണമല്ലോ, അത്രയേ ഉള്ളു എന്നു പറയാം. എങ്കിലും അതുണ്ട്.

***കല ജീവിതം തന്നെ***

## പഠനപ്രവർത്തനങ്ങൾ

- വസ്തുധ്വനി, ഭാവധ്വനി, ഇവ വിശദീകരിക്കുക
- സാഹിത്യത്തിലെ ധ്വനി കടംകഥകളിലും പഴഞ്ചൊല്ലിലും ആരംഭിക്കുന്നു എന്ന അഭിപ്രായം പരിശോധിച്ച് നിഗമനങ്ങൾ അവതരിപ്പിക്കുക.
- 'ഉടൻ മഹാദേവിയിടത്തുകൈയാ-<br>ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി<br>ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി<br>പാർശ്വസ്ഥനാകും പതിയോടുരച്ചു'

  ഈ വരികളിലെ വസ്തുധ്വനിയും ഭാവധ്വനിയും കണ്ടെത്തി എഴുതുക.
- 'അതാ കുന്തം വരുന്നു'.

  'കാശീനഗരം ഗംഗയിലാകുന്നു'.

  'എന്റെ വീട് നടുറോഡിലാണ്'.

  ഈ വാക്യങ്ങളിലെ വാച്യാർത്ഥവും ലക്ഷ്യാർത്ഥവും കണ്ടെത്തി എഴുതുക.
- മനസ്സിന്റെ അരികിൽ ഒന്നു തൊട്ടാൽ അതിന്റെ മറുവശങ്ങളിലേയ്ക്ക്കൂടി ഓളംവെട്ടുന്ന ധ്വനനവ്യാപാരം ലോകകാവ്യസാധാരണമാണ്– ഈ പ്രസ്താവനയെ സാധൂകരിക്കുന്ന കവിതാഭാഗങ്ങൾ കണ്ടെത്തുക.

# വിഭാത വിഭൂതി

**സിസ്റ്റർ മേരീബനീഞ്ഞ**

മണ്ടുന്നിതാ കൂരിരുളാകമാനം
മാർത്താണ്ഡദേവന്റെ സമാഗമത്തിൽ;
മനുഷ്യരിൽ ജ്ഞാനമുദിച്ചിടുമ്പോൾ
മനസ്സിലേഘോരതമസ്സുപോലെ.

പൂർവാശയാം മങ്ക മുഖം തെളിച്ചു
പൂന്തേൻതൊഴും പുഞ്ചിരിതൂകിടുന്നു;
"പൂമങ്ക" സിംഹാസനമേറിയപ്പോൾ
പൂവേണിമാർ "വഞ്ചി"യിലെന്നപോലെ.

ഒതുക്കമേറും ഗുഹകൾക്കകത്ത-
ങ്ങൊളിച്ചിടുന്നുണ്ടിരുളല്ലലെന്യേ;
ഒട്ടും വികാസം ഭവിയാത്ത ചിത്തേ-
യൊതുങ്ങിമൗഢ്യം നിവസിച്ചിടുംപോൽ.

ചെന്തീനിറംചേർന്നൊരുപട്ടുവസ്ത്രം
ചാർത്തുന്നിതാമേദിനിയാംവധൂടി;
ചെമ്മേമണാളന്റെ സമാഗമത്തിൽ
ചമഞ്ഞു നിൽക്കും സതിയെന്നപോലെ.

വിയത്തിലോരോ വികിരങ്ങൾ പാട്ടാൽ
വിപഞ്ചികയ്ക്കും വ്യഥയേകിടുന്നു;
വിദ്വൽകുലം സദ്വചനങ്ങളാലേ
വീണന്റെ ഹൃത്തിന്നഴലേകിടും പോൽ.

കാകന്റെ ദുശ്ശബ്ദമിടയ്ക്കു പൊങ്ങി-
ക്കലർത്തിടുന്നുണ്ടസുഖം ചെവിക്ക്;
കവീശ്വരന്മാർക്കിടയിൽ കടന്നു
കവിത്വമില്ലാത്തവർകൂകിടും പോൽ.

തൃണങ്ങളിൽ ചേർന്ന തുഷാരബിന്ദു
തിളങ്ങി വെൺമുത്തിനെ വെന്നിടുന്നു;
തനിക്കുയോജിച്ച നിലയ്ക്കു നിന്നാൽ
തേജസ്സു നിസ്സാരനുമേറ്റമുണ്ടാം.

**ഗീതാവലി**

| | | |
|---|---|---|
| വീണൻ | - | പതിതൻ |
| വിഭൂതി | - | ഐശ്വര്യം |
| വികിരം | - | പക്ഷി |

## പഠനപ്രവർത്തനങ്ങൾ

- 'ചെമ്മേമണാളന്റെ സമാഗമത്തിൽ
  ചമഞ്ഞു നിൽക്കും സതിയെന്നപോലെ'

  ആരെക്കുറിച്ചാണ് ഇവിടെ വർണിക്കുന്നത്?. കുറിപ്പ് തയാറാക്കുക.
- ജീവിതസന്ദർഭങ്ങൾ ധ്വനിപ്പിക്കുന്നതിന് പ്രകൃതിവർണ്ണന ഉപയോഗിച്ചതിന്റെ ഔചിത്യം ചർച്ചചെയ്യുക.
- 'വിഭാതവിഭൂതി' എന്ന ശീർഷകം കവിതയ്ക്ക് എത്രമാത്രം അനുയോജ്യമാണ് - ചർച്ച ചെയ്യുക.

# വേഡ്സ്വർത്ത് - കോള്റിഡ്ജ് സംവാദം

പ്രൊഫ. എം. അച്യുതൻ

**ഗ്രാമീണരുടെ ജീവിതം, അവരുടെ ഭാഷ - വേഡ്സ്വർത്ത്**

'ലിറിക്കൽ ബാലഡ്സ്' എന്ന കാവ്യസമാഹാരത്തിന്റെ ആദ്യത്തെ പതിപ്പിന്റെ അവതാരികയിൽ കാൽപ്പനിക കവിയായ വേഡ്സ്വർത്ത് കവിതയെ നിർവചിക്കുന്നത് ഇങ്ങനെയാണ്: "കരുത്തുറ്റ വികാരങ്ങളുടെ നൈസർഗികമായ ബഹിർഗമനമാണ് എല്ലാ നല്ല കവിതയും." സ്വന്തം കവിതകളിൽ ക്രിയകൾക്കും സന്ദർഭങ്ങൾക്കും പ്രാധാന്യം വർദ്ധിക്കുന്നതു വികാരവായ്പുകൊണ്ടാണെന്നും പരിതോവസ്ഥകളോ ക്രിയകളോ അല്ല വൈകാരികതയ്ക്കു കാരണമെന്നും വേഡ്സ്വർത്ത് പ്രസ്താവിക്കുന്നുണ്ട്. വിഷയത്തിലും പ്രതിപാദനത്തിലും വല്ലാത്ത കൃത്രിമത്വം പ്രകടമായിരുന്ന പതിനെട്ടാം നൂറ്റാണ്ടിലെ അംഗീകൃത കാവ്യനിർമാണരീതിയോടു വേഡ്സ്വർത്തിനു വലിയ എതിർപ്പുണ്ടായിരുന്നു. സാധാരണ ജീവിതാനുഭവങ്ങളിലേക്കു നോക്കാതെ, അവയുടെ സീമ വിട്ടുനിൽക്കുന്ന വിഷയങ്ങളെ ആഡംബരത്തിന്റെ ദുർമേദസ്സുറ്റ ഭാഷയിൽ വർണിച്ചുകൂട്ടുന്നതിനോടുള്ള പ്രതിഷേധം പുതിയ കാവ്യസരണി ഉദ്ഘാടനം ചെയ്യുന്നതിന്നു പ്രേരിപ്പിച്ചു.



ഗ്രാമീണരുടെ ജീവിതത്തിനു നൈസർഗികത്വം കൂടുതലുള്ളതുകൊണ്ട് അവരുടെ വികാരങ്ങളും അനുഭവങ്ങളുമാണ് കാവ്യവിഷയമാക്കേണ്ടതെന്നും അവരുടെ ഭാഷയിലേ എഴുതാവൂ എന്നും വേഡ്സ്വർത്ത് നിയമം ചെയ്തു. ഗ്രാമീണജീവിതം പ്രമേയമാക്കേണ്ടത് എന്തുകൊണ്ടാണ്? ഗ്രാമീണ ജീവിതത്തിൽ മൗലികമായ മനുഷ്യവികാരങ്ങൾക്കു പൂർണ വികാസം സിദ്ധിക്കുന്നതിനുള്ള സാഹചര്യങ്ങളുണ്ട്. വികാരത്തിന്റെ അകൃത്രിമത്വം, ശക്തി, സാരള്യം, സാർവജനീനത, സുഗ്രഹത, സുന്ദരവും ശാശ്വതവുമായ പ്രകൃതിഘടകങ്ങളുമായി അവയ്ക്കുള്ള ബന്ധം എന്നിവയും, ഭാഷയുടെ ലാളിത്യവും നൈസർഗികതയും അഭിസംക്രമണ ശക്തിയും ആണ് വേഡ്സ്വർത്തിനെ ഗ്രാമീണ ജീവിതത്തി

ന്റെയും ഭാഷയുടെയും കാമുകനാക്കിയത്. ആ ഭാഷയുടെ ഗുണങ്ങളെക്കുറിച്ചു പറയുന്നതു കേൾക്കുക: പ്രാഥമികങ്ങളായ മാനുഷികാവശ്യങ്ങളാണ്, ഉത്തമലക്ഷ്യങ്ങളാണ്, ആശയ വിനിമയത്തിനു ഗ്രാമീണരെ പ്രേരിപ്പിക്കുന്നത്. വാസ്തവത്തിൽ ഈ ആവശ്യത്തിൽനിന്നാണു ഭാഷയുടെ ഉത്കൃഷ്ടാംശങ്ങളുടെ മുഴുവൻ ഉത്പത്തി. ഗ്രാമീണരെ സംബന്ധിച്ചിടത്തോളം, പരസ്പരസമ്പർക്കത്തിന്റെയും ആശയ വിനിമയത്തിന്റെയും പരിധി വളരെ ചെറുതാണ്. ആ പരിധി എല്ലാവരിലും മിക്കവാറും ഒന്നുതന്നെയാണ്. പരിഷ്കൃത സമുദായത്തിന്റെ കൃത്രിമഭാവങ്ങളൊന്നും അവർക്കില്ലതാനും. ഇതുകൊണ്ടൊക്കെ, വളച്ചുകെട്ടുകളൊന്നുമില്ലാത്ത ഋജുവായ ഭാഷയാണ് അവരുടേത്.

റൂസ്സോവിനെപ്പോലെ ഒരു പ്രാകൃതികതാവാദിയാണ് വേഡ്സ്വർത്ത്. ശാസ്ത്രവും വ്യാവസായികവിപ്ലവവും നഗരജീവിതത്തിൽ കലർത്തിയ കൃത്രിമത്വമാണ് വേഡ്സ്വർത്തിന്റെ പക്ഷപാതത്തിനു കാരണം. വല്ലാത്ത കൃത്രിമത്വം വർജിക്കണം എന്നല്ലാതെ, കലയും ജീവിതവും ഒന്നായിത്തീരുന്നതുവരെ ഈ മാർഗം തുടരാവുന്നതാണോ? എത്രയായാലും ജീവിതവും കലയും ഒന്നല്ല; ഒന്നാവാൻ സാധ്യവുമല്ല. ഒരു പരിധിവരെ കലയിൽ കൃത്രിമത്വമുണ്ട്; ഉണ്ടാകാതെ കഴിയുകയുമില്ല. ഇക്കാര്യം വേഡ്സ്വർത്തിനു തന്നെ ബോധ്യമായിട്ടുണ്ട്. യഥാർഥ വികാരമുള്ളപ്പോൾ ഭാഷയ്ക്ക് കൃത്രിമ മോടികളും ആർഭാടവും ഉണ്ടാകാനിടയില്ലെന്നു ചൂണ്ടിക്കാണിച്ചു കൊണ്ട് ഡോക്ടർ ജോൺസൺ മിൽട്ടന്റെ 'ലിസിഡസ്' എന്ന കാവ്യത്തെ നിശിതമായി വിമർശിക്കുകയുണ്ടായി. എന്നാൽ, കവിത നൈസർഗികവികാര പ്രകാശനമാണെന്ന് ജോൺസണ് അഭിപ്രായമില്ല. വേഡ്സ്വർത്താകട്ടെ, കവിത വികാരങ്ങളുടെ നൈസർഗികാവിഷ്കാരമാണെന്നു സിദ്ധാന്തിക്കുന്നു. ചിന്തനീയമാണ് ഈ അഭിപ്രായം. നാം ദൈനംദിന ജീവിതത്തിലെ ഭാവങ്ങൾ വ്യവഹാരഭാഷയിൽക്കൂടി പ്രകാശിപ്പിക്കുന്നു. കവിതയ്ക്ക് അതിൽനിന്നു വ്യത്യാസമില്ലെന്നോ? 1800ൽ ലിറിക്കൽ ബാലഡ്സിന്റെ രണ്ടാമത്തെ പതിപ്പിന് എഴുതിയ അവതാരികയിൽ വേഡ്സ്വർത്ത് തന്റെ പൂർവാഭിപ്രായം തിരുത്തിയിട്ടുണ്ട്; "കവിത കരുത്തുറ്റ വികാരത്തിന്റെ നൈസർഗിക ബഹിർഗളനമാണെന്ന് ഞാൻ പറഞ്ഞുവല്ലോ. പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരത്തിൽ നിന്നാണതിന്റെ ഉദ്ഭവം. ഒട്ടനവധി പ്രതികരണങ്ങളാൽ പ്രശാന്തത നഷ്ടപ്പെട്ടു ക്രമേണ നൈസർഗികാവസ്ഥയിലേതിനു തുല്യമായ വികാരം ഉളവാകുകയും, അത് യഥാർഥമായി മനസ്സിൽ നിലനിൽക്കുകയും ചെയ്യുന്നതുവരെ അനുസ്മൃതവികാരത്തെ അനുസന്ധാനം ചെയ്യുന്നു". ഈ പ്രസ്താവം കൊണ്ടു സിദ്ധിക്കുന്നതു കവിതയിലെ വികാരം യഥാർഥജീവിതത്തിലെ വികാരമല്ല, അനുസ്മരണത്താൽ വീണ്ടും ഉണർത്തപ്പെടുന്ന തത്തുല്യവികാരമാണ് എന്നത്രേ. അപ്പോൾ, ആ വികാരം

അന്യഹൃദയത്തിൽ ഉണർത്തണമെങ്കിൽ ദൈനംദിന ജീവിതത്തിലെ വ്യവഹാരഭാഷകൊണ്ടു മാത്രം കഴിയുമോ? വേഡ്സ്വർത്ത് തന്നെ ഒരു ഭേദഗതി വരുത്തുന്നുണ്ട്. വിഷയം സാധാരണക്കാരുടെ ജീവിതത്തിൽനിന്നു തെരഞ്ഞെടുക്കുക, കഴിയുന്നത്ര അവരുടെ ഭാഷയിൽനിന്നു തെരഞ്ഞെടുത്ത ഒരു ഭാഷ ഉപയോഗിക്കുക, ഒട്ടൊരസാധാരണത്വം നൽകി ആകർഷകമാക്കാനായി സാധാരണ വസ്തുതകളിൽ ഭാവനയുടെ വർണം പൂശുക-ഇത്രയുമാണ് ബാലഡ്സിന്റെ രചനയിൽ താൻ ലക്ഷ്യമാക്കുന്നതെന്ന് അദ്ദേഹം തുടർന്നു പ്രസ്താവിക്കുന്നുണ്ട്.

### കോള്റിഡ്ജിന്റെ മറുപടി

ഭാഷയുടെയും വികാരത്തിന്റെയും നൈസർഗികത്വത്തിലാണല്ലോ, വേഡ്സ്സ്വർത്ത് ഊന്നുന്നത്. എന്നാൽ അദ്ദേഹത്തിന്റെ തന്നെ ഏതാനും നല്ല കവിതകളിൽ ഈ നിയമം അനുസരിച്ചുകാണുന്നില്ല എന്നുള്ളതു ശ്രദ്ധേയമാണ്. ഗ്രാമാന്തർഭാഗങ്ങളിൽ ജീവിക്കുന്നതുകൊണ്ടുമാത്രം മനുഷ്യർ നല്ലവരാകുമോ? പ്രകൃതി അവരുടെ വികാരവിചാരങ്ങളെ ഉത്തേജിപ്പിക്കണമെങ്കിൽ വിദ്യാഭ്യാസവും മനസ്സിന് സംവേദനക്ഷമതയും വേണം. ഇതു രണ്ടുമില്ലെങ്കിൽ മനസ്സ് സങ്കുചിതവും പരുഷവുമാകും; സ്വാർഥപ്രതിപത്തിവശഗവുമാകും. ഗ്രാമീണരായതുകൊണ്ടുമാത്രം ആരും വലിയ ആദർശവാന്മാരാകില്ല. അരിസ്റ്റോട്ടിൽ പറഞ്ഞതുപോലെ, കവിത ആദർശാത്മക ജീവിതാവിഷ്കാരമായിരിക്കണമെന്നാണ് കോള്റിഡ്ജിന്റെ ഉറച്ച അഭിപ്രായം. കഥാപാത്രങ്ങൾക്ക് സവിശേഷമായ വ്യക്തിത്വവും ജീവിതവും ഉണ്ടായിരിക്കുകയും, അതോടൊപ്പംതന്നെ അവർ മനുഷ്യവർഗത്തിന്റെ പ്രതിനിധികളായിരിക്കുകയും വേണം. അങ്ങനെയിരിക്കെ, ഗ്രാമീണ ജീവിതം മാത്രമേ വിഷയമാക്കാവൂ എന്ന വാദം അർഥശൂന്യമാണ്.



ഇനി, ഗ്രാമീണരുടെ ഭാഷയിൽനിന്നുതന്നെ 'തെരഞ്ഞെടുത്ത' ഭാഷ വേണമെന്നാണല്ലോ വേഡ്സ്വർത്താവശ്യപ്പെടുന്നത്. അത്യന്തം പ്രാദേശികമായ അംശങ്ങളോ പ്രകടമായ ദോഷങ്ങളോ നീക്കിയെടുക്കുന്ന ഭാഷയ്ക്ക് അഭ്യസ്തവിദ്യരുടെയും സംസ്കൃതചിത്തരുടെയും ഭാഷയിൽനിന്നും ഗണ്യമായ വ്യത്യാസമൊന്നുമില്ല. ഗ്രാമീണർക്കു പറയുവാനും ചിന്തിക്കുവാനും വളരെ കുറച്ചു കാര്യങ്ങളേയുള്ളൂ. അവരുടെ മനസ്സിനു പരിമിതമായ വളർച്ചയേയുള്ളൂ. പരമ്പരാഗ

തമായ വിശ്വാസങ്ങളുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങളും പരിമിതമായ അനുഭവത്തിൽ നിന്നുണ്ടാവുന്ന പരസ്പര ബന്ധമില്ലാത്ത ചിന്താശകലങ്ങളും മറ്റുമാണ് അവർ വിനിമയം ചെയ്യുന്നത്. വസ്തുക്കൾക്കു തമ്മിലുള്ള ബന്ധം മനസ്സിലാക്കാനും സാമാന്യ തത്ത്വങ്ങൾ കണ്ടെത്താനും അഭ്യസ്തവിദ്യർക്കേ കഴിയൂ. ആന്തരികമായ നിയമങ്ങളിലേക്കു നയിക്കുന്നവയായതുകൊണ്ട്, ചിന്താശീലമുള്ളവർ വസ്തുക്കൾക്കെല്ലാം വില കല്പിക്കുന്നു. മനുഷ്യത്വത്തിന്റെ ശക്തിയും അന്തസ്സും അതിലാണടങ്ങിയിരിക്കുന്നത്. മറ്റൊരു വസ്തുത, ഭാഷയുടെ ഉത്തമാംശത്തിന്റെ ഉത്പത്തി ഉത്തമലക്ഷ്യത്തെ മുൻനിർത്തി ഗ്രാമീണർ നടത്തുന്ന ആശയവിനിമയ പ്രക്രിയയിൽനിന്നാണെന്ന വാദമാണ്. വാസ്തവത്തിൽ ഭാഷയുടെ ഉത്കൃഷ്ടാംശം ഉദ്ഭവിക്കുന്നതു മനസ്സിന്റെ തന്നെ ക്രിയയെക്കുറിച്ചുള്ള ചിന്തയിൽ നിന്നാണ്. ഗ്രാമീണരിൽ ഈ ചിന്ത വളരെ കുറവാണ്. ചില ശബ്ദങ്ങളിൽക്കൂടി കാര്യങ്ങൾ അങ്ങുമിങ്ങും ധരിപ്പിക്കുവാൻ മൃഗങ്ങൾക്കും കഴിയും. ഗ്രാമീണർക്കാവശ്യമായ ഭാഷ അവർക്കുണ്ടെന്നല്ലാതെ, അവരുടേതാണ് ഉത്കൃഷ്ടഭാഷയെന്നു സിദ്ധാന്തിച്ചുകൂടാ. ഗ്രാമീണരുടെ ആശയലോകം ചെറുതാണ്. തന്മൂലം, വിപുലമായ ആശയലോകത്തിന്റെ അധിപതിയായ കവിക്ക് അവരുടെ ഭാഷ മതിയാവില്ല. ഇനി മറ്റൊന്ന്: ഗ്രാമീണരുടെ യഥാർഥ ഭാഷയെന്നു പറയുന്നുണ്ടല്ലോ വേഡ്സ്വർത്ത്. അതുതന്നെ തിരുത്തേണ്ടിയിരിക്കുന്നു. വിജ്ഞാനത്തിന്റെ തോതനുസരിച്ച് വ്യക്തികളുടെ ഭാഷയ്ക്കു വ്യക്തിപരമായ സവിശേഷതകളും വർഗത്തിന്റെ ഭാഷയ്ക്ക് പൊതുവേയുള്ള സാമാന്യസ്വഭാവവും ഉണ്ടായിരിക്കും. അതിനും പുറമേ സാർവലൗകികങ്ങളായ പ്രയോഗങ്ങളും ഉണ്ടാകും. അതുകൊണ്ട് യഥാർഥഭാഷ എന്നല്ല, സാധാരണഭാഷ എന്നാണ് പറയേണ്ടത്. ഈ സാധാരണ ഭാഷയാകട്ടെ, മറ്റെല്ലായിടത്തും എന്നപോലെ ഗ്രാമീണരുടെയിടയിലും ഉണ്ടാകും എന്നല്ലാതെ, അവിടെ മാത്രമേ ഉള്ളൂ എന്ന വിശ്വാസം അടിസ്ഥാനരഹിതമാണ്.

വേഡ്സ്വർത്തിന്റെ മറ്റൊരഭിപ്രായം, ഗദ്യത്തിലെയും കവിതയിലെയും ഭാഷയ്ക്കു തമ്മിൽ സാരമായ വ്യത്യാസമൊന്നുമില്ല, ഉണ്ടായിരിക്കരുത് എന്നാണ്. ഇതിന്നും കോള്‌റിഡ്ജ് മറുപടി നല്കുന്നുണ്ട്. ഛന്ദസ്സിന്റെ ഉദ്ഭവം തന്നെ വികാരതീവ്രമായ മനസ്സിൽ നിന്നാണ്. വികാരത്തിന്റെ സ്വാഭാവികമായ ഭാഷ ഛന്ദസ്സിനാൽ അനുഗതമായിരിക്കും. ഛന്ദസ്സ് ആസ്വാദകന്റെ ശ്രദ്ധയെ ഉത്തേജിപ്പിക്കുന്നതിനും സാധാരണജീവിത ബന്ധങ്ങളിൽനിന്നും വികാരങ്ങളിൽനിന്നും അകറ്റുന്നതിനും സഹായിക്കുന്നു. ഛന്ദോബന്ധത്തിൽനിന്നുണ്ടാകുന്ന താളം സ്വീകരിക്കുവാൻ ആസ്വാദകൻ പ്രതീക്ഷയോടെ ഒരുങ്ങുകയും താളപാതം ആ പ്രതീക്ഷയെ സഫലീകരിക്കുകയും ചെയ്യുന്നു. അതൊരാനന്ദമാണ്. ഛന്ദസ്സിന്റെ മാന്ത്രികശക്തിയെക്കുറിച്ചു വായനക്കാർ എപ്പോഴും ബോധവാന്മാരായിരിക്കി

ല്ലെങ്കിലും, സോത്സാഹമായ സംഭാഷണവേളകളിൽ മദിരയെപ്പോലെ, അറിയാതെതന്നെ ഛന്ദസ്സ് സുശക്തമായി പ്രവർത്തിക്കുന്നുണ്ട്. യീസ്റ്റ് പോലെയാണ് ഛന്ദസ്സ്. ആനുപാതികമായി മദ്യത്തിൽ കൂട്ടിക്കലർത്തുമ്പോൾ മദ്യത്തിന് മുമ്പില്ലാത്ത വീര്യവും ശക്തിയും ഉണ്ടാകും. വികാരത്തിന്റെ ഭാഷയായ കവിതയ്ക്ക് ഛന്ദസ്സ് കൃത്രിമമോ ബാഹ്യമോ ആയ ആകർഷകതയല്ല. ഛന്ദസ്സില്ലാതെതന്നെ കവിതയുണ്ടാകാം. പ്ലാറ്റോവിന്റെ ഭാഷ ഉദാഹരണമാണ്. പക്ഷേ, പ്ലാറ്റോ ആനന്ദിപ്പിക്കാൻ വേണ്ടിയല്ല എഴുതിയത്. കവിതയിലാകട്ടെ, ആനന്ദം പ്രധാന ലക്ഷ്യമാണ്. ആ ലക്ഷ്യപ്രാപ്തിക്ക് അനുകൂലമായ ആഭ്യന്തരഘടകം തന്നെയാണ് ഛന്ദസ്സ്.

വേഡ്സ്വർത്തിന്റെ പ്രസ്താവനകളിൽനിന്നും അദ്ദേഹത്തിന്റെ കവിതകളിൽനിന്നും ഈ ആശയത്തിൽത്തന്നെയാണ് നാം വന്നെത്തുന്നത്. എന്നിട്ടും അദ്ദേഹം യോജിക്കാനോ സമ്മതിക്കാനോ ഭാവമില്ലെങ്കിൽ കോള്‍റിഡ്ജ് നല്കുന്ന മറുപടിയെങ്കിലും അദ്ദേഹത്തെ നിശ്ശബ്ദനാക്കാതിരിക്കയില്ല.

*പാശ്ചാത്യസാഹിത്യദർശനം*

### പഠനപ്രവർത്തനങ്ങൾ

- വേർഡ്സ്വർത്ത് - കോള്‍റിഡ്ജ് സംവാദ മാതൃകയിൽ ഉത്തമകലാസൃഷ്ടിക്ക് ഗ്രാമീണജീവിതാനുഭവങ്ങൾ അനിവാര്യമാണോ എന്ന വിഷയത്തെ മുൻനിർത്തി സംവാദം സംഘടിപ്പിക്കുക.
- വേഡ്സ്വർത്ത് -കോള്‍റിഡ്ജ് വാദങ്ങളെ അഭിമുഖ സംഭാഷണ രൂപത്തിലാക്കുക.
- കവിതയിലെ ഛന്ദസ്സിനെക്കുറിച്ചുള്ള കോള്‍റിഡ്ജിന്റെ അഭിപ്രായം സമകാലിക കവിതയുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

### പഠനാനുബന്ധ പ്രവർത്തനങ്ങൾ

- നാടൻപാട്ടുകളിലെ ധ്വന്യാത്മകമായ വരികൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുക.
- 'കരുത്തുറ്റ വികാരങ്ങളുടെ നൈസർഗിക പ്രവാഹമാണ് കവിത' - വേഡ്സ്വർത്ത്

  'കവിത ജീവിത വിമർശനമാണ്' - മാത്യു ആർനോൾഡ്

  'കാവ്യസ്യാത്മാധ്വനി' - ആനന്ദവർദ്ധനൻ

'രീതിരാത്മാകാവ്യസ്യ' - വാമനൻ

പൗരസ്ത്യ - പാശ്ചാത്യകാവ്യ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി മുൻ ക്ലാസ്സുകളിൽ പരിചയപ്പെട്ട കവിതകളെ വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

- "കരുത്തുറ്റ വികാരങ്ങളുടെ നൈസർഗിക പ്രവാഹമാണ് കവിത" - 'വിഭാതവിഭൂതി' എന്ന കവിതയെ ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- എന്റെ മുറ്റത്ത് കെട്ടിക്കിടന്ന
ഇറവെള്ളത്തിൽ
വെള്ളാരം കല്ലെറിഞ്ഞ്
പുഴയിലെത്തിച്ചത് നീയാണ്
ഇന്ന്
നിന്നിലൂടെ
സമുദ്രത്തെ സ്വപ്നം കാണുകയാണ് ഞാൻ.

**ഒഴുക്ക് - എ. അയ്യപ്പൻ**

പുഴ, സമുദ്രം, വെള്ളാരം കല്ല് എന്നീ പദങ്ങളുടെ ആന്തരികഭംഗി തിരിച്ചറിഞ്ഞ് ആസ്വാദനം തയാറാക്കുക.

| നൈപുണികൾ | പൂർണമായും | കുറച്ച് |
|---|---|---|
| സാഹിത്യരചനയുടെ ചില സിദ്ധാന്തങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ട് | | |
| കവിതകളിലെ ധ്വനി കണ്ടെത്താൻ എനിക്ക് കഴിയും. | | |
| സാഹിത്യസംബന്ധിയായ സംവാദത്തിലേർപ്പെടാൻ എനിക്ക് കഴിയും | | |
| വസ്തുധ്വനി, ഭാവധ്വനി എന്നിവ കാവ്യഭാഗങ്ങളിൽനിന്ന് കണ്ടെത്താൻ എനിക്ക് കഴിയും | | |
| കാവ്യഭാഷയും ഗദ്യഭാഷയും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കാനും ചർച്ചകളിൽ പങ്കെടുക്കാനും എനിക്ക് കഴിയും | | |
| പാശ്ചാത്യ - പൗരസ്ത്യ സിദ്ധാന്തങ്ങൾ എനിക്ക് തിരിച്ചറിയാൻ കഴിയും | | |

### തുടർവായനയ്ക്ക്

പാശ്ചാത്യ സാഹിത്യചരിത്രം - പ്രൊഫ. കെ.എം. തരകൻ

പാശ്ചാത്യ സാഹിത്യദർശനം - ഡോ. എം. അച്യുതൻ

കാവ്യചിന്ത - ചാത്തനാത്ത് അച്യുതനുണ്ണി

വിശ്വസാഹിത്യദർശനങ്ങൾ - നെല്ലിക്കൽ മുരളീധരൻ


കൈരളീധ്വനി - ഡോ. പി. കെ. നാരായണപിള്ള

ഭാരതീയ കാവ്യശാസ്ത്രം - ഡോ. ടി. ഭാസ്കരൻ

ലിറിക്കൽ ബാലഡ്സിന്റെ ആമുഖം - പരിഭാഷ : ഡോ. തോന്നയ്ക്കൽ വാസുദേവൻ

### എഴുത്തുകാർ

**ഡോ. എം. അച്യുതൻ**



മലയാള നിരൂപണത്തിന്റെ ആധുനിക മുഖം. തൃശൂർ ജില്ലയിലെ വടമയിൽ 1930 ൽ ജനിച്ചു. മലയാളത്തിലെ പ്രശസ്ത നിരൂപകൻ, അധ്യാപകൻ, സംസ്കൃത സർവകലാശാല വിസിറ്റിങ് പ്രൊഫസർ, എസ്.പി.സി.എസ് ഡയറക്ടർ ബോർഡ്, കേരള സാഹിത്യഅക്കാദമി നിർവാഹകസമിതി എന്നിവയിൽ അംഗം. പാശ്ചാത്യസാഹിത്യദർശനം, ചെറുകഥ: ഇന്നലെ; ഇന്ന്, സ്വാതന്ത്ര്യസമരവും മലയാള സാഹിത്യവും, വാങ്മയം, സമന്വയം തുടങ്ങിയവ പ്രധാനകൃതികൾ. 1976 ൽ ചെറുകഥ: ഇന്നലെ, ഇന്ന് എന്ന കൃതിക്ക് കേരള സാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു.

## കുട്ടികൃഷ്ണമാരാര്



വിമർശനശാഖയെ സാഹിത്യത്തിന്റെ ഗൗരവപഠനത്തിന് ഉപയുക്തമാക്കാമെന്ന് മലയാള സാഹിത്യാസ്വാദകർക്ക് ബോധ്യപ്പെടുത്തിക്കൊടുത്ത നിരൂപകൻ. മലപ്പുറം ജില്ല യിലെ തൃപ്രങ്ങോട്ട് 1900 ൽ ജനിച്ചു. സാഹിത്യ വിമർശ കൻ, അധ്യാപകൻ, മഹാകവി വള്ളത്തോളിന്റെ സെക്രട്ടറി, കലാമണ്ഡലത്തിലെ സാഹിത്യാചാര്യൻ എന്നീ നിലക ളിൽ പ്രവർത്തിച്ചു. സാഹിത്യഭൂഷണം, സാഹിത്യസല്ലാ പം, രാജാങ്കണം, മലയാളശൈലി, കല ജീവിതം തന്നെ, ഭാരതപര്യടനം തുടങ്ങിയ നിരൂപണഗ്രന്ഥങ്ങളും കുമാര സംഭവം, രഘുവംശം തുടങ്ങിയ കാളിദാസകൃതികളുടെ വ്യാഖ്യാനവും നിർവ്വഹിച്ചു. 'കല ജീവിതം തന്നെ' എന്ന കൃതിക്ക് 1966 ലെ കേരള - കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു.

## സിസ്റ്റർ മേരീബനീഞ്ഞ



ധന്യമായ ജീവിതംകൊണ്ട് മലയാള കാവ്യലോകത്തെ സമ്പന്നമാക്കിയ കവയിത്രി. എറണാകുളം ജില്ലയിലെ തോട്ടം കുടുംബത്തിൽ 1899-ൽ ജനിച്ചു. മേരീ ജോൺ തോട്ടം എന്ന പേരിൽ ആദ്യകാലത്ത് കവിതകൾ പ്രസിദ്ധീകരിച്ച അവർ 1928 ൽ കർമലീത്താ സന്ന്യാ സിനി സഭയിൽ അംഗമായി ചേർന്ന് സിസ്റ്റർ മേരീ ബനീഞ്ഞയായി. സാഹിത്യസേവനത്തിനുള്ള അംഗീ കാരമായ 'ബെനേമെരേന്തി' ബഹുമതി നൽകി മാർപാപ്പ അംഗീകരിച്ചു. 1985-ൽ അന്തരിച്ചു. പ്രധാന കൃതികൾ : ഗീതാവലി, ലോകമേ യാത്ര, മാർത്തോമ വിജയം മഹാകാവ്യം.

### ആനന്ദവർദ്ധനൻ

സംസ്കൃതസാഹിത്യനിരൂപകാചാര്യന്മാരിൽ പ്രമുഖൻ. 9-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കാശ്മീരിൽ ജീവിച്ചു. സംസ്കൃതസാഹിത്യശാസ്ത്രങ്ങളിൽ നടുനായകത്വം പുലർത്തുന്ന ധ്വന്യാലോകം രചിച്ചത് ഇദ്ദേഹമാണ്. ധ്വനിയാണ് കവിതയുടെ ജീവൻ എന്നതാണ് അദ്ദേഹത്തിന്റെ പ്രമാണം.

### വില്യം വേർഡ്സ് വർത്ത്



ഇംഗ്ലീഷ് സാഹിത്യത്തിലെ റൊമാന്റിക് യുഗത്തിലെ മുഖ്യകവി. പ്രകൃതിഗായകനായി അറിയപ്പെടുന്ന അദ്ദേഹം ലേക്ക് ഡിസ്ട്രിക്റ്റിലെ കംമ്പർലാന്റിൽ 1770-ൽജനിച്ചു. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ പഠനം. ആട്ടിടയന്മാരുടെയും ലേക്ക് താഴ്‌വരയിലെ സാധാരണക്കാരുടെയും ഒപ്പം കുട്ടിക്കാലം ചിലവഴിച്ചു. റൊമാന്റിക് സാഹിത്യത്തിന് നാന്ദികുറിച്ച ലിറിക്കൽ ബാലഡ്സ് വേർഡ്സ്‌വർത്തും കോളറിഡ്ജും ചേർന്നാണെഴുതിയത്. ആൻ ഈവനിങ്ങ് വോക്ക്, ദി പ്രില്യൂഡ്, ദ സോളിറ്ററി റീപ്പർ, വെസ്റ്റ് മിൻസ്റ്റർ ബ്രിഡ്ജ് എന്നിവ പ്രധാന കൃതികൾ. 1850-ൽ അന്തരിച്ചു.

### കോൾറിഡ്ജ് സാമുവൽ ടെയ്‌ലർ

ഇംഗ്ളീഷ് കവിയും നിരൂപകനും തത്വചിന്തകനുമായ കോൾറിഡ്ജ് 1772-ൽ ഡെവൺഷെറിൽ ജനിച്ചു. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ പഠനം. കാല്പനിക കാലഘട്ടത്തിലെ പൊതുസാഹിത്യ നിരൂപണരംഗത്തെ മഹത്തായ സൃഷ്ടിയായി അറിയപ്പെടുന്ന ബയോഗ്രാഫിയ ലിറ്ററേറിയ, ഡിജക്ഷൻ ആൻ ഓഡ്, പ്ലഷർ ഡോം ഓഫ് കുബ്ളാഖാൻ എന്നിവ പ്രധാന കൃതികൾ.1834-ൽ അന്തരിച്ചു.



അഞ്ച്

# മാധ്യമപർവം

## ആമുഖം

നിത്യജീവിതത്തിന്റെ സൂക്ഷ്മതലങ്ങളിൽപ്പോലും ഇന്ന് മാധ്യമങ്ങൾ സ്വാധീനം ചെലുത്തുന്നു. വെറും വിവരവിനിമയത്തിൽ ഒതുങ്ങുന്നതല്ല മാധ്യമപ്രവർത്തനം. വ്യക്തികളുടെ സാമൂഹ്യ നിലപാടുകളെ മാത്രമല്ല അഭിരുചികളെപ്പോലും നിശ്ചയിക്കുന്നതിന് മാധ്യമലോകത്തിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ചുള്ള വിമർശനാത്മക വിശകലനം പ്രധാനമാകുന്നു. വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾക്കൊപ്പം അതിനുപിന്നിലെ അപകടം കൂടി നാം തിരിച്ചറിയേണ്ടതുണ്ട്. മാധ്യമവിമർശനം എന്ന തലത്തിൽ നിന്നുകൊണ്ട് പരസ്യങ്ങളുടെയും ഉപഭോഗത്വരയുടെയും ലോകവും സൈബർ സാഹിത്യവും പരിചയപ്പെടുത്തുന്നതാണ് മാധ്യമപർവം എന്ന ഈ യൂണിറ്റ്. സി. ഗൗരീദാസൻനായരുടെ പരസ്യവും ഉപഭോഗത്വരയും എന്ന ലേഖനവും ചന്ദ്രമതിയുടെ വെബ്സൈറ്റ് എന്ന കഥയുമാണ് ഇതിലെ ഉള്ളടക്കം.

### പഠനനേട്ടങ്ങൾ

- സാഹിത്യ രചനയിൽ സൈബർ ഇടത്തിനുള്ള സാധ്യത വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- സൈബർ സാഹിത്യം, ബ്ലോഗ് സാഹിത്യം ഇവയെക്കുറിച്ച് സംവാദങ്ങൾ സംഘടിപ്പിച്ച് റിപ്പോർട്ടുകൾ തയാറാക്കുന്നു.
- വിപണിയുടെ തന്ത്രത്തിനുപരിയായി സാമൂഹ്യ ഉത്തരവാദിത്തങ്ങളെ ഓർമപ്പെടുത്തലും പരസ്യങ്ങളിലുണ്ട് എന്നു തിരിച്ചറിഞ്ഞ് ലഘുലേഖകൾ തയാറാക്കുന്നു.

മനുഷ്യന്റെ വ്യാപനമാണ് മാധ്യമം എന്നു പറഞ്ഞത് മാർഷൽ മക്ലുഹാനാണ്. വാക്ക് പല്ലിന്റെ വ്യാപനമാണ് എന്നു പറയുന്നതുപോലെയാണിത്. യവനപുരാണത്തിൽ കാഡ്മസ് എന്നൊരു കഥാപാത്രമുണ്ട്. കാഡ്മസ് ഡ്രാഗണുമായി യുദ്ധം ചെയ്ത് ഡ്രാഗണിനെ കൊന്ന് അതിന്റെ പല്ലുകൾ വലിച്ചൂരിയെറിഞ്ഞു. പല്ലുകൾ മുളച്ചുവന്നത് ആയുധധാരികളായ ഭടന്മാരായിട്ടാണ് എന്നു പുരാണം. വ്യാപനം എന്നാൽ മുളച്ചുണ്ടാകുന്നത്, വികസിച്ചുണ്ടാകുന്നത്, വ്യാപിച്ചുണ്ടാകുന്നത് എന്നൊക്കെയാണ് അർഥം. ശരീരത്തിലെ ഏറ്റവും വലിയ ആയുധമായ പല്ലിനേക്കാൾ മൂർച്ചയുള്ളതാണ് അത് വ്യാപിച്ചുണ്ടാകുന്ന വാക്ക് എന്നു വ്യംഗ്യം. ചക്രം പാദത്തിന്റെയും വസ്ത്രം ത്വക്കിന്റെയും ക്യാമറ കണ്ണിന്റെയും കമ്പ്യൂട്ടർ തലച്ചോറിന്റെയും വ്യാപനമാണ് എന്ന് മക്ലുഹാൻ പറയുന്നുണ്ട്

മാധ്യമങ്ങളും സംസ്കാരവും - ഡോ. എഴുമറ്റൂർ രാജരാജവർമ്മ

'ക്യാമറ കണ്ണിന്റെയും കമ്പ്യൂട്ടർ തലച്ചോറിന്റെയും വ്യാപനമാണ്'. മക്ലുഹാന്റെ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

# പരസ്യവും ഉപഭോഗത്വരയും

സി. ഗൗരീദാസൻനായർ

ആധുനിക ജീവിതത്തിലെ ഏറ്റവും സജീവമായ സംവേദനോപാധികളിൽ ഒന്നായി വളർന്നിരിക്കുകയാണ് പരസ്യങ്ങൾ. വൈവിധ്യമാർന്ന മാധ്യമലോകത്ത് തനതായ ഒരു സിദ്ധാന്തവ്യവസ്ഥയും സ്വതന്ത്രാസ്തിത്വം തന്നെയുമുള്ള ഒരു സംവേദനമാർഗമായി ഇന്ന് പരസ്യങ്ങൾ മാറിയിട്ടുണ്ട്. ആധുനിക കാലത്തിന്റെ ഉപഭോഗത്വരകളെ പുത്തൻ തലങ്ങളിലേക്കുയർത്തുന്നതിൽ പരസ്യങ്ങൾ വഹിക്കുന്ന പങ്ക് നിർണായകമാണ്. അതിനാൽത്തന്നെ പരസ്യങ്ങളെക്കുറിച്ചുള്ള പഠനം ഇന്ന് മാധ്യമപഠനത്തിന്റെ ഒരു സുപ്രധാന ശാഖയാണ്. പരസ്യങ്ങളിൽ നിർലീനമായിട്ടുള്ള ചിഹ്നശാസ്ത്രവും, പരസ്യങ്ങൾ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും പതിക്കുന്ന അടയാളങ്ങളും, പുതിയ അനുഭവങ്ങളിലേക്കും അനുഭൂതികളിലേക്കും മനുഷ്യമനസ്സുകളെ കൊണ്ടെത്തിക്കുന്ന അതിന്റെ രീതിവ്യവസ്ഥയുമെല്ലാം ആഴത്തിലുള്ള പഠനത്തിനു വിധേയമായിട്ടുണ്ട്. സാമൂഹികശാസ്ത്രത്തിന്റെയും അർഥശാസ്ത്രത്തിന്റെയും മനോവിജ്ഞാനീയത്തിന്റെയുമെല്ലാം വിശകലനോപകരണങ്ങൾ ഉപയോഗിച്ചുള്ള ഈ പഠനങ്ങൾ പരസ്യങ്ങൾ സൃഷ്ടിക്കുന്ന മായികലോകത്തിന്റെ ഉൾപ്പൊരുളുകളിലേക്ക് ഏറെ വെളിച്ചം വീശിയിട്ടുമുണ്ട്.

ആവശ്യങ്ങളില്ലാത്തിടത്ത് ആവശ്യങ്ങൾ സൃഷ്ടിക്കുകയും ആവശ്യങ്ങളുള്ളിടത്ത് അവയ്ക്കു പുത്തൻ മാനങ്ങൾ നല്കുകയും വശ്യമായ ദൃശ്യങ്ങളിലൂടെയും വാക്കുകളിലൂടെയും പുതിയ ഉപഭോഗസാധ്യതകൾ തുറന്നിടുകയും ഒക്കെയാണ് പൊതുവിൽ പരസ്യങ്ങൾ ചെയ്യുന്നത്. വികസിതമായ വിപണികളിൽ പരീക്ഷിച്ചു വിജയം കണ്ട ഈ വിപണനതന്ത്രങ്ങൾ പ്രാദേശിക പ്രത്യേകതകൾ ചാലിച്ച് വികസ്വരവും അവികസിതവുമായ വിപണികളിൽ പ്രയോഗിച്ചു പണം വാരിക്കൂട്ടുന്ന കാഴ്ചയാണ് ഇന്ന് ഇന്ത്യയിലും കാണുന്നത്.

### പരസ്യങ്ങളുടെ മനഃശാസ്ത്രം

പരസ്യങ്ങളുടെ ശാസ്ത്രീയമായ വിശകലനവും അവ എങ്ങനെ ഉപഭോഗത്തിന്റെ പുത്തൻ അവസരങ്ങൾ സൃഷ്ടിക്കുന്നു എന്നതു സംബന്ധിച്ചുള്ള പഠനങ്ങളും കാട്ടുന്നത് ഭൂരിപക്ഷം പരസ്യങ്ങളുടെയും ആശയസംവേദനരീതി ഒട്ടും തന്നെ

ഋജുവല്ലെന്നാണ്. പലപ്പോഴും ഒന്നു പറയുകയും മറ്റൊന്നു സൂചിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് പരസ്യങ്ങളുടേത്. പരസ്യങ്ങൾ കാണുകയും വായിക്കുകയും കേൾക്കുകയും ചെയ്യുന്നവരുടെ ഉപബോധമനസ്സിൽ കുടിയിരിക്കുന്ന ആശകളെയും അനുഭൂതിസങ്കല്പങ്ങളെയുമെല്ലാം സൂചകങ്ങളുടെയും രഹസ്യഭാഷയുടെയും ഗോത്രസ്മരണകളുടെയും കഥാസഞ്ചയങ്ങളുടെയുമെല്ലാം സഹായത്തോടെ തൊട്ടുണർത്തുന്ന പ്രക്രിയയാണത്. പരസ്യം ചെയ്യപ്പെടുന്ന ഉത്പന്നത്തിനും സേവനത്തിനും യഥാർഥത്തിലുള്ളതിലുമേറെ മേന്മയും മിഴിവും നല്കലാണ് പരസ്യങ്ങളുടെ മുഖ്യധർമം. ഒട്ടുമിക്കപ്പോഴും ഇത്തരം പരസ്യങ്ങൾ കണ്ട് ആകൃഷ്ടരായി ആ ഉത്പന്നങ്ങളും സേവനങ്ങളും വില നല്കി വാങ്ങുന്നവർ അറിയുന്നില്ല എന്തുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നതെന്ന്. അവിടെയാണ് പരസ്യങ്ങളുടെ സംവേദനശക്തി വെളിവാകുന്നത്.

**ഉത്പന്നങ്ങളുടെ ലോകം**



എല്ലാം ഉത്പന്നമായി മാറുന്ന കാലമാണിത്. സോപ്പും ചീപ്പും കണ്ണാടിയും മാത്രമല്ല ഇന്ന് ഉത്പന്നമെന്ന ഗണത്തിൽ പെടുന്നത്. ഇൻഷുറൻസ് പദ്ധതിയും ക്രെഡിറ്റ് കാർഡും പെൻഷൻ ഫണ്ടും ഹോട്ടൽ മുറിയും തുറസ്സായ ഇടങ്ങളും കാറ്റും വെളിച്ചവുമെല്ലാം ഇന്ന് 'പ്രോഡക്ട്സ്' അഥവാ ഉത്പന്നങ്ങളാണ്. പരസ്യനിർമാതാക്കളുടെ ദൗത്യം ഉത്പന്നങ്ങൾ, അവയെത്ര നിർജീവമാണെങ്കിലും, ചായം പൂശി ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കലാണ്. ഓരോ ഉത്പന്നത്തിന്റെയും വിപണിസാധ്യത വർധിപ്പിക്കൽ പരസ്യനിർമാതാക്കളുടെ മുന്നിൽ ഇന്ന് ഓരോ വ്യത്യസ്തതരം വെല്ലുവിളിയാണുയർത്തുന്നത്. ഈ വെല്ലുവിളികൾ വിജയകരമായി നേരിടുന്ന പരസ്യ- മാർക്കറ്റ് സ്ഥാപനങ്ങളും അവയുടെ പരസ്യ- മാർക്കറ്റിംഗ് ഉത്പന്നങ്ങളുമാണ് കമ്പോളത്തിന്റെ ആകെ സ്വഭാവം നിർണയിക്കുന്നത്. ഒരു ഉത്പന്നത്തിന്റെ സൃഷ്ടിവേളയിൽത്തന്നെ തുടങ്ങുന്നു ഈ പ്രക്രിയ. ഉത്പന്നത്തിന്റെ ഉപഭോക്താക്കളാകാൻ ഇടയുള്ളവർ ആരാണ്, അവരുടെ എണ്ണമെത്ര, അവർ സാമൂഹിക-സാമ്പത്തിക ശ്രേണിയിൽ എവിടെ നിൽക്കുന്നു തുടങ്ങി നിരവധി വഴികളിൽക്കൂടി സഞ്ചരി

ക്കുന്നു ആ അന്വേഷണം. 'ബ്രാൻഡിങ്' എന്ന് പരസ്യകർത്താക്കൾ വിളിക്കുന്ന പ്രക്രിയയുടെ തുടക്കം.

തങ്ങൾ ലക്ഷ്യമിടുന്ന ഉപഭോക്തൃസമൂഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ, സ്ഥായിഭാവങ്ങൾ, നിലപാടുകൾ എന്നിവയെല്ലാം സനിഷ്കർഷമായ പഠനത്തിന് തുടക്കത്തിൽ വിധേയമാക്കുന്നു. തുടർന്ന് തങ്ങളുടെ ഉത്പന്നങ്ങളെ ആ ഇഷ്ടാനിഷ്ട - താത്പര്യവ്യവസ്ഥയ്ക്ക് ഇണങ്ങുന്ന രീതിയിൽ അവതരിപ്പിക്കുന്നു. ഈ പ്രക്രിയയിലൂടെയാണ് ഒരു പ്രത്യേക ഉത്പന്നത്തിന് തനതായ ഒരു 'ഇമേജ്' കൈവരുന്നത്. ഓരോ തവണയും ആ ഉത്പന്നങ്ങൾ പരാമർശിക്കപ്പെടുമ്പോൾ അത് ഉപഭോക്താവിന്റെ മനസ്സിൽ ഉളവാക്കാനിടയുള്ള വികാരങ്ങൾ ഒന്നുതന്നെയായാൽ ആ പരസ്യം വിജയിച്ചു എന്നു പറയാം. വിപണിയിൽ അതുവരെ ലഭ്യമായ സമാന ഉത്പന്നങ്ങളിൽനിന്നും സേവനങ്ങളിൽനിന്നും വ്യത്യസ്തമാണ് തങ്ങൾ അവതരിപ്പിക്കുന്ന ഉത്പന്നവും സേവനവുമെന്ന് വരുത്തലാണ് അടുത്ത വെല്ലുവിളി. മുൻകാലങ്ങളിൽ വർത്തമാന പത്രങ്ങളിലോ റേഡിയോയിലോ ഒതുങ്ങിനിന്നിരുന്ന 'പ്രോഡക്ട് ലോഞ്ച്' അല്ലെങ്കിൽ 'ഉത്പന്നവിക്ഷേപണം' ഇന്ന് നഗരങ്ങളിൽനിന്ന് നഗരങ്ങളിലേക്കു പടരുന്ന 'റോഡ് ഷോ'കളും പൊതുസ്ഥലങ്ങളിലെ കൂറ്റൻ പരസ്യബോർഡുകളും ടെലിവിഷനിൽ ആവർത്തിച്ചുള്ള പരസ്യങ്ങളുമൊക്കെയായി വളർന്നിട്ടുണ്ട്.

**ശരീരമെന്ന ആഘോഷസ്ഥാനം**

ഒരു വ്യക്തി സ്വയം എങ്ങനെ കാണുന്നു, തിരിച്ചറിയുന്നു, സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു എന്നതെല്ലാം സംവേദനപ്രക്രിയയുടെ നിർണായകഘടകങ്ങളാണ്. അവിടെവച്ച് പലപ്പോഴും അടിസ്ഥാനാവശ്യങ്ങളും ആർഭാടങ്ങളും തമ്മിലുള്ള അതിരുകൾ മുറിയുകയും പരമ്പരാഗതമായ ആവശ്യക്രമത്തെ അട്ടിമറിച്ചുകൊണ്ട് ഒന്ന് മറ്റൊന്നായി മാറുകയും ചെയ്യും. ഈ പ്രക്രിയയുടെ ഫലമായി, കുടിക്കുന്നത് കമ്പനിവെള്ളമോ പൈപ്പുവെള്ളമോ കിണറ്റുവെള്ളമോ എന്നതൊക്കെ ജീവിതനിലവാരത്തിന്റെ സൂചകങ്ങളാവുന്നു. കിടപ്പാടമെന്നത് ആർഭാടത്തിന്റെ പ്രകടനവേദിയായിത്തീരുന്നു. വസ്ത്രം നാണം മറയ്ക്കാനുള്ള ഉപാധി എന്നതിനപ്പുറം സ്വത്വപ്രകാശനത്തിന്റെ ശക്തമായ മാധ്യമമായി മാറുന്നു. എന്തിന്, ശരീരം തന്നെയും സമൂഹത്തിലേക്ക് മാറ്റു വർദ്ധിപ്പിക്കപ്പെട്ട ഒരുത്പന്നമായി വിക്ഷേപിക്കപ്പെടുന്നു. സ്വന്തം ശരീരത്തിന്റെ അളവുകളും വടിവുകളും പേശീവിന്യാസവും ചലനരീതികളുമെല്ലാം ഒരു വ്യക്തിയുടെ സാമൂഹികപ്രകാശനത്തിന്റെ വഴികളാകുന്നു.

ശരീരത്തിന്റെ ആഘോഷം പരസ്യമേഖലയുടെ മുഖ്യസ്വഭാവമാണ്. പൗരുഷത്തിന്റെ പ്രതീകങ്ങളായും പുരുഷസാധ്യതകളുടെ സാഫല്യവഴികളായുമൊക്കെ ഉത്പന്നങ്ങൾ അവതരിപ്പിക്കപ്പെടുന്നത് ഇതിന്റെ ഒരുവശം. സ്ത്രീശരീരത്തിന്റെ (പലപ്പോഴും ചൂഷണോത്സുകമെന്നു വിമർശിക്കപ്പെടുന്ന) തുറന്നിടലുകൾ മറുവശത്ത്. സാമൂഹികവിജ്ഞാനീയത്തിന്റെയും സ്ത്രീവാദത്തിന്റെയും പുത്തനറിവുകളും തിരിച്ചറിവുകളും നിശിതമായ പരിശോധനയ്ക്കും വിമർശനത്തിനും വിധേയമാക്കിയിട്ടുണ്ടെങ്കിലും സ്ത്രീശരീരത്തെ ആസ്പദമാക്കിയുള്ള പ്രചാരണതന്ത്രങ്ങൾക്ക് എല്ലാ മാധ്യമങ്ങളിലും ഇന്നും പ്രധാന്യമേറെയാണ്.

നേരിയ ആവരണമിട്ടവതരിപ്പിക്കപ്പെടുന്ന ലൈംഗികതയാണ് പരസ്യങ്ങളുടെ ഒരു മുഖ്യഘടകം. ഭാവനാപൂർണമായി പരസ്യം ചെയ്യുന്നവർ ലൈംഗികതയുടെ അംശത്തെ മനോഹരവും ഉന്നതവുമായ തലത്തിലേക്ക് ഉയർത്തുന്ന നിരവധി പരസ്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പലപ്പോഴും ഈ തന്ത്രം പാളുകയും തരംതാണ സംവേദനപരിശ്രമമായി അവ മാറുകയും ചെയ്തിട്ടുണ്ട്. എങ്കിലും മനുഷ്യകുലത്തിന്റെ അടിസ്ഥാനകാമനകൾ ഉണർത്തിവിടുന്നതിലും അതിലൂടെ ഉത്പന്നങ്ങൾക്ക് ആവശ്യക്കാരെ സൃഷ്ടിക്കുന്നതിലും ഇത്തരം പരസ്യങ്ങൾ നേടിയിട്ടുള്ള വിജയം ഏറെ ശ്രദ്ധയാകർഷിച്ചിട്ടുമുണ്ട്. ഭൂരിപക്ഷം പരസ്യങ്ങളിലും പുരുഷശരീരം ശക്തിയുടെയും അധികാരത്തിന്റെയും ആൾരൂപങ്ങളായാണ് അവതരിപ്പിക്കപ്പെടുക. സ്ത്രീശരീരമാകട്ടെ മൃദുലതയുടെയും സൗന്ദര്യത്തിന്റെയും ഇരിപ്പിടമായും. ഏതാണ്ട് 60 ശതമാനം പരസ്യങ്ങളിലും യുവതികളാണ് 'കഥാപാത്ര'ങ്ങൾ. അവരുടെ മേനിയഴകും മുടിയഴകും മിഴിയഴകുമൊക്കെ മെച്ചപ്പെടുത്തുന്ന നൂറായിരം ഉത്പന്നങ്ങളുടെ മേന്മകൾ പറയുന്നവയാണ് പരസ്യങ്ങളിൽ ഭൂരിഭാഗവും. പൊതുസ്ഥലങ്ങളിലേക്ക് ഇറങ്ങിനില്ക്കുകയും പുരുഷനൊപ്പം സ്വന്തം ഇഷ്ടാനിഷ്ടങ്ങളും സാന്നിധ്യവും വിളിച്ചു പറയുകയും ചെയ്യുന്ന പുതിയ സ്ത്രീസമൂഹത്തിന്റെ ഇന്നത്തെ കാലത്ത് ഈ പരസ്യങ്ങൾ ഒരേ സമയം വിമർശനവും സ്വീകരണവും ഏറ്റുവാങ്ങുന്നുണ്ട്.

### ഹാസത്തിന്റെ പരസ്യവഴി

ഒരു പക്ഷേ, ഗുപ്തലൈംഗികതയ്ക്കൊപ്പമോ അതിലുമേറെയോ ഉത്പന്ന വില്പനയിൽ സഹായിക്കുന്നത് പരസ്യങ്ങൾ തുറക്കുന്ന ഫലിതസാധ്യതകളാണ്. പരസ്യവായനക്കാർക്കിടയിൽ നടത്തിയിട്ടുള്ള പഠനങ്ങൾ പലതും സൂചിപ്പിക്കുന്നത് ഫലിതം ചാലിച്ച പരസ്യങ്ങൾ ജനമനസ്സുകളിലേക്ക് വളരെ വേഗത്തിൽ എത്തുന്നു എന്നാണ്. ഫലിതരസം കലർന്ന പരസ്യങ്ങൾ ദൃഷ്ടാക്കളുടെ മന

സ്സിൽ ആഹ്ളാദകരമായ ഒരനുഭവമാകുന്നു എന്നും അത് ഉത്പന്നങ്ങളുടെ വില്പനയിൽ നിർണായക സ്വാധീനമാകുന്നു എന്നുമാണ് വിശ്വാസം. പൊതുവിൽ ഐസ് ക്രീം, കളിപ്പാട്ടങ്ങൾ തുടങ്ങിയവയുടെ വിപണനത്തിനായാണ് ഇത്തരം പരസ്യങ്ങൾ ഉപയോഗിച്ചുവന്നിരുന്നത്. എന്നാൽ ഇന്ന് താരതമ്യേന കൂടുതൽ ഗൗരവമുള്ള സേവനങ്ങൾക്കും ഇത്തരം പരസ്യങ്ങൾ ഉണ്ടാകുന്നുണ്ട്.

**മാറുന്ന മാധ്യമലോകം**

പരമ്പരാഗതമായി പരസ്യങ്ങളുടെ മുഖ്യപ്രകാശനസ്ഥാനം അച്ചടിശ്രാവ്യമാധ്യമങ്ങളാണ്. ടെലിവിഷന്റെ കടന്നുവരവോടെ പരസ്യങ്ങളുടെ മുഖ്യവേദി ദൃശ്യമാധ്യമമായിട്ടുണ്ട്. വിവരസാങ്കേതികവിദ്യ ലോകമാസകലം വളർച്ച നേടുന്ന ഇക്കാലത്ത് പരസ്യങ്ങൾ പതിയെ ഇന്റർനെറ്റിലേക്കു കുടിയേറിത്തുടങ്ങിയിട്ടുമുണ്ട്.

പരസ്യങ്ങൾ കാണുന്നതിന്റെയും അനുഭവിക്കുന്നതിന്റെയും പരമ്പരാഗതരീതിയെ അട്ടിമറിക്കുന്ന മാറ്റമായിരിക്കും ഇത്. ഇതുവരെ ഒരു പൊതുവായ ഇടത്ത് പ്രത്യക്ഷപ്പെടുകയും വ്യക്തികൾ പങ്കിട്ടനുഭവിക്കുകയും ചെയ്തുവന്ന പരസ്യങ്ങൾ ഇനി വ്യക്തിയും ആ വ്യക്തിക്കു മുന്നിലെ കമ്പ്യൂട്ടർ സ്ക്രീനുമായുള്ള ഒരു രഹസ്യസംഭാഷണത്തിന്റെ ഭാഗമായി മാറുകയാണ്. ഒരു പക്ഷേ, പുതിയൊരു പരസ്യഭാഷയുടെയും ദൃശ്യവിന്യാസത്തിന്റെയും പടിവാതിൽക്കൽ നാമെത്തി നില്ക്കുകയാവാം. നാളിതുവരെ പരസ്യങ്ങൾ സംസാരിച്ചിരുന്നതിൽനിന്ന് അടിസ്ഥാനപരമായി വ്യത്യസ്തമാവില്ല ഈ ഭാഷയും അതിന്റെ പുതിയ വ്യാകരണവും. എന്നാൽ പുതിയ സംവേദനരീതികൾ സ്വാംശീകരിക്കുന്ന പരസ്യങ്ങൾ പുതിയതരം ഉപഭോക്താക്കളെയും സൃഷ്ടിക്കുമെന്ന കാരൃത്തിൽ സംശയം വേണ്ട.

പുതുമകൾ എല്ലാം കണ്ടെത്തപ്പെട്ടുകഴിഞ്ഞ ഒരു ലോകത്ത് പുതുതായി വിപണിയിലെത്തുന്ന ഒരുത്പന്നത്തിന്റെ 'പുതുമ' എന്താവും? ആ പുതുമയെക്കുറിച്ചുള്ള വിവരങ്ങൾ ഏതു രൂപത്തിലാവും പരസ്യരൂപം പൂണ്ട് ഉപഭോക്താക്കളിലേക്കെത്തുക? പരസ്യങ്ങളുടെയും ഉപഭോഗത്തിന്റെയും സംക്രമണകാലത്തു നില്ക്കുമ്പോൾ കാഴ്ചയ്ക്ക് വ്യക്തത പോരാ. എന്നാൽ, ഒന്നുറപ്പ് - ഉത്പന്നങ്ങളുടെ കേമത്തം വിളിച്ചോതുന്ന പരസ്യങ്ങൾ എന്നുമുണ്ടാവും, അവ വാങ്ങാനും ഉപയോഗിക്കാനും പണവും ആവശ്യവുമുള്ള ഉപഭോക്തൃസമൂഹം ഉള്ള കാലം വരെ.

**മാധ്യമപഠനങ്ങൾ**

## പഠനപ്രവർത്തനങ്ങൾ

- ‘പരസ്യം ചെയ്യപ്പെടുന്ന ഉത്പന്നത്തിനും സേവനത്തിന്നും യഥാർഥത്തിൽ ഉള്ളതിലുമേറെ മേന്മയും മിഴിവും നല്കലാണ് പരസ്യങ്ങളുടെ ധർമ്മം - ലേഖകന്റെ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.
- പരസ്യങ്ങളെക്കുറിച്ചുള്ള പഠനം മാധ്യമപഠനത്തിൽ പ്രസക്തമാവുന്നതെന്തുകൊണ്ട്?
- ഫലിതരസം കലർന്ന പരസ്യങ്ങൾ കൂടുതൽ ആകർഷണീയമാകുന്നതെന്തുകൊണ്ട്?
- ഇന്നത്തെ കാലത്ത് പരസ്യങ്ങൾ ഒരേസമയം വിമർശനവും സ്വീകരണവും ഏറ്റുവാങ്ങുന്നു - കാരണം വ്യക്തമാക്കുക.
- പരസ്യങ്ങളുടെ നിലനിൽപ്പിനെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണം കണ്ടെത്തി എഴുതുക.
- പരസ്യങ്ങളിലെ സ്ത്രീ സ്വീകാര്യമായ ഒരു സാമൂഹ്യമാറ്റത്തിന്റെ ചിഹ്നമാണോ?
- പരസ്യനിർമാതാക്കളുടെ ദൗത്യം ഉത്പന്നങ്ങൾ, അവയെത്ര നിർജീവമാണെങ്കിലും, ചായം പൂശി ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കലാണ്. ഈ പ്രസ്താവന വസ്തുനിഷ്ഠമാണോ? സംവാദം സംഘടിപ്പിക്കുക.

# വെബ്സൈറ്റ്

**ചന്ദ്രമതി**

ഒരു പരസ്യത്തിലായിരുന്നു തുടക്കം. ഒരു നടുക്കത്തിലായിരുന്നു ഒടുക്കം. അതാണ് ഈ കഥ.



പരസ്യം ഇങ്ങനെ:

സുന്ദരനും അവിവാഹിതനും എഞ്ചിനീയറിങ് ബിരുദാനന്തരബിരുദധാരിയും ഏകാകിയുമായ യുവാവ് (39 വയസ്സ്, ഹോബികൾ: സംഗീതം, വായന, ഇന്റർനെറ്റ്) സമാന അഭിരുചികളുള്ള യുവതികളിൽനിന്ന് ശുദ്ധ സൗഹൃദം കാംക്ഷിക്കുന്നു. എഴുതുക. Box 2525.KGD.

ഈ പരസ്യം ഉള്ളിന്റെയുള്ളിൽ കയറി സ്മിതയെ ഒന്നു തൊട്ടു. സുന്ദരി, അവിവാഹിത, (മലയാള സാഹിത്യത്തിൽ) ബിരുദാനന്തരബിരുദധാരി, ഏകാകിനി: ഇവയൊക്കെയായിരുന്നു സ്മിത. അവളുടെ ഹോബികളും മേല്പറഞ്ഞവതന്നെയാണ്. ശുദ്ധസൗഹൃദം കിട്ടാത്തതിന്റെ വിഷമം അനുഭവിക്കുകയാണ് അവളും. പിന്നെ അവൾ എഴുതാതിരിക്കുമോ?

അജ്ഞാതനായ പ്രിയസുഹൃത്തേ

താങ്കളുടെ പരസ്യം കണ്ടു. അതിലെ രണ്ടു വാക്കുകൾ വളരെ ഇഷ്ടപ്പെട്ടതുകൊണ്ട് ഈ കത്തെഴുതുന്നു. ആ വാക്കുകൾ എന്താണെന്നു പിന്നീടെഴുതാം.

ആദ്യം ഞാനെന്നെ പരിചയപ്പെടുത്താം. പേര് സ്മിത. ശരിക്കുള്ള പേര് സുസ്മിത. അതേ പേരുകാരിക്ക് വിശ്വസുന്ദരിപ്പട്ടം കിട്ടിയപ്പോൾ ഞാൻ ആദ്യാക്ഷരം ഉപേക്ഷിച്ചു. വെറുതെ ഉപേക്ഷിച്ചതല്ല. ഗസറ്റിൽ പരസ്യം ചെയ്തു പേരു മാറ്റി. അതെന്തിനാണെന്ന് നമ്മുടെ ശുദ്ധസൗഹൃദം വളരുമ്പോൾ താങ്കൾക്കു മനസ്സിലായിക്കൊള്ളും. എനിക്ക് 28 വയസ്സുണ്ട്. മലയാളം എം. എയാണ്. അധ്യാപികയാവാൻ താത്പര്യം ഇല്ലായിരുന്നു. വിദ്യാർഥികൾക്കു പക

ർന്നുകൊടുക്കാൻ കൈയിലെന്തെങ്കിലും വേണ്ടേ! കാലികമാകാൻ കമ്പ്യൂട്ടറിന്റെ ബേസിക് കോഴ്സ് പഠിച്ചെടുത്തു. നേരത്തേയെഴുതിയ പല ടെസ്റ്റുകളിലൊന്നിന്റെ ഫലമായി യൂനിവേഴ്സിറ്റി ഓഫീസിൽ സെക്കന്റ് ഗ്രേഡ് അസിസ്റ്റന്റായി ജോലി കിട്ടി. ഈ നഗരത്തിലൊരു പേയിങ് ഗസ്റ്റായി താമസിക്കുന്നു. ഇന്റർനെറ്റും ഇ-മെയിലും പഠിച്ചത് ഇവിടെനിന്നാണ്. ഈ വീടിന്റെ ഔട്ട്ഹൗസ് പെൺകുട്ടികൾക്കായി പെൺകുട്ടികൾ പഠിപ്പിക്കുന്ന കമ്പ്യൂട്ടർ പഠനശാലയാണ്. കൂടുതൽ പഠിക്കാൻ താത്പര്യം ഇല്ലാത്തതുകൊണ്ട് ഞാനങ്ങോട്ടു നോക്കാറേയില്ല.

വീട് ആകെ പെൺമയമാണ്. ഗൃഹനാഥൻ ദുബായിൽ. താഴത്തെ നിലയിൽ അയാളുടെ ഭാര്യയും രണ്ടു പെൺമക്കളും. മൂത്തവളാണ് കമ്പ്യൂട്ടർ ക്ലാസ്സ് നടത്തുന്നത്. മുകളിലെ രണ്ടു മുറികളിലായി ഞങ്ങൾ നാലു പേയിങ് ഗസ്റ്റുകൾ. ഏഴുമണിക്കു മുമ്പ് വീട്ടിൽ കയറണമെന്നാണ് ചട്ടം. ഓഫീസ് വിട്ട് ലൈബ്രറിയിലും ഇന്റർനെറ്റ് കഫേയിലുമൊക്കെ കറങ്ങി നടന്ന് (ഇന്റർനെറ്റെനിക്ക് ഹരമാണ്) കൃത്യസമയത്ത് തന്നെ ഞാൻ കൂടണയും. പിന്നീടാണ് സമയം പ്രശ്നമാവുന്നത്. വായിക്കും. കാസെറ്റ് കേൾക്കും. മുകളിലെ നിലയിൽ ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ടി. വിയും നാല് അഭിരുചികളുള്ള നാല് കാണികളും. ശബ്ദം കൂട്ടിയാൽ താഴത്തെ നിലയിലെ 29 ഇഞ്ച് ടി. വി യുടെ മുന്നിലിരുന്ന് ദുബായ് സുൽത്താന വാണിങ്ങയയ്ക്കും. ഒക്കെ സഹിച്ചുകൊണ്ട് ഇവിടെ ഞാൻ. അഞ്ചടി രണ്ടിഞ്ചു പൊക്കവും 50 കിലോ തൂക്കവും വെളുത്ത നിറവും നീണ്ട മുടിയുമുള്ള പെണ്ണ്.

ഇനി താങ്കളുടെ പരസ്യത്തിലേക്കു വരാം. എനിക്കിഷ്ടമുള്ള രണ്ടു വാക്കുകൾ ഏതാണെന്നോ? (1) ഏകാകി. (2) ശുദ്ധസൗഹൃദം. ആദ്യത്തേത് നമുക്കു രണ്ടു പേർക്കും പൊതുവായിട്ടുള്ളത്. രണ്ടാമത്തേത് എന്നുമെന്റെ സ്വപ്നം. ഒരഴുക്കും പുരളാത്ത തെളിഞ്ഞ സൗഹൃദം നമുക്കു സ്വന്തമാകട്ടെ. ബാക്കി താങ്കളുടെ കത്തിനു ശേഷമാവാം.

സ്നേഹപൂർവം
സ്മിത

തിങ്കളാഴ്ച പോസ്റ്റു ചെയ്ത കത്തിന് വെള്ളിയാഴ്ച മറുപടി വന്നു. സുന്ദരനെന്നു സ്വയം വിളിച്ച പരസ്യയുവാവിനു ചേരാത്ത വികൃതമായ കൈയക്ഷരമെന്നു മനസ്സിലോർത്തുകൊണ്ട് സ്മിത കത്തു പൊട്ടിച്ചു.

ഡിയർ സ്മിത:

മലയാളം എനിക്കത്ര വഴങ്ങുകയില്ല. S S L C ക്ക് കഷ്ടിച്ചു ചാടിക്കടന്നതാണ്.

കൈയക്ഷരവും വഴങ്ങില്ല. കമ്പ്യൂട്ടർ കീബോർഡിൽ അടിച്ചു ശീലിച്ചുപോയി. ഇന്റർനെറ്റ് ഹരമാണെങ്കിൽ സ്മിതയും എന്നെപ്പോലെ കൂടുതൽ സമയവും കമ്പ്യൂട്ടറിനു മുന്നിലാവുമല്ലോ. എനിക്ക് ലോകം മുഴുവൻ ഫ്രൺസുണ്ട്. ആര് ആരെന്നും ആര് എവിടെയെന്നും സത്യത്തിലെനിക്കറിയില്ല. അത് നെറ്റ് - ഫ്രൺഷിപ്പിന്റെ ഗുണം.

എന്റെ പേര് വിനോദ് കൃഷ്ണ. കാൺപൂർ ഐ. ഐ. ടിയിൽ നിന്നും എം.ടെക്കെ ടുത്തു. അമേരിക്കയിൽ കുറെ ജോലി ചെയ്തു കൈനിറയെ പണമുണ്ടാക്കി. ഇപ്പോൾ 39-ാം വയസ്സിൽ വിശ്രമജീവിതം. എന്തിന് ആവശ്യത്തിലേറെ പണം? ഒറ്റ ജീവിതമല്ലേയുള്ളൂ. അത് ആസ്വദിച്ചു തീർക്കണം. അതുകൊണ്ട് ഞാൻ ഭീംസിങ് ജോഷിയും റിക്കിമാർട്ടിനും കേൾക്കുന്നു. സാങ്കേതിക പുസ്തകങ്ങളും പൾപ്പ് ഫിക്ഷനും വായിക്കുന്നു. നെറ്റിൽ സർഫ് ചെയ്തു തളരുന്നു.

സ്മിതയുടെ ജീവിതം പോലെ ജീവിതം എനിക്കു പറ്റില്ല. ഒരോഫീസിൽ ക്ലർക്കിന്റെ പണി. പേയിങ് ഗസ്റ്റായിട്ട് താമസം. ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ടി വിക്കുവേണ്ടി മൂന്നാളോടു കടിപിടി. ഭയങ്കരം! ഇന്ത്യ ഇപ്പോഴും ദരിദ്രനാരായ ണിമാരുടെ നാടുതന്നെയാണല്ലോ! എങ്കിലും സ്മിതയുടെ സ്വയംവർണന കൊള്ളാം. സാധാരണയായി ഇന്ത്യൻ പെൺകുട്ടികൾ ആദ്യകത്തിൽത്തന്നെ ഇങ്ങനെ സ്വയം വർണിക്കാറില്ല. ചോദിക്കാനായി കാത്തു നില്ക്കും. പൊക്കം. തൂക്കം. മുടി എന്നൊക്കെ വിളിച്ചു പറയില്ല. നല്ല ഈഗോയുള്ള പെണ്ണാണ് സ്മിത അല്ലേ? കത്തിൽ മുഴുവൻ ആ അഹങ്കാരം നിറഞ്ഞു നില്ക്കുന്നു. ഗസ റ്റിൽ പരസ്യം ചെയ്തു പേരു മാറ്റിയതും അതിനു കാരണം പറയാത്തതുമൊക്കെ അഹന്തയായി തോന്നി.

സ്മിതയുടെ രീതിയിൽത്തന്നെ എന്നെ പരിചയപ്പെടുത്താം. എന്റെ പൊക്കം ആറടിയായിരുന്നു. ഈയിടെ അളക്കാറില്ല. തൂക്കം 70 കിലോ ആയിരുന്നു. ചുരുണ്ട മുടി. ഫ്രെഞ്ചുതാടി. ഗോതമ്പിന്റെ നിറം. മതിയോ? ഇനി എന്തറിയണം? ഇഷ്ട പ്പെടുന്ന സംഗീതജ്ഞർ, എഴുത്തുകാർ, സർഫ് ചെയ്യുന്ന സ്ഥലങ്ങൾ: ഒക്കെ എഴുതി അറിയിക്കുക. തത്കാലം നിർത്തട്ടെ. ഇപ്പോൾ യാഹൂവിന്റെ ചാറ്റ് റൂമിൽ എനിക്കൊരു അപ്പോയ്മെന്റുണ്ട്. എന്റെ അനേകം ഇ- മെയിൽ വിലാസങ്ങളി ലൊന്ന് താഴെക്കൊടുക്കുന്നു. അതുപയോഗിച്ചാൽ സമയം നഷ്ടപ്പെടാതിരിക്കും. ഓക്കെ?

വിത്ത് ലൗ
വിനോദ്.

കത്തു വായിച്ച് താഴോട്ടു പോകുംതോറും സ്മിതയുടെ കണ്ണുകൾ രൂക്ഷങ്ങളായി വന്നു. കുടുംബത്തിൽ അവൾക്കെതിരെ ഏറ്റവുമധികം ഉപയോഗിക്കപ്പെട്ടിട്ടുള്ള പദമായിരുന്നു അഹങ്കാരി. കുടുംബത്തിനു പുറത്ത് ഒരപരിചിതൻ അപ്രതീക്ഷിതമായി അത് തനിക്കെതിരെ വലിച്ചെറിഞ്ഞതിൽ അവൾ ഏറെ ക്ഷുഭിതയായി. പേരിൽ മാത്രമേ അയാൾക്കു സൗന്ദര്യമുള്ളുവെന്നും അയാൾ ഒരു മാനസിക രോഗിയാണെന്നും അവൾ വിചാരിച്ചു. അല്ലെങ്കിലെങ്ങനെയാണ് കാണുകയോ അറിയുകയോ ചെയ്യാത്ത ഒരു പെണ്ണിനെഴുതുന്ന ആദ്യകത്തിൽ ഇങ്ങനെയൊക്കെ അയാൾക്കെഴുതാനാവുക! അതേ നാണയത്തിൽ മറുപടി കൊടുക്കാനവൾ തീരുമാനിച്ചു. അയാളുടെ ഇ- മെയിൽ വിലാസത്തെ നിർദയം അവഗണിച്ചുകൊണ്ട് ഒരു കടലാസിൽ അവളെഴുതി.

ശ്രീ വിനോദ് കൃഷ്ണാജി

ഈ ദരിദ്രനാരായണിയുടെ പ്രണാമം സ്വീകരിച്ചാലും. താങ്കൾക്ക് മലയാളം വഴങ്ങാത്തതുപോലെ എനിക്ക് ഇംഗ്ലീഷും വഴങ്ങില്ല. താങ്കൾക്ക് കമ്പ്യൂട്ടർ കീബോർഡാണ് പഥ്യമെങ്കിൽ എനിക്ക് കൈയക്ഷരമാണ് പ്രിയം. എനിക്ക് അനേകം ഇ- മെയിൽ വിലാസങ്ങളില്ല. ഒരേ ഒരെണ്ണമേയുള്ളൂ. അത് കത്തിൽ വയ്ക്കുന്നു. നിങ്ങൾക്കു വേണമെങ്കിൽ അതിൽ കത്തയയ്ക്കാം. പക്ഷേ മറുപടി കൈയക്ഷരത്തിൽ സാദാ തപാലിലേ വരുകയുള്ളൂ. അഹങ്കാരികൾക്ക് വാശി കൂടുമെന്നറിയാമല്ലോ.

ആകെയുള്ള ഇ- മെയിൽ ID എടുക്കാൻ നോക്കിയപ്പോഴാണ് ഞാൻ എത്രയോ പുറകിലാണെന്ന് എനിക്കു മനസ്സിലായത്. അവിടെ എന്റെ പേര് സ്മിത 1038 എന്നാണ്. 1037 സ്മിതകൾ എനിക്കു മുന്നാലെ. 1037 പേർക്കു പിന്നിൽ സ്വന്തം പേരിനു വേണ്ടിപ്പോലും നില്ക്കേണ്ടിവരുന്ന എനിക്ക് ഈഗോയുണ്ടെന്ന് എന്നെ കാണുകയോ അറിയുകയോ ചെയ്യാത്ത ഒരാൾ പറയുന്നു. നല്ല തമാശ?

ആദ്യകത്തിൽ പെൺകുട്ടികൾ സ്വയം വർണിക്കാൻ പാടില്ലെന്ന് ഒരു നിയമമുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. “ലോകം മുഴുവൻ ഫ്രൺസ്” ഇല്ലാത്തതുകൊണ്ട് നിയമങ്ങൾ നല്ല പിടിയില്ല. എനിക്ക് വിരലിലെണ്ണാവുന്ന സുഹൃത്തുക്കളേയുള്ളൂ. അവർ ആര് ആരാണെന്നും എവിടെയാണെന്നും എനിക്ക് നല്ലവണ്ണമറിയാമെന്നൊരു വ്യത്യാസമുണ്ട് നമ്മൾ തമ്മിൽ.

എന്റെ കത്ത് അഹങ്കാരം തുളുമ്പിനില്ക്കുന്ന ഒന്നാണെന്ന് നിങ്ങൾ പറഞ്ഞു. സ്വയം വർണന താത്പര്യമില്ലെന്നും സൂചിപ്പിച്ചു. പക്ഷേ, നിങ്ങളുടെ പരസ്യ

ത്തിലെ വാക്കുകൾ ഓർമയുണ്ടോ? സുന്ദരൻ. അവിവാഹിതൻ. ബിരുദാന ന്തരബിരുദധാരി. ഏകാകി. ഇത് സ്വയം വർണനയല്ലെന്നുണ്ടോ? ഒരു 'ശുദ്ധസൗ ഹൃദത്തിന്' അവസാനത്തോതൊഴികെ മറ്റെല്ലാ വിശേഷണവും അനാവശ്യമല്ലേ? 'ലോകം മുഴുവൻ ഫ്രൺസ്' 'കൈനിറയെ പണം' '39-ാം വയസ്സിൽ വിശ്രമ ജീവിതം' പിന്നെ ജീവിതം സുഖിച്ചു തീർക്കാനുള്ളതാണെന്ന ഫിലോസഫി! ഇതൊന്നും ഈഗോയേ അല്ല! എന്നിട്ടും നിങ്ങളുടെ ചിന്തയിലൊരു ദരിദ്ര നാരായണി പ്രയോഗം വന്നല്ലോ. അത്ഭുതം!

സുഹൃത്തേ, ഈ സൗഹൃദം ഏറെനാൾ തുടരാനാവുമെന്നെനിക്കു തോന്നു ന്നില്ല. നിങ്ങളെപ്പോലെ കൈനിറയെ പണവുമായി ജീവിതം സുഖിച്ചു തീർക്കു ന്നവരാണ് ഈ നാടിന്റെ ശാപം. നിങ്ങൾക്കൊരിക്കലും സ്മിതയെപ്പോലൊരു പെണ്ണിനെ മനസ്സിലാവില്ല. ക്ലാർക്കിന്റെ പണിയും വീടുവിട്ടകന്ന് പേയിങ് ഗസ്റ്റാ യുള്ള താമസവുമൊക്കെ എന്റെ സ്വത്വത്തിന്റെ പ്രഖ്യാപനങ്ങളാണ്. സ്ത്രീധന ത്തിന്റെ പിന്നാലെയൊഴുകി ഏതെങ്കിലുമൊരുത്തന്റെ കിടപ്പറയിൽ കയറി അവന് കുട്ടികളെ പ്രസവിച്ചു കൊടുക്കുന്നതല്ല സ്ത്രീത്വം എന്ന ധാരണകൊണ്ടാണ്. വായിൽ വെള്ളിക്കരണ്ടിക്കു പകരം കമ്പ്യൂട്ടറുമായി ജനിച്ച നിങ്ങൾക്ക് ഇതൊ ക്കെപ്പറഞ്ഞാൽ മനസ്സിലാവില്ല. ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ടി വി ക്കുവേണ്ടി മൂന്നു പേരോട് കടിപിടി കൂടുന്ന എനിക്ക് ടി വി എന്തെന്നറിയാത്ത ദരിദ്രവാ സികളെ മനസ്സിലാകും. ചാറ്റ് റൂമിൽ ശബ്ദമോ ശരീരമോ ഇല്ലാത്തവരുമായി സല്ലപിക്കുന്ന നിങ്ങൾക്ക് മജ്ജയും മാംസവുമുള്ള ആരെയെങ്കിലും മനസ്സിലാ ക്കാനാവുമോ?

കൂടുതലെഴുതാനെനിക്കു തോന്നുന്നില്ല. ക്ഷമിക്കുക.

സ്നേഹപൂർവം  
സ്മിത.

കത്ത് പോസ്റ്റ് ചെയ്തിട്ട് ആദ്യം കണ്ട ബസ്സിൽ സ്മിത വീട്ടിൽ പോയി. കല്യാ ണക്കാര്യം പറഞ്ഞ അമ്മയോടു കയർത്തു. അച്ഛനുമായി കേന്ദ്രത്തിലെ രാഷ്ട്രീയ സ്ഥിതി ചർച്ച ചെയ്തു. പണ്ട് റാഗ് ചെയ്ത പെണ്ണ് പുറകെ നടക്കു ന്നതിന് അനുജനെ കളിയാക്കി. തിങ്കളാഴ്ചയായിട്ടും പോകാത്ത അവളോട് എന്തേ, ലീവാണോ എന്നു ചോദിച്ചതിന് വീണ്ടും അമ്മയോട് കയർത്തു. തെങ്ങിൻപറമ്പിലൂടെ ആറടി നീളവും 70 കിലോ തൂക്കവുമുള്ള ഒരു യുവാ വിനെ മനസ്സിൽ വഹിച്ച്, ഓരോ നിമിഷവും അയാളെ ശപിച്ച് അവൾ അല ഞ്ഞുനടന്നു. കത്തുന്ന തീയുടെ മനോഭാവമായിരുന്നു അവൾക്ക്. ചൊവ്വാഴ്ച

രാവിലെ അവൾ വീടുവിട്ട് നഗരത്തിലേക്കു പോയി. രാവിലെ പതിവില്ലാതെ കയറിവരുന്ന അവളെക്കണ്ട് ഇന്റർനെറ്റ് കഫേ മാനേജർ അതിശയിച്ചുവെങ്കിലും ഒന്നും ചോദിച്ചില്ല.

അവളുടെ ഇൻ - ബോക്സിൽ ഒരു സന്ദേശമുണ്ടായിരുന്നു. ഒരിംഗ്ലീഷ് കത്ത്.

ഡിയർ സ്മിത:

ഒച്ച് - തപാലിൽ വന്ന എഴുത്തു കിട്ടിയിട്ട് അരമണിക്കൂറേ ആയിട്ടുള്ളൂ. എന്തു തരം പെണ്ണാണ് നിങ്ങൾ! ആദ്യത്തെ കത്തിൽനിന്ന് എനിക്ക് നിങ്ങളുടെ ഈഗോ മാത്രമേ കിട്ടിയുള്ളു. ഈ കത്തിൽ നിന്ന് അസൂയയെന്ന പച്ചക്കണ്ണുള്ള ഭൂതത്തെയും കിട്ടുന്നു. ഭൂതാവേശിതയാണ് നിങ്ങൾ. നിങ്ങൾക്ക് ഒരു ദോഷവും ചെയ്യാത്ത ഒരാൾ ദൂരെയെവിടെയോ ഇന്റർനെറ്റും പുസ്തകവും സംഗീതവുമാസ്വദിച്ചു കഴിയുന്നതിൽ ഇത്രയും ക്ഷോഭിക്കാനെന്തുണ്ട്? സാഹിത്യം പഠിച്ചിട്ട് ഫയലുകളുന്തി ജീവിക്കേണ്ടിവരുന്നതിന്റെ അസഹ്യതയാണോ? ജീവിതം എന്നെപ്പോലെ ചിലരോട് കാണിച്ചിട്ടുള്ള ആനുകൂല്യങ്ങളോട് അസൂയപ്പെട്ടിട്ട് കാര്യമില്ലെന്നുമാത്രം ഉദ്ദേശിച്ചുകൊള്ളട്ടെ. ഒന്നു നിങ്ങൾ മനസ്സിലാക്കിയാൽ കൊള്ളാം. എന്തു തരുന്നതിനും ജീവിതം അതിന്റെ വില ഈടാക്കും.

നിങ്ങൾ സ്മിത 1038 അല്ല 10038 ആകേണ്ടവളാണ്. അത്രയും പിന്നിൽ നിൽക്കാനുള്ള അർഹതയും ബുദ്ധിയുമേ നിങ്ങൾക്കുള്ളൂ. അല്ലെങ്കിൽ പറയൂ, ഞാൻ നെറ്റിൽ സർഫ് ചെയ്യുന്നതു നിർത്തിയാൽ നാടു രക്ഷപ്പെടുമോ? സ്വത്വപ്രഖ്യാപനമെന്ന് നിങ്ങളെഴുതി. എന്താണ് സ്വത്വമെന്ന് ആദ്യം തിരിച്ചറിഞ്ഞിട്ടുപോരേ അത്? ആ പരസ്യത്തിന് മറുപടി അയച്ച എല്ലാവരുമായും ഞാൻ നല്ല സുഹൃദ്ബന്ധം സ്ഥാപിച്ചു കഴിഞ്ഞു. നിങ്ങൾ മാത്രമാണ് എന്നെ വേദനിപ്പിച്ചത്. നിങ്ങളൊരു ക്രൂരയായ സാഡിസ്റ്റാണ്. മജ്ജയും മാംസവും കൈയിൽത്തന്നെ വച്ചോളൂ. ഒരു കാര്യത്തിൽ ഞാനും നിങ്ങളോട് യോജിക്കുന്നു. ഇത്തരമൊരു ബന്ധം അധികനാൾ തുടരാനാവില്ല. നിങ്ങളുടെ പ്രതികരണത്തിനു കാക്കുന്നു.

സ്നേഹപൂർവം വിനോദ്

(വേണമെങ്കിൽ നിങ്ങൾക്കെന്നെ വിനുവെന്നു വിളിക്കാം)

കത്തിന്റെ പ്രിന്റൗട്ടുമായി കഫേയിൽനിന്നിറങ്ങുമ്പോൾ സ്മിത ആകെ പുകയുകയായിരുന്നു. നേരെ വന്നുകയറിയ അവളെ കണ്ട് വീട്ടുടമ അതിശയിച്ചു. തല

വേദന..... കാഷൽ ലീവ് എന്നൊക്കെപ്പറഞ്ഞുകൊണ്ട് അവൾ മുറിയിലേക്കു കയറിപ്പോയി. അവൾക്ക് ഒരു കത്തെഴുതാനുണ്ട്. അഥവാ മനസ്സിൽ അവളെഴുതിയ കത്ത് പകർത്താനുണ്ട്. അവളെഴുതി:

പ്രിയ സുഹൃത്തേ:

ഒരുപാട് അസ്വസ്ഥതകളും വിഹ്വലതകളും പേറുന്ന ഒരു മനസ്സിന്റെ ഉടമയാണ് ഞാൻ. ഏകാകിയെന്നത് എനിക്ക് ഒരു കാല്പനിക പദമല്ല. അതുകൊണ്ട് സമാധാനക്കേട് വിലയ്ക്കെടുക്കേണ്ട ഗതികേടും എനിക്കില്ല. തെളിനീരു പോലെ ലഭിക്കുമെന്നു ഞാനാശിച്ച സൗഹൃദം തുടക്കത്തിലേ പിഴച്ചുപോയി. ജീവിതം എന്നോട് എപ്പോഴും അങ്ങനെയാണ്. ആനുകൂല്യം പോയിട്ട് അനുകമ്പ പോലും തരില്ല. ഒരു വീക്ഷണത്തിലും പൊരുത്തമില്ലാത്ത നമുക്ക് ഈ സൗഹൃദം ഇവിടെ അവസാനിപ്പിക്കാം. ലോകം മുഴുവൻ ചാറ്റുമായി കഴിയുന്ന നിങ്ങൾക്ക് ഇതൊരു വലിയ കാര്യമല്ലല്ലോ. ലോകാവസാനം വരെ ഗുഡ്ബൈ!

ആ കത്ത് പോസ്റ്റു ചെയ്തതിനുശേഷം സ്മിത തന്റെ മനസ്സിൽ നിന്ന് അയാളെ പുറത്താക്കാനും മുറിവുണക്കാനുമുള്ള യജ്ഞം ആരംഭിച്ചു. ഇന്റർനെറ്റ് കഫേ സന്ദർശനം അവൾ പൂർണമായും നിർത്തി. ഓഫീസിലെ ലേഡീസ് ക്ലബ്ബിന്റെ പാചകക്ലാസ്സിൽ ചേർന്ന് ഫ്രൈഡ് റൈസും ചില്ലിചിക്കനും ഉണ്ടാക്കാൻ പഠിച്ചു. ടി വി യിൽ വാർത്തയും ബുദ്ധിപരമായ പരിപാടികളും മാത്രം കണ്ടു ശീലിച്ചിരുന്ന അവൾ ചവറുസീരിയൽ മുഴുവൻ കണ്ട് കഥാപാത്രങ്ങളുടെ ഭാവി ചർച്ച ചെയ്തു. എന്നിട്ടും മനസ്സ് പിടിയിൽ നില്ക്കാത്തതുകൊണ്ട് ആർട്ട് ഓഫ് ലിവിങ് ബേസിക് കോഴ്സിനു പോകാൻ തീരുമാനിച്ചു. ആ തീരുമാനമെടുത്ത് പേരു രജിസ്റ്റർ ചെയ്ത ദിവസം തന്നെ വികൃതമായ കൈയക്ഷരത്തിൽ മേൽവിലാസമെഴുതിയ കത്ത് അവളെത്തേടി വന്നു.

ഡിയർ സ്മിത:

ഈയിടെ ഇ- മെയിൽ ചെക്ക് ചെയ്യാറില്ലേ? എന്റെ കത്തുകൾകൊണ്ട് നിങ്ങളുടെ ഇൻ- ബോക്സ് നിറഞ്ഞുകാണും. ലോകാവസാനം വരെ വിടപറഞ്ഞുപോയെങ്കിലും ഞാനെഴുതി. കാരണം നിങ്ങളെ എനിക്കു മറക്കാനാവില്ല. എന്നെ വേദനിപ്പിച്ച ഒരേയൊരു പെണ്ണാണ് നിങ്ങൾ. എന്റെ ഓരോ കത്തിനും നിങ്ങളുടെ മൗനം പ്രതികരണമായപ്പോൾ എന്റെ വാക്കുകൾ എന്നിലേക്കു തിരിച്ചുവന്നു തറഞ്ഞു. പിന്നെയാണെനിക്കു തോന്നിയത്. എന്നോടുള്ള ദേഷ്യം കാരണം സ്മിത ഇ- മെയിൽ നോക്കുന്നുണ്ടാവില്ല. അതുകൊണ്ട് ഞാനിതാ നിങ്ങളുടെ ഒച്ച് - തപാലിലേക്കു വരുന്നു.

തുടരാൻ താത്പര്യമില്ലാത്ത സൗഹൃദത്തിന് ഞാൻ നിങ്ങളെ നിർബന്ധിക്കില്ല. പക്ഷേ, നിങ്ങൾ ഒരിക്കൽ കൂടി കമ്പ്യൂട്ടറിനു മുന്നിൽ വരണം. www.vinodkrishna.com എന്ന വെബ് സൈറ്റ് സന്ദർശിക്കണം. ഞാൻ തന്നെ ഡിസൈൻ ചെയ്ത എന്റെ വെബ്സൈറ്റാണ്. എന്നിട്ട് വിടപറഞ്ഞു പൊയ്ക്കോളൂ. വരില്ലേ?

സ്നേഹപൂർവം<br>
വിനോദ്

താനയാളുടെയോ അയാളുമായി ബന്ധമുള്ളവരുടെയോ വെബ് സൈറ്റിൽ കയറുകയില്ലെന്ന് സ്മിത തീരുമാനമെടുത്തു. ഓഫീസ് വിട്ടാൽ വൈകുന്നേരം ആർട്ട് ഓഫ് ലിവിങ്ങിനു പോകാനുള്ളതാണ്. മനസ്സ് നിയന്ത്രണത്തിലായാൽ പിന്നെ കുഴപ്പമില്ല.

പക്ഷേ, പിറ്റേന്നു വൈകുന്നേരം ആർട്ട് ഓഫ് ലിവിങ് കോഴ്സ് നടക്കുന്നിടത്തേക്കു യാത്ര തിരിച്ച സ്മിത ഇന്റർനെറ്റ് കഫേയിലാണ് ചെന്നെത്തിയത്. സ്മിതയെ അതിശയിപ്പിച്ചുകൊണ്ട് സ്മിത ടൈപ്പു ചെയ്തു. www.vinodkrishna.com. പഞ്ചവാദ്യമേളത്തോടെ വെബ്സൈറ്റ് തെളിഞ്ഞു. മഴവില്ലിന്റെ ഏഴു നിറങ്ങൾ ഒരു പ്രത്യേക അനുപാതത്തിൽ തെറിച്ചു പരന്ന് മെല്ലെ ഒതുങ്ങി. മഴ പെയ്യുന്ന താളം തുടങ്ങുന്നതനുസരിച്ച് സ്ക്രീനിൽ വിനോദിന്റെ മുഖം തെളിഞ്ഞു. ഗോതമ്പിന്റെ നിറമുള്ള മുഖത്ത് ദൃഢതയും കർക്കശതയുമുള്ള പുരുഷഭംഗി സ്മിത ദർശിച്ചു. തൃഷ്ണയുണർത്തുന്ന ചുണ്ടുകളാണ് ആദ്യം ശ്രദ്ധ പിടിച്ചു പറ്റിയത്. അത്തരം പ്രത്യേക ചുണ്ടുകൾ അവൾ ആരിലും കണ്ടിരുന്നില്ല. വിനോദിന്റെ മിഴികളിൽ അസാമാന്യ തീക്ഷ്ണത നിറഞ്ഞിരുന്നു. ആ നോട്ടത്തിനു മുന്നിൽ സ്മിത വല്ലാതെ അസ്വസ്ഥയായി. ഈശ്വരാ, എനിക്കെന്താണ് സംഭവിക്കുന്നത്. അവൾ സ്വയം ചോദിച്ചു. എ. സി. റൂമിൽ അവൾ വിയർക്കാൻ തുടങ്ങിയിരുന്നു. ചുരുളൻ മുടിയും ഫ്രഞ്ചു താടിയും നല്കിയ ചാരുത അയാളെ അവളുടെ കണ്ണിൽ യവനദേവനാക്കി.

കഴ്സറിനെ അവൾ ജീവചരിത്രം എന്ന ജാലകത്തിനു മുകളിൽ കൊണ്ടുവന്ന് ക്ലിക്ക് ചെയ്തു. ജാലകം തുറന്നു.

ജനനം: 17-01-1961

വിദ്യാഭ്യാസം:
1. എസ്.എസ്.എൽ.സി. പുല്ലുവിള സ്കൂൾ. ഫസ്റ്റ് ക്ലാസ്.
2. പ്രീഡിഗ്രി. ഗവ. സയൻസ് കോളേജ്. ഫസ്റ്റ് ക്ലാസ്. നാലാം റാങ്ക്

3. ബി. ടെക്. ഗവ. എഞ്ചിനീയറിങ് കോളേജ്. ഫസ്റ്റ് ക്ലാസ്. രണ്ടാം റാങ്ക്.
4. എം. ടെക്. ഐ. ഐ. ടി. കാൺപൂർ. ഫസ്റ്റ് ക്ലാസ്. ഫസ്റ്റ് റാങ്ക്.
5. ഗവേഷണം. ക്യാൽടെക്സ്. കാലിഫോർണിയ. (പ്രഫസറുമായുള്ള അഭിപ്രായവ്യത്യാസം കാരണം പൂർത്തിയാക്കിയില്ല.)

പിന്നെ താഴോട്ടുപോകാതെ ഒന്നാം പേജിലേക്കു മടങ്ങി വന്ന് സ്മിത വീണ്ടും വിനോദിന്റെ മിഴികളിൽ കുരുങ്ങി. പ്രഫസറോടുപോലും ഇടയുന്ന അഹങ്കാരം അല്ലേ? അവൾ ചോദിച്ചു. ബ്രയിനുണ്ട്, സമ്മതിച്ചു. പക്ഷേ, ഹൃദയമോ? അതു കൂടി വേണ്ടേ? തന്റെ സ്വരം മൃദുലമാകുന്നതിൽ സ്മിത അതിശയിച്ചു.

'ജീവചരിത്രം', 'ഗവേഷണങ്ങൾ', 'ഇപ്പോൾ ചെയ്യുന്നത്', 'ആൽബം', 'സന്ദർശക ഡയറി', 'ബന്ധപ്പെടുക', ആറുജാലകങ്ങൾ സ്മിതയ്ക്കു മുന്നിൽ വന്നു. അവൾ സന്ദർശക ഡയറി തുറന്നു. ലോകത്തിന്റെ പല ഭാഗത്തു നിന്നും ഒരുപാടാളുകൾ വെബ്സൈറ്റ് സന്ദർശിച്ച് അഭിനന്ദനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നോടിനടന്ന് വീണ്ടും അവൾ ഒന്നാം പേജിൽ വന്നു. ഇനി ഏതു ജാലകം തുറക്കണമെന്നാലോചിച്ച് അവൾ ആൽബത്തിലേക്കു പോയി.

ഒരു ചുവന്ന ചെക്ക് ഷർട്ടിൽ സുന്ദരനായ വിനോദ് കൃഷ്ണ കമ്പ്യൂട്ടറിനു മുന്നിൽ ആകർഷണീയമായൊരു പോസിലിരുന്ന് വിരലുകൾ കീബോർഡിൽ വച്ച് കഴുത്തു തിരിച്ച് അവളെ നോക്കി. മുഖത്തിന്റെ ക്ലോസപ്പായിരുന്നു അത്. അകന്ന ചുണ്ടുകൾക്കിടയിലൂടെ അയാളുടെ പല്ലുകളുടെ അഗ്രം ഒരു പുഞ്ചിരിയിൽ ദൃശ്യമായി. കണ്ണുകളിലെ വേട്ടക്കാരന്റെ നോട്ടം അവളെ വീണ്ടും തളർത്തി. വിരൽകൊണ്ട് അവളാ നോട്ടത്തിന് തടയിട്ടെങ്കിലും വിരൽ സങ്കോചത്തോടെ പിൻവാങ്ങി.

അവൾക്കു മുന്നിൽ മെല്ലെ അടുത്ത ചിത്രം ഡൗൺലോഡ് ചെയ്തുവന്നു. വെള്ളച്ചാട്ടത്തിന്റെ പടം പതിപ്പിച്ച ചുവരിന്റെ മുന്നിൽ ഒരു പുസ്തകം വായിച്ചുകൊണ്ട് വിനോദ് ഇരിക്കുന്നു. ഇരിക്കുന്നത്.....

ഇരിക്കുന്നത്?

കണ്ണുകളെ വിശ്വസിക്കാൻ വിസമ്മതിച്ച സ്മിത ഒന്നു കൂടി നോക്കി. അതെ. വിനോദ് കൃഷ്ണ ഇരിക്കുന്നത് ഒരു കൂറ്റൻ വീൽചെയറിലാണ്! ഒരു ഞെട്ടലോടെ പിന്നോട്ടു തെറിച്ച സ്മിത ചെന്നുവീണത് ജീവചരിത്രജാലകത്തിനുള്ളിലായിരുന്നു. നടുക്കം മാറാതെ അവൾ വായിച്ചു.

പ്രത്യേകത: 1997- ൽ ന്യൂയോർക്കിൽവച്ചുണ്ടായ ഒരു കാറപകടത്തിൽ രണ്ടു കാലുകളും അരയ്ക്കു താഴെ വച്ച് നഷ്ടപ്പെട്ടു.

കുടുംബം: ഇല്ല

ഹോബികൾ: സംഗീതം, വായന......

വേണ്ട, ഇനി സ്മിതയ്ക്ക് അറിയേണ്ടതായി ഒന്നുമില്ല. വെബ്സൈറ്റിന്റെ വല ക്കണ്ണികൾ പൂർണമായി തന്നെ വളഞ്ഞുമുറുക്കുന്നതിനു മുൻപ് അവൾക്ക് പുറ ത്തുചാടി രക്ഷപ്പെടണം. അവളുടെ വിറയ്ക്കുന്ന വിരലിനടിയിൽ മൗസ് വെറുതേ ക്ലിക്ക് ശബ്ദങ്ങളുതിർക്കുന്നതല്ലാതെ ദൃശ്യം മായുന്നില്ല. ആകെത്തളർന്ന സ്മിത യിലേക്ക് തന്റെ തീക്ഷ്ണനോട്ടങ്ങളയച്ചുകൊണ്ട് വീൽചെയറിൽ വിനോദ് കൃഷ്ണ വെറുതെ കാത്തിരുന്നു.

**ചന്ദ്രമതിയുടെ കഥകൾ**

## പഠനപ്രവർത്തനങ്ങൾ

- 'വെബ്സൈറ്റ്' എന്ന കഥയുടെ ആഖ്യാന സവിശേഷത കണ്ടെത്തി വിശദീ കരിക്കുക.
- "വെബ്സൈറ്റിന്റെ വലക്കണ്ണികൾ പൂർണമായി തന്നെ വളഞ്ഞുമുറുക്കുന്ന തിനു മുൻപ് അവൾക്ക് പുറത്തുചാടി രക്ഷപ്പെടണം" - സ്മിത എന്ന കഥാ പാത്രത്തിന്റെ ഈ ചിന്തയോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.
- ഒരു പരസ്യത്തിലായിരുന്നു തുടക്കം; ഒരു നടുക്കത്തിലായിരുന്നു ഒടുക്കം - കഥയിലെ ഈ ആരംഭവാക്യത്തിന്റെ പ്രസക്തി എന്ത്?
- സൈബർലോകത്തടക്കം മനുഷ്യജീവിതം അതിന്റെ സ്വാഭാവികഭാവങ്ങ ളോടെ നിലനിൽക്കുന്നുവെന്ന ദർശനം കഥയിലൂടെ ഉന്നയിക്കപ്പെടുന്നുണ്ട്. പ്രതികരണം രേഖപ്പെടുത്തുക.

## പഠനാനുബന്ധപ്രവർത്തനങ്ങൾ

- പരസ്യത്തിന്റെ നാൾവഴികൾ അടയാളപ്പെടുത്തുന്ന വിവിധ മാതൃകകൾ ശേഖ രിച്ച് ആൽബം തയാറാക്കുക.
- ചാറ്റിങ്ങും മറ്റ് സൈബർ ഇടങ്ങളും ബന്ധങ്ങളുടെ പുതിയ തലങ്ങൾ രൂപ പ്പെടുത്തുന്നു. സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി അന്വേ ഷണാത്മക റിപ്പോർട്ട് തയാറാക്കുക.
- പരസ്യചിത്രങ്ങളുടെ ആകർഷത്തിനുള്ള പ്രധാന കാരണങ്ങൾ ഏവ? വിശ കലനം ചെയ്യുക.

  **അർഥവ്യത്യാസം കണ്ടെത്തുക**

  അവൾ പറയട്ടെ

  അവൾ പറയണം

  അവൾക്കു പറയാം

  അവൾ പറഞ്ഞു

ഒരു ധാതു തനിക്കുള്ള അർഥത്തെ ഏത് മട്ടിൽ വെളിപ്പെടുത്തുന്നുവോ

അതു തന്നെ പ്രകാരം. നിയോഗത്തിന്റെ മട്ടിൽ ധാത്വർഥത്തെ കുറിക്കുന്ന പ്രകാരം'നിയോജകം'. വിധി എന്നു പറയുന്ന ശാസനയുടെ മട്ടിലുള്ളത് 'വിധായകം'. അനുജ്ഞ എന്നു പറയുന്ന സമ്മതത്തിന്റെ മട്ടിലുള്ളത് 'അനുജ്ഞായകം'. ഈ വക വിശേഷവിധി ഒന്നും കൂടാതെ ധാത്വർഥത്തെ തനിയേ കാട്ടുന്നത് 'നിർദേശകം'. ഇങ്ങനെ പ്രകാരം നാലുവിധം. നിയോജകത്തിന് 'അട്ടെ'. വിധായകത്തിന് 'അണം'. അനുജ്ഞായകത്തിന് 'ആം' എന്ന് ഓരോന്നിനും പ്രത്യയങ്ങൾ. നിർദേശക പ്രകാരത്തിന് അർഥവിശേഷമില്ലാത്തതിനാൽ രൂപവിശേഷവുമില്ല.

## തുടർവായനയ്ക്ക്

| | |
|---|---|
| വൃത്താന്തപത്രപ്രവർത്തനം | - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള |
| പ്രസിഡന്റിന്റെ ആദ്യത്തെ മരണം | - എൻ.പി. മുഹമ്മദ് |
| നൃത്തം | - എം. മുകുന്ദൻ |
| കൊമേഴ്സ്യൽ ബ്രേക്ക് | - അംബികാസുതൻ മാങ്ങാട് |
| ഭാവനാതീതം | - (എഡിറ്റർ) പി. കെ. രാജശേഖരൻ |
| സൈബർ മലയാളം | - എഡിറ്റർ: സുനീത.ടി.വി |
| കൊമാല | - സന്തോഷ് ഏച്ചിക്കാനം |

| നൈപുണികൾ | പൂർണമായും | കുറച്ച് |
|---|---|---|
| സൈബർ കഥകളുടെ സവിശേഷതകൾ നിർവചിക്കാനും വിശകലനംചെയ്യാനും എനിക്ക് കഴിയും | | |
| പരസ്യങ്ങൾ ദൈനംദിന ജീവിതത്തിൽ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയാൻ എനിക്ക് കഴിയും. | | |
| പരസ്യങ്ങളുടെ ഗുണദോഷങ്ങൾ വിശകലനം ചെയ്ത് പട്ടികപ്പെടുത്താൻ എനിക്ക് കഴിയും. | | |
| പരസ്യങ്ങളെ വിശകലനം ചെയ്ത് വിശദീകരിക്കാൻ എനിക്ക് കഴിയും. | | |
| ചില പരസ്യവാചകങ്ങൾ തയാറാക്കാൻ എനിക്ക് കഴിയും. | | |

എഴുത്തുകാർ

## ചന്ദ്രമതി



യഥാർഥ പേര് ചന്ദ്രിക. ഇംഗ്ലീഷ് സാഹിത്യത്തിൽ പി. എച്ച്. ഡി. നേടി. തിരുവനന്തപുരം ഓൾ സെയിൻസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറായിരുന്നു. ആര്യാവർത്തനം, ദേവീഗ്രാമം, റെയ്ൻഡിയർ (ഓടക്കുഴൽ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്), സ്വയം;സ്വന്തം, ദൈവം സ്വർഗ്ഗത്തിൽ, ജാനു, ഉന്മേഷദിനങ്ങൾ, പേരില്ലാ പ്രശ്നങ്ങൾ തുടങ്ങിയവ പ്രധാന കൃതികൾ. പ്രഗല്ഭയായ കോളേജ് അധ്യാപികയ്ക്കുള്ള സെയ്ന്റ് ബർക്ക്മാൻസ് അവാർഡും ലഭിച്ചിട്ടുണ്ട്.

## സി. ഗൗരീദാസൻനായർ



മുതിർന്ന പത്രപ്രവർത്തകൻ. പ്രമുഖ ഇംഗ്ലീഷ് പത്രത്തിൽ സബ് എഡിറ്ററായി ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ 'ദി ഹിന്ദു' പത്രത്തിന്റെ ബ്യൂറോ ചീഫ്. നിരവധി ടെലിവിഷൻ പരിപാടികൾ അവതരിപ്പിക്കുകയും ഒട്ടേറെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള പത്രപ്രവർത്തകയൂണിയന്റെ സജീവ പ്രവർത്തകനാണ്.

## എഴുമറ്റൂർ രാജ രാജ വർമ്മ



1953 ൽ എഴുമറ്റൂരിൽ ജനിച്ചു. സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിൽ സബ് എഡിറ്ററായി പ്രവർത്തിച്ചു. സൈകതഭൂവിൽ (കവിത) എൻ. കൃഷ്ണപിള്ള (ജീവചരിത്രം) വിലാപകാവ്യപ്രസ്ഥാനം, ഭാരതീയസാഹിത്യം (പഠനങ്ങൾ), ഗളിവറുടെ സഞ്ചാരങ്ങൾ (ബാല സാഹിത്യം), മാധ്യമ പഠനങ്ങൾ (എഡിറ്റർ) എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി, യൂ. ജി. സി. എന്നിവയുടെ ഗവേഷണ സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്.